# കേരള നിയമസഭാ നടപടികൾ
## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 മാർച്ച് 21, വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 196 - നമ്പർ 20

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2025 മാർച്ച് 21, വെള്ളി

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ.  പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. ഒ. ആർ. കേളു |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന  വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2025 മാർച്ച് 21, വെള്ളി

---

വാല്യം 196} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 20

---

നിയമസഭ 2025 മാർച്ച് മാസം 21-ാം തീയതി വെള്ളിയാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## I ചോദ്യോത്തരങ്ങൾ

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

P. 21-03-2025
RA-SO (1)
9.00-9.10 (VR)

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *421

### സമന്വയം പദ്ധതി

1 (*421) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്നവരുടെ ക്ഷേമം ലക്ഷ്യമിട്ടുള്ള സമന്വയം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവർക്ക് തുല്യനീതി ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) സമന്വയം പദ്ധതിയുടെ ഭാഗമായി ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ക്ലസ്റ്റർ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, (എ) സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി സ്വകാര്യ മേഖലയിൽ വിജ്ഞാന തൊഴിലവസരങ്ങൾ ലഭ്യമാക്കി ഒരു ലക്ഷം ന്യൂനപക്ഷ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ന്യൂനപക്ഷ ക്ഷേമ വകുപ്പും കേരള നോളജ് ഇക്കോണമി മിഷനും സംയുക്തമായി കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനുമായി സഹകരിച്ച് ' സമന്വയം' പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ടി പദ്ധതിയുടെ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് തലത്തിലെ ഏകോപനത്തിനായി വിവിധ ഉദ്യോഗസ്ഥരെയും ജില്ലകളിലെ നോഡൽ ഓഫീസർമാരായി ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം പ്രിൻസിപ്പൽമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 2024 സെപ്റ്റംബർ 19-ന് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം വയനാട് പുളിയാർമല കൃഷ്ണഗൗഡർ ഹാളിൽവച്ച് നടത്തുകയുണ്ടായി. തുടർന്ന് തിരുവനന്തപുരം, ഇടുക്കി, പത്തനംതിട്ട, മലപ്പുറം ജില്ലകളിലായി സംഘടിപ്പിക്കപ്പെട്ട 8 രജിസ്ട്രേഷൻ ക്യാമ്പുകളിലായി നാലായിരത്തിലധികം ഉദ്യോഗാർഥികൾ പങ്കെടുത്ത്

രജിസ്റ്റർ ചെയ്യുകയുണ്ടായി. ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം പ്രിൻസിപ്പൽമാരാണ് ജില്ലാതല പരിപാടികളുടെ കോ-ഓഡിനേറ്റർമാരായി പ്രവർത്തിക്കുന്നത്. ന്യൂനപക്ഷ സംഘടനാ പ്രതിനിധികൾ/മതനേതാക്കൾ എന്നിവരെയുൾപ്പെടുത്തി സംഘാടക സമിതി രൂപീകരിക്കുകയും അവരുടെ സംഘാടനത്തിൽ ' സമന്വയം' രജിസ്ട്രേഷൻ നടത്തുകയുമാണ് ചെയ്തുവരുന്നത്.

ന്യൂനപക്ഷ വിഭാഗങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ക്ലസ്റ്ററുകൾ രൂപീകരിച്ച്, കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ പരിശീലനം നൽകി രജിസ്ട്രേഷൻ ക്യാമ്പുകളും തൊഴിൽദാന ക്യാമ്പുകളും സംഘടിപ്പിക്കുന്നതിനാണ് ടി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ സ്ഥാപന മേധാവികളുടെ/ പ്രിൻസിപ്പൽമാരുടെ/മതസംഘടനാ നേതാക്കളുടെ ഒരു ക്ലസ്റ്റർ യോഗം 17-01-2025-ന് ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേരുകയുണ്ടായി.

(ബി) അഭ്യസ്ത വിദ്യരായ നിരവധി ആളുകളാണ് തൊഴിൽ രഹിതരായിയുള്ളത്. സമന്വയം പദ്ധതി മുഖേന നൈപുണ്യ കോഴ്സുകളിൽ

പങ്കാളിയാവാനും പരിശീലനം ലഭിച്ച് വിവിധ തൊഴിലുകളിൽ ഏർപ്പെടാനും സാധിക്കുന്നു. പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി ഒരു ലക്ഷം വരുന്ന അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരായ ആളുകൾക്ക് തൊഴിൽ ലഭിക്കുമെന്നാണ് ഉദ്ദേശിക്കുന്നത്. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് തുല്യനീതി നടപ്പാക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. വിദ്യാർഥികൾക്കുള്ള കരിയർ ഗൈഡൻസ് പരിപാടികൾ, വിവിധ സ്കോളർഷിപ്പുകൾ, വിധവകൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി, വിവാഹപൂർവ കൗൺസിലിങ് കൂടാതെ, പി.എസ്.സി., യു.പി.എസ്.സി., ബാങ്കിങ് എന്നീ മേഖലകളിൽ ജോലി ലഭിക്കുന്നതിനായി സൗജന്യ പരിശീലനം നൽകുന്നതിന് 24 യുവജനപരിശീലന കേന്ദ്രങ്ങളും 27 ഉപപരിശീലന കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു.

(സി) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനായി കേരളത്തിലെ വിവിധ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള ആദ്യ യോഗം കേരള സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം & പ്രിയദർശിനി പ്ലാനറ്റേറിയം കോൺഫറൻസ് ഹാളിൽവച്ച് സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ സമന്വയം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ

അഭിപ്രായ ശേഖരണം നടത്തിയിട്ടുണ്ട്. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ക്ലസ്റ്റർ രൂപീകരണത്തിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ: സർ, ന്യൂനപക്ഷ വിഭാഗങ്ങളിലെ നിരവധി വിദ്യാർത്ഥികൾ ഗവേഷണത്തിന് തയ്യാറെടുക്കുകയും ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. സാമ്പത്തിക പരാധീനതമൂലം പല വിദ്യാർത്ഥികളും ബിരുദാനന്തര ബിരുദം കഴിഞ്ഞ് റിസർച്ച് പ്രോഗ്രാമുകളിൽ ചേരാറില്ല. അത്തരം വിദ്യാർത്ഥികളെ സഹായിക്കാനുള്ള പദ്ധതികൾ നിലവിലുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, യു.ജി.സി., സി.എസ്.ഐ.ആർ., നെറ്റ് പരീക്ഷകൾക്ക് പരിശീലനം നൽകുന്ന പദ്ധതി നിലവിലുണ്ട്. സ്ഥാപനങ്ങൾ മുഖാന്തരം വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് പരിശീലനം നൽകുകയാണ് ചെയ്യുന്നത്. ഈ പദ്ധതിയുടെ കീഴിൽ 2023-24-ൽ 1500 പേർക്ക് പരിശീലനം നൽകി. ഈ സാമ്പത്തിക വർഷം ഇതുവരെ 550 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ നൽകിവരുന്ന മൗലാനാ ആസാദ് നാഷണൽ ഫെലോഷിപ്പ് 2022-2023 സാമ്പത്തിക വർഷം മുതൽ നിർത്തലാക്കിയത് ന്യൂനപക്ഷ ഗവേഷണ വിദ്യാർത്ഥികളുടെ ഉന്നത

വിദ്യാഭ്യാസ സാധ്യതകളെ സാരമായി ബാധിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി റഗുലർ, ഫുൾ ടൈം റിസർച്ച് പ്രോഗ്രാമുകൾ ചെയ്തുകൊണ്ടിരിക്കുന്ന ന്യൂനപക്ഷ സമുദായങ്ങളിൽനിന്നുള്ള വിദ്യാർഥികൾക്ക് ഫെലോഷിപ്പ് നൽകുന്നതിനുള്ള പുതിയ പദ്ധതി അടുത്ത സാമ്പത്തിക വർഷം മുതൽ ആരംഭിക്കുന്നുണ്ട്. ബിരുദാനന്തര ബിരുദം പൂർത്തിയാക്കി റഗുലർ പി.എച്ച്.ഡി.-ക്ക് പ്രവേശനം നേടിയ വിദ്യാർഥികൾ പദ്ധതിക്ക് അപേക്ഷിക്കാൻ അർഹരാണ്. യു.ജി.സി. അംഗീകരിച്ച എല്ലാ സർവകലാശാലകളെയും സ്ഥാപനങ്ങളെയും ഈ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. 2025-26 കാലയളവിൽ ഈ പദ്ധതിക്കായി 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശ്രീ. എൻ. കെ. അക്ബർ: സർ, 3,000 കോടി രൂപയുടെ ന്യൂനപക്ഷ സ്കോളർഷിപ്പാണ് കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചത്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ ന്യൂനപക്ഷ സ്കോളർഷിപ്പ് വെട്ടിക്കുറച്ചുവെന്നാണ് യു.ഡി.എഫ്. പ്രചരണം നടത്തുന്നത്. കേന്ദ്ര സർക്കാർ പ്രീമെട്രിക് സ്കോളർഷിപ്പ് നിർത്തലാക്കിയതിനെത്തുടർന്ന് സംസ്ഥാന സർക്കാർ ഒന്ന് മുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിലെ ന്യൂനപക്ഷ വിദ്യാർഥികൾക്കായി ആരംഭിച്ച 'മാർഗദീപം' സ്കോളർഷിപ്പിന് എത്ര അപേക്ഷ ലഭിച്ചു;

സ്കോളർഷിപ്പ് അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണ്?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചത് ശരിയാണ്. കേന്ദ്ര ഗവൺമെന്റ് രണ്ടര ലക്ഷത്തിലധികം വരുമാനമുള്ള ന്യൂനപക്ഷ വിഭാഗത്തിലെ കുട്ടികളുടെ എല്ലാ വിധത്തിലുമുള്ള ആനുകൂല്യങ്ങളും നിർത്തലാക്കിയിട്ടുണ്ട്. എന്നാൽ കേരള ഗവൺമെന്റ് ആ വരുമാന പരിധി കണക്കാക്കാതെ എല്ലാ വിദ്യാർഥികൾക്കും ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്. മാർഗദീപം പദ്ധതിയുടെ അടിസ്ഥാനത്തിലാണ് ഇത്തരം കുട്ടികൾക്ക് സർക്കാർ സ്കോളർഷിപ്പ് നൽകുന്നത്. അതായത്, ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള ന്യൂനപക്ഷ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന നടപടിയാണ് സ്വീകരിച്ചുവരുന്നത്. 287139 കുട്ടികൾക്ക് നിലവിൽ ടി ആനുകൂല്യം നൽകിവരുന്നുണ്ട്.

<u>ശ്രീ. എം. നൗഷാദ്</u>: സർ, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിധവകളും ഭർത്താവ് ഉപേക്ഷിക്കപ്പെട്ട സ്ത്രീകളും സാമ്പത്തികമായി വളരെയേറെ ദുരിതത്തിലാണ്; പ്രത്യേകിച്ചും തീരദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ടവരാണ്. അവർക്ക് മാന്യമായി ഉപജീവനം നടത്തുന്നതിനും സുരക്ഷിതമായ സാഹചര്യത്തിൽ

ജീവിക്കുന്നതിനും ഏതെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വിശദീകരിക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഭർത്താവ് മരിച്ചതും ഉപേക്ഷിക്കപ്പെട്ടതുമായ നിരവധി സ്ത്രീ സമൂഹം കേരളത്തിലുണ്ട്. അത്തരം ആളുകളുടെ വിഷയം പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതിയാണ് ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി. അത്തരം കുടുംബങ്ങളെ ടി പദ്ധതിയിലുൾപ്പെടുത്തി 515 വീടുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. അങ്ങനെയുള്ള യുവതികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി കേരള സംസ്ഥാന ന്യൂനപക്ഷ വികസന കോർപ്പറേഷൻ പലതരത്തിലുള്ള സ്വയം സഹായ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. അതിന് എല്ലാ വിധത്തിലുള്ള സഹായങ്ങളും ഗവൺമെന്റ് ലഭ്യമാക്കിവരുന്നുണ്ട്.

ശ്രീ. കെ. ജെ. മാക്സി: സർ, ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക, പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ അന്തിമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; റിപ്പോർട്ട് ലഭ്യമായതിനുശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക, പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കുന്നതിനായി 05-11-2020-ലെ സർക്കാർ ഉത്തരവുപ്രകാരം ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് രൂപീകരിച്ചതാണ് ജസ്റ്റിസ് കെ. ബി. കോശി കമ്മീഷൻ. അതിന്റെ പഠനം പൂർത്തിയാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ആഭ്യന്തര വകുപ്പിൽനിന്നും ന്യൂനപക്ഷക്ഷേമ വകുപ്പിലേക്ക് കൈമാറിയിട്ടുണ്ട്. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പൊതുവായ പ്രശ്നങ്ങൾ, ലത്തീൻ കത്തോലിക്കർ, പരിവർത്തിത ക്രൈസ്തവർ എന്നീ വിഭാഗങ്ങൾ അഭിമുഖീകരിക്കുന്ന വിഷയങ്ങളും കുട്ടനാട്ടിലെയും മലയോരപ്രദേശങ്ങളിലെയും തീരദേശ മേഖലകളിലെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പരിമിതികളുമുൾക്കൊണ്ട് ഇവിടങ്ങളിൽ അധിവസിക്കുന്ന ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനുവേണ്ടിയുള്ള നടപടികളും പരിശോധനയുമാണ് കമ്മീഷൻ നടത്തുന്നത്. വിവിധ തലങ്ങളിൽ അവർ നേരിടുന്ന പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള സമഗ്രമായ നിർദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട് കമ്മീഷൻ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അധ്യായം 8-ൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന

വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക, പിന്നാക്കാവസ്ഥ മറികടക്കുന്നതിനും ക്ഷേമം ഉറപ്പുവരുത്തുന്നതിനുമായി സർക്കാർതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീമതി ദെലീമ: സർ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഒരു ഹെഡ് ഓഫീസും അഞ്ച് റീജിയണൽ ഓഫീസുമായി പ്രവർത്തിച്ചുവരുന്ന ധനകാര്യ കോർപ്പറേഷന്റെ ശാഖകൾ മറ്റുജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, അതിനുവേണ്ടിയുള്ള നടപടികൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിവേണ്ടിയാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. കേരളത്തിലെ എല്ലാ ജില്ലകളിലും ധനകാര്യ കോർപ്പറേഷൻ ശാഖകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കേന്ദ്ര സർക്കാർ മൗലാനാ ആസാദ് സ്കോളർഷിപ്പ് നിർത്തലാക്കിയതിനെ നമ്മളെല്ലാവരും ഒരുമിച്ച് വിമർശിച്ചതാണ്. എന്നാൽ കഴിഞ്ഞ വർഷം കേന്ദ്ര സർക്കാർ ചെയ്തതുപോലെതന്നെ സംസ്ഥാന ഗവൺമെന്റ് പ്ലാൻ സൈസ് 50

ശതമാനമായി പരിമിതപ്പെടുത്തുകയോ വെട്ടിക്കുറയ്ക്കുകയോ ചെയ്തപ്പോൾ ന്യൂനപക്ഷ സ്കോളർഷിപ്പിന്റെ തുകയും 50 ശതമാനം വീതം വെട്ടിക്കുറയ്ക്കുന്ന സാഹചര്യമുണ്ടായി. അത് ഒരു കാരണവശാലും ആവർത്തിക്കാൻ കഴിയുകയില്ല. ഈ അധ്യയന വർഷവും ന്യൂനപക്ഷ സ്കോളർഷിപ്പുകൾ മുടങ്ങാതെ നൽകുമെന്ന് സഭയ്ക്ക് ഉറപ്പുനൽകാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം ശരിയാണ്. അതിനുവേണ്ടി 14-02-2025-ലെ ഉത്തരവുപ്രകാരം ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നൽകിവരുന്ന വിവിധ സ്കോളർഷിപ്പ് പദ്ധതികളെ plan prioritisation പദ്ധതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. അവ കൃത്യമായി നൽകുന്നതിനുവേണ്ടിയാണ് ഗവൺമെന്റ് ആ നടപടി സ്വീകരിച്ചിട്ടുള്ളത്. ഒന്നുമുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ഈ വർഷം മുതൽ ആരംഭിച്ച മാർഗദീപം സ്കോളർഷിപ്പിന് 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുൾപ്പെടെ ആകെ 42 കോടി രൂപയാണ് സ്കോളർഷിപ്പുകൾക്കായി അനുവദിച്ചിട്ടുള്ളത്. ഇതിനോടകം പല സ്കോളർഷിപ്പുകളും പൂർണ്ണമായും വിതരണം ചെയ്യുകയും 20 കോടി രൂപയ്ക്കുമുകളിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഒരാഴ്ചയ്ക്കകം

ബാക്കിയുള്ളവകൂടി നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, മതന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ തുടർപഠനത്തിനുംവേണ്ടി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കേരളത്തിൽ പ്രത്യേകിച്ച്, വടക്കൻ ജില്ലകളിൽ ഉറുദു ഒന്നാം ഭാഷയായി പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർഥികൾ നിരവധിയുണ്ട്. അത്തരം വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, അത്തരം കുട്ടികൾക്ക് പ്രത്യേക പരിഗണന ഗവൺമെന്റ് നൽകുന്നുണ്ട്. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ എസ്.എസ്.എൽ.സി. വിദ്യാർഥികൾക്കും ഉറുദു രണ്ടാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ ഹയർസെക്കൻഡറി വിദ്യാർഥികൾക്കും പ്രോത്സാഹനമെന്ന നിലയിൽ ഗവൺമെന്റ് ക്യാഷ് അവാർഡ് നൽകുന്നുണ്ട്. ഇബ്രാഹിം സുലൈമാൻ സേട്ട് ഉറുദു സ്കോളർഷിപ്പ് എന്ന നിലയിലാണ് ആ പദ്ധതി വകുപ്പ് നടപ്പാക്കിവരുന്നത്.

(ചോദ്യം നമ്പർ * 422)

P-21-03-2025
RL-SO-1
9.10-9.20

**വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധനയ്ക്ക് ഓട്ടോമേറ്റഡ് സംവിധാനം**

2(*422) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാഹ്യ ഇടപെടലുകൾ ഇല്ലാതെ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധിക്കുന്നതിന് ഗതാഗത മേഖലയിൽ ഓട്ടോമേറ്റഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സംവിധാനം വഴി വാഹനങ്ങൾ പരിശോധിക്കുന്നതിനായി കട്ട് ഓഫ് തീയതി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഓട്ടോമേറ്റഡ് ഡ്രൈവർ ടെസ്റ്റിങ് സെന്റർ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിലൂടെ

എന്തൊക്കെയാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ,

(എ) കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി സംസ്ഥാനത്ത് ഓട്ടോമേറ്റഡ് ടെസ്റ്റിങ് സ്റ്റേഷനുകൾ (ATS) സ്വകാര്യ മേഖലയിൽ Build-Own-Operate-Revenue Share മോഡലിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും ഇത്തരത്തിൽ പുതിയ 19 ATS-കൾ സ്ഥാപിക്കുന്നതിനായുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നതുമാണ്.

19 Automated Testing Stations പുതിയതായി ആരംഭിക്കുന്നതിനുപുറമെ പണി പൂർത്തിയായ മൂന്ന് ATS-കളുടെ പരിപാലനത്തിനായും Partially Completed ആയ 6 ATS-കൾ നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി അപ്ഗ്രേഡ് ചെയ്ത് തുടർപരിപാലനത്തിനും പ്രത്യേകം ടെൻഡറുകൾ ക്ഷണിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ 14-11-2024-ലെ GSR709(E) നോട്ടിഫിക്കേഷൻ പ്രകാരം 01-04-2025-നകം പ്രസ്തുത സംവിധാനം സംസ്ഥാനത്ത് നിലവിൽ വരുത്തേണ്ടതുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സംസ്ഥാനത്ത് ഓട്ടോമേറ്റഡ് ഡ്രൈവർ ടെസ്റ്റിങ് സെന്റർ എന്ന സംവിധാനം നിലവിലില്ല. എന്നാൽ കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിട്ടുള്ള അക്രെഡിറ്റഡ് ഡ്രൈവിങ് ട്രെയിനിങ് സെന്ററുകൾ (ADTC) സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

അക്രഡിറ്റഡ് ഡ്രൈവിങ് ട്രെയിനിങ് സെന്ററുകളിലൂടെ താഴെപ്പറയുന്നവ കൈവരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്:-

1. സുരക്ഷിതമായ ഡ്രൈവിങ് ശീലങ്ങൾ വികസിപ്പിക്കൽ:

നല്ല ഡ്രൈവിങ് ശീലങ്ങൾ വളർത്തിയെടുക്കുന്നതിലും ഗതാഗത നിയന്ത്രണങ്ങളെക്കുറിച്ചുള്ള ധാരണയിലും ഡ്രൈവിങ്ങിനോടുള്ള ഉത്തരവാദിത്ത മനോഭാവത്തിലും ADTC-കൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

2. സമഗ്ര പരിശീലനം:

അത്യാവശ്യ ഡ്രൈവിങ് കഴിവുകൾ ഉൾക്കൊള്ളുന്ന ഘടനാപരമായ പാഠ്യപദ്ധതികൾ ADTC-കൾ വാഗ്ദാനം ചെയ്യുന്നു.

3. റോഡ് സുരക്ഷ:

ഡ്രൈവർമാർക്ക് സാധ്യതയുള്ള അപകടങ്ങളെക്കുറിച്ച് ബോധവാന്മാരാക്കാനും വിവിധ സാഹചര്യങ്ങളിൽ സുരക്ഷിതമായി പ്രതികരിക്കാനും പരിശീലനം നൽകുന്നതിലൂടെ റോഡ് സുരക്ഷ

പ്രോത്സാഹിപ്പിക്കുന്നതിൽ ADTC-കൾ നിർണായക പങ്ക് വഹിക്കുന്നു.

4. പ്രൊഫഷണൽ വികസനം:

നല്ല ഡ്രൈവർമാരെ മാത്രമല്ല, മികച്ച പരിശീലന ഇൻസ്ട്രക്ടർമാരെയും വികസിപ്പിക്കുക എന്നതാണ് ADTC-കളുടെ ലക്ഷ്യം. ഇത് കൂടുതൽ വൈദഗ്ധ്യമുള്ളതും പ്രൊഫഷണലുമായ ഇൻസ്ട്രക്ടർമാരെ സംഭാവന ചെയ്യുന്നു.

5. വ്യവസായ-നിർദ്ദിഷ്ട പരിശീലനം:

ചില ADTC-കൾക്ക് വ്യവസായ-നിർദ്ദിഷ്ട പ്രത്യേക പരിശീലനം നൽകാൻ അനുവാദമുണ്ട്.

6. ലൈസൻസിങ് എളുപ്പമാക്കൽ:

Manual നടപടിക്രമങ്ങളിൽനിന്നും ഓട്ടോമേറ്റഡ് ആകുന്നു.

7. അടിസ്ഥാന സൗകര്യങ്ങളും ഉപകരണങ്ങളും:

ഉയർന്ന നിലവാരമുള്ള പരിശീലനം നൽകുന്നതിന് അംഗീകൃത കേന്ദ്രങ്ങളിൽ സിമുലേറ്ററുകളും പ്രത്യേക ഡ്രൈവിങ് ടെസ്റ്റ് ട്രാക്കുകളും ഉണ്ടായിരിക്കണം.

8. റെമെഡിയൽ ആൻഡ് റിഫ്രഷർ കോഴ്സുകൾ :

1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റിന് കീഴിലുള്ള ആവശ്യകതകൾക്കനുസൃതമായി, ADTC-കൾ റെമഡിയൽ ആൻഡ്

റിഫ്രഷർ കോഴ്സുകളും വാഗ്ദാനം ചെയ്യുന്നു.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, സംസ്ഥാനത്ത് ഓട്ടോമേറ്റഡ് സംവിധാനം വഴി നിയമലംഘനങ്ങൾ പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണുള്ളത്; എന്തൊക്കെ പരിഷ്കാരങ്ങളാണ് സംവിധാനത്തിൽ വരുത്തിയിട്ടുള്ളത്?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഇതിൽ പ്രധാനമായും വണ്ടികളുടെ പരിശോധനയാണ്. ഓട്ടോമേറ്റഡ് ടെസ്റ്റിങ് സ്റ്റേഷൻ എന്നത് വണ്ടിയുടെ ഫിറ്റ്നസാണ്. ഫിറ്റ്നസ് പരിശോധന സുതാര്യമാക്കുന്നതിനും മാന്വലായ കണ്ടുപിടിത്തങ്ങൾക്കപ്പുറം മെഷീൻ ഉപയോഗിച്ചും കമ്പ്യൂട്ടർ ഉപയോഗിച്ചും വണ്ടിയുടെ ഫിറ്റ്നസ് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകും. അത് വച്ചുകൊണ്ടാണ് ഉദ്യോഗസ്ഥർ വണ്ടിയുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത്. മാന്വലായ പരിശോധനകൾ പരമാവധി ഒഴിവാക്കുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. ഇതിലൂടെ വണ്ടിയുടെ നിലവാരം നന്നായി മെയിന്റയിൻ ചെയ്യാനിടയാകും. ടെസ്റ്റിനുശേഷമുള്ള അപകടങ്ങൾ ഒഴിവാകും. അതുപോലെ സുരക്ഷിതമായ ഡ്രൈവിങിനുവേണ്ടി ഓട്ടോമേറ്റഡ് ഡ്രൈവിങ് സിസ്റ്റവും കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് കേന്ദ്ര നിയമത്തിൽ പറയുന്ന കാര്യങ്ങളാണ്. അതുകൂടി ഘട്ടംഘട്ടമായി നടപ്പാക്കി കഴിയുമ്പോൾ

ലൈസൻസിങ് എളുപ്പമാകും. മാന്വൽ നടപടിക്രമങ്ങൾ ഓട്ടോമേറ്റഡാക്കി മാറ്റും. അപകടങ്ങൾ കുറയാനും നല്ലനിലവാരത്തിലുള്ള ലൈസൻസുകളുണ്ടാക്കാനും അത് ഇടയാകും. ഓട്ടോമേറ്റഡാകുമ്പോൾ വണ്ടിയുടെ ഫിറ്റ്നസും വളരെ കൃത്യതയുള്ളതായിരിക്കും.

ശ്രീ. ഐ. ബി. സതീഷ്: സർ, അപകടങ്ങളൊഴിഞ്ഞ നിരത്തുകളും പുതിയ ഡ്രൈവിങ് സംസ്കാരവും കാലഘട്ടത്തിന്റെ ആവശ്യമാണ്. കെ.എസ്.ആർ.ടി.സി. ഡ്രൈവിങ് സ്കൂളുകൾ ആരംഭിച്ചത് ഈ ലക്ഷ്യം മുൻനിർത്തിയാണെന്നാണ് കരുതുന്നത്. പുതിയ ഡ്രൈവിങ് സ്കൂളുകൾവഴി ഈ ലക്ഷ്യം കൈവരിക്കാനായിട്ടുണ്ടോ; അതിലുണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ്?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കെ.എസ്.ആർ.ടി.സി.-യുടെ ഡ്രൈവിങ് സ്കൂളുകൾക്ക് വളരെ നല്ല പ്രതികരണമാണുള്ളത്. ഏറ്റവും നല്ല സംവിധാനമാണ്; തിയറി പഠിപ്പിക്കുക, സിമുലേറ്ററിൽ പഠിപ്പിക്കുക, അതിനുശേഷം വണ്ടിയിൽ കയറ്റുക, വണ്ടികളുടെ ഉപകരണങ്ങളെക്കുറിച്ച് പരിശീലിപ്പിക്കുക. ഇങ്ങനെയുള്ള കാര്യങ്ങൾ കെ.എസ്.ആർ.ടി.സി.-യുടെ ഡ്രൈവിങ് സ്കൂൾ മറ്റ് ഡ്രൈവിങ് സ്കൂളുകളിൽനിന്ന് വളരെ വ്യത്യാസപ്പെടുകയാണ്. ലൈസൻസെടുക്കുന്നവർ പിന്നീട് കൈതെളിയാൻ

തുക ചെലവാക്കേണ്ടതില്ല. കെ.എസ്.ആർ.ടി.സി. ഡ്രൈവിങ് സ്കൂളിൽനിന്ന് ഡ്രൈവിങ് ടെസ്റ്റ് കഴിഞ്ഞ് ലൈസൻസെടുത്തുകഴിഞ്ഞാൽ അവർക്ക് സുഖകരമായി അപ്പോൾത്തന്നെ സ്വന്തം വാഹനം മെയിൻ റോഡിലേക്ക് ഓടിച്ചുപോകാൻ സാധിക്കുന്ന സാഹചര്യമുണ്ട്. അപ്പോഴും ഇതിനെ അട്ടിമറിക്കാനുള്ള ശ്രമം തുടരുകയാണ്. ഇന്നലെ തിരുവനന്തപുരത്തെ ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ നിരന്തരമായി കെ.എസ്.ആർ.ടി.സി. ഡ്രൈവിങ് സ്കൂളിൽ പഠിക്കുന്ന കുട്ടികളെ തോൽപ്പിക്കുകയാണ്. തോൽപ്പിക്കുന്നതിന്റെ ടെക്നിക്ക് എന്നുപറയുന്നത്, സ്കൂട്ടറിൽ എട്ട് എടുത്താൽ കാൽ താഴെ കുത്തരുതെന്നാണ്. അവർ കാൽ താഴെ കുത്തുന്നില്ല. പക്ഷേ ഇദ്ദേഹം കണ്ടുപിടിച്ച ന്യായം, നാഷണൽ ഹൈവേയുടെ സൈഡിലുള്ള സർവീസ് റോഡിൽനിന്ന് ഹൈവേയിലേക്ക് കുട്ടികൾ ഇറങ്ങുമ്പോൾ, സ്വാഭാവികമായും സ്കൂട്ടർ യാത്രക്കാർ അവിടെ നിർത്തി നോക്കിയതിനുശേഷമാണ് കടന്നുപോകേണ്ടത്. അങ്ങനെ നിർത്തുമ്പോൾ കാൽ താഴെ കുത്തുന്നതിന്റെപേരിൽ കഴിഞ്ഞ ദിവസം നടന്ന ടെസ്റ്റിൽ 9 പേരെയാണ് ഈ ഉദ്യോഗസ്ഥൻ തോൽപ്പിച്ചിരിക്കുന്നത്. ഇത്തരം ഉദ്യോഗസ്ഥരാണ് ഇതെല്ലാം അട്ടിമറിക്കുന്നത്. അവരെ തോൽപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, അപകടങ്ങൾ വർധിക്കുന്നതിന്റെ പ്രധാനപ്പെട്ട കാരണമായി പലപ്പോഴും കാണുന്നത് കൃത്യമായ ഡ്രൈവിങ് അറിയാത്ത പ്രശ്നമാണ്. സംസ്ഥാനത്ത് ധാരാളം ഡ്രൈവിങ് സ്കൂളുകളുണ്ട്. ശാസ്ത്രീയവും കാര്യക്ഷമവുമായ രീതിയിൽ ഡ്രൈവിങ് പരിശീലനം ഉറപ്പുവരുത്തുന്നതിനുവേണ്ടി എന്തൊക്കെ സംവിധാനങ്ങളാണ് ഗതാഗത വകുപ്പ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഡ്രൈവിങ് ടെസ്റ്റ് ഇപ്പോൾ കർശനമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. വളരെ നിലവാരം കുറഞ്ഞ ഡ്രൈവിങ് പരിശീലന കേന്ദ്രങ്ങളും അവിടെനിന്ന് യാതൊരു തരത്തിലും വണ്ടിയോടിക്കാൻ അറിയാത്തവരും എങ്ങനെയെങ്കിലും വന്ന് '8' എടുക്കുക, ഓടിച്ചുകാണിക്കുക, രക്ഷപ്പെടുക എന്നുള്ളതാണ്. പക്ഷേ കേരളത്തിലെ ഡ്രൈവിങ് ടെസ്റ്റുകളിലെ വിജയ ശതമാനം 52 ആയി കുറഞ്ഞിട്ടുണ്ട്. നേരത്തെ 78-ഉം 80-ഉം 85-ഉം ആയിരുന്നു വിജയ ശതമാനം. ഒരു ദിവസം 90 ആയിരുന്നു വിജയ ശതമാനം. 124 പേർ പരീക്ഷയെഴുതിയതിൽ 122 പേരെയും വിജയിപ്പിച്ച AMVI-മാർ കേരളത്തിലുണ്ടായിരുന്നു. ഇപ്പോൾ അത് മാറിയിരിക്കുന്നു. വളരെ കർശനമായി ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേരിട്ടുള്ള

നിയന്ത്രണത്തിലാണ് ഇത് നടത്തുന്നത്. പരാജയപ്പെട്ടവർ വീണ്ടും എഴുതുന്നതുകൂടി ചേർത്താൽത്തന്നെ കേരളത്തിൽ ഡ്രൈവിങ് ടെസ്റ്റുകളിലെ വിജയശതമാനം 52 ആക്കി കുറച്ചിട്ടുണ്ട്. ക്വാണ്ടിറ്റി ഓഫ് എഡ്യൂക്കേഷനല്ല. ക്വാളിറ്റി ഓഫ് എഡ്യൂക്കേഷനാണ് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് പ്രാധാന്യം കൊടുക്കുന്നത്. നല്ലനിലവാരമുള്ള ലൈസൻസുമായി റോഡിലിറങ്ങണം. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ആക്സിഡന്റുകളുടെ എണ്ണം കുറയ്ക്കാൻ വളരെയധികം കഴിയുമെന്നുള്ളതാണ്. നല്ല ഡ്രൈവിങ് സംസ്കാരമുള്ളവരെ വാർത്തെടുക്കുക എന്നുള്ളതാണ് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് മുന്നോട്ടുവയ്ക്കുന്ന ആശയം. അതിനുള്ള നടപടികൾ കർശനമായി സ്വീകരിക്കുകയാണ്. ഡ്രൈവിങ് സ്കൂളുകളുടെ നിലവാരം ഉയർന്നതന്നെയാകണം. അതിനൊരു മോഡലായാണ് കെ.എസ്.ആർ.ടി.സി. വരുന്നത്. ഓട്ടോമേറ്റഡ് ഡ്രൈവിങ് സെന്ററുകൾ വരുന്നതോടുകൂടി കൃത്യമായ ഡ്രൈവിങ് അറിയാത്തൊരു പ്രശ്നം അവസാനിക്കും. എല്ലാത്തിനും ഒരു സ്റ്റാൻഡേർഡ് നിലവാരമുണ്ടാകും.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, പതിനഞ്ച് വർഷ കാലയളവ് വരുന്നതോടുകൂടി ഓട്ടോമേറ്റഡ് സംവിധാനങ്ങടക്കം ഏതുനിലയിലാണ് മുന്നോട്ടുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്നത്; അങ്ങ് ആരംഭിച്ച

കെ.എസ്.ആർ.ടി.സി. ഡ്രൈവിങ് സ്കൂൾ വളരെ നല്ലൊരു സംരംഭമാണ്. പേരൂർക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോ പ്രദേശത്ത് പ്രസ്തുത ഡ്രൈവിങ് സ്കൂൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഡ്രൈവിങ് ടെസ്റ്റ് പരിശീലനം നൽകാനുള്ള ഒരു ഗ്രൗണ്ട് കാണിച്ചുതരികയെന്നതാണ്. ഡ്രൈവിങ് സ്കൂൾ 11 എണ്ണമാണ് തുടങ്ങാൻ തീരുമാനിച്ചത്. മറ്റ് എം.എൽ.എ.-മാരുടെയെല്ലാം സഹകരണത്തിന്റെ ഭാഗമായി 21 എണ്ണമാണ് ഇപ്പോൾ തുടങ്ങിയിരിക്കുന്നത്. പേരൂർക്കടയിൽ അവർക്ക് ഇരിക്കാനുള്ള എയർ കണ്ടീഷൻ ചെയ്ത ഒരു ക്ലാസ് മുറിയും അതിലെ സാധനങ്ങൾ പരിചയപ്പെടുത്താനുള്ള ലാബ് സൗകര്യങ്ങളും സിമുലേറ്റർ വയ്ക്കാനുള്ള സൗകര്യവും എം.എൽ.എ. ഫണ്ടിൽനിന്നോ അല്ലെങ്കിൽ സ്പോൺസർഷിപ്പായോ ശരിയാക്കിത്തന്നാൽ തീർച്ചയായും അവിടെ തുടങ്ങാൻ സാധിക്കും. ഇന്നലെ മുൻ പ്രതിപക്ഷ നേതാവ് അദ്ദേഹത്തിന്റെ നിയോജകമണ്ഡലമായ ഹരിപ്പാട് ഈ സൗകര്യങ്ങൾ ഒരുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. അവിടെയും ഡ്രൈവിങ് സ്കൂൾ അനുവദിക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്. അങ്ങയുടെ മണ്ഡലത്തിൽ അങ്ങ് ടി സൗകര്യങ്ങൾ ഒരുക്കിത്തന്നാൽ ഉടൻതന്നെ ഡ്രൈവിങ് സ്കൂൾ

ആരംഭിക്കുന്നതായിരിക്കും.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, പുതിയ ഓട്ടോമേറ്റഡ് സംവിധാനം ഏർപ്പെടുത്തിയതുകൊണ്ട് അഴിമതി ഒരു പരിധിവരെ അവസാനിപ്പിക്കാൻ കഴിയുമെന്നത് വാസ്തവമാണ്. പക്ഷേ ഇന്ന് റോഡപകടങ്ങൾ വർധിക്കുന്നതുകൊണ്ട് നിരവധി ജീവനുകൾ പൊലിയുന്ന ഒരവസ്ഥ നമ്മുടെ മുമ്പാകെയുണ്ട്. അതിന് പ്രതിവിധിയായി 'സേഫ് കേരള' പദ്ധതി എന്ന നിലയിൽ അവതരിപ്പിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തി കർക്കശമായ പരിശോധനകൾ നടത്താതെ വേറെ വഴിയില്ല. ജീവനക്കാരുടെ കുറവുണ്ട്. അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ ശക്തമായ ഇടപെടലുണ്ടാകുമോ; ബഹുമാനപ്പെട്ട മന്ത്രിക്കാണെങ്കിൽ ഡ്രൈവിങുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളും അറിയാവുന്ന ആളാണ്; ഹെവി വെഹിക്കിളും ഓടിക്കുന്നയാളുമാണ്. ആയതിനാൽ അക്കാര്യത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിൽ ഒഴിവുണ്ടായിരുന്ന മുഴുവൻ AMVI-മാരുടെ പോസ്റ്റ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യും. പി.എസ്.സി. അത് സെലക്ട് ചെയ്ത് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്. അവരെ ട്രെയിനിങിലേക്ക്

പ്രവേശിപ്പിച്ചിരിക്കുകയാണ്. ട്രെയിനിങ് കഴിഞ്ഞുവരുമ്പോൾ എല്ലായിടത്തും അവരുടെ സാന്നിധ്യമുണ്ടാകും. വാഹനങ്ങളുടെ കുറവുണ്ടായിരുന്നു. പ്രത്യേക നടപടിയെടുത്തുകൊണ്ട് 72 വാഹനങ്ങളിൽ 20 വാഹനങ്ങൾ വാങ്ങി. 52 വാഹനങ്ങൾകൂടി വാങ്ങുകയാണ്. ഈ വാഹനങ്ങളിലെല്ലാം ഹൈടെക് ക്യാമറ വയ്ക്കുകയാണ്. വണ്ടിയുടെ മുന്നിൽ നടക്കുന്ന എല്ലാ ഒഫൻസുകളും റെക്കോർഡ് ചെയ്യാനുള്ള നടപടിയാണ്. റെക്കോർഡ് ചെയ്തതിനുശേഷം ആ ഒഫൻസുകൾ മുഴുവൻ ചാർജ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കണ്ണൂർ, കോഴിക്കോട്, കൊച്ചി, തൃശ്ശൂർ എന്നീ സ്ഥലങ്ങളിലെ പ്രൈവറ്റ് ബസിന്റെ മത്സര ഓട്ടം കഴിഞ്ഞ ദിവസങ്ങളിൽ ഏറ്റവും കൂടുതൽ മരണമുണ്ടാക്കുന്നതായി കാണുന്നുണ്ട്. അടിയന്തരമായി അവിടത്തെ പൊലീസ് കമ്മീഷണറുമായും ട്രാൻസ്പോർട്ടിലെ ഉദ്യോഗസ്ഥരുമായി ഞാനൊരു ഓൺലൈൻ മീറ്റിങ് ഫിക്സ് ചെയ്തിട്ടുണ്ട്. ആ മീറ്റിങ് കഴിയുന്നതോടുകൂടി കർശനമായ നിലപാടെടുക്കുകയും ഇത്തരം അപകടകരമായി വണ്ടിയോടിക്കുന്ന, പ്രൈവറ്റ് ബസ് ഡ്രൈവർമാരുടെ മത്സരയോട്ടം നിയന്ത്രിക്കാനുള്ള കർശന നടപടിയെടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പൊലീസ് വകുപ്പിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും സഹകരണത്തോടെയായിരിക്കും ഇത് നടപ്പാക്കുന്നത്. പ്രധാനമായും മേൽ

സൂചിപ്പിച്ച സ്ഥലങ്ങളിലാണ് ഇത് നടത്താൻ ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ വളരെ ശക്തമായ എൻഫോഴ്സ്മെന്റ് വരും. മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥർക്ക് മോട്ടോർ സൈക്കിൾകൂടി അനുവദിക്കും. ഒരു ഡ്യൂട്ടിക്കുപോകാൻ നാലഞ്ചുപേർ പോകേണ്ട ആവശ്യമില്ല. അവിടെ ഒരാൾമാത്രം പോയാൽമതി. ഇതിൽ സാമ്പത്തിക ലാഭംകൂടിയുണ്ട്. അതിലും ക്യാമറ ഘടിപ്പിക്കും. അങ്ങനെ എൻഫോഴ്സ്മെന്റ് സംവിധാനം ശക്തമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(തുടരും - ശ്രീ. പി. ഉബൈദുള്ള)

പി. 21.03.2025

പി.എസ്./എസ്.ഒ.(1)
09.20 - 09:30

(ചോദ്യം *422) തുടർച്ച...

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, മലപ്പുറം ആർ.ടി. ഓഫീസിൽ, അടുത്ത മൂന്ന് മാസത്തേക്ക് ഡ്രൈവിങ് ടെസ്റ്റിന് അപ്പോയിന്റ്മെന്റ് ലഭിച്ച 5256 പേരും യാതൊരുവിധ അപ്പോയിന്റ്മെന്റ് ലഭിക്കാത്ത 10656 പേരും ലൈസൻസ് ടെസ്റ്റിനായി കാത്ത് നിൽക്കുകയാണ്. ഒരു ബാച്ച് ഉദ്യോഗസ്ഥരെക്കൂടി ആറ് മാസത്തേയ്ക്കെങ്കിലും ലഭിച്ചാൽ മാത്രമെ നിലവിലുള്ള അപേക്ഷകൾ തീർപ്പാക്കാൻ കഴിയുകയുള്ളൂ. നിലവിൽ

മലപ്പുറത്ത് നാല് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും നാല് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുമാണുള്ളത്. ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറെയും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറെയും മറ്റേതെങ്കിലും ഓഫീസിൽ നിന്ന് താൽക്കാലികമായി വർക്കിങ് അറേഞ്ച്മെന്റിൽ ആറ് മാസത്തേക്കെങ്കിലും പോസ്റ്റ് ചെയ്താൽ മാത്രമെ മലപ്പുറത്തെ പെൻഡിംഗ് തീർക്കാൻ കഴിയുകയുള്ളൂ. ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഡ്രൈവിങ് ടെസ്റ്റിൽ മാത്രമല്ല മലപ്പുറം ജില്ലയിലെ ഓഫീസുകളിൽ വലിയൊരു പെൻഡൻസി എല്ലാ കാര്യത്തിലുമുണ്ട്. കഴിഞ്ഞ ദിവസം സഭയിൽ ഞാൻ സൂചിപ്പിച്ചിരുന്നു. ഓഫീസുകളിൽ പ്രധാനപ്പെട്ട അഞ്ച് സേവനങ്ങൾ ഡിവൈഡ് ചെയ്ത് കൊടുക്കുന്നതോടുകൂടി ക്ലറിക്കൽ സ്റ്റാഫിന്റെ വർക്ക് ലോഡ് പരിപൂർണ്ണമായും ഒഴിവാകും. അങ്ങനെ വരുമ്പോൾ ഒരു ക്ലറിക്കൽ സ്റ്റാഫിന് ഒരു ദിവസം പരമാവധി അഞ്ച് ഫയലിൽ കൂടുതൽ കാണില്ല. അതോടൊപ്പം ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഒരു ബാച്ച് ഉദ്യോഗസ്ഥരെ നിയോഗിച്ച് ഡ്രൈവിങ് ടെസ്റ്റിന്റെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇനിയും അധീഷണലായി അനുവദിക്കാൻ തയ്യാറാണ്. എൻഫോഴ്സ്മെന്റിൽ നിന്നും

ഉദ്യോഗസ്ഥരെ നിയമിക്കാം. ട്രാൻസ്പോർട്ട് കമ്മീഷണർക്ക് കഴിഞ്ഞ ദിവസം നിർദ്ദേശം നൽകിയിരുന്നു. ഏറ്റവും കൂടുതൽ ബാക്ക് ലോഗുള്ളത് മലപ്പുറം, തൃശ്ശൂർ ജില്ലകളിലാണ്. ഓഫീസുകളിലെ ഡിലേയും ഡ്രൈവിങ് ടെസ്റ്റിലെ പ്രശ്നവും ബാക്ക് ലോഗും പരിഹരിക്കാനായി ഈ രണ്ട് ജില്ലകളിലും നേരിട്ട് സന്ദർശനം നടത്തി നടപടിയെടുക്കുന്നതിന് ട്രാൻസ്പോർട്ട് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. പി. മോഹനൻ: സർ, നിലവിലെ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഫിറ്റ്നസ് പരിശോധിക്കാനായി എന്തൊക്കെ ഉപകരണങ്ങളാണ് നൽകിയിട്ടുള്ളത്; ഈ ഉദ്യോഗസ്ഥരുടെ ക്വാളിഫിക്കേഷൻ എന്താണ്; ഫിറ്റ്നസ് പരിശോധനയ്ക്കായി എന്തൊക്കെ പ്രത്യേക സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, നിലവിൽ അവർ ഉപകരണങ്ങളൊന്നും ഉപയോഗിച്ച് പരിശോധിക്കുന്നില്ല. ഞാൻ മുമ്പ് പറഞ്ഞതുപോലെ എല്ലാം മാനുവലായിട്ടാണ് പരിശോധന നടത്തുന്നത്. ഓട്ടോമേറ്റഡ് ടെസ്റ്റിങ് സംവിധാനം ആരംഭിക്കാത്തതുകൊണ്ട് മാനുവലായിട്ടാണ് ഇതെല്ലാം ചെയ്യുന്നത്. അങ്ങനെ മാനുവലായി ചെയ്യുമ്പോൾ പല തകരാറുകളുമുണ്ടാകുന്നുണ്ട്. പലപ്പോഴും ഫിറ്റ്നസ് കഴിഞ്ഞ വാഹനം

തൊട്ടടുത്ത ദിവസം തന്നെ അപകടമുണ്ടാക്കുന്നുവെന്ന ആരോപണങ്ങൾ പലകാലത്തും വന്നിട്ടുണ്ട്. അത് ഒഴിവാക്കാൻ വേണ്ടി എത്രയുംപെട്ടെന്ന് ഓട്ടോമേറ്റഡ് ടെസ്റ്റിങ് സ്റ്റേഷനുകൾ ആരംഭിക്കും. അതിനുവേണ്ടിയുള്ള ടെണ്ടർ വിളിക്കുകയാണ്. മൂന്ന് സ്ഥലങ്ങളിൽ ഓട്ടോമേറ്റഡ് ടെസ്റ്റിങ് സ്റ്റേഷനുകൾ (എ.റ്റി.എസ്.) നിർമ്മിച്ച് ഉത്ഘാടനം കഴിഞ്ഞെങ്കിലും ഉപയോഗപ്പെടുത്താനോ മുന്നോട്ട് കൊണ്ടുപോകാനോ കഴിഞ്ഞിട്ടില്ല. ആറ് സ്ഥലങ്ങളിൽ ഭാഗികമായി മാത്രമാണ് നിർമ്മാണം പൂർത്തിയായിട്ടുള്ളത്. ഇവ പുതുതായി തുടങ്ങിയ 19 സ്ഥലങ്ങളിലേക്ക് ബിൽഡ്-ഓൺ-ഓപ്പറേറ്റ് റവന്യൂ ഷെയർ വ്യവസ്ഥയിൽ ഒരു പ്രത്യേക ടെണ്ടറാണ് ക്ഷണിക്കുന്നത്. ഭാഗികമായി പൂർത്തിയായ ആറ് എ.റ്റി.എസ്.-കളുടെ ബാക്കി നിർമ്മാണം പൂർത്തിയാക്കി അത് ഓപ്പറേറ്റ് ചെയ്യാനും സ്വകാര്യ വ്യക്തികളിൽ നിന്നും ടെണ്ടർ ക്ഷണിക്കുന്നുണ്ട്. അതുപോലെ നിർമ്മാണം പൂർത്തിയായ മൂന്ന് എ.റ്റി.എസ്.-കളുടെ സോഫ്റ്റ്‌വെയർ ഔട്ട്ഡേറ്റഡ് ആയിക്കഴിഞ്ഞു. മൂന്ന്-നാല് കൊല്ലമായി വെറുതെകിടന്നതുകൊണ്ടുതന്നെ അതിന്റെ ഹാർഡ്‌വെയറും തകരാറിലായിരിക്കുകയാണ്. അതെല്ലാം വൃത്തിയാക്കി വീണ്ടും നടപ്പാക്കാനുള്ള കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ മാസം തന്നെ ടെണ്ടർ പബ്ലിഷ് ചെയ്യുമെന്നാണ് ട്രാൻസ്പോർട്ട് കമ്മീഷണർ

അറിയിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം അദ്ദേഹമാണ് ചെയ്യുന്നത്. എല്ലാ പേപ്പർ വർക്കുകളും പൂർത്തിയിക്കിയിട്ടുണ്ട്. ഇതിനായി മൂന്ന് തരത്തിലുള്ള ടെണ്ടറുകളാണ് ക്ഷണിക്കുന്നത്.

ശ്രീ. കെ. പി. മോഹനൻ: സർ, ഇതിലെ ഉദ്യോഗസ്ഥരുടെ ക്വാളിഫിക്കേഷൻ എന്താണ്?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, അവരുടെ ക്വാളിഫിക്കേഷൻ സംബന്ധിച്ച് ടെണ്ടറിൽ പറയുന്നതാണ്. ഇവിടെ സഭയിൽ പറയാനായി കൃത്യമായ വിവരം എനിക്കറിയില്ല. കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിക്കുന്ന MoRTH (Ministry of Road Transport & Highways)-ന്റെ ഒരു സോഫ്റ്റ്‌വെയറുണ്ട്; ആ സോഫ്റ്റ്‌വയറുണ്ടാകണം, MoRTH നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങളോടു കൂടിയുള്ള 19 ഓട്ടോമേറ്റഡ് ടെസ്റ്റിങ് സ്റ്റേഷനുകൾ തുടങ്ങാൻ പുതിയതായി ടെണ്ടർ വിളിക്കുന്നുണ്ട്. ആറ് എ.റ്റി.എസ്.-കളുടെ പ്രവൃത്തി പൂർത്തീകരിച്ച് നടപ്പാക്കാനും പണി പൂർത്തീകരിച്ചിട്ടുള്ള മൂന്ന് എ.റ്റി.എസ്.-കൾ നടത്തുന്നതിനുമായി ഒരാഴ്ചയ്ക്കുള്ളിൽ ടെണ്ടർ വിളിക്കും. ചെറിയ സാങ്കേതിക കാര്യങ്ങൾ ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസിൽ നിന്നും ചെയ്യേണ്ടതാണ്; അവ ഉടനെ ചെയ്യുന്നതാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, കഴിഞ്ഞ ദിവസം Latvia എന്ന രാജ്യത്തേക്ക്

ഡ്രൈവർ പോസ്റ്റുമായി ബന്ധപ്പെട്ട ജോലിക്ക് പോയ ഒരാൾക്ക് നമ്മുടെ ഡ്രൈവിങ് ലൈസൻസ് അവിടെ കൈമാറിയ സമയത്ത് അതിന്റെ ഹോളോഗ്രാം അക്സസബിലിറ്റിയുമായി ബന്ധപ്പെട്ട് ഒരു പ്രശ്നം ഉണ്ടാകുകയും അത് ഡിപ്പാർട്ടുമെന്റിലേക്ക് കൊടുക്കുകയും ചെയ്തിരുന്നു. ഡ്രൈവിങ് ലൈസൻസിന്റെ ഹോളോഗ്രാം ഇന്റർനാഷണൽ ആക്സസബിലിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാൻ ശ്രമം നടത്തിയിട്ടുണ്ടോ?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഇത് ബഹുമാനപ്പെട്ട അംഗങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഹോളോഗ്രാം എന്ന സാധനത്തിന് ഒരിക്കലും അക്സസബിലിറ്റിയില്ല; അതൊരു സ്റ്റിക്കർ മാത്രമാണ്. അത് നമ്മുടെ ഓതന്റിസിറ്റി തെളിയിക്കുന്ന സാധനമാണ്. അതിലൊരു ക്യൂ.ആർ. കോഡുണ്ട്. ഡിജിറ്റൽ ലൈസൻസ് കൊടുക്കുമ്പോൾ അതോടൊപ്പം ക്യൂ.ആർ. കോഡുണ്ടാകും. അത് അക്ഷയയിലോ മറ്റും കൊടുത്ത് പ്രിന്റ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടത് ക്യൂ.ആർ. കോഡ് ക്ലിയറായിരിക്കണം എന്നുള്ളതാണ്. ക്യൂ.ആർ. കോഡാണ് സ്കാൻ ചെയ്യുന്നത്. ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യുമ്പോൾ ലൈസൻസിന്റെ മുഴുവൻ വിവരങ്ങളും അതിന്റെ ഓതന്റിസിറ്റിയും അറിയാൻ കഴിയും. ഹോളോഗ്രാം വേണമെന്ന്

ചിലയാളുകൾ തെറ്റിദ്ധരിപ്പിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങളും ജനങ്ങളും ആ വലയിൽ വീഴരുത്. ഹോളോഗ്രാം എന്നുപറയുന്നത് ഒരു അടയാളപ്പെടുത്തലിന്റെ ഭാഗമായി നമ്മൾ കാർഡിന്റെ പുറത്ത് ഒട്ടിച്ചുകൊടുത്തിരിക്കുന്ന ഒരു സ്റ്റിക്കറാണ്. ആ സ്റ്റിക്കർ റീഡ് ചെയ്യാൻ കഴിയില്ല. ഹോളോഗ്രാം അല്ല റീഡ് ചെയ്യുന്നത്. അത് റീഡ് ചെയ്യുന്നതിന് കൃത്യമായ ക്യു.ആർ. കോഡ് ഉണ്ടാകണം. ക്യു.ആർ. കോഡ് ആണ് വേണ്ടത്, അത് കൃത്യമായി പതിഞ്ഞ് വരുന്നുണ്ട്. ഡിജിറ്റൽ ലൈസൻസ് ആണെങ്കിൽ വളരെ ക്ലിയറാണ്. ഒരു ലൈസൻസ് കിട്ടാൻ പത്ത് മുതൽ പന്ത്രണ്ട് മാസം വരെ കാലതാമസമുണ്ടായിരുന്ന കാലമുണ്ടായിരുന്നു. അതിൽ മാറ്റം വരികയും ഇന്ന് ലൈസൻസ് ടെസ്റ്റ് പാസ്സായി ഉച്ചയ്ക്ക് 2.30-ന് അപ്ഡേറ്റ് ചെയ്താൽ 02.35-ന് മുമ്പ് നമ്മുടെ ഫോണുകളിൽ ലൈസൻസ് ലഭിക്കാൻ തുടങ്ങിയിരിക്കുന്നുവെന്നതും നല്ലൊരു നേട്ടം തന്നെയാണ്. ക്യു.ആർ. കോഡ് ഇന്റർനാഷണലി സ്കാൻ ചെയ്യുമ്പോഴും നേരെ വാഹൻ സൈറ്റിലേക്കാണ് പോകുന്നത്. ഇതിന് ഗവൺമെന്റ് സീൽ ആവശ്യമില്ല. ഇത് ഇന്ത്യാ ഗവൺമെന്റിന്റെ സൈറ്റാണ്.

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, ലൈസൻസുള്ളവർ റോഡിൽ പാലിക്കേണ്ട ഒരു basic etiquette ഉണ്ട്; പാർക്കിംഗ് സെൻസില്ല,

ഡ്രൈവിങ് സെൻസില്ല. അത് പലർക്കും അറിയില്ല. ഇവരെ ഇക്കാര്യങ്ങൾ പഠിപ്പിക്കാനായി സ്കൂൾ തലത്തിലും അതുപോലെ ഡ്രൈവിങ് ലൈസൻസ് കൊടുക്കുന്നതിന് മുമ്പായും ഓഡിയോ വിഷ്വൽ ക്ലാസ് നടത്തുന്നതിനെക്കുറിച്ച് അങ്ങ് ചിന്തിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, കെ.എസ്.ആർ.ടി.സി. ഡ്രൈവിങ് സ്കൂളിൽ ഓഡിയോ വിഷ്വൽ ക്ലാസ് നടത്തുന്നുണ്ട്. റിവേഴ്സ് പാർക്കിംഗ്, സൈഡ് പാർക്കിംഗ് ഉൾപ്പെടെ പലതരം പാർക്കിംഗ് ഉണ്ട്. അദ്ദേഹം പറഞ്ഞത് വളരെ ശരിയാണ്. ഇത് ഇന്റർനാഷണലി ഉള്ളൊരു കാര്യമാണ്. ഏറ്റവും കുറഞ്ഞ സ്ഥലത്ത് വാഹനം പാർക്ക് ചെയ്യുക എന്നുള്ളതാണ്. പക്ഷേ, നമുക്ക് റിവേഴ്സ് പാർക്കിംഗിനുള്ള ബോക്സുകളൊന്നുമില്ല. ഇപ്പോൾ പല ഡ്രൈവിങ് സ്കൂളുകളും ഓട്ടോമേറ്റഡ് ഡ്രൈവിങ് സെന്റർ തുടങ്ങാൻ അപേക്ഷ തന്നിട്ടുണ്ട്. അവർക്കെല്ലാം പുതിയ ഡിസൈനാണ് കൊടുക്കാൻ പോകുന്നത്. ഡ്രൈവിങ് ലൈസൻസിനുള്ള ഡിസൈൻ 'എച്ച് ' എന്നുള്ളത് മാറ്റി റിവേഴ്സ് പാർക്കിങ്, സൈഡ് പാർക്കിങ്, സിഗ്സാഗ് ആയി ഡ്രൈവ് ചെയ്യുക, കയറ്റത്തിൽ നിർത്തി വാഹനം മുന്നോട്ടെടുക്കുക എന്നിവ ഉൾപ്പെടുത്താനും ഇതെല്ലാം ടെസ്റ്റ് ചെയ്യുന്നതിനുമായി പുതിയൊരു ഡ്രൈവിങ് ടെസ്റ്റ് ഗൗണ്ട്

തയ്യാറാക്കുകയുമാണ്. കയറ്റത്തിൽ നിർത്തി വാഹനം മുന്നോട്ടെടുക്കുന്നതൊന്നും ആരും ചെയ്യാറില്ല. കയറ്റത്തിൽ നിർത്തിക്കഴിഞ്ഞാൽ വാഹനം പുറകോട്ട് ഇറങ്ങി വരുകയാണ്. ഡ്രൈവിങ് സ്കൂളിനായി മൂന്ന് ഏക്കർ വരെ സ്ഥലമെടുത്ത് വന്നിട്ടുള്ളവരുണ്ട്. പുതുതായി അപേക്ഷിച്ച എല്ലാവർക്കും ഈ ഡിസൈനാണ് കൊടുത്തിരിക്കുന്നത്. പല ഭാഗത്തായി ഇത് പഠിപ്പിക്കും. തിയറി ക്ലാസ് വേണം, കെ.എസ്.ആർ.ടി.സി. ഒരുക്കിയതുപോലെ ഓഡിയോ വിഷ്വൽ ക്ലാസ് മുറി എന്നിവയും എല്ലാവരും ഒരുക്കണം.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ലൈസൻസ് നൽകുന്നത് കർശനമാക്കിയത് വളരെ നല്ല കാര്യമാണ്. കാരണം പലരും ഡ്രൈവിങ് ലൈസൻസ് എടുത്തതിന് ശേഷമാണ് വാഹനം ഓടിക്കാൻ പഠിക്കുന്നത്. വാഹനങ്ങളുടെ ഫിറ്റ്നസുമായി ബന്ധപ്പെട്ട് ആലുവയിൽ ഏകദേശം നാല് ദിവസം ഫിറ്റ്നസ് ടെസ്റ്റുണ്ട്. അങ്കമാലിയിൽ ആലുവയുടെ ഭാഗമായി ജോയിന്റ് ആർ.ടി.ഒ. ഉണ്ട്. അവിടെ മൂന്ന് ദിവസമാണ് ഫിറ്റ്നസ് ടെസ്റ്റുള്ളത്. അവിടെ വാഹനങ്ങളുടെ എണ്ണം കുറവാണ്. ഞാനും ശ്രീ. റോജി എം. ജോണും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള കാര്യമാണ്. അവിടെ ടെസ്റ്റില്ലാത്ത ദിവസം ഫിറ്റ്നസ് ടെസ്റ്റ്

ഉൾപ്പെടുത്തിയാൽ കൂടുതൽ വാഹനങ്ങൾക്ക് ഫിറ്റ്നസ് നൽകാൻ നമുക്ക് സാധിക്കും. അങ്കമാലിയിൽ ആലുവയിൽ നടത്തുന്നതുപോലെ നാല് ദിവസം ഫിറ്റ്നസ് ടെസ്റ്റ് നടത്താൻ സാധിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, തീർച്ചയായും അക്കാര്യം പരിശോധിച്ചതിനുശേഷം ചെയ്യാം. പക്ഷേ, മറ്റൊരു കാര്യം പറയുകയാണ്; എല്ലാ ആർ.ടി. ഓഫീസിനെയും ബാധിക്കുന്ന കാര്യമാണ്. ചില സ്ഥലത്ത് ഫിറ്റ്നസ് ടെസ്റ്റിന് എണ്ണം കൂടുതലും ചില സ്ഥലത്ത് കുറവുമാണ്. ഇതുമായി ബന്ധപ്പെട്ട് ആർ.ടി.ഒ.-മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അതായത്, ഇവിടെ ഫിറ്റ്നസ് ടെസ്റ്റിന് അപേക്ഷകൾ കൂടുതലാണെങ്കിൽ അവരെ ഓതറൈസ് ചെയ്ത് അടുത്ത സബ് ആർ.ടി. ഓഫീസിലേക്ക് അയയ്ക്കും. ഇപ്പോൾ കൊട്ടാരക്കരയിൽ തിരിക്ക് കൂടുതലാണെങ്കിൽ അവിടെനിന്നും പുനലൂരിലേക്കോ പത്തനാപുരത്തേക്കോ സജസ്റ്റ് ചെയ്തുവിട്ട് അന്നുതന്നെ ടെസ്റ്റ് നടത്തിക്കൊടുക്കാനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. അങ്ങനെ വരുമ്പോൾ തിരക്ക് ഉണ്ടാകില്ല.

ശ്രീമതി ശാന്തകുമാരി കെ.: സർ, കേരളത്തിൽ നിരവധി സ്കൂൾ ബസ്സുകളുണ്ട്. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സ്കൂളുകൾക്ക് നിരവധി സ്കൂൾ ബസ്സുകൾ കൊടുത്തിട്ടുണ്ട്. സ്കൂൾ ബസ്സുകളുടെ ഫിറ്റ്നസുമായി ബന്ധപ്പെട്ട്

എന്തെങ്കിലും പ്രത്യേക സംവിധാനം ഒരുക്കുന്നുണ്ടോയെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, സ്കൂൾ ബസ്സിന്റെ ഫിറ്റ്നസ് വളരെ പ്രധാനപ്പെട്ടതാണ്. കോവിഡിന്റെ കാലത്ത് ഒരു പ്രശ്നമുണ്ടായിരുന്നു. ഡിസംബറിലാണ് ആദ്യം ഫിറ്റ്നസ് ടെസ്റ്റ് നടത്തുന്നത്. ഒരു സ്കൂൾ ബസ് തന്നെ ഡിസംബറിലും മേയ് മാസത്തിലും ഫിറ്റ്നസ് ടെസ്റ്റ് ചെയ്യേണ്ട അവസ്ഥയുണ്ടായിരുന്നു. ഇപ്പോൾ അത് മാറ്റിയിട്ടുണ്ട്. ഇത്തവണ ജൂൺ 1-ന് സ്കൂൾ തുറക്കുന്നതിനുമുമ്പ് മേയ് മാസത്തിൽ എല്ലാ ബസ്സുകളും ഫിറ്റ്നസ് ടെസ്റ്റ് ചെയ്യണം. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പ്രകാരം പ്രൈവറ്റ് ബസ്സുകളിലും കെ.എസ്.ആർ.ടി.സി. ബസ്സുകളിലും വയ്ക്കുന്നതുപോലെ എല്ലാ സ്കൂൾ ബസ്സുകളിലും ഔട്ട്സൈഡ് ആൻഡ് ഇൻസൈഡ് ക്യാമറ സ്ഥാപിക്കണം. കുട്ടികൾക്ക് എന്തെങ്കിലും അപകടം സംഭവിക്കുന്നുണ്ടോ, അപകട കാരണമെന്താണ്, കുട്ടികളെ സൂക്ഷിച്ചാണോ വാഹനങ്ങളിൽ നിന്നും ഇറക്കി വിടുന്നത് എന്നിവയെല്ലാം അറിയുന്നതിനായി ഡോറിനടുത്തുവരെ ക്യാമറ സ്ഥാപിക്കണം. മേയ് മാസം ഫിറ്റ്നസിന് വരുമ്പോൾ എല്ലാ സ്കൂൾ ബസ്സിലും മൂന്ന് മുതൽ നാല് ക്യാമറകൾ സ്ഥാപിച്ചിരിക്കണം. ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഉത്തരവ്

പുറത്തിറങ്ങിയിട്ടുണ്ട്. സ്കൂൾ ബസ്സിന്റെ കാര്യത്തിൽ ഫിറ്റ്നസ് വളരെ കൃത്യമായി നോക്കും. ജൂൺ 1-ന് മുമ്പ് എല്ലാ സ്കൂൾ ബസ്സുകളും ഫിറ്റ്നസ് ചെയ്ത് കൊടുക്കും. (ചോദ്യം *423)

P-21-3-2025 UV-AY
9.30-9.40 SY

**വിദേശപഠന റിക്രൂട്ടിംഗ് ഏജൻസികൾ**

(423) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദേശപഠന റിക്രൂട്ടിങ് ഏജൻസികളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഏജൻസികൾ വ്യാജ വിവരങ്ങൾ നൽകി വിദ്യാർഥികളെ കബളിപ്പിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരം ഏജൻസികളുടെ ആധികാരികത പരിശോധിച്ച് അവയെ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ,

(എ-സി) സംസ്ഥാനത്തിനകത്തും പുറത്തും പ്രവർത്തിക്കുന്ന വിദ്യാഭ്യാസ കൺസൾട്ടൻസികൾ മുഖേന കബളിക്കപ്പെട്ടതായി അറിയിച്ചുകൊണ്ട് വിദ്യാർഥികളുടെ പരാതി ലഭിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ വിദ്യാഭ്യാസ കൺസൾട്ടൻസികൾ വിദ്യാർഥികളെ ചൂഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ശ്രീ. എം. കെ. തോമസ് ഫയൽ ചെയ്ത കേസിൽ കേരള ഹൈക്കോടതി നിർദേശിച്ച പ്രകാരം സംസ്ഥാനത്തെ വിദ്യാഭ്യാസ കൺസൾട്ടൻസികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് പ്രത്യേക നിയമനിർമ്മാണം നടത്തുന്ന വിഷയത്തിൽ സമഗ്രമായ പഠനം നടത്തുന്നതിനായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് അധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ 3 അംഗ വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. വിദഗ്ധ സമിതിയുടെ റിപ്പോർട്ടിനെ ആധാരമാക്കി തയ്യാറാക്കിയ കരട് ബിൽ പരിശോധിച്ചുവരുന്നു. ഇത് അന്തിമഘട്ടത്തിലാണ്. അടുത്ത സെഷനിൽ ബിൽ അവതരിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ടി. വി. ഇബ്രാഹിം): സർ, മെച്ചപ്പെട്ട ജീവിത നിലവാരവും മികച്ച

ജോലി സാധ്യതകളും തേടി കേരളത്തിൽ ആയിരക്കണക്കിന് വിദ്യാർഥികളാണ് പല വിദേശരാജ്യങ്ങളിലേക്കും വിദ്യാഭ്യാസത്തിനായി വർഷംതോറും കുടിയേറുന്നത്. ബാങ്കുകളിൽനിന്നും വായ്പ കൂടി ലഭ്യമാക്കുന്നത് കാരണം ഇവർക്ക് എത്രയുംവേഗം വിദേശ സർവകലാശാലയിൽ ചേരുന്നതിനുള്ള സാധ്യത വർധിക്കുകയാണ്. ഇക്കാര്യം മുതലെടുത്ത് വിദേശ രാജ്യങ്ങളിൽ അഡ്മിഷൻ ശരിയാക്കിക്കൊടുക്കുന്ന ഒട്ടേറെ റിക്രൂട്ടിങ് ഏജൻസികളും അവരുടെ ഏജന്റുമാരും നമ്മുടെ ക്യാമ്പസുകളിൽപോലും കടന്നുവരികയാണ്. വിദേശത്താണെങ്കിൽ കേരളമടക്കമുള്ള ഇന്ത്യൻ വിദ്യാർഥികളുടെ തള്ളിക്കയറ്റംകൊണ്ട് ഗുണമേന്മയില്ലാത്ത ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അത്തരം സ്ഥാപനങ്ങളിൽനിന്നും ബിരുദമെടുത്ത് അവിടെയോ നമ്മുടെ നാട്ടിലോ ജോലി നേടാൻ കഴിയാതെ ചതിക്കപ്പെടുന്ന ധാരാളം കേസുകൾ നമ്മുടെ നാട്ടിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഇത്തരം റിക്രൂട്ടിങ് ഏജൻസികളും അവരുടെ ഏജന്റുമാരും നമ്മുടെ നാട്ടിലെ ക്യാമ്പസുകളിൽ വന്നാണ് ക്യാൻവാസ് ചെയ്യുന്നത്. ക്യാമ്പസുകളിലെ പല പരിപാടികളും സ്പോൺസർ ചെയ്യുന്നതോടൊപ്പം കോളേജ് യൂണിയനുകളുടെ പരിപാടികൾ പോലും സ്പോൺസർ ചെയ്യുന്നത് ഈ ഏജൻസികളാണ്. ആധുനിക

കാലത്തിനനുയോജ്യമായ ഉപരിപഠന സാധ്യത നമ്മുടെ നാട്ടിലൊരുക്കികൊണ്ട് വിദേശത്ത് പ്രവർത്തിക്കുന്ന ഗുണമേന്മയുള്ളതും ഇല്ലാത്തതുമായ സ്ഥാപനങ്ങളെയും കോഴ്സുകളെയുംകുറിച്ച് വിദ്യാർത്ഥികൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിന് നമ്മുടെ ക്യാമ്പസുകളിൽ സാഹചര്യമുണ്ടാക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ഇന്ന് ഗ്ലോബലൈസേഷന്റെ കാലമാണ്. നമ്മുടെ രാജ്യങ്ങളുടെ ബൗണ്ടറീസ് അസംഗതമാകുകയും വളരെ വേഗത്തിൽ രാജ്യാന്തര സഞ്ചാരം സാധ്യമാകുകയും ചെയ്യുന്ന അവസ്ഥയുണ്ട്. കമ്മ്യൂണിക്കേഷൻ ടെക്നോളജിയുടെ അത്ഭുതപൂർവമായ വളർച്ചയുടെ ഭാഗമായി വിവിധ രാജ്യങ്ങളിലെ മെച്ചപ്പെട്ട അവസരങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് കൂടുതലായി അറിയാനുള്ള സാധ്യതകളുണ്ട്. എയർലൈൻസുകളും എഡ്യൂക്കേഷൻ ലോണുകളുടെ ലഭ്യതയും ഈ ഗ്ലോബലൈസേഷന്റെ കാലത്ത് വളരെയധികം വർധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് മൈഗ്രേഷനുകൾ എല്ലാ രാജ്യങ്ങളിലും വർധിച്ചുവരികയാണ്. ഇന്ത്യയിലും വിവിധ സംസ്ഥാനങ്ങളിൽനിന്നും അത്തരത്തിലുള്ള കുടിയേറ്റം നടക്കുന്നുണ്ട്. റിക്രൂട്ടിങ് ഏജൻസികൾ പലതും വിശ്വാസയോഗ്യമല്ലാത്ത വിധത്തിലുള്ള അവകാശവാദങ്ങളാണ് മുന്നോട്ടുവയ്ക്കുന്നതെന്നുള്ളത് അപകടകരമായ ഒരു

കാര്യമാണ്. വിദ്യാർഥികൾക്ക് അതുസംബന്ധിച്ച് വിശദമായ അവബോധം നൽകാൻ കഴിയുന്നതരത്തിലുള്ള പ്രവർത്തനങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്ലാൻ ചെയ്തിട്ടുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ച ഡോ. സജി ഗോപിനാഥ് അധ്യക്ഷനായ സമിതിയുടെ ശിപാർശ പ്രകാരം വിദ്യാർഥി കുടിയേറ്റവുമായി ബന്ധപ്പെട്ട് സമഗ്രമായ വിവരശേഖരണം നടത്തുക, രജിസ്ട്രേഷൻ പ്രക്രിയയിലൂടെ വിദ്യാഭ്യാസ കൺസൾട്ടൻസി സ്ഥാപനങ്ങളുടെ സമഗ്രമായ വിവരശേഖരണം നടത്തുക, ഉന്നതവിദ്യാഭ്യാസ കൗൺസിലിൽ സ്റ്റേറ്റ് അതോറിറ്റി ഫോർ സ്റ്റുഡന്റ്സ് ഓവർസീസ് മൈഗ്രേഷൻ രൂപീകരിക്കുക, ഉചിതമായ പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തുക, വിദ്യാർഥികൾ നൽകുന്ന ഫീസുകളുടെ ഉത്തരവാദിത്വം ഏജൻസികൾ ഏറ്റെടുക്കുക, വിദ്യാർഥികൾക്ക് മാർഗനിർദേശം നൽകാൻ ഉന്നതവിദ്യാഭ്യാസ കൗൺസിലിൽ പുതിയ സംവിധാനം ഏർപ്പെടുത്തുക, വിദ്യാർഥി താൽപര്യാനുസൃതമായി സംസ്ഥാനത്ത് പഠനങ്ങൾ പ്രോത്സാഹിപ്പിക്കുക, കേന്ദ്ര വിദ്യാഭ്യാസ വിദേശ മന്ത്രാലയങ്ങളുമായി ആവശ്യമായ ചർച്ചകൾ നടത്തുക, മലയാളികളായ വിദ്യാർഥികളുടെ കുടിയേറ്റം സംബന്ധിച്ച് കൃത്യമായ കണക്ക് ദേശീയ ഉന്നത വിദ്യാഭ്യാസ സർവെയിലൂടെ ശേഖരിക്കുക, വിദ്യാഭ്യാസ ഏജൻസികളുടെ നിയമവിരുദ്ധ

പ്രവർത്തനം നിയന്ത്രിക്കാനാവശ്യമായ നിയമനിർമ്മാണം കൊണ്ടുവരിക എന്നീ കാര്യങ്ങളിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ തീരുമാനങ്ങളെടുത്ത് നടപടിയുമായി മുന്നോട്ടുകൊണ്ടുപോകുകയാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, 2024-ൽ കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന സി.പി.പി.ആർ. (Centre for Public Policy Research) എന്ന Think Tank-ന്റെ ഏറ്റവും പുതിയ പഠനമനുസരിച്ച് കേരളത്തിൽനിന്നും വിദേശ രാജ്യങ്ങളിലേക്ക് ഉന്നതവിദ്യാഭ്യാസത്തിന് ചേക്കേറുന്ന വിദ്യാർത്ഥികളിൽ 60 ശതമാനവും പ്രതിവർഷം 5 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള കുടുംബത്തിൽനിന്നുള്ളവരാണ്. ഇവരെ വിദേശത്തേക്ക് ആകർഷിക്കുന്നത് ജോലി സാധ്യതയും നൈപുണ്യ വികസനത്തിനാവശ്യമായ വിദ്യാഭ്യാസവും അവിടെ ഉള്ളതുകൊണ്ടാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിട്ടുള്ള, ഡോ. സജി ഗോപിനാഥ് അധ്യക്ഷനായ കമ്മിറ്റിയിൽ ഈ കുട്ടികൾ വിദേശത്തേക്ക് പോകാതിരിക്കുന്നതിനായി സംസ്ഥാനത്തെ നൈപുണ്യ വിദ്യാഭ്യാസം വികസിപ്പിക്കുന്നതിനും ന്യൂജെൻ കോഴ്സുകൾ നമ്മുടെ കാമ്പസുകളിലും കോളേജുകളിലും ആരംഭിക്കുന്നതിനാവശ്യമായ പദ്ധതികൾകൂടി ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുമോ?

<u>ഡോ. ആർ. ബിന്ദു:</u> സർ, തീർച്ചയായും. ഇതിനോടകം ഉന്നതവിദ്യാഭ്യാസ കൗൺസിൽ 'സ്റ്റഡി ഇൻ കേരള' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ നാല് വർഷകാലത്തിനിടയ്ക്ക് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയെ ശക്തീകരിക്കുന്നതിന് ഫലപ്രദമായ ഇടപെടലുകളാണ് സർക്കാർ നടത്തിയിട്ടുള്ളത്; 6000 കോടി രൂപയാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളം വിന്യസിച്ചത്. 2023-24- സാമ്പത്തിക വർഷത്തിൽ 1823 കോടി രൂപ ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിന്യസിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് മികച്ച അക്കാദമിക് കോംപ്ലക്സുകളും ലാബ് കോംപ്ലക്സുകളും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകളും ലൈബ്രറികളുമെല്ലാം വിവിധ ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷനുകളിൽ സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റിയിലും എം.ജി. യൂണിവേഴ്സിറ്റിയിലും കുസാറ്റിലുമൊക്കെയുള്ള ലബോറട്ടറി കോംപ്ലക്സുകൾ ഇന്ന് സൗത്ത് ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച സംവിധാനങ്ങളായി മാറിയിരിക്കുകയാണ്. ഇന്റർനാഷണൽ ഹോസ്റ്റലുകളിൽ ഹോസ്റ്റൽ മുറികളുടെ എണ്ണം വർധിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയ്ക്കകത്തും പുറത്തും പ്രഖ്യാപിച്ചിട്ടുള്ളതുപോലെ കേരളത്തിലെ

ഉന്നതവിദ്യാഭ്യാസ മേഖലയെ ഒരു ഇന്റർനാഷണൽ ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യംതന്നെയാണ് നാം ഏറ്റെടുത്തിട്ടുള്ളത്. കേരളത്തിനുപുറത്തെ വിദ്യാർത്ഥികളെക്കൂടി കേരളത്തിലേക്ക് ആകർഷിക്കാൻ കഴിയുന്നതരത്തിലുള്ള പ്രവർത്തനങ്ങൾ കൃത്യമായ ആസൂത്രണത്തോടുകൂടി മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. അനതിവിദൂര ഭാവിയിൽത്തന്നെ നമ്മുടെ സ്റ്റുഡന്റ്സ് മൈഗ്രേഷൻ റേറ്റ് കുറയ്ക്കാനും കേരളത്തിനുപുറത്തുനിന്നുള്ള വിദ്യാർത്ഥികളെ കൂടുതലായി ഇവിടെ ഉൾക്കൊള്ളാനും സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, പുതിയ കാലത്തെ വിദ്യാർത്ഥികൾ വിദേശത്തേക്ക് പോകുന്നതിൽ പഠനാവശ്യങ്ങൾക്കപ്പുറം സ്റ്റേ-ബാക്കാണ് അവരുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. ബഹുമാനപ്പെട്ട ചെയർ എപ്പോഴും ആശങ്ക പ്രകടിപ്പിക്കുന്നതുപോലെ നമ്മുടെ നാട്ടിൽ വലിയതോതിലുള്ള 'brain drain' സംഭവിക്കുന്ന സാഹചര്യമുണ്ട്. സ്വാഭാവികമായും അവിടേക്ക് പഠിക്കാനായി പോകുന്ന കുട്ടികളുടെ എണ്ണം വളരെ നാമമാത്രമാണ്. എന്നാൽ അവിടെത്തന്നെ താമസിക്കാനും ജീവിക്കാനും ആഗ്രഹിച്ച് എന്നന്നേക്കുമായി പോകുന്ന കുട്ടികളുമുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം അതുവഴി വലിയതോതിലുള്ള വിഭവ നഷ്ടം ഉണ്ടാകുകയാണ്. പക്ഷെ ഇത്തരമൊരു

യാത്രയ്ക്കുവേണ്ടി കുട്ടികളെ പ്രേരിപ്പിക്കുന്നത് അവിടെയുള്ള തൊഴിൽ സാധ്യതകൾ മാത്രമാണ്. അവർ തൊഴിൽ ചെയ്യാനാണ് അവിടെ പോകുന്നത്. അങ്ങനെ പോകുമ്പോഴാണ് പലപ്പോഴും കുട്ടികൾ വലിയതോതിൽ കബളിപ്പിക്കപ്പെടുന്നത്. നമ്മുടെ നാട്ടിൽ ഈ കുട്ടികളുടെ യാത്രയുമായി ബന്ധപ്പെട്ട് ഈ ഏജൻസികൾക്ക് ഏതെങ്കിലും തരത്തിലുള്ള ലൈസൻസിങ് സംവിധാനമുണ്ടോ; അങ്ങനെയാണെങ്കിൽ ലൈസൻസുള്ള എത്ര സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്?

ഡോ. ആർ. ബിന്ദു: സർ, നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, ലൈസൻസികളുടെ രജിസ്ട്രേഷനും നിയന്ത്രണവുമായി ബന്ധപ്പെട്ട ബിൽ സഭ അംഗീകരിച്ചാൽ തീർച്ചയായും അതുമായി ബന്ധപ്പെട്ട സംവിധാനം ഉറപ്പാക്കാൻ സാധിക്കും. അതിനുവേണ്ട എല്ലാ ക്രമീകരണങ്ങളും ഉന്നത വിദ്യാഭ്യാസ വകുപ്പ് ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. ദൃശ്യ-സാമൂഹ്യ മാധ്യമങ്ങളിലൂടെ മറ്റ് രാജ്യങ്ങളിലെ ഉയർന്ന ജീവിത നിലവാരം കണ്ട് അതിന്റെ പിന്നിലുള്ള വസ്തുനിഷ്ഠ യാഥാർഥ്യങ്ങളെക്കുറിച്ച് കൃത്യമായി തിരിച്ചറിയാതെയാണ് പല വിദ്യാർഥികളും വിദേശത്തേക്ക് മൈഗ്രേറ്റ് ചെയ്യാൻ ആഗ്രഹിക്കുന്നതെന്നകാര്യം തീർച്ചയാണ്. ആ രാജ്യങ്ങളിൽ ചെന്നെത്തുമ്പോൾ അവിടത്തെ ജീവിത സാഹചര്യങ്ങൾ വല്ലാതെ

വീർപ്പുമുട്ടിക്കുകയും കബളിപ്പിക്കപ്പെടുന്നതായി അവർ തിരിച്ചറിയുകയും ചെയ്യുന്നുണ്ട്. അത്തരത്തിലുള്ള നിരവധി ഉദാഹരണങ്ങൾ നമ്മുടെ മുന്നിലുണ്ട്. അതിന്റെയടിസ്ഥാനത്തിൽ വിദ്യാർഥികൾക്കുവേണ്ട എല്ലാ പിന്തുണാസംവിധാനങ്ങൾ ഉറപ്പാക്കാനും വ്യാജമായ അവകാശവാദങ്ങൾ ഉന്നയിക്കുന്ന റിക്രൂട്ടിങ് ഏജൻസികളെ നിയന്ത്രിക്കാനുമുള്ള നടപടികൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് അടിയന്തരമായി കൈക്കൊള്ളുന്നതാണ്. നിയമനിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പുരോഗമിക്കുന്നതോടൊപ്പം തന്നെ വിദ്യാർഥികൾക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനങ്ങളും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. നോർക്കയുടെ രജിസ്ട്രേഷൻ നിർബന്ധമാണെങ്കിലും വളരെകുറച്ച് വിദ്യാർഥികൾ മാത്രമാണ് നോർക്കയിൽ രജിസ്റ്റർ ചെയ്യാൻ തയ്യാറാകുന്നുള്ളൂ. പലപ്പോഴും വിദേശ രാജ്യങ്ങളിൽ എത്തിപ്പെടുമ്പോൾ ഈ പറയുന്ന വാഗ്ദാനങ്ങളൊക്കെ തെറ്റാണെന്ന് മനസ്സിലാക്കാനുള്ള സാഹചര്യം അവർക്കുണ്ടാകുന്നു. മാത്രമല്ല, പൊതുവിൽ ആഗോള പ്രതിഭാസമായി നടന്നിരുന്ന സ്റ്റുഡന്റ് മൈഗ്രേഷനിൽ ഇപ്പോൾ ഒരു റിവേഴ്സൽ ഉണ്ടാകുന്നുവെന്നുള്ളതാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഈ വിദ്യാർഥികളുടെ വലിയ ഒഴുക്ക്

നടക്കുന്നുവെന്നുള്ളത് ഒരു യാഥാർഥ്യമാണ്. അതോടൊപ്പംതന്നെ ഇത്തരത്തിൽ കബളിപ്പിക്കപ്പെടുന്ന സാഹചര്യവും ഉണ്ടാകുന്നുണ്ട്. ഇവിടെനിന്നും വലിയ മോഹന വാഗ്ദാനങ്ങൾ കേട്ട് അവിടെയെത്തുമ്പോൾ കഴിഞ്ഞ ദിവസം വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ പറഞ്ഞതുപോലെ, ഒരു ബെഞ്ചും ഡെസ്കുമിട്ട ഒരു ചെറിയ മുറിയാണ് ആ സർവകലാശാല എന്ന് തിരിച്ചറിയുന്ന സ്ഥിതിയുണ്ടായ സാഹചര്യവുമുണ്ട്. പക്ഷെ ഇങ്ങനെയാണെങ്കിൽപോലും വലിയതോതിലുള്ള വിദ്യാർഥികളുടെ ഒഴുക്ക് നടക്കുന്നുവെന്നുള്ളത് യാഥാർഥ്യമാണ്. അതുമായി ബന്ധപ്പെട്ട ബിൽ വരാൻ പോകുന്നുവെന്നത് സ്വാഗതാർഹമാണ്. വിദേശ സർവകലാശാലകളുടെ ആധികാരികതയും അംഗീകാരവും പരിശോധിക്കാനും അതുപോലെതന്നെ തട്ടിപ്പ് തടയാനുമായി നോർക്ക മാതൃകയിൽ ഒരു ഏജൻസിയെ അല്ലെങ്കിൽ നോർക്കയിൽതന്നെ ഒരു സബ് ഏജൻസിയെ ചുമതലപ്പെടുത്തണം. ഒരു കുട്ടി പഠിക്കാൻ എങ്ങോട്ടാണ് പോകുന്നതെന്നും ആ സർവകലാശാലയ്ക്ക് ആധികാരികതയും അംഗീകാരവുമുണ്ടോയെന്നും കോഴ്സുകൾക്ക് സ്വീകാര്യത ഉണ്ടോയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുന്ന ഒരു ഏജൻസി നോർക്കയിലോ അല്ലെങ്കിൽ നോർക്ക പോലെ മറ്റൊരു ഏജൻസിയിലോ പ്രവർത്തിപ്പിക്കാനുള്ള

സംവിധാനം അടിയന്തരമായി രൂപപ്പെടുത്തുമോ?

(ഡോ. ആർ. ബിന്ദു)

P. 21.03.2025 LJ/ AY -(1)
09.40-09.50

(ചോദ്യം നമ്പർ *423 തുടർച്ച.....)

ഡോ. ആർ. ബിന്ദു: സർ, വിദേശത്തേക്കുപോകുന്ന വിദ്യാർഥികൾക്ക് നോർക്കയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഇപ്പോഴുമുണ്ടെങ്കിലും മുഴുവൻ വിദ്യാർഥികളും അതിൽ രജിസ്റ്റർ ചെയ്യുന്നില്ലെന്നുള്ളതാണ് യാഥാർഥ്യം. ഇന്ത്യയിൽ ഇത്തരത്തിൽ പുറത്തേക്കുപോകുന്ന വിദ്യാർഥികളുടെ വസ്തുനിഷ്ഠമായ കണക്ക് ശേഖരിക്കുന്നതിൽ പ്രയാസങ്ങൾ കാണുന്നുണ്ട്. 18-12-2024-ൽ ഡോ. വി. ശിവദാസൻ ലോക്സഭയിൽ ഉന്നയിച്ച ചോദ്യങ്ങൾക്ക് മറുപടി ലഭിക്കുകയുണ്ടായില്ല. പൊതുവിൽ രാജ്യത്തുനിന്നും പോകുന്ന കുട്ടികളുടെ ഒരു കണക്ക് ലഭ്യമാക്കിയെങ്കിലും അതിൽ സംസ്ഥാനം തിരിച്ചോ വർഷം തിരിച്ചോ കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൈവറ്റ് ഏജൻസികൾ നടത്തിയ പഠനങ്ങൾ മാത്രമാണ് സർക്കാരിന് ലഭ്യമായിട്ടുള്ളത്. "Beyond Beds & Boundaries: Indian Student Mobility Report" എന്ന റിപ്പോർട്ടുപ്രകാരം പഞ്ചാബ്, ആന്ധ്രാ പ്രദേശ്, തെലുങ്കാന, മഹാരാഷ്ട്ര എന്നിവിടങ്ങളിൽനിന്നും 12.5%,

ഗുജറാത്ത്, ഡൽഹി, തമിഴ്നാട് എന്നിവിടങ്ങളിൽനിന്നും 8%, കർണ്ണാടകയിൽനിന്നും 6%, കേരളത്തിൽനിന്നും 4% എന്നാണ് കാണുന്നത്. അതുപോലെ Redseer-ന്റെ റിപ്പോർട്ടും ഇതിനുസമാനമായ കണക്കാണ് കാണിക്കുന്നത്. കേരളത്തിൽനിന്നും പുറത്തേക്കുപോകുന്ന കുട്ടികളെ നിർബന്ധമായും രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള സംവിധാനം ഉറപ്പാക്കാൻ സാധിക്കും, എത്രയുംവേഗം അതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിനുള്ള പരിശ്രമമുണ്ടാകും. വിദേശത്തേക്കുപോകുന്ന കുട്ടികൾ അതിൽ രജിസ്റ്റർ ചെയ്യാൻ തയ്യാറായാൽ മാത്രമേ ഇക്കാര്യത്തിൽ കൃത്യമായ ഒരു കണക്ക് പറയാൻ സാധിക്കൂ.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, 1970-കൾക്കുശേഷം വിദേശത്തേക്ക് അന്നം തേടി യാത്ര നടത്തിയ ആളുകളെ പ്രവാസികളെന്നാണ് വിളിക്കുന്നത്. ഇപ്പോൾ വിദേശരാജ്യങ്ങളിലേക്ക് പ്രത്യേകിച്ച് യൂറോപ്യൻ രാജ്യങ്ങളിലേക്കുള്ള കുട്ടികളുടെ ഒഴുക്കാണ് സംഭവിക്കുന്നത്. എന്നാൽ അവരെ നമ്മൾ പറയുന്നത് 'വിദേശത്ത് പഠിക്കുന്ന കുട്ടി' എന്നാണ്. അന്നം തേടിപ്പോയ ആളുകളെ NRI എന്ന് വിളിക്കാറുള്ളതിനാൽ ഈ കുട്ടികളെയും നമുക്ക് NRI എന്നുള്ള രീതിയിൽ ഉൾപ്പെടുത്താൻ സാധിക്കുമോ; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരാണ്

ഇടപെടേണ്ടത് എന്നുള്ളതിനാൽ അതിനുള്ള ഒരു ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ എന്നുള്ളതാണെന്റെ ചോദ്യം?

ഡോ. ആർ. ബിന്ദു: സർ, പലപ്പോഴും കുട്ടികൾ തൊഴിൽപരമായിട്ടുള്ള സാധ്യതകൾ തേടിയാണ് വിദേശരാജ്യങ്ങളിലേക്ക് മൈഗ്രേറ്റ് ചെയ്യുന്നത്. സാങ്കേതികമായി NRI-യെന്ന് അവരെ വിശേഷിപ്പിക്കാൻ സാധിക്കുമോയെന്ന് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് പരിശോധിക്കേണ്ട വിഷയമാണ്. ഇതുസംബന്ധിച്ച് തീർച്ചയായും പരിശോധന നടത്താം. കേരളത്തിലുൾപ്പെടെ ഇന്ത്യയിൽ അതിയാഥാസ്ഥിതികവും അറുപഴഞ്ചനുമായിട്ടുള്ള മൂല്യസഞ്ചയത്തിന്റെ കെട്ടുകെട്ടിനിൽക്കുന്ന ഒരു അന്തരീക്ഷവുമുണ്ട്. അത് പുതിയതലമുറയിലെ കുട്ടികളെ ശ്വാസംമുട്ടിക്കുന്ന ഒരു പശ്ചാത്തലം സൃഷ്ടിക്കുന്നതിനാൽ വിദേശത്തേക്ക് ചേക്കേറാൻ അവരെ പ്രേരിപ്പിക്കുന്നുണ്ടെന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് സർവതല സ്പർശിയായ വിധത്തിലുള്ള ഒരു ചർച്ച ഈ വിഷയവുമായി ബന്ധപ്പെട്ട് സമൂഹത്തിൽ ഉയർത്തിക്കൊണ്ടുവരേണ്ട സന്ദർഭമാണിത്.

ശ്രീമതി ഒ. എസ്. അംബിക: സർ, അഭിരുചി നിർണ്ണയപരീക്ഷ എന്ന തരത്തിൽ പരീക്ഷ നടത്തി കുട്ടികൾക്ക് അനുയോജ്യമെന്ന് തെറ്റിദ്ധരിപ്പിച്ച് റിക്രൂട്ടിംഗ് ഏജൻസികൾ മുഖേന വിദേശപഠനത്തിന് കുട്ടികളെ കണ്ടെത്തുന്ന

സാഹചര്യം ഒഴിവാക്കാനും സർക്കാർ ഏജൻസികൾ വഴി ആപ്റ്റിറ്റ്യൂഡ് ടെസ്റ്റുകൾ നടത്താനുമുള്ള നടപടി സ്വീകരിക്കുമോ എന്നതാണെന്റെ ചോദ്യം?

ഡോ. ആർ. ബിന്ദു: സർ, ODEPC (Overseas Development and Employment Promotion Consultants)പോലുള്ള സംവിധാനങ്ങൾ ഇപ്പോൾ വളരെ ശ്ലാഘനീയമായ നിലയിലാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. അതുപോലെ Additional Skill Acquisition Programme (ASAP) ഉൾപ്പെടെയുള്ള സംവിധാനങ്ങൾക്ക് കുട്ടികളുടെ അഭിരുചി കൃത്യമായി നിർണ്ണയിക്കുന്നതിനുള്ള സാധ്യതകളുണ്ട്. K-DISC ആരംഭിച്ചിട്ടുള്ള DWMS (Digital Workforce Management System) ഒരു ഓൺലൈൻ ജോബ് പോർട്ടലാണ്. അവിടെ കുട്ടികളുടെ Psychometric Analysis നടത്തി അവരുടെ യഥാർഥ അഭിരുചിയെന്താണെന്ന് മനസ്സിലാക്കാനുള്ള ക്രമീകരണമുണ്ട്. തൊഴിലന്വേഷകരായിട്ടുള്ള ഡിഗ്രിതലത്തിൽ പഠിക്കുന്ന വിദ്യാർഥികളെ ഉൾപ്പെടെ ആ പോർട്ടലിൽ രജിസ്റ്റർ ചെയ്യിപ്പിക്കാനുള്ള ഒരു പ്രേരണ ബഹുമാനപ്പെട്ട അംഗങ്ങളുടെയെല്ലാം ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. കൃത്യമായ നിലയിൽ ഉന്നത വിദ്യാഭ്യാസ സാഹചര്യങ്ങളെക്കുറിച്ചും തൊഴിലവസരങ്ങളെക്കുറിച്ചും കുട്ടികൾക്ക്

മാർഗനിർദേശം നൽകാൻ DWMS-ലൂടെ സാധിക്കും. അവരുടെ അഭിരുചിക്കനുസൃതമായ സ്കിൽ കോഴ്സ് തിരഞ്ഞെടുക്കാനും ദേശീയതലത്തിലും അന്തർദേശീയതലത്തിലും Reputed Firms-ൽ തൊഴിലവസരങ്ങൾ തേടാനും തൊഴിൽദായകരുമായി നേരിട്ട് ആശയവിനിമയം നടത്താനും Skill Enhancement Agency-കളുടെ സേവനം ഉപയോഗിക്കാനുമൊക്കെ DWMS സംവിധാനത്തിലൂടെ സാധിക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ആധുനിക കാലഘട്ടത്തിൽ സ്റ്റുഡന്റ്സ് മൈഗ്രേഷനെയും Job Seekers-നെയും തടയാൻ സാധിക്കില്ല. പക്ഷേ ഇതിനായി ഉന്നത-വിദ്യാഭ്യാസ വകുപ്പ് കോളേജുകളിലും വിദ്യാർഥികളുടെ ഇടയിലേയ്ക്കും ഒരു ബോധവൽക്കരണ പരിപാടി നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കും?

ഡോ. ആർ. ബിന്ദു: സർ, ഉന്നത-വിദ്യാഭ്യാസ വകുപ്പിന്റെ സുപ്രധാനമായ ഉത്തരവാദിത്വങ്ങളിലൊന്നായി അതിനെ ഏറ്റെടുക്കുകയാണ്. 'Brain Drain' എന്നുള്ള പ്രതിഭാസത്തിനുപകരം 'Brain Gain' എന്നുള്ളത് ലക്ഷ്യമിട്ടുകൊണ്ട് 'Brain Gain' പദ്ധതിയുമായി Higher Education Council

മുന്നോട്ടുപോകുകയാണ്. 'Study in Kerala'-യുടെ ഭാഗമായി ഇത്തരം ബോധവൽക്കരണ പരിശ്രമങ്ങൾ ക്യാമ്പസുകളിൽ ഏറ്റെടുക്കാമെന്ന് അറിയിക്കുകയാണ്.

ഡോ. എൻ. ജയരാജ്: സർ, കേരള വിദേശ പഠന കൺസൾട്ടൻസികളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട്, നിയമനിർമ്മാണത്തിന് സർക്കാർ തയ്യാറാകുന്നുവെന്നുള്ളതിന് ഗവൺമെന്റിനെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ഇന്ന് എന്റെ ഒരു സ്വകാര്യ ബിൽ സഭയിൽ അവതരിപ്പിക്കാൻ അനുവാദം ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ഒട്ടേറെ പഠനങ്ങൾ ഇന്ത്യയിൽ നടന്നിട്ടുണ്ട്. 'A study on the Role of Consultancy in Overseas Education' എന്ന ഒരു പഠനത്തിൽ പറയുന്നത്, കൺസൾട്ടൻസികൾക്ക് വളരെ എളുപ്പത്തിൽ ഇത് മുന്നോട്ടുകൊണ്ടുപോകാനുള്ള സംവിധാനമുള്ളതിനാലാണ് ആളുകൾ അതിലേക്ക് പോകുന്നതെന്നാണ്. പക്ഷേ, ഗവൺമെന്റ് സംവിധാനങ്ങളിൽ ധാരാളം സമയമെടുക്കുന്നതിനാൽ വിദേശപഠനം ആഗ്രഹിക്കുന്ന കുട്ടികൾക്ക് വളരെ പെട്ടെന്ന് അത് പ്രോസസ് ചെയ്തുകിട്ടാനും Destination-നും കോഴ്സുകളും കൃത്യമായി മനസ്സിലാക്കാനുമുള്ള ഒരു സംവിധാനം ഹയർ എഡ്യൂക്കേഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞാൽ ഈ

കൺസൾട്ടൻസികളെ ആശ്രയിക്കുന്നതിൽനിന്നും വിദ്യാർത്ഥികൾ മാറിനിൽക്കുമെന്നാണ് ഈ പഠനം സൂചിപ്പിക്കുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാടെന്താണ്?

ഡോ. ആർ. ബിന്ദു: സർ, ODEPC പോലുള്ള ഗവൺമെന്റ് ഏജൻസികൾ ത്വരിതഗതിയിൽ നടപടികൾ സ്വീകരിക്കുന്നതിനാൽ പരമാവധി വിദ്യാർത്ഥികളെ ഗവൺമെന്റിന്റെ ആഭിമുഖ്യത്തിലുള്ള വിശ്വാസയോഗ്യമായ ഏജൻസികളിലേക്ക് എത്തിക്കുകയെന്നുള്ളതാണ് ജനപ്രതിനിധികളെന്ന നിലയിൽ നാം ചെയ്യേണ്ടത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ നിർദിഷ്ട ബിൽ അന്തിമഘട്ടത്തിലാണ്. ആയത് നിയമവകുപ്പ് പരിശോധിച്ചശേഷം Query എഴുതി തിരികെ നൽകുകയും മറുപടി തയ്യാറാക്കി Law Department-നെ ഏൽപിക്കുകയും ചെയ്തിട്ടുണ്ട്. തീർച്ചയായും എത്രയുംവേഗം സഭയിൽ അവതരിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ചോദ്യം നമ്പർ *424)

P. 21.03.2025 LJ/ AY -(1)
09.40-09.50

## കൃഷിയുമായി ബന്ധപ്പെട്ട യോഗങ്ങളുടെ ലൈവ് സ്ട്രീമിംഗ്

(*424) ശ്രീ. എ. പ്രഭാകരൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വികസനവും കർഷകക്ഷേമവും ലക്ഷ്യമിട്ടുള്ള വിവിധ പദ്ധതികളും പ്രവർത്തനങ്ങളും കൂടുതൽ ജനകീയവും സുതാര്യവുമായി നടപ്പിലാക്കുന്നതിന് സഹായിക്കുന്നതരത്തിൽ ഇതുമായി ബന്ധപ്പെട്ട യോഗങ്ങൾ ലൈവ് സ്ട്രീമിംഗ് ചെയ്യുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എന്തൊക്കെയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ;

(ബി) സർക്കാർ സംവിധാനത്തിൽ ജനങ്ങളുടെ വിശ്വാസം വളർത്തുന്നതിനും പൊതുജനപങ്കാളിത്തം വർധിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമാണെന്ന് വിശദമാക്കുമോ;

(സി) സംപ്രേഷണം ചെയ്യുന്ന യോഗങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ അറിയിക്കുന്നതിനും

ഉദ്യോഗസ്ഥരുമായി ആശയവിനിമയം നട<u>ത്തു</u>ന്നതിനും സാധ്യമാണോ; ഇത് സർക്കാരിന്റെ നയരൂപീകരണ പ്രക്രിയകളെ മെച്ചപ്പെടുത്താൻ സഹായിക്കുമോ; വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, (എ & ബി) ഉണ്ട്. കാർഷിക വികസനവും കർഷകക്ഷേമവും ലക്ഷ്യമിട്ടുള്ള വിവിധ പദ്ധതികളും പ്രവർത്തനങ്ങളും കൂടുതൽ ജനകീയവും സുതാര്യവുമായി നടപ്പാക്കുന്നതിന് സഹായിക്കുന്നതരത്തിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട യോഗങ്ങൾ ലൈവ് സ്ട്രീമിംഗ് ചെയ്യുന്നതിനായി "Virtual Engagement for Leveraging Interactive Community Honed Agriculture Management (VELICHAM)" എന്ന പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

- കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും വർധിപ്പിക്കുക.
- തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയെക്കുറിച്ച് പൊതുജനങ്ങൾക്ക് നേരിട്ടുള്ള അറിവ് നൽകുക.
- സജീവമായ പൊതുജനപങ്കാളിത്തം, പ്രതികരണങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക.
- പൊതുജനങ്ങളിൽ പ്രതീക്ഷയും വിശ്വാസവും വളർത്തിയെടുക്കുക.

ഈ പദ്ധതിയിലെ ആദ്യഘട്ടത്തിലെ പ്രക്ഷേപണങ്ങൾ പൊതുജന താൽപര്യമുള്ള തിരഞ്ഞെടുക്കപ്പെട്ട യോഗങ്ങളിലേക്ക് മാത്രമായി പരമിതപ്പെടുത്തിയിരിക്കുന്നു.

പദ്ധതിയുടെ ചിത്രീകരണവും പ്രക്ഷേപണ നിർവഹണവും കാർഷിക വികസന-കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖാന്തരം നടപ്പാക്കിവരുന്നു. കാർഷിക വികസന-കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ ഐ.ടി.സെൽ ഇതിനാവശ്യമായ പിന്തുണയും സാങ്കേതിക സഹായവും നൽകുന്നു. പ്രക്ഷേപണം ചെയ്യുന്ന യോഗങ്ങളുടെ ഷെഡ്യൂളുകൾ കൃഷി വകുപ്പിന്റെ വെബ്സൈറ്റ്, വിവിധ സാമൂഹിക മാധ്യമങ്ങൾ എന്നിവ മുഖേന പ്രസിദ്ധീകരിക്കുന്നു.

രഹസ്യസ്വഭാവം ഔദ്യോഗികമായി കാത്തുസൂക്ഷിക്കേണ്ടതും നിയമപരമായി വിലക്കുള്ളതുമായ യോഗങ്ങൾ പ്രക്ഷേപണം ചെയ്യുന്നതല്ല. വ്യക്തിഗത വിവരസംരക്ഷണവുമായി ബന്ധപ്പെട്ട നിയമങ്ങൾ പാലിച്ചുകൊണ്ടായിരിക്കും പദ്ധതി നടപ്പാക്കുന്നത്.

പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നതിനും ഉചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുമായി സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയും

സംസ്ഥാനതല നിർവഹണ കമ്മിറ്റിയും നിരീക്ഷണ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. യോഗങ്ങളുടെ പ്രവർത്തനം ശാസ്ത്രീയമായി വിലയിരുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പിന്തുണ നൽകുന്നതിനായി സ്റ്റാർട്ടപ്പുകളെ തിരഞ്ഞെടുക്കുന്നതിന് കാർഷിക വികസന- കർഷകക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സാധ്യമാണ്. പ്രക്ഷേപണം നടത്തുന്ന യോഗങ്ങൾ തത്സമയം വീക്ഷിക്കുന്നതിനും തങ്ങളുടെ അഭിപ്രായങ്ങൾ അറിയിക്കുന്നതിനും വിവിധ സാമൂഹിക മാധ്യമ പ്ലാറ്റ്ഫോമുകളിലൂടെ പൊതുജനങ്ങൾക്ക് സാധ്യമാണ്. കൂടാതെ വകുപ്പിന്റെ വിവിധ പദ്ധതികൾ/നയങ്ങൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നതിനും ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തുന്നതിനും തങ്ങളുടെ അഭിപ്രായങ്ങൾ തത്സമയം രേഖപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് സാധ്യമാകുന്നു. ഇത്തരത്തിൽ ലഭ്യമാകുന്ന അഭിപ്രായങ്ങൾ വിശദമായി പരിശോധിച്ച് ക്രോഡീകരിച്ച് പദ്ധതി നിർവഹണം, നയരൂപീകരണം എന്നിവയിൽ അനുയോജ്യമായ മാറ്റങ്ങൾവരുത്താനും പ്രവർത്തനസുതാര്യത കൈവരിക്കാനും സാധിക്കും.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, സുസ്ഥിര കൃഷിവികസനത്തിൽ കേരളം രാജ്യത്തിനുതന്നെ മാതൃകയാണെന്നാണ് ഇന്ത്യൻ കാർഷിക ഗവേഷണ

കൗൺസിൽ കണ്ടെത്തിയിരിക്കുന്നത്. ഇത് കൃഷി വകുപ്പിന്റെയും പ്രത്യേകിച്ച് കൃഷി വകുപ്പുമന്ത്രിയുടെയും കാര്യക്ഷമമായ പ്രവർത്തനത്തിന്റെ അംഗീകാരമായതിനാൽ, നമുക്കതിൽ അഭിമാനിക്കാം. കാർഷികരംഗം മെച്ചപ്പെടുത്താൻ വിവിധ പദ്ധതികളാണ് കൃഷിവകുപ്പ് നടപ്പാക്കുന്നത്. 'VELICHAM' സംവിധാനം മുഖേന എത്ര പ്രോഗ്രാമുകളാണ് കൃഷിവകുപ്പ് സംപ്രേഷണം ചെയ്തിട്ടുള്ളതെന്നും ഈ സംവിധാനത്തിലൂടെ കൂടുതൽ പരിപാടികൾ സംപ്രേഷണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നുമാണ് എന്റെ ചോദ്യം?

<u>ശ്രീ. പി. പ്രസാദ്</u>: സർ, The Indian Council of Agricultural Research (ICAR)-ന്റെ റിപ്പോർട്ടനുസരിച്ച് കേരളം സുസ്ഥിര കാർഷിക വികസനത്തിൽ മുന്നിലാണെന്നുള്ളത് അഭിമാനകരമായ ഒരു കാര്യമാണ്. കാർഷിക മേഖലയിൽ കൃഷിവകുപ്പിലെ പ്രധാനപ്പെട്ട യോഗങ്ങൾ (പൊതുപരിപാടികളല്ല) ഇന്റേണലായുള്ള യോഗങ്ങൾ എന്നിവയുൾപ്പെടെ കർഷകർക്കും പൊതുജനങ്ങൾക്കും ദൃശ്യമാകുന്ന വിധത്തിലാണ് 'VELICHAM' എന്ന പദ്ധതി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ഇതിനോടകം 13 മീറ്റിംഗുകൾ അത്തരത്തിൽ ലൈവ് സ്ട്രീമിംഗ് നടത്തിയിട്ടുണ്ട്. 2025 ഏപ്രിൽ 1 മുതൽ കൃഷി വകുപ്പ്, മണ്ണ്

സംരക്ഷണ വകുപ്പ് എന്നിവിടങ്ങളിൽ നടക്കുന്ന രഹസ്യസ്വഭാവം ഔദ്യോഗികമായി കാത്തുസൂക്ഷിക്കേണ്ടതും നിയമപരമായി വിലക്കുള്ളതുമായ യോഗങ്ങളൊഴികെ മറ്റെല്ലാ യോഗങ്ങളും പൂർണ്ണമായി പൊതുജനങ്ങൾക്ക് ദൃശ്യമാകുന്നതരത്തിൽ സംപ്രേഷണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എ. പ്രഭാകരൻ: സർ, പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലുള്ള എലവഞ്ചേരി പഞ്ചായത്തിൽ കഴിഞ്ഞ 13-ാം തീയതി വിളവെടുത്ത നെല്ലിന്റെ വില ഇന്നലെ (20-03-2025-ന്) നൽകിയത് സംബന്ധിച്ച് ഇവിടെ ഗംഭീരമായ ചർച്ച നടക്കുകയുണ്ടായി. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൃഷിഭവനുകളുടെ പ്രവർത്തനം തത്സമയം വിലയിരുത്തുന്നതിന് എന്ത് സംവിധാനമാണുള്ളതെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, രണ്ടുകാര്യങ്ങളാണ് അദ്ദേഹം ആവശ്യപ്പെട്ടത്. ഒന്നാമത്തേത്, എലവഞ്ചേരി പഞ്ചായത്തിൽ 13-ാം തീയതി വിളവെടുത്ത നെല്ലിന്റെ പണം 20-ാം തീയതി നൽകിയെന്നുള്ളത് എനിക്കും അറിവുള്ള കാര്യമാണ്. വീണ്ടും ഇക്കാര്യത്തിൽ പ്രത്യേകമായുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അക്കാര്യത്തിനായി ഒരു Procurement Management

Committee രൂപീകരിച്ച് സംഭരണരംഗത്തുള്ള പ്രശ്നങ്ങളിൽ കൃത്യമായ ഇടപെടൽ വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഭക്ഷ്യ വകുപ്പുമന്ത്രിയുമായി യോഗം ചേർന്നതിന്റെ അടിസ്ഥാനത്തിലാണ് അത്തരമൊരു തീരുമാനത്തിലെത്തിയത്. രണ്ടാമതായി അദ്ദേഹം ചോദിച്ചത്, സംസ്ഥാനത്തെ കൃഷിഭവനുകളെ വിലയിരുത്തുന്നതിനുള്ള നടപടി നിലവിലുണ്ടോ എന്നതുസംബന്ധിച്ചാണ്. തീർച്ചയായും, അതിനുവേണ്ടി വകുപ്പ് 'ANUBHAVAM' എന്ന പേരിൽ ഒരു പരിപാടി ആരംഭിച്ചിട്ടുണ്ട്. Assessment for Nurturing and Uplifting Beneficiary Happiness and Agricultural Visitor Assessment Mechanism എന്നതാണ് അതിന്റെ പൂർണ്ണരൂപം.

മി. സ്പീക്കർ: ഈ ചുരുക്കരൂപം കണ്ടുപിടിച്ചയാളെ അഭിനന്ദിക്കണം.

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും. അതിന്റെയടിസ്ഥാനത്തിൽ എല്ലാ കൃഷിഭവനുകൾക്കും ഒരു QR code നൽകിയിട്ടുണ്ട്. ആ QR കോഡിന്റെ അടിസ്ഥാനത്തിൽ ഒരു കർഷകൻ കൃഷിഭവനിൽ ചെന്നാൽ അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ QR കോഡ് സ്കാൻ ചെയ്ത് രേഖപ്പെടുത്താം. ഇതിനോടകം 5452 കർഷകർ ഈ സംവിധാനത്തിലൂടെ അഭിപ്രായങ്ങൾ

രേഖപ്പെടുത്തിയിട്ടുള്ളതും 4244 കർഷകരിൽനിന്നായി 5452 റേറ്റിംഗും ലഭിച്ചിട്ടുള്ളതാണ്. ഇതൊരു നല്ല കാര്യമായാണ് സർക്കാർ കാണുന്നത്.

(ശ്രീ. സി. കെ. ഹരീന്ദ്രൻ)

P.21-03-2025PT-AY
9.50-10.00

(ചോദ്യം നമ്പർ *424 തുടർച്ച.....)

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കൃഷിഭവൻ തലത്തിലും ജില്ലാ തലത്തിലും രൂപീകരിച്ചിട്ടുള്ള കാർഷിക വികസന സമിതികൾ കൃത്യമായി യോഗം ചേരുന്നുണ്ടോ; അവ വിലയിരുത്താറുണ്ടോ; ഞാൻ പ്രതിനിധീകരിക്കുന്ന പാറശാല മണ്ഡലം തരിശുരഹിതമണ്ഡലമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത ഒരു യോഗത്തിൽ പ്രഖ്യാപിച്ചതാണ്. അവിടെ ഒരു സ്മാർട്ട് കൃഷിഭവനുവേണ്ടിയുള്ള നിർദേശമുണ്ടായിരുന്നു; അത് ലഭ്യമാക്കാനാകുമോ?

ശ്രീ. പി. പ്രസാദ്: സർ, കൃഷിഭവൻതലത്തിലുള്ള കാർഷിക വികസന സമിതി എല്ലാ മാസവും ജില്ലാതലത്തിലുള്ള കാർഷിക വികസന സമിതി രണ്ട് മാസത്തിലൊരിക്കലും യോഗം ചേരണമെന്നാണ് നേരത്തെ നിഷ്കർഷിച്ചിരുന്നത്. ഈ നടപ്പുസാമ്പത്തികവർഷം 1076

കൃഷിഭവനുകളിലായി 5159 കാർഷിക വികസന സമിതി യോഗങ്ങൾ ചേർന്നിട്ടുള്ളതായി കണക്കുകളിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലായിടത്തും കൃത്യമായി യോഗം ചേരുന്നുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതോടൊപ്പം കാർഷിക വികസന സമിതികൾ കൃഷിഭവൻ തലത്തിൽ മാസത്തിലെ രണ്ടാമത്തെ ചൊവ്വാഴ്ചയും ജില്ലാ കാർഷിക വികസന സമിതി മാസത്തിലെ അവസാനത്തെ ചൊവ്വാഴ്ചയും ചേരുന്നതിനും ഏപ്രിൽ ഒന്നാം തീയതി മുതൽ ഇക്കാര്യം നടപ്പാക്കണമെന്നും നിർദേശം നൽകിയിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ AIMS (Agriculture Information Management System) പോർട്ടലിന്റെ ഭാഗമായി കൃഷി ഓഫീസർമാർക്ക് ഇത് ലഭ്യമാകും. ഇക്കാര്യം അവലോകനം ചെയ്യുന്നതിനും സംസ്ഥാനാടിസ്ഥാനത്തിൽ വിലയിരുത്തുന്നതിനുമുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. പാറശാല മണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവനുവേണ്ടിയുള്ള നിർദേശം വച്ചിരുന്നകാര്യത്തെക്കുറിച്ച് അദ്ദേഹം ചോദിച്ചിരുന്നു. 2025-26-ൽ സ്റ്റേറ്റ് പ്ലാൻ വിഹിതമില്ലെങ്കിലും ആർ.ഐ.ഡി.എഫ്.-31-ൽ ഉൾപ്പെടുത്തി സ്മാർട്ട് കൃഷിഭവൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതായിരിക്കും.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, രാജ്യത്താകമാനം മണ്ണും ജലവും

മലീമസമാകുമ്പോൾ, ഭക്ഷ്യോൽപാദനവും സുരക്ഷയും അപകടത്തിലാകുമ്പോൾ, വേറിട്ട വാതിലിൽക്കൂടി സഞ്ചരിച്ചുകൊണ്ട് സുസ്ഥിര കാർഷിക വികസനത്തിൽ രാജ്യത്തിന് മാതൃകയായി കേരളം മുന്നിൽ നിൽക്കുന്നുവെന്നകാര്യത്തിൽ വളരെയേറെ അഭിമാനമുണ്ട്. കൃഷി വകുപ്പുമായി ബന്ധപ്പെട്ട് ഡിജിറ്റൽ സേവനങ്ങൾ കർഷകരുടെ കൃഷി സ്ഥലങ്ങളിൽ നേരിട്ടെത്തി നടത്തിക്കൊടുക്കുന്നതിനും ആധുനിക സാങ്കേതികവിദ്യാധിഷ്ഠിത കൃഷിരീതികളിൽ കർഷകർക്ക് പരിശീലനം നൽകുന്നതിനുമായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, കർഷകർക്ക് കൃഷി വകുപ്പുമായി ബന്ധപ്പെട്ട സേവനങ്ങൾ ഡിജിറ്റലായി മൊബൈൽ ഫോൺവഴി വിശദമായി ലഭ്യമാക്കുന്നതിന് 'കതിർ' എന്ന ആപ്പ് തയ്യാറാക്കിയിട്ടുണ്ട്. ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചക്കിടയിൽ ഇതുസംബന്ധിച്ച് ഞാൻ പരാമർശിച്ചിരുന്നു. 'കതിർ' ആപ്പിലൂടെ കൃഷി ഉദ്യോഗസ്ഥരിൽനിന്നും രജിസ്റ്റർ ചെയ്ത കർഷകർക്ക് കൃഷി സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ലഭ്യമാകുന്നതാണ്. കൃഷിയിടങ്ങളിലാണ് കൃഷി ഉദ്യോഗസ്ഥരുടെ സേവനം ഏറ്റവും കൂടുതൽ ലഭ്യമാകേണ്ടത്. സ്മാർട്ട് കൃഷിഭവൻ

എന്നുപറഞ്ഞാൽ, കൃഷിഭവന്റെ കെട്ടിടം ഗംഭീരമാക്കുക, കമ്പ്യൂട്ടറുകൾ സ്ഥാപിക്കുക എന്നീ കാര്യങ്ങൾ ചെയ്താൽമാത്രം സ്മാർട്ട്നെസ് ഉണ്ടാകുകയില്ല. സ്മാർട്ട് ആകുകയെന്നാൽ സേവനം സ്മാർട്ടാകുകയെന്നതാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള ആപ്ലിക്കേഷൻസ് തയ്യാറാക്കിയിട്ടുള്ളത്. ഡിജിറ്റൽ സേവനങ്ങൾ കർഷകർക്ക് വേഗത്തിലും മുൻഗണനയിലും ലഭ്യമാക്കുന്നതിനായി 'ആശ്രയ' എന്ന പേരിൽ കർഷകസേവന കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എയിംസിലെ രജിസ്ട്രേഷൻ, നെല്ലിന്റെയും പച്ചത്തേങ്ങയുടെയും കൊപ്രയുടെയും സംഭരണ രജിസ്ട്രേഷൻ, കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതി (SMAM) രജിസ്ട്രേഷൻ, കതിർ പോർട്ടൽ രജിസ്ട്രേഷൻ എന്നിവയെല്ലാം ആശ്രയ കർഷക സേവന കേന്ദ്രങ്ങളിലൂടെ ലഭ്യമാകുന്നതാണ്. കൃഷിക്കൂട്ടങ്ങൾ, കൃഷിശ്രീ, അഗ്രോ സർവീസ് സെന്റർ, കാർഷിക കർമ്മസേന എന്നിവയാണ് പദ്ധതിയുടെ ഭാഗമായി കർഷകർക്കായി സേവനങ്ങൾ നൽകുന്നത്.

സുസ്ഥിര കാർഷിക വികസനമെന്നത് നമ്മുടെ ആരോഗ്യത്തെക്കൂടി കണക്കിലെടുത്തുകൊണ്ടാണ് നടപ്പിലാക്കിയത്. അതിന്റെ അടിസ്ഥാനത്തിലാണ് ജൈവ കാർഷിക മിഷനും പോഷക സമൃദ്ധി

മിഷനുമെല്ലാം സർക്കാർ നടപ്പിലാക്കിയത്. ഇവയെല്ലാമാണ് ഈ നേട്ടത്തിനുകാരണം. ഇക്കാര്യത്തിൽ എല്ലാവരുടെയും ഇടപെടൽ ഉണ്ടാകേണ്ടത് അനിവാര്യമാണ്. അത് നമ്മുടെ ആരോഗ്യത്തിന് അത്യന്താപേഷിതമാണെന്നുംകൂടി സൂചിപ്പിക്കുന്നു.

ശ്രീ. പി. പി. സുമോദ്: സർ, പലപ്പോഴും അവാർഡുകളെ സംബന്ധിച്ച് വിവാദങ്ങൾ ഉയർന്നുവരാറുണ്ട്. മികച്ച കർഷകർക്കും ഉദ്യോഗസ്ഥർക്കും കൃഷിവകുപ്പ് നൽകുന്ന അവാർഡ് നിർണ്ണയത്തിൽ സുതാര്യത ഉറപ്പാക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, വിവാദങ്ങളില്ലാത്ത തരത്തിൽതന്നെ അവാർഡ് നടപ്പാക്കണമെന്നുതന്നെയാണ് സർക്കാർ ആഗ്രഹിക്കുന്നത്. സർക്കാർ മികച്ച കർഷകർക്കും ഉദ്യോഗസ്ഥർക്കുമെല്ലാം നൽകുന്ന കാർഷിക അവാർഡുകൾക്കുവേണ്ടിയുള്ള തിരഞ്ഞെടുപ്പ് സുതാര്യമായ രീതിയിലാണ് ഇപ്പോൾ നടപ്പാക്കുന്നത്. എന്നാൽ കുറച്ചുകൂടി മെച്ചപ്പെടുത്താനാണ് ഗവൺമെന്റ് ഇപ്പോൾ ആലോചിക്കുന്നത്. അതിനുവേണ്ടി ജില്ലാടിസ്ഥാനത്തിൽ പ്രത്യേകം സമിതിയും സംസ്ഥാനാടിസ്ഥാനത്തിൽ ജ്യൂറിയെയും നിശ്ചയിച്ചുകൊണ്ടായിരിക്കും ഇത്തവണ മുതൽ അതിന്റെ അവാർഡ് പ്രക്രിയ നടപ്പിലാകുക. ഇക്കാര്യങ്ങളെ സംബന്ധിച്ചെല്ലാം

നേരത്തെ പറഞ്ഞ 'VELICHAM' പദ്ധതിയുടെ ഭാഗമായി എല്ലാവർക്കും ബോധ്യപ്പെടുന്നതിനും മനസ്സിലാക്കാനുമുള്ള അവസരങ്ങൾ ഒരുക്കുന്നതായിരിക്കും. സംസ്ഥാനത്തെ കൃഷി ഉദ്യോഗസ്ഥർ കൃഷിയിടം സന്ദർശിച്ച് നേരിട്ട് വിലയിരുത്തൽ നടത്തി അവാർഡിന് ശിപാർശ ചെയ്യുന്ന രീതിയാണുള്ളത്. അക്കാര്യം കുറ്റമറ്റ രീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. കുറച്ചുകൂടി മെച്ചപ്പെടുത്തി ഇത് നടപ്പിലാക്കുന്നതായിരിക്കും.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കർഷക ക്ഷേമനിധിയിലൂടെ സർക്കാർ വലിയ പ്രഖ്യാപനങ്ങളാണ് നടത്തിയിട്ടുള്ളത്. പെൻഷനും മറ്റാനുകൂല്യങ്ങളും മറ്റ് ക്ഷേമനിധിയിൽനിന്നും വ്യത്യസ്തമായി വളരെ നല്ല ഓഫറാണ് ഗവൺമെന്റ് മുന്നോട്ടുവച്ചത്. പക്ഷേ ഇതുവരെ കർഷക ക്ഷേമനിധിയിൽ 20000 കർഷകർ മാത്രമെ അംഗങ്ങളായിട്ടുള്ളൂ. ഈ കർഷക ക്ഷേമനിധി ഫലപ്രദമായി നടപ്പാക്കുന്നതിന് എന്താണ് തടസ്സം; എന്നുമുതൽ ഇത് നടപ്പാക്കും; എന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, ഇക്കാര്യത്തിൽ ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ആനുകൂല്യങ്ങൾ നിശ്ചയിക്കുന്നതിനുവേണ്ടി ചില ചർച്ചകളും അഭിപ്രായങ്ങളുമെല്ലാം ഉയർന്നിട്ടുണ്ട്. ഇതിനാവശ്യമായ വരുമാനം

കണ്ടെത്തുന്നതിനെ സംബന്ധിച്ച് നേരത്തെ വിഭാവനം ചെയ്തത് അതേ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാതെവന്നു. ജി.എസ്.ടി. വന്നതോടുകൂടി ഇതുമായി ബന്ധപ്പെട്ട് കാർഷികോൽപന്നങ്ങൾ വിപണനം നടത്തുമ്പോൾ ഉണ്ടാകുന്ന ഒരു ശതമാനമെന്ന അടിസ്ഥാനത്തിലേക്ക് സമാഹരിക്കുകയെന്നത് പ്രയാസമായിരിക്കും. അതുകൊണ്ട് വിഭവ സമാഹരണത്തിന്റെ മറ്റ് വഴികൾ തേടിക്കൊണ്ട് നടപ്പാക്കിയ പ്രൊപ്പോസൽ കൃഷിവകുപ്പ് സമർപ്പിച്ചിട്ടുണ്ട്. ഇപ്പോൾ ഇത് ധനകാര്യവകുപ്പിന്റെ പരിശോധനയിലാണ്. നേരത്തെ പ്രഖ്യാപിച്ച രീതിയിൽനിന്നും ഒരുമാറ്റവും ഇക്കാര്യത്തിലുണ്ടാകുകയില്ല. ഇതിന്റെ ഭാഗമായി കർഷകർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്ന തരത്തിൽ കർഷക ക്ഷേമനിധി ബോർഡിന്റെ പെൻഷൻ സംവിധാനം ഫലപ്രദമായി നടപ്പാക്കുകതന്നെ ചെയ്യും.

(ചോദ്യ നമ്പർ *425)

P.21-03-2025 PT-AY
9.50-10.00

**കെ.എസ്.ആർ.ടി.സി.-ക്കായി പുതിയ ബസ്സുകൾ വാങ്ങാൻ നടപടി**

(*425) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>:
<u>ശ്രീ. യു. എ. ലത്തീഫ്</u>:
<u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് പുതിയ ബസ്സുകൾ ഇല്ലാത്തത് കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര, സംസ്ഥാനന്തര സർവ്വീസുകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ലേലം ചെയ്തു നൽകിയ പഴയ ബസ്സുകളുടെയും ഇതേ കാലയളവിൽ വാങ്ങിയ പുതിയ ബസ്സുകളുടെയും വിശദാംശം നൽകുമോ;

(സി) ദീർഘദൂര സർവ്വീസുകളുടെ ബ്രേക്ക് ഡൗൺ നിരക്ക് വർധിച്ചുവരുന്നത് ഒഴിവാക്കാൻ പുതിയ ബസ്സുകൾ വാങ്ങുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ,

(എ) പുതിയ ബസ്സുകൾ ഇല്ലാത്തത് കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സംസ്ഥാനാന്തര സർവീസുകളെ കാര്യമായി ബാധിക്കാത്ത രീതിയിൽ നിലവിലെ സംവിധാനമുപയോഗപ്പെടുത്തി സർവീസുകൾ നടത്തിവരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പ്രധാന വരുമാന സ്രോതസ്സായ ദീർഘദൂര സർവീസുകൾക്ക് പുതിയ ബസ്സുകൾ ലഭ്യമാക്കി സർവീസുകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ആധുനിക ശ്രേണിയിലുള്ള എ.സി. സ്ലീപ്പർ -8, ഹൈബ്രിഡ് സീറ്റർ കം

സ്ലീപ്പർ-2, എ.സി. പ്രീമിയം സൂപ്പർ ഫാസ്റ്റ്-13, എ.സി. സീറ്റർ -20, സൂപ്പർ ഡീലക്സ് -88, സൂപ്പർ ഫാസ്റ്റ്-151 എന്നിങ്ങനെ ആകെ 282 ബസ്സുകൾ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖേന 2022-2025 കാലയളവിൽ ലഭ്യമാക്കി ദീർഘദൂര സർവീസുകൾക്ക് ഉപയോഗിച്ചുവരുന്നുണ്ട്.

കൂടാതെ, പുതുതായി 532 ബസ്സുകൾ വാങ്ങുന്നതിനുള്ള ദർഘാസ് നടപടികൾ അന്തിമഘട്ടത്തിലാണ്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള സൂപ്പർ ഡീലക്സ്, മിന്നൽ ശ്രേണിയിൽപ്പെട്ട ബസ്സുകൾ ദീർഘദൂര സർവീസുകൾക്ക് അനുയോജ്യമായ വിധത്തിൽ കുറഞ്ഞ ചെലവിൽ സമഗ്രമായി നവീകരിച്ച് (refurbished) പുതിയ സർവീസുകൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവ കൂടാതെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് കൂടുതൽ ബസ്സുകൾ വാങ്ങി ഫ്ലീറ്റ് നവീകരിക്കുന്നതിനുള്ള പദ്ധതികൾ നടന്നുവരുന്നു.

(ബി) കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ 2257 എണ്ണം ബസ്സുകൾ MSTC (Metal Scrap Trading Corporation Ltd.) മുഖേന ലേലം ചെയ്തിട്ടുണ്ട്.

കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി.-യിൽ 1537 എണ്ണം ബസ്സുകൾ പുതിയതായി വാങ്ങിയിട്ടുണ്ട്.

KSRTC-SWIFT-ൽ 165 ഇലക്ട്രിക് ബസുകളും 282 ഡീസൽ ബസുകളും ഉൾപ്പടെ ആകെ 447 പുതിയ ബസ്സുകൾ വാങ്ങി രജിസ്റ്റർ ചെയ്ത് സർവീസ് നടത്തിവരുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **കാലയളവ്** | **ഡീസൽ** | **ഇലക്ട്രിക്** |
|---|---|---|
| 2021-22 | 33 | - |
| 2022-23 | 109 | 50 |
| 2023-24 | 127 | 95 |
| 2024-25 | 13 | 20 |
| **ആകെ** | **282** | **165** |

(സി) കെ.എസ്.ആർ.ടി.സി.-യുടെ കഴിഞ്ഞ ആറ് മാസക്കാലയളവിലെ ബ്രേക്ക്ഡൗൺ നിരക്ക് പരിശോധിച്ചതിൽ ദീർഘദൂര സർവീസുകൾക്ക് മാത്രമായി ബ്രേക്ക്ഡൗൺ നിരക്ക് വർധിച്ചതായി കാണുന്നില്ല. ടി കാലയളവിൽ (ആഗസ്റ്റ് 2024 മുതൽ ജനുവരി 2025 വരെ) 10,000 കിലോമീറ്ററിന് 0.34 എന്ന നിരക്കിലാണ് ബ്രേക്ക്ഡൗൺ സംഭവിച്ചിട്ടുള്ളത്. എന്നിരുന്നാലും കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവീസുകളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിന്റെ ഭാഗമായി 532 വിവിധ ശ്രേണിയിലുള്ള ബസ്സുകൾ വാങ്ങുന്നതിലേയ്ക്ക് ഇ-ദർഘാസ് ക്ഷണിക്കുകയും 158 ബസ്സുകൾക്ക് വിതരണ ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. ടി ബസ്സുകൾ എല്ലാം മൂന്ന് മാസങ്ങൾക്കുള്ളിൽ നിരത്തിലിറക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ബാക്കി 374 ബസുകൾ 2025-2026 പ്ലാൻ ഫണ്ട് ലഭ്യമാകുന്നതിനനുസരിച്ച് വാങ്ങുന്നതാണ്. കൂടാതെ പുതിയ 27 എ.സി. പ്രീമിയം സൂപ്പർഫാസ്റ്റ് ബസുകൾ വാങ്ങുന്നതിനായി ദർഘാസ് നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, തിരൂരിലെ ജോയിന്റ് ആർ.ടി.ഓഫീസിൽ ഉണ്ടായിരുന്ന ഒഴിവുകൾ നികത്താൻ താങ്കളോട് ആവശ്യപ്പെട്ടിരുന്നത് പരിഹരിച്ചതിലുള്ള സന്തോഷം ഞാൻ രേഖപ്പെടുത്തുന്നു. തിരൂരിലെ ജോയിന്റ് ആർ.ടി. ഓഫീസാണ് കേരളത്തിലെ തന്നെ ഏറ്റവും കൂടുതൽ തിരക്കുള്ളൊരു ഓഫീസ്. ഈ ജില്ലയും തിരക്കും എല്ലാം പരിഗണിച്ചുകൊണ്ട് അതിനെ ഒരു റൂറൽ ആർ.ടി. ഓഫീസായി ഉയർത്താനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ; അതിനുവേണ്ട തീരുമാനങ്ങൾ എടുക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ചോദ്യം കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ചാണ്. നേരത്തെ മറുപടി പറഞ്ഞതാണ്. അദ്ദേഹം ചോദിച്ച സ്ഥിതിക്ക് ഉത്തരം പറയാം. മലപ്പുറം ജില്ലയിലെ തിരൂർ അടക്കം ഒഴിവുള്ള എല്ലാ ഓഫീസുകളിലും ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ തിരൂർ, തിരൂരങ്ങാടി എന്നീ സ്ഥലങ്ങളിലെല്ലാം ഈ ബാക്ക്-ലോഗുകളും പ്രശ്നങ്ങളും പരിഹരിക്കാൻ വേണ്ടി ട്രാൻസ്പോർട്ട് കമ്മീഷണർ നേരിട്ട്

പോകുകയും അത് പരിഹരിക്കാൻവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കോവിഡ് കാലത്ത് നിർത്തിയ കുറച്ച് റൂട്ടുകളിലെ സർവീസുകൾ പുനഃസ്ഥാപിക്കപ്പെടാതെ കിടക്കുകയാണ്. ഏറ്റവും കൂടുതൽ ജനങ്ങളുള്ളൊരു പ്രദേശമാണ് തിരുനാവായ. നാവാ മുകുന്ദക്ഷേത്രവുമായി ബന്ധപ്പെട്ട സ്ഥലമാണിത്. അതുകൊണ്ട് ദീർഘദൂര സർവീസുകൾ തിരുനാവായ വഴി തിരിച്ചുവിട്ട് അവിടത്തെ ജനങ്ങളെ സഹായിക്കാനും നിർത്തലാക്കിയ റൂട്ടുകൾ പുനഃസ്ഥാപിക്കാനും തയ്യാറാകുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കോവിഡിന് ശേഷം നിർത്തിയ സർവീസുകൾ പുനഃസ്ഥാപിക്കാമെന്നാണ് കരുതിയത്. എന്നാൽ കോവിഡ് സമയത്ത് ഒരുപാട് പേർ ഇരുചക്ര വാഹനങ്ങൾ വാങ്ങിയതുകാരണം പല സ്ഥലത്തും സർവീസ് പുനരാരംഭിക്കുമ്പോൾ വലിയ നഷ്ടത്തിലാണുള്ളത്. അത് പരിശോധിച്ചതിനുശേഷം തിരുനാവായ വഴി കുറച്ച് സർവീസുകൾ തിരിച്ചുവിടുന്ന കാര്യത്തിൽ നടപടി സ്വീകരിക്കാം.

ശ്രീ. യു. എ. ലത്തീഫ്: സർ, മഞ്ചേരിയിൽ ഒരു സ്റ്റേഷൻ മാസ്റ്റേഴ്സ് ഓഫീസ് ആരംഭിച്ചതിൽ മന്ത്രിയെ അഭിനന്ദിക്കുകയാണ്. തിരൂർ ആർ.ടി. ഓഫീസിൽ ഒരു ക്ലർക്കിന്റെ കമ്പ്യൂട്ടറിൽ മറ്റൊരാൾ പ്രവർത്തിച്ചുവെന്ന

കാരണത്താൽ ജില്ലയിലെ മുഴുവൻ ആർ.ടി. ഓഫീസുകളും ഒരു ജനാല മാത്രം തുറന്ന് ബാക്കിയുള്ള വാതിലുകൾ മുഴുവൻ അടച്ചിട്ടിരിക്കുകയാണ്. അതുകൊണ്ട് ഓഫീസ് പ്രവർത്തന സമയം മുഴുവൻ ജനങ്ങൾ ക്യൂവിലാണ്. ഒരു ക്ലർക്ക് കുറ്റം ചെയ്താൽ ടിയാന് എതിരെ മാത്രം നടപടി സ്വീകരിച്ചതിനുശേഷം ബാക്കിയുള്ള എല്ലാ ഓഫീസുകളും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, അവിടെ ഒരു ജനാലയുടെ ആവശ്യമേയുള്ളൂ. ജനങ്ങൾ റിസപ്ഷനിൽ പോയി പി.ആർ.ഒ.-യെ സമീപിച്ചാൽ എല്ലാകാര്യങ്ങളും നടപ്പിലാക്കാൻ സാധിക്കും. ഉച്ചയ്ക്കുശേഷം മോട്ടോർ വെഹിക്കിൾ ഓഫീസുകളിലേയ്ക്ക് ജനങ്ങളെ പ്രവേശിപ്പിക്കുന്നില്ല. ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് അത് അസൗകര്യമായിരിക്കും. എല്ലാ വിവരങ്ങളും പി.ആർ.ഒ.-യെ കണ്ടാൽ അറിയാൻ സാധിക്കും. തിരൂരിൽ അദ്ദേഹം പറഞ്ഞതുപോലെ അല്ല കാര്യങ്ങൾ നടന്നിട്ടുള്ളത്. തിരൂരിൽ വ്യാപകമായ ചില ക്രമക്കേടുകൾ നടന്നു. അത് ശ്രദ്ധയിൽപ്പെട്ടപ്പോൾ അവിടത്തെ മുഴുവൻ ഉദ്യോഗസ്ഥരെയും തൊട്ടടുത്ത ജില്ലയിലേക്ക് മാറ്റുകയും അവിടെ പുതിയ സംവിധാനം ഏർപ്പെടുത്തുകയുമാണ് ചെയ്തത്. അവിടെ നേരിട്ട് ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പരിശോധനയും

നടത്തിപ്പും വേണ്ടതാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടതിനാൽ അതിനുള്ള നിർദേശവും നൽകിയിട്ടുണ്ട്.

ശ്രീ. കെ. പി. എ. മജീദ് ചുമതലപ്പെടുത്തിയതനുപ്രകാരം (ശ്രീ. എൻ. എ. നെല്ലിക്കുന്ന്): സർ, ധാരാളം യാത്രക്കാരുള്ള കാസർഗോഡ്-ബംഗളൂരു റൂട്ടിൽ ഡീലക്സ് ബസ്സടക്കം കെ.എസ്.ആർ.ടി.സി. ബസ്സുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ചാണ് ചോദ്യത്തിൽ പറഞ്ഞിരിക്കുന്നത്. അടിയന്തരമായി പുതിയ ബസുകൾ വാങ്ങാതെ കെ.എസ്.ആർ.ടി.സി.-ക്ക് പിടിച്ചുനിൽക്കാൻ സാധിക്കില്ല. ഗ്രാമീണ മേഖലയിൽ ഓടുന്ന ബസ്സുകൾ ഫ്യൂവൽ എഫിഷ്യന്റായ ബസ്സുകളും ദീർഘ ദൂരത്തിലുള്ള സ്ലീപ്പർ, സെമി സ്ലീപ്പർ പോലുള്ള ഹൈ ക്ലാസ് ബസ്സുകളും വാങ്ങേണ്ടത് അത്യാവശ്യമാണ്. ടെണ്ടർ വിളിച്ച് അതിനുള്ള ഓർഡർ നൽകിയിട്ടുണ്ടെന്നും ഏപ്രിൽ അവസാനത്തോടെ ഈ വാഹനങ്ങൾ കമ്പനികൾ സപ്ലൈ ചെയ്തു തുടങ്ങുമെന്നുള്ളതാണ് അറിയാൻ കഴിഞ്ഞിട്ടുള്ള കാര്യം. അതിന്റെ ജോലികൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. അത്തരം വാഹനങ്ങൾ വരുന്നതോടെ അന്തർ സംസ്ഥാന സർവീസുകൾ തിരുവനന്തപുരത്ത് ഉൾപ്പെടെ എല്ലാ

സ്ഥലങ്ങളിൽനിന്നും ബംഗളൂരുവിലേക്ക് വാഹനങ്ങൾ ഓടിത്തുടങ്ങും. അവിടെ നടക്കുന്നത് ഒരു ചൂഷണമാണ്. ഏറ്റവും ഹൈ ക്ലാസ് ബസ്സുകൾ വാങ്ങാൻ പോകുകയാണ്. പ്രത്യേകിച്ച് ഓണം, വിഷു, ക്രിസ്തുമസ് എന്നിങ്ങനെയുള്ള സീസൺ വരുമ്പോൾ പ്രൈവറ്റ് ബസ്സുകാർ നിയമ വിരുദ്ധമായി സർവീസ് നടത്തിക്കൊണ്ട് ജനങ്ങളെ കൊള്ള ചെയ്യുകയാണ്. ഇത് അവസാനിപ്പിക്കാൻ ഇന്ത്യയിൽ ലഭിക്കുന്ന ഏറ്റവും നിലവാരമുള്ള ക്ലാസിക്കായിട്ടുള്ള ബസ്സ് വാങ്ങി ഓടിക്കാനാണ് കെ.എസ്.ആർ.ടി.സി. ആഗ്രഹിക്കുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(മി.സ്പീക്കർ)

P 21-03-2025 BL-PR-1-10.00-10.10

**അറിയിപ്പ്**

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ, അംഗങ്ങളായ ശ്രീ. എം. രാജഗോപാലൻ, ശ്രീ. ടി. ഐ. മധുസൂദനൻ എന്നിവർ സഭാ നടപടികളിൽ പങ്കെടുക്കാൻ സാധിക്കില്ലെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്.

**അനുമോദനം**

<u>ക്രിക്കറ്റ് മത്സരം</u>

ഇന്നലെ കേരള യൂണിയൻ ഓഫ് വർക്കിങ് ജേണലിസ്റ്റുകളും സ്പീക്കേഴ്സ് ഇലവനും ഡ്രഗ്സിനെതിരായി ഒരു എക്സിബിഷൻ ക്രിക്കറ്റ് മാച്ച് നടന്നിരുന്നു. അതിൽ ശ്രീ. പി. വി. ശ്രീനിജിൻ സ്പീക്കേഴ്സ് ഇലവനെയും മാർഷൽ വി. സെബാസ്റ്റ്യൻ ജേണലിസ്റ്റുകളെയും നയിച്ചു. ആവേശകരമായ മത്സരത്തിന്റെ അവസാന ഓവറിൽ സ്പീക്കേഴ്സ് ഇലവൻ പരാജയപ്പെട്ടു. പ്രസ്തുത മത്സരത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച എല്ലാ എം.എൽ.എ.-മാരെയും 'മാൻ ഓഫ് ദി മാച്ച്' ആയി തിരഞ്ഞെടുക്കപ്പെട്ട സ്പീക്കേഴ്സ് ഇലവനുവേണ്ടി കളിച്ച മികച്ച ബാറ്റ്സ്മാനായ ശ്രീ. എം. വിജിനെയും അഭിനന്ദിക്കുകയാണ്.

(ശ്രദ്ധക്ഷണിക്കൽ)

P- 21-03-2025-BL- PR-1-10.00-10.10

**ശ്രദ്ധക്ഷണിക്കൽ**

<u>ഗതാഗത മേഖലയിലെ പ്രതിസന്ധി</u>

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ലോകത്ത് ഏതൊരു സമ്പദ്‌വ്യവസ്ഥയുടെയും ജീവരേഖയാണ് ഗതാഗതം. ഇന്ത്യൻ ജി.ഡി.പി.-യുടെ 4.5 ശതമാനം ഗതാഗത മേഖലയിൽനിന്നാണ്. കാർഷിക മേഖല

കഴിഞ്ഞാൽ നമ്മുടെ രാജ്യത്ത് ഏറ്റവും വലിയ തൊഴിൽ മേഖലയാണ് മോട്ടോർ ട്രാൻസ്പോർട്ട് മേഖല. കേരളത്തിന്റെ കാര്യവും വ്യത്യസ്തമല്ല. ലക്ഷക്കണക്കിന് ആളുകളാണ് ഈ മേഖലയിൽ നേരിട്ട് തൊഴിൽ ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങളുടെ ഭാഗമായി ടി തൊഴിൽ മേഖല ഇന്ന് കടുത്ത വെല്ലുവിളി നേരിടുകയാണ്. ഇന്ത്യയുടെ റോഡ് ഗതാഗത മേഖല കോർപ്പറേറ്റുകൾക്ക് തീറെഴുതി നൽകുകയെന്ന ലക്ഷ്യത്തോടെയാണ് 2019-ലെ മോട്ടോർ വാഹന ഭേദഗതി നിയമം നടപ്പാക്കിയിരിക്കുന്നത്. Uber, OLA തുടങ്ങിയ കമ്പനികൾക്ക് ടാക്സി മേഖല പൂർണ്ണമായും അടിയറവച്ചു. അസാധാരണമാംവിധം പിഴ വർധിപ്പിച്ചു. 1988-ലെ മോട്ടോർ വെഹിക്കിൾ ആക്ട് പ്രകാരം 50 രൂപ ഈടാക്കിയിരുന്നത് 1,000/- രൂപയായി വർധിപ്പിച്ചു. വാഹന നിർമ്മാണ കമ്പനികളെ മലിനീകരണത്തിന്റെ പേരിൽ സഹായിക്കുകയെന്ന ദുഷ്ടലാക്കോടെ പതിനഞ്ച് വർഷം പഴക്കമുള്ള പെട്രോൾ വാഹനങ്ങളും 10 വർഷമുള്ള ഡീസൽ വാഹനങ്ങളും പൊളിക്കണമെന്ന നിയമം കൊണ്ടുവന്നു. പഴക്കമുള്ള വാഹനങ്ങൾ റോഡിലിറങ്ങുന്നത് നിരുത്സാഹപ്പെടുത്താൻ 2022-ൽ നടപ്പിലാക്കിയ ഗ്രീൻ ടാക്സ് പോളിസിയുടെ ലക്ഷ്യവും മറ്റൊന്നല്ല. ചെറിയ വാഹന ഉടമകൾ, സ്വകാര്യ വാഹന ഉടമകൾ എന്നിവർ തങ്ങളുടെ

വാഹനങ്ങളോട് വിട പറഞ്ഞാൽ കുത്തക സ്ഥാപനങ്ങളുടെ ആപ്പിന്റെ സേവനം പ്രയോജനപ്പെടുത്തുന്നതിന് നിർബന്ധിതരാകപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഗതാഗത വകുപ്പിനെ അപ്രസക്തമാക്കി വകുപ്പിന്റെ പങ്ക് ചെറുതാക്കുകയെന്നതാണ് 2019-ലെ മോട്ടോർ വാഹന ഭേദഗതി നിയമത്തിന്റെ ലക്ഷ്യം. അതിന്റെ പ്രഥമഘട്ടമായി ലൈസൻസ് വിതരണം സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകാൻ കൈക്കൊണ്ട തീരുമാനവും നമുക്ക് കാണാവുന്നതാണ്. അതോടൊപ്പം വാഹനം രജിസ്ട്രേഷൻ ഡീലർമാർക്കുതന്നെ നൽകാൻ കൈക്കൊണ്ട തീരുമാനവും ഓട്ടോമാറ്റിക് ടെസ്റ്റിങ് സ്റ്റേഷൻ കഴിഞ്ഞ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം നൽകിയതും ഇതോടൊപ്പം ഗതാഗത വകുപ്പ് കൈകാര്യം ചെയ്യേണ്ട പല പ്രവർത്തനങ്ങളും സ്വകാര്യവൽക്കരിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇന്ന് മോട്ടോർ വ്യവസായ തൊഴിലാളികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് മാർച്ച് 24-ാം തീയതി പതിനായിരക്കണക്കിന് തൊഴിലാളികൾ പാർലമെന്റിലേയ്ക്ക് മാർച്ച് ചെയ്യുകയാണ്. ഇന്ധനവില വെട്ടക്കുറയ്ക്കുക, ഡ്രൈവർമാരെ കൽത്തുറുങ്കിലടയ്ക്കുന്ന ഭാരതീയ ന്യായസംഹിത സെക്ഷൻ 106(1) 106(2) പിൻവലിക്കുക, 2019-ലെ മോട്ടോർ വാഹന ഭേദഗതി നിയമത്തിലെ

പ്രതിലോമകരമായ നിർദേശങ്ങൾ പിൻവലിക്കുക, രാജ്യത്തെ അസംഘടിത മോട്ടോർ തൊഴിലാളികൾക്ക് ക്ഷേമനിധി പ്രഖ്യാപിക്കുക, തൊഴിലാളി വിരുദ്ധ ലേബർ കോഡുകൾ റദ്ദാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉയർത്തിയാണ് ട്രാൻസ്പോർട്ട് തൊഴിലാളികൾ പാർലമെന്റ് മാർച്ച് സംഘടിപ്പിച്ചിരിക്കുന്നത്.

കേരളത്തിൽ ദേശീയ ഗതാഗത നിയമം നടപ്പാക്കുന്നതിൽ പല ഇളവുകളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയും ഇടപെട്ട് അനുവദിച്ചിട്ടുണ്ടെങ്കിലും അവ തങ്ങൾക്ക് ബാധകമല്ലെന്നമട്ടിൽ കേന്ദ്രനയം നടപ്പാക്കി കേന്ദ്രസർക്കാരിന്റെ ഗുഡ് ലിസ്റ്റിൽ ഇടംപിടിക്കാനുള്ള ശ്രമം ഒരുവിഭാഗം ഉദ്യോഗസ്ഥരിൽ നിന്നുമുണ്ടാകുന്നു. ഇത് തൊഴിലാളികളെ മാത്രമല്ല, സർക്കാരിന്റെതന്നെ പ്രതിച്ഛായയെ ബാധിക്കുകയാണ്. സമയപരിമിതിമൂലം കൂടുതൽ വിശദീകരണങ്ങൾ ഒഴിവാക്കി ഗതാഗത മേഖലയിലെ ചില പ്രശ്നങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഓൺലൈൻ ചെയ്ത് അപേക്ഷകൾ സമർപ്പിക്കുന്നതിനും ബ്ലാക്ക് ലിസ്റ്റുകൾ, ഓൺലൈൻ വഴി ലഭ്യമല്ലാത്ത ഫീസുകളുടെ നമ്പരുകൾ, ഐ.ഡി. എന്നിവ നൽകുക തുടങ്ങി നിരവധി സർവീസുകൾ ലഭ്യമാക്കിയിരുന്ന കൗണ്ടറുകൾ ചില ആർ.ടി. ഓഫീസുകളിൽ നിർത്തലാക്കി പി.ആർ.ഒ. വഴി

മാത്രമാക്കിയതുകാരണം ഓഫീസിൽ വരുന്ന പൊതുജനങ്ങൾക്ക് സംശയങ്ങൾ ചോദിക്കാനും അപേക്ഷകൾ സമർപ്പിക്കാനും സാധിക്കുന്നില്ല. അപേക്ഷ നൽകാൻ വരുന്നവർ മണിക്കൂറുകളോളം ക്യൂ നിൽക്കേണ്ടിവരികയാണ്. ചില ആർ.ടി. ഓഫീസുകളിൽ ഉച്ചയ്ക്ക് ഒരുമണിക്ക് വാതിലെല്ലാം പൂട്ടിക്കെട്ടി ജനങ്ങളെ കാണാതെ ഉദ്യോഗസ്ഥർ ഓഫീസിനുള്ളിലിരിക്കുന്ന രീതിയിലുള്ളൊരു പരിഷ്കരണം കൊണ്ടുവന്നിട്ടുണ്ട്. ആയിരക്കണക്കിന് രൂപ ഫീസുമടച്ച് ഉദ്യോഗസ്ഥരുടെ കാരുണ്യത്തിനായി ജനം കാത്തുനിൽക്കേണ്ട അവസ്ഥയാണ് ഇതിലൂടെ സംജാതമായിരിക്കുന്നത്. മൂന്ന് മണിവരെയെങ്കിലും ജനങ്ങൾക്ക് ഉദ്യോഗസ്ഥരെ കണ്ട് സേവനം നേടാനുള്ള സാഹചര്യം സൃഷ്ടിക്കണം. തിരുവനന്തപുരം ആർ.ടി.ഒ.-യിൽ നൽകുന്ന അപേക്ഷ ഇനിയേത് ഓഫീസിലാകും പരിഗണിക്കുകയെന്ന് ആർക്കും അറിയാൻ കഴിയില്ലത്രേ എന്നാണ് തിരുവനന്തപുരത്തുനിന്നും കേൾക്കുന്ന പുതിയൊരു വാർത്ത. ഫയലുകളുടെ പുറകെ കയറിയിറങ്ങിയിട്ടും ആളുകൾക്ക് സേവനം നൽകാതെ വട്ടംകറക്കുന്ന ചില ഉദ്യോഗസ്ഥരുടെ മനോഭാവത്തെക്കുറിച്ച് നമുക്കറിയാം. അപ്പോഴാണ് പൊതുജനങ്ങൾക്ക് അവരുടെ പരാതിയുടെ തൽസ്ഥിതിയെന്താണെന്ന് അറിയാൻ കഴിയാത്ത സ്ഥിതിയുണ്ടാക്കുന്നത്.

ഈ നടപടി പിൻവലിക്കേണ്ടതായിട്ടുണ്ട്.

അന്തർ സംസ്ഥാന സർവീസ് നടത്തുന്ന ലോറികളിൽ ഒരു ഡ്രൈവർ മാത്രം മതിയെന്നിരിക്കെ സംസ്ഥാനത്തികത്ത് ഓടുന്ന ചരക്കുവാഹനങ്ങളെയും ടാങ്കർ ലോറികളെയും തടഞ്ഞുനിർത്തി ക്ലീനർ ഇല്ലാത്തതിന്റെ പേരിൽ പിഴ ഈടാക്കുന്ന നടപടികൾ ഒഴിവാക്കണം. റോഡ് വികസനത്തിന്റെ ഭാഗമായി ഓട്ടോ, ടാക്സി സ്റ്റാൻഡുകൾ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായി. ഇതിനുപരിഹാരമായി പ്രധാന റോഡുകൾക്ക് സമീപം ചുരുങ്ങിയത് രണ്ട് വാഹനങ്ങളെങ്കിലും പാർക്ക് ചെയ്യാൻ കഴിയുന്ന സ്റ്റാൻഡുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സ്ഥാപിക്കാൻ നടപടിയുണ്ടാകണം.

ക്ഷേമനിധിയെ സംബന്ധിച്ച് വളരെ വ്യാപകമായ പരാതികളാണുള്ളത്. കോവിഡ് കാലത്ത് 19 മാസം ക്ഷേമനിധി വിഹിതം അടയ്ക്കേണ്ടതില്ലെന്ന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവ് സർവീസിന് തടസ്സമുണ്ടാകില്ലായെന്നും അക്കാലത്ത് വിഹിതമടയ്ക്കാത്തതിന്റെ കാരണത്താൽ ആനുകൂല്യങ്ങൾ തടസ്സപ്പെടുത്തില്ലെന്നും അറിയിച്ചതാണ്. പക്ഷെ, ഇപ്പോൾ പല തൊഴിലാളികൾക്കും പെൻഷന്റെയും ആനുകൂല്യങ്ങളുടെയും അപേക്ഷ തിരിച്ചയയ്ക്കുന്ന സ്ഥിതിയാണുള്ളത്.

ക്ഷേമനിധി പ്രകാരം ചികിത്സാ സഹായത്തിനുവേണ്ടി അംഗീകരിച്ച നമ്മുടെ സംസ്ഥാനത്തെയും മറ്റ് സംസ്ഥാനങ്ങളിലെയും ആശുപത്രികൾ ഏതൊക്കെയെന്നത് സംബന്ധിച്ച് വ്യക്തമായ വിവരം ക്ഷേമനിധിയിൽനിന്നും നൽകുന്നില്ല. വാഹനാപകടത്തിൽപ്പെട്ട് കേസുണ്ടായാൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ് എഫ്.എ.ആർ.-നോടൊപ്പം നൽകേണ്ടതുണ്ട്. ഒറിജിനൽ സർട്ടിഫിക്കറ്റ് കേസിനുകൊടുത്താൽ ക്ഷേമനിധിയിൽ ഹാജരാക്കാൻ കഴിയാതെവരുന്നു. ഇതൊരു കാരണമായിപ്പറഞ്ഞ് വാഹനാപകടത്തിൽപ്പെട്ട തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ നിഷേധിക്കുകയാണ്. ഇതിനുപരിഹാരമായി ഡോക്ടർ സർട്ടിഫിക്കറ്റിന്റെ പകർപ്പ് നോട്ടറിയെക്കൊണ്ട് അറ്റസ്റ്റ് ചെയ്തുകൊടുത്താൽ ആനുകൂല്യം നൽകാൻ കഴിയുമോയെന്ന് പരിശോധിക്കണം. ക്ഷേമനിധിയിൽ അംഗങ്ങളായ അന്യസംസ്ഥാനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും ആനുകൂല്യം ലഭ്യമാക്കാൻ നടപടിയുണ്ടാകണം. അതിർത്തി പ്രദേശങ്ങളിലെ കാസർഗോഡ് ജില്ലയിലുള്ളവർ മാംഗ്ലൂരിനെയും പാലക്കാട്ടുള്ളവർ കോയമ്പത്തൂരിനെയുമാണ് ചികിത്സയ്ക്കായി ആശ്രയിക്കുന്നത്. ആ ആശുപത്രികൾകൂടി ചികിത്സാ പരിരക്ഷയുടെ പരിധിയിലുൾപ്പെടുത്തണം.

ക്വാറികളിൽ നിർബന്ധമായും വേ-ബ്രിഡ്ജ് സ്ഥാപിച്ച്, അനുവദിച്ചതിലധികം ലോഡ് കയറ്റുന്നത് ക്വാറികളിൽത്തന്നെ തടയാൻ നടപടി സ്വീകരിക്കണം. ക്വാറികളിൽനിന്നുള്ള എല്ലാ ലോഡിനും പാസ് നൽകുന്നതിനുള്ള സംവിധാനമുണ്ടാകണം. ചരക്കുവാഹന നികുതി കേരളത്തിൽ അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് രണ്ട് മുതൽ രണ്ടര ഇരട്ടിയായതിനാൽ കേരളത്തിലെ ഉടമകൾ വാഹനങ്ങൾ രജിസ്ട്രേഷൻ അയൽ സംസ്ഥാനങ്ങളിലേയ്ക്ക് മാറ്റുകയാണ്. തന്മൂലം സംസ്ഥാന സർക്കാരിന്റെ വരുമാനം കുറയുന്നു. ഇതുമാത്രമല്ല, കേരള രജിസ്ട്രേഷൻ ലോറികൾക്ക് ലോഡുകൾ ലഭിക്കുന്നത് കുറയുകയും മോട്ടോർ തൊഴിലാളി ക്ഷേമനിധി അംഗങ്ങളാകാൻ തൊഴിലാളികൾക്ക് സാധിക്കാത്ത സ്ഥിതിയുമാണുണ്ടായിരിക്കുന്നത്. വാഹന ടാക്സ് കുറയ്ക്കുന്ന കാര്യം അടിയന്തരമായി പരിഹരിക്കണം. ബസ്, ടാക്സി എന്നിവയുടെയും പ്രവർത്തന കാലാവധി 22 വർഷമാക്കിയതുപോലെ ചരക്കുവാഹനങ്ങളുടെയും കാലാവധി 22 വർഷമാക്കണം. ഇതെല്ലാം ഈ മേഖലയിൽ പണിയെടുക്കുന്ന വിവിധ വിഭാഗം തൊഴിലാളികളെ ബാധിക്കുന്ന വിഷയങ്ങളാണ്. ടി വിഷയങ്ങളെല്ലാം ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ ചുമതലയിൽപ്പെടുന്നതല്ലെങ്കിലും ട്രാൻസ്പോർട്ട് വ്യവസായത്തിൽ

പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ഉന്നമനത്തിന് കാണിക്കുന്ന പ്രത്യേകമായ താൽപര്യം പരിഗണിച്ചാണ് ഇക്കാര്യങ്ങൾ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും സാന്നിധ്യത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഈ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് തൊഴിലാളികൾക്ക് അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

(ശ്രീ. കെ. ബി. ഗണേഷ് കുമാർ)

P-21-03-2025-BL- PR-1-10.00- 10.10

## ഗതാഗത മേഖലയിലെ പ്രതിസന്ധി

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങളിൽ വളരെ പ്രസക്തമായ ചില വിഷയങ്ങളുണ്ട്. അദ്ദേഹം നൽകിയ ചോദ്യമനുസരിച്ച് എന്റെ കൈവശമുള്ള രേഖയിലെ 1, 2, 3, 6, 10, 11 ഐറ്റംസ് മാത്രമാണ് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടത്. 4, 5, 7, 8, 9, 12, 13, 14 ആഭ്യന്തര-തദ്ദേശസ്വയംഭരണ-ഭക്ഷ്യ-റവന്യൂ-വ്യവസായ-വെയിറ്റ് ആൻഡ് മേഷേഴ്സ്-ലീഗൽ മെട്രോളജി വകുപ്പുകളുമായി ബന്ധപ്പെട്ടതാണെങ്കിലും വിശദമായ മറുപടി തയ്യാറാക്കിയിട്ടുണ്ട്. അത് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കേന്ദ്ര ഗവൺമെന്റ് ഗതാഗത മേഖലയിൽ പിടിമുറുക്കുകയാണ്. ഓട്ടോമേറ്റഡ് ഡ്രൈവിംഗ് സെന്റർ, നമ്പർ പ്ലേറ്റ്,.... ടോൾ പിരിവ് പോലെ, ഈ ദേശത്തെ വലിയ കുത്തക കമ്പനികളുടെ പ്രവർത്തനങ്ങളും അവരുടെ ലാഭമുണ്ടാക്കലും കേരളത്തിലെ ജനങ്ങളുടെയും സർക്കാരിന്റെയും തലയിൽവച്ചുകെട്ടാനുള്ള വലിയ ശ്രമം നടക്കുന്നുണ്ട്. അതിനെ ശക്തമായി എതിർക്കുന്നതാണ്. പുതുക്കിയ നിയമത്തിൽ പറയുന്ന പല കാര്യങ്ങളും ചില ആളുകൾ ബഹുമാനപ്പെട്ട കോടതിയെ തെറ്റിദ്ധരിപ്പിച്ച് ഇതെല്ലാം പിടിച്ചുപറിച്ച് കേരളത്തിലെ ജനങ്ങളെ കൊള്ളയടിക്കാനുള്ള നടപടികൾക്കാണ് കേന്ദ്ര സർക്കാർ കൂട്ടുനിൽക്കുന്നത്. അത് വളരെ ഉറപ്പോടെ പറയാൻ സാധിക്കും. എല്ലാ സ്ഥലത്തും ഇതേ പ്രവണത തുടരുകയാണ്. ഉദാഹരണസഹിതം ഞാനിപ്പോൾ വിശദീകരിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് വളരെ ശരിയായ കാര്യമാണ്. വളരെ ക്രൂരമായ നിലയിൽ സംസ്ഥാനത്തെ ചൂഷണം ചെയ്ത് ഉത്തരേന്ത്യൻ കമ്പനികൾക്കും ഇന്ത്യയിലെ കുത്തക കമ്പനികൾക്കും പണമുണ്ടാക്കാൻവേണ്ടി നിരന്തരമായി ഹൈക്കോടതിയിലും സുപ്രീംകോടതിയിലും കേസ് കൊടുക്കുകയാണ്. അവർ ബഹുമാനപ്പെട്ട കോടതിയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

അവരുടെ ഇഷ്ടത്തിനനുസരിച്ച് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാവുന്ന തരത്തിൽ ഇന്ത്യയിലെ ഏറ്റവും പ്രഗത്ഭരും ഏറ്റവുമധികം ഫീസ് വാങ്ങുന്നവരുമായ വക്കീലന്മാരെ കൊണ്ടുവന്ന് വാദിക്കുകയാണ്.

(തുടരും....)

P 21.03.2025-TB - PR(I)-10.10 - 10.20

(ശ്രീ. കെ. ബി. ഗണേഷ് കുമാർ തുടർച്ച ..........)

കേരളത്തിലെ ജനങ്ങളെ പിടിച്ചുപറിക്കാൻ കഴിയുന്ന വിധത്തിൽ എല്ലാം തുറന്നിട്ടുകൊടുത്തിരിക്കുകയാണ്. ഇത് അപകടകരമായൊരു സാഹചര്യമാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായത്തോടെ ഞാൻ യോചിക്കുന്നു. ഈ സർക്കാർ അതിന് വഴങ്ങില്ല. ഇക്കാര്യത്തിനുവേണ്ടി പരമാവധി നിയമ പോരാട്ടം നടത്തിയാണെങ്കിലും നമ്പർ പ്ലേറ്റ് അടക്കമുള്ള കാര്യങ്ങൾ സുതാര്യമായി നടപ്പിലാക്കും. ഒരു വ്യക്തിയുടെ പേര് പറയുന്നില്ലെന്നത് ഒഴിച്ചാൽ അതിൽ എല്ലാമുണ്ട്. മുതലാളി വാങ്ങിച്ചോളും നിങ്ങൾ നിന്നുകൊടുത്താൽ മതി. അങ്ങനെ ഈ സർക്കാർ നിന്നുകൊടുക്കില്ല. നമ്പർ പ്ലേറ്റ്, എ.ടി.എസ്. അടക്കം സുതാര്യമായി ടെൻഡർ വിളിച്ച് എല്ലാവർക്കും പങ്കെടുക്കാൻ അവസരം നൽകി, അത് ഏറ്റവും കൃത്യമായി സർക്കാരിന് കൂടുതൽ വരുമാനം ലഭ്യമാക്കുന്നതും

ജനങ്ങൾക്ക് കുറച്ച് പണച്ചെലവ് വരുന്നതുമായ ആളുകൾക്ക് നൽകാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകാൻ തീരുമാനിച്ചിട്ടുണ്ട്. അക്കാര്യത്തിൽ ആശങ്ക വേണ്ട. മറ്റൊന്ന് ടിപ്പർ ലോറികളെക്കുറിച്ചാണ്. ടിപ്പർ ലോറികൾ മോട്ടോർ വാഹനവകുപ്പ് പിടിച്ചിടാറില്ല. ഓവർലോഡ് പിടിക്കണമെന്നത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവാണ്. ആ ഉത്തരവ് എങ്ങനെ വന്നുവെന്ന് ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണം. ലോറി ഉടമകൾ പരസ്പരം കേസ് കൊടുക്കുകയാണ്. ഓവർ ലോഡുമായി വരുന്ന വാഹനങ്ങൾ പിടിക്കണമെന്നും ഡ്രൈവറുടെ ലൈസൻസ് മൂന്നുമാസത്തേയ്ക്ക് റദ്ദാക്കണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിൽ പറയുന്നുണ്ട്. അങ്ങനെ ഡ്രൈവറുടെ ലൈസൻസ് റദ്ദാക്കിയാൽ അയാളുടെ ജോലി പിറ്റേദിവസം തന്നെ നഷ്ടപ്പെടുകയും വാഹന ഉടമ അടുത്ത ദിവസം മുതൽ മറ്റൊരു ഡ്രൈവറെ ജോലിക്ക് വയ്ക്കുകയും ലൈസൻസ് റദ്ദായ ഡ്രൈവർ മൂന്ന് മാസം ജോലിയില്ലാതെ വീട്ടിലിരിക്കേണ്ട അവസ്ഥയുണ്ടാവുകയും ചെയ്യും. അപ്പോൾ ഫലത്തിൽ കേസ് കൊടുത്തത് ആരാണ്; ഇവിടത്തെ ലോറി ഉടമകളാണ് കേസ് കൊടുത്തത്. ഉദാഹരണത്തിന് കപ്പലിൽനിന്ന് ഒരു കണ്ടെയ്നർ ഇറക്കി ലോറിയിൽ വച്ചുകൊടുത്താൽ ആ കണ്ടെയ്നറിന്റെ വെയിറ്റ് ഡ്രൈവർക്ക് അറിയാൻ

സാധിക്കില്ല. ഏതോ രാജ്യത്തുനിന്ന് ലോഡ് ചെയ്തുവരുന്നതാണ്. അത് ഓവർ ലോഡാണെന്ന് പറഞ്ഞ് ഫൈൻ ഈടാക്കി ഡ്രൈവറുടെ ലൈസൻസ് മൂന്ന് മാസത്തേയ്ക്ക് റദ്ദ് ചെയ്യിപ്പിക്കുകയാണ്. ലോറിയുടമകൾ പരസ്പരം കേസ് കൊടുത്ത് ജീവനക്കാരുടെയും ജനങ്ങളുടെയും താൽപ്പര്യം സംരക്ഷിക്കാൻ സാധിക്കാത്ത വിധത്തിൽ ബഹുമാനപ്പെട്ട കോടതിയിൽ നിന്നും വിധികൾ വാങ്ങിവയ്ക്കുകയാണ്. വാഹനയുടമകൾക്ക് ധാരാളം സംഘടനകളുണ്ട്.

ആർ.ടി. ഓഫീസിനെക്കുറിച്ച് അദ്ദേഹം സൂചിപ്പിച്ചു. വേ-ബ്രിഡ്ജ് എല്ലാ ക്വാറികളിലും സ്ഥാപിക്കണമെന്ന് നിലവിൽ വ്യവസായ വകുപ്പിന്റെയും ജിയോളജി വകുപ്പിന്റെയും ഉത്തരവുണ്ട്. അത് നടപ്പിലാക്കുന്നില്ല. അത് നടപ്പിലാക്കാനുള്ള നടപടികൾ പ്രസ്തുത വകുപ്പുകൾ സ്വീകരിക്കേണ്ടതാണ്. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിന്റെ ഓഫീസിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു. ഏജന്റുമാർ എന്നൊരു സംഘമുണ്ട്; ആരോ അദ്ദേഹത്തെ തെറ്റിദ്ധരിപ്പിച്ചതാണ്. ഉദ്യോഗസ്ഥർ രാവിലെ ജോലിക്ക് ഹാജരായാൽ പിന്നെ അവരെ ഒരു ജോലിയും ചെയ്യാൻ സമ്മതിക്കില്ല. ടി ഏജന്റുമാർ ഓഫീസുകളിൽ കയറിയിറങ്ങുകയാണ്. ഇക്കാര്യങ്ങൾ ടി.വി.-യിൽ നിരന്തരം കാണുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം തന്നെ ഇവിടെ പറഞ്ഞു. ഒരു ഉദ്യോഗസ്ഥന്റെ കമ്പ്യൂട്ടറിൽ പുറത്തു നിന്ന്

വന്നൊരു ഏജന്റ് പാസ്വേർഡ് വാങ്ങി ഓപ്പറേറ്റ് ചെയ്യുകയാണ്. അത്തരം ഏജന്റുമാരെയും കൺസൾട്ടന്റുമാരെയും യാതൊരു കാരണവശാലും ഓഫീസിനുള്ളിൽ കയറിയിറങ്ങാൻ അനുവദിക്കില്ല. ഒരു മണിവരെ എന്താവശ്യത്തിനും വരാൻ സാധിക്കുന്നതാണ്. പിന്നെ, സേവനങ്ങൾക്കൊന്നും ഇനി കൗണ്ടറിൽ പേകേണ്ടതില്ല; എല്ലാ സേവനങ്ങളും ഓൺലൈനായി ലഭിക്കുന്നതാണ്. ക്ലറിക്കൽ സ്റ്റാഫിന് വർക്ക് ലോഡുണ്ടെന്ന് അദ്ദേഹത്തെ ആരോ തെറ്റിദ്ധരിപ്പിച്ചതാണ്. ഇതൊക്കെ ഈ സഭയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്. തിരുവനന്തപുരത്ത ക്ലറിക്കൽ സ്റ്റാഫിന് വർക്ക് ലോഡ് കൂടുതലായതിനാൽ കൂടുതൽ സ്റ്റാഫിനെ നിയമിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെടുകയാണ്. അതേസമയം കോന്നിയിലും പത്തനാപുരത്തും പുനലൂർ ഉൾപ്പെടെയുള്ള പല സ്ഥലങ്ങളിലും ക്ലറിക്കൽ സ്റ്റാഫ് വെറുതെയിരിക്കുകയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഏറ്റവും ശാസ്ത്രീയമായി രീതിയിലുള്ള നടപടി സ്വീകരിച്ചു. അതായത്, എറണാകുളത്ത് 1500 ഫയലുണ്ടെങ്കിൽ അതിനെ വിഭജിച്ച് നൽകുകയാണ്. കേരളത്തിലെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിനാകെ ഒരു ലക്ഷം ഫയലുകളുണ്ടെങ്കിൽ അതെല്ലാം തുല്യമായി വിഭജിച്ച് ക്ലറിക്കൽ സ്റ്റാഫിന് നൽകുകയും പരമാവധി അഞ്ച് ദിവസത്തിൽ

കൂടുതലായി ഒരാൾപോലും ഫയൽ കൈവശം വയ്ക്കാൻ പാടില്ലെന്നും അതിനുമുമ്പ് ഫയൽ തീർപ്പാക്കണമെന്ന് നിർദേശിക്കുകയും ചെയ്തു. അതിൽ വീഴ്ച വരുത്തുന്ന സ്റ്റാഫിനെ സ്ഥലം മാറ്റുകയും ചെയ്യും. പിന്നെ എങ്ങനെയാണ് കാലതാമസം വരുന്നത്? ഓൺലൈൻ ആയതുകൊണ്ട് ഏത് ഫയൽ ഏത് സമയത്ത് സീറ്റിൽ ലഭിച്ചെന്നും, എപ്പോൾ പ്രോസസ്സായെന്നും വ്യക്തമായി അറിയാൻ സാധിക്കും. അതുകൊണ്ട് സർവീസിൽ ഒരു കാലസാമസവുമുണ്ടാവില്ല. ഇത് അങ്ങയെ അവർ തെറ്റിദ്ധരിപ്പിക്കുകയാണ്. അവർക്ക് ടി ഓഫീസിൽ പലരെയും സ്വാധീനിക്കാനുണ്ട്. എന്നാൽ ടി സംവിധാനം വന്നതോടുകൂടി അവർക്ക് ആരെയും സ്വാധീനിക്കാൻ സാധിക്കില്ല. കാരണം, കാസർഗോഡുള്ള ഫയൽ പ്രോസസ്സ് ചെയ്യുന്നത് ചിലപ്പോൾ പാറശാലയിലായിരിക്കും. അതുകൊണ്ട് അവർക്ക് ആരെയും സ്വാധീനിക്കാനോ അഴിമതി നടത്താനോ സാധിക്കില്ലെന്ന് മാത്രമല്ല, വർക്ക് ലോഡ് കുറയുകയും ചെയ്യും. എറണാകുളത്തെ ഓഫീസിലെ ജീവനക്കാരന് ഒരു ദിവസം 150 ഫയൽ കൈകാര്യം ചെയ്യാനുണ്ടെങ്കിൽ ഇനി അത് മൂന്നോ നാലോ ഫയലുകളായി കുറയും. ഓൺലൈൻ സംവിധാനം നിലവിൽ വന്നതോടുകൂടി ജീവനക്കാരുടെ വർക്ക് ലോഡ് കുറയുകയും വേഗത്തിൽ ഫയലുകൾ പ്രൊസസ്സ് ചെയ്യാൻ സാധിക്കുകയും ചെയ്യുന്നു. ഡ്രൈവിങ്

ടെസ്റ്റിനും ഫിറ്റ്നസിനും പോകുന്ന ഉദ്യോഗസ്ഥൻ അവിടെവച്ച് എല്ലാം രേഖപ്പെടുത്തിയതിനുശേഷം രണ്ട് രണ്ടരമണിയോടുകൂടി അദ്ദേഹം സീറ്റിലെത്തി പാസ്‌വേർഡ് ഉപയോഗിച്ച് കമ്പ്യൂട്ടർ ഓപ്പൺ ചെയ്ത് ഡ്രൈവിങ് ടെസ്റ്റിൽ ജയിച്ചവരെയും തോറ്റവരെയും ലിസ്റ്റിലുൾപ്പെടുത്തുന്നത്. ആ സമയത്ത് അദ്ദേഹത്തിന്റെ മേശയ്ക്കുമുമ്പിൽ അന്വേഷണത്തിനായി രണ്ടാളുകൾ ഇരിക്കേണ്ട ആവശ്യമില്ല. ഞാൻ ചുമതലയേറ്റെടുക്കുന്നതിനുമുമ്പ് ഈ വകുപ്പ് കൈകാര്യം ചെയ്ത ബഹുമാനപ്പെട്ട മന്ത്രി ഇതിനായി ഫ്രണ്ട് ഓഫീസ് സംവിധാനമാണ് ഏർപ്പെടുത്തിയത്. ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും വേഗത്തിൽ നടപ്പാക്കാൻ എൽ.ഡി.എഫ്. സർക്കാർ ഉയർത്തിക്കാണിച്ച സംവിധാനമാണ് ഫ്രണ്ട് ഓഫീസ്. പഞ്ചായത്തുൾപ്പെടെയുള്ള ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് വഴിയാണ് ജനങ്ങൾ കാര്യങ്ങൾ നിർവഹിക്കുന്നത്. എല്ലാവരും എന്തിനാണ് ഓഫീസിൽ കയറിയിറങ്ങുന്നത്; എല്ലാവരും ക്ലാർക്കുമാരുടെയും സൂപ്രണ്ടുമാരുടെയും മുമ്പിൽ പോയിരിക്കേണ്ട ആവശ്യം എന്താണ്; മേശപ്പുറന്നിരിക്കുന്ന ഫയൽ തുറന്ന് പരിശോധിക്കേണ്ട ആവശ്യം എന്താണ്? ഓഫീസിൽ പി.ആർ.ഒ. ഉണ്ട്. ഉച്ചയ്ക്കുശേഷവും വിവരങ്ങൾ നൽകാം. ഇനിയും ഓട്ടോമേറ്റഡ് സംവിധാനം വരാൻ പോകുകയാണ്. ജനങ്ങൾക്ക് എന്ത്

അന്വേഷണം നടത്തണമെങ്കിലും ആ സംവിധാനം നിലവിൽ വന്നാൽ ജനങ്ങളുടെ ഫോണിലെ എം-പരിവാഹൻ സൈറ്റോ എം.വി.ഡി. സൈറ്റോ ലോഗിൻ ചെയ്താൽ എല്ലാ കാര്യങ്ങളും അറിയാൻ സാധിക്കും. പണം നൽകിയാൽ മാത്രമെ കാര്യങ്ങൾ അറിയാൻ സാധിക്കുവെന്ന് ആരെങ്കിലും ധരിച്ചിട്ടുണ്ടെങ്കിൽ അത് തെറ്റാണ്. പണം കൊടുത്ത് അറിയേണ്ട കാര്യമാണെങ്കിൽ അത് അറിയേണ്ടതില്ല. അത് പിറ്റേ ദിവസം രാവിലെ അറിഞ്ഞാൽ മതി. അതുകൊണ്ടാണ് ഉച്ചക്കുശേഷം ഓഫീസ് അടയ്ക്കുന്നത്. അനാവശ്യമായി ആളുകൾ ഫയലുകൾ എടുത്തുകൊണ്ട് പോകുകയാണ്. ഇക്കാര്യങ്ങളൊന്നും ഇനിയും അനുവദിക്കാൻ സാധിക്കില്ല. എല്ലാ കാര്യങ്ങളും ഇനിയും ഇ-ഫയലിങ്ങിലൂടെയാണ് നടക്കുന്നത്. അതുകൊണ്ട്, ഒരു കാര്യത്തിലും കാലതാമസമുണ്ടാവില്ല. ഫയലുകൾ കേരളം മുഴുവൻ വിഭജിച്ച് പോകുമ്പോൾ വളരെ വേഗത്തിൽ പ്രോസസ് ചെയ്ത് ലഭിക്കുന്നതാണ്. ഇപ്പോൾ മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിലാണ് ചില കാലതാമസം റിപ്പോർട്ട് ചെയ്യുന്നത്. ബാക്കി എല്ലാ സ്ഥലങ്ങളിലും കാര്യങ്ങൾ സുതാര്യമായി പുരോഗമിക്കുകയാണ്. അതുകൊണ്ട്, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങളിൽ പലതും ശരിയാണ്. എന്നാൽ ചില കാര്യങ്ങളെപ്പറ്റി ബഹുമാനപ്പെട്ട അംഗത്തെ ആരോ

തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. അത് തൊഴിലാളികളുമായി ബന്ധപ്പെട്ട വിഷയമല്ല. ഓട്ടോ കൺസൾട്ടന്റ് എന്ന പേരിൽ ആളുകളിൽനിന്ന് പണം വാങ്ങി വ്യവഹാരം നടത്തുന്ന ചില ആളുകൾക്ക് ബുദ്ധിമുണ്ടായിയെന്നത് ശരിയാണ്. അവരെ ആക്രമിക്കുകയോ ഉപദ്രവിക്കുകയോ ചെയ്യുന്നില്ല. ജനങ്ങൾക്ക് എല്ലാ കാര്യങ്ങളും സുതാര്യമാക്കി നൽകുകയെന്നതാണ് സർക്കാരിന്റെ നിലപാട്. അദ്ദേഹത്തിന്റെ നിർദേശപ്രകാരം എല്ലാ വകുപ്പുകളിൽനിന്നും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിമാരും ഉദ്യോഗസ്ഥരും കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതെല്ലാം മേശപ്പുറത്ത് വച്ചിട്ടുണ്ട്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം നിശ്ചയമായും യാഥാർഥ്യബോധത്തോടുകൂടിയുള്ളതാണ്. മോട്ടോർ വ്യവസായത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുള്ളവയാണ്. എല്ലാം അങ്ങയുടെ നിയന്ത്രണത്തിൽ മാത്രം വരുന്ന കാര്യങ്ങളല്ല. അങ്ങയുടെ നിയന്ത്രണത്തിൽ വരുന്ന കാര്യങ്ങൾ വളരെ നന്നായി കൈകാര്യം ചെയ്യുന്നുണ്ടെന്നത് സന്തോഷമുള്ള കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതുമായി ബന്ധപ്പെട്ട് ഒരു നിവേദനം ഞങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അങ്ങ് ഈ വ്യവസായത്തിന്റെ പൊതുവായ മന്ത്രിയെന്ന നിലയിൽ വിവിധ വകുപ്പുകളുടെ ബഹുമാനപ്പെട്ട മന്ത്രിമാരെയും

ഉദ്യോഗസ്ഥന്മാരെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുചേർത്ത് പ്രസ്തുത വിഷയങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യാൻ സമയം കണ്ടെത്തുമോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഇക്കാര്യങ്ങൾ ആലോചിച്ച് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയും ബന്ധപ്പെട്ടവരെ വിളിച്ചുചേർത്ത് ഇത്തരത്തിലൊരു അടിയന്തര യോഗം വിളിക്കണമെന്ന അഭ്യർത്ഥിക്കുന്നതുമാണ്.

(ശ്രീമതി കെ. കെ. രമ)

P 21.03.2025-TB - PR(I)-10.10 - 10.20

## വടകര റോട്ടറി സ്കൂൾ ഫോർ ഹിയറിംഗ് ഇംപയേർഡിൽ ഹൈസ്കൂൾ അനുവദിക്കേണ്ടതിന്റെയും ഭിന്നശേഷിക്കാർക്കുള്ള സ്കൂളുകളിൽ മികച്ച സൗകര്യങ്ങൾ ഉറപ്പാക്കേണ്ടതിന്റെയും ആവശ്യകത

ശ്രീമതി കെ. കെ. രമ: സർ, വടകര, കുറ്റ്യാടി, നാദാപുരം, കൊയിലാണ്ടി നിയോജകമണ്ഡലങ്ങളിലെ ശ്രവണ പരിമിതിയുള്ള വിദ്യാർത്ഥികൾക്കായി എയ്ഡഡ് മേഖലയിൽ നിലവിലുള്ള ഏക വിദ്യാലയമായ വടകര റോട്ടറി ക്ലബ് നടത്തുന്ന റോട്ടറി സ്കൂൾ ഫോർ ഹിയറിംഗ് ഇംപയേർഡ് വടകരയിൽ ഹൈസ്കൂൾ ക്ലാസ്സുകൾ

അടിയന്തരമായി അനുവദിക്കേണ്ടതിന്റെയും ഭിന്നശേഷിക്കാരെ മുൻനിരയിലേയ്ക്ക് നയിക്കുന്നതിനാവശ്യമായ പരിശീലനം നൽകുന്നതിനും, സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഇന്ന് മാർച്ച് 21, ലോക ഡൗൺ സിന്ഡ്രോം ദിനം. ഈ രോഗത്തെക്കുറിച്ചുള്ള അപബോധം വളർത്തിയെടുക്കുകയെന്നതാണ് ഈ ദിവസത്തിന്റെ ലക്ഷ്യം. ഇതിൽ കൂടുതലും ജനിതകവൈകല്യ രോഗങ്ങളാണ്. 90 ശതമാനം രോഗങ്ങളും ഗർഭാവസ്ഥയിൽ കണ്ടിപിടിക്കാൻ സാധിക്കുമെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ഈ ദിനത്തിൽ ഇന്നത്തെ പ്രമേയം പിന്തുണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയെന്നതാണ്. ഈ ദിവസത്തെ ശ്രദ്ധ ക്ഷണിക്കലിന് വലിയ പ്രാധാന്യമുണ്ട്. ശ്രവണ പരിമിതിയുള്ള കുട്ടികൾക്കായി നിസ്വാർത്ഥ സേവനം പ്രധാനം ചെയ്യുന്ന ഈ സ്ഥാപനം 1993-ലാണ് സ്ഥാപിക്കപ്പെട്ടത്. 2012-ലാണ് സർക്കാർ ഈ സ്ഥാപനത്തിന് എയിഡഡ് പദവി നൽകിയത്. ആദ്യം ഇവിടെ പ്രീപ്രൈമറി മുതൽ 10-ാം ക്ലാസ് വരെ പഠന സൗകര്യമുണ്ടായിരുന്നു. പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കിയതോടെ ഇവിടുത്തെ അധ്യയനം ഏഴാം ക്ലാസ് വരെയായി ചുരുങ്ങുകയായിരുന്നു. നിലവിൽ 43 വിദ്യാർഥികളുള്ള ഈ സ്കൂളുകളിൽ ഏഴാം ക്ലാസ് പഠിച്ചിറങ്ങുന്ന വിദ്യാർഥികൾക്ക് കോഴിക്കോട്, കണ്ണൂർ

എന്നിവിടങ്ങളിലെ സ്കൂളുകളിൽ പോയി അവിടത്തെ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുക മാത്രമേ മാർഗ്ഗമുള്ളൂ. മണിക്കൂറുകൾ യാത്ര ചെയ്ത് വീടുവിട്ട് ഹോസ്റ്റലിൽ താമസിക്കുന്നത് രക്ഷിതാക്കൾക്കും വിദ്യാർഥികൾക്കും മാനസികവും ശാരീരികവും സാമ്പത്തികവുമായി വലിയ ബുദ്ധിമുട്ടുകളാണ് ഉണ്ടാക്കുന്നത്. അതുകൊണ്ട്, ഏഴാം ക്ലാസ് പഠനം കഴിഞ്ഞ് പലരും പഠനം ഉപേക്ഷിക്കുകയാണ്. മികച്ച വിദ്യാർഥികളാണ് ഈ വിദ്യാലയങ്ങളിലൊക്കെയുള്ളത്. 2015-ലെ കേരള ഭിന്നശേഷി സെൻസസ് പ്രകാരം സംസ്ഥാനത്തെ ഭിന്നശേഷി ജനസംഖ്യ എട്ട് ലക്ഷത്തോളമാണ്. ഇത് സംസ്ഥാനത്തെ ജനസംഖ്യയുടെ 2.32 ശതമാനമാണ്. ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണനയും പരിശീലനവും നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കെത്തിക്കേണ്ടത് നമ്മുടെ കടമയാണ്. Rights of Persons with Disabilities Act 2016, ഭിന്നശേഷിക്കാരുടെ അവകാശ ലംഘനം രണ്ട് വർഷം വരെ തടവും അഞ്ച് ലക്ഷം രൂപ വരെ പിഴയും ലഭിക്കുന്ന കുറ്റമാണ്. കൂടാതെ, ആറിനും 18-നും ഇടയിൽ പ്രായമുള്ള ഭിന്നശേഷിക്കാർക്ക് ഏറ്റവും അടുത്തുള്ള സ്കൂളിൽ സൗജന്യ വിദ്യാഭ്യാസത്തിനും അവകാശമുണ്ട്. ഭരണഘടനയുടെയും നിമങ്ങളുടെയുമൊക്കെ പിൻബലമുണ്ടായിരുന്നിട്ടും ഭിന്നശേഷിക്കാരെ

മുൻനിരയിലേയ്ക്കെത്തിക്കാൻ സാധിക്കുന്നില്ല. സ്പെഷ്യലിസ്റ്റ് അധ്യാപകരും ആധുനിക സങ്കേതങ്ങളും മനശാസ്ത്രപരമായ ഇടപെടലുകളും ശാസ്ത്രീയമായ സമീപനങ്ങളും കൂട്ടിയിണക്കിക്കൊണ്ടുള്ള ഒരു സമഗ്ര പരിശീലനത്തിലൂടെ മാത്രമേ ഇവരെ മുൻനിരയിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. ഭിന്നശേഷിക്കാർക്കുവേണ്ടി പ്രത്യേകം ശാസ്ത്രീമായി തയ്യാറാക്കിയ പാഠപുസ്തകങ്ങൾ ആവശ്യമാണ്. കഴക്കൂട്ടത്ത് ശ്രീ. ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 'ഡിഫറൻറ് ആർട്ട് സെന്റർ'-റിന്റെ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് നമുക്ക് കാണാൻ സാധിക്കുന്നതാണ്.

(തുടരും ......)

പി-20-03-2025-ആർ.ആർ.-പി.ആർ.-1-10.20-10.30

(ശ്രീമതി കെ. കെ. രമ തുടർച്ച)

ഇതിന്റെയൊക്കെ തുടക്കമെന്ന നിലയിൽ സംസ്ഥാനത്തെ ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന സർക്കാർ എയ്ഡഡ്-സ്വകാര്യ സ്കൂളുകളിൽ മികച്ച സൗകര്യങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്. ചുരുങ്ങിയപക്ഷം പത്താം ക്ലാസ് വരെയെങ്കിലും വീടിനടുത്തുള്ള സ്കൂളുകളിൽ പഠനം നടത്താനുള്ള സൗകര്യം ഉറപ്പാക്കണം. ആവശ്യത്തിന് സ്പെഷ്യലിസ്റ്റ് അധ്യാപകരുടെയും മനശാസ്ത്രവിദഗ്ധരുടെയും പരിശീലനം സിദ്ധിച്ച

തെറാപിസ്റ്റുകളുടേയും സേവനം അത്യാവശ്യമാണ്. നിലവിൽ ഇവിടെ കായിക പരിശീലനത്തിന് അധ്യാപകരില്ല. ഭിന്നശേഷിക്കാർക്കുവേണ്ടി വിദഗ്ധ പരിശീലനം ലഭിച്ച കലാ-കായിക അധ്യാപകർ ഇവർക്ക് അത്യന്താപേക്ഷിതമാണ്. കുട്ടികൾക്ക് പരിശീലനം നൽകുന്നതിനായി സ്പീച്ച് ട്രെയിനർ, ഓഡിയോ മീറ്റർ, ആംപ്ലിഫയർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ഇവിടെ ലഭ്യമല്ല. മലയോര മേഖലയിലെ നാല് നിയോജകമണ്ഡലങ്ങളിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെ ആശാകേന്ദ്രമായ വടകരയിലെ ഈ വിദ്യാലയത്തിൽ ഹൈസ്കൂൾ ക്ലാസുകൾ അനുവദിക്കണമെന്ന് നേരത്തെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നതാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോടും ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. അതുപ്രകാരമുള്ള ഒരു കത്ത് (രസീത് നമ്പർ. ഇ. 6048726) ആയി സർക്കാരിന്റെ പരിഗണയിലുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് മികച്ച പരിശീലനം ലഭ്യമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി മേൽപ്പറഞ്ഞ ആവശ്യങ്ങൾകൂടി പരിഗണിച്ചുകൊണ്ട് വടകരയിലെ റോട്ടറി സ്കൂൾ ഫോർ ഹിയറിംഗ് ഇംപെയേർഡിൽ ഹൈസ്കൂൾ ക്ലാസുകൾ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുകയാണ്.

(ശ്രീ. ഒ. ആർ. കേളു)

പി. 20-03-2025-ആർ.ആർ. - പി.ആർ.-1-10.20 - 10.30

## വടകര റോട്ടറി സ്കൂൾ ഫോർ ഹിയറിംഗ് ഇംപെയേർഡിൽ ഹൈസ്കൂൾ അനുവദിക്കേണ്ടതിന്റെയും ഭിന്നശേഷിക്കാർക്കുള്ള സ്കൂളുകളിൽ മികച്ച സൗകര്യങ്ങൾ ഉറപ്പാക്കേണ്ടതിന്റെയും ആവശ്യകത

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, വടകര വിദ്യാഭ്യാസ ജില്ലയുടെ പരിധിയിൽ വരുന്ന എയ്ഡഡ് ബധിര വിദ്യാലയമാണ് വടകരയിലെ റോട്ടറി സ്കൂൾ ഫോർ ഹിയറിംഗ് ഇംപെയേർഡ്. 20-09-2012-ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് ടി വിദ്യാലയത്തിന് എയ്ഡഡ് പദവി ലഭിച്ചിട്ടുള്ളത്. പിന്നീട് 09-11-2015-ലെ സർക്കാർ ഉത്തരവുപ്രകാരം ടി വിദ്യാലയത്തിന് പ്രധാന അധ്യാപകൻ, 5 അസിസ്റ്റന്റ് ടീച്ചർമാർ, 1 ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകൾ അനുവദിക്കുകയുണ്ടായി. പുതുതായി അനുവദിക്കുന്ന തസ്തികകളിൽ പ്രസ്തുത സ്കൂളിൽ നിലവിൽ തുടരുന്ന യോഗ്യതയുള്ള അധ്യാപകരെ സംരക്ഷിച്ചതിനുശേഷം വരുന്ന ഒഴിവുകളിൽ സംരക്ഷിത അധ്യാപകരെയും കോമൺ പൂളിൽ നിന്ന് സ്പെഷ്യലിസ്റ്റ് അധ്യാപകരെയും മാത്രമെ നിയമിക്കാവൂ എന്ന നിബന്ധനയിലൂടെയാണ് പുതിയ തസ്തികകൾ

അനുവദിച്ചിരുന്നത്. പ്രസ്തുത വിഷയം സംബന്ധിച്ച് കേരളത്തിലെ പൊതുസ്ഥിതി കൂടിയാണ് ബഹുമാന്യയായ എം.എൽ.എ. ചൂണ്ടിക്കാണിച്ചത്. അത്തരം കാര്യങ്ങളിൽ കാലത്തിന് അനുസൃതമായ മാറ്റം വരുത്തേണ്ടത് ആവശ്യമായ ഒരു ഘടകമാണെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇപ്പോൾ ഇവിടെയില്ല. അദ്ദേഹം ഇക്കാര്യം ഗൗരവമായി പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഭിന്നശേഷിക്കാർക്കുവേണ്ടി ഇത്തരം സ്കൂളുകളിൽ ശാസ്ത്രീയമായ പാഠപുസ്തകങ്ങൾ തയ്യാറാക്കി പ്രത്യേക പാഠ്യപദ്ധതി ആവിഷ്കരിക്കാൻ സർക്കാർ ശ്രമിക്കുമോ; കാരണം ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് മറ്റ് കുട്ടികളോടൊപ്പം അവരുടെ പാഠപുസ്തകങ്ങൾ പഠിച്ച് മുന്നോട്ടുപോവുകയെന്ന് പ്രയാസമാണ്. അതുകൊണ്ടുതന്നെ പ്രത്യേക പാഠ്യപദ്ധതി ആവശ്യമാണ്. അത് നടപ്പാക്കാൻ സർക്കാർ ശ്രദ്ധിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഇതൊരു പ്രത്യേക വിഷയമായതുകൊണ്ടുതന്നെ കൂടുതൽ പഠനം ഇക്കാര്യത്തിൽ ആവശ്യമാണ്. വിശദമായി പരിശോധിച്ച് അക്കാര്യത്തിൽ തീരുമാനമെടുക്കാം.

(സബ്മിഷൻ)

പി. 20-03-2025-ആർ.ആർ. - പി.ആർ.-1-10.20 - 10.30

**സബ്മിഷൻ**

ആശാ പ്രവർത്തകരുടെ സമരം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ആശാ വർക്കർമാർ സെക്രട്ടേറിയറ്റിനുമുന്നിൽ നടത്തുന്ന സമരം 40-ാം ദിവസത്തിലേക്ക് കടക്കുകയാണ്. കഴിഞ്ഞ ദിവസമാണ് അവരത് നിരാഹാര സമരമാക്കി മാറ്റിയത്. മാത്രമല്ല, അനിശ്ചിതകാല നിരാഹാര സമരമാണ് അവർ അവിടെ നടത്തുന്നത്. അവർ നടത്തുന്ന സമരം ന്യായമായൊരു ആവശ്യത്തിന് വേണ്ടിയാണെന്ന കാര്യത്തിൽ നമുക്കാർക്കും സംശയമില്ല. ഇന്നലെ സൂചിപ്പിച്ചതുപോലെ, കേന്ദ്ര സർക്കാർ ഇൻസെന്റീവ് വർധിപ്പിക്കണമെന്നും സംസ്ഥാന സർക്കാർ ഓണറേറിയം വർധിപ്പിക്കണമെന്നുമാണ് ആവശ്യപ്പെട്ടിരുന്നത്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നേരിൽ കണ്ട് ഇക്കാര്യം ചർച്ച ചെയ്യുകയും സമരം ഒത്തുതീർപ്പാക്കണമെന്ന് അദ്ദേഹത്തോട് അഭ്യർഥിക്കുകയും ചെയ്തിരുന്നു. ഇതേത്തുടർന്ന് അദ്ദേഹം വളരെ പോസിറ്റീവായി പ്രതികരിക്കുകയും അന്നുതന്നെ ആരോഗ്യ വകുപ്പുമന്ത്രിയുടെയും NHM ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ സമരം ഒത്തുതീർപ്പാക്കുന്നതിനുള്ള ശ്രമം നടത്തുകയും ചെയ്തു.

ദൗർഭാഗ്യവശാൽ അത് പരാജയപ്പെട്ടു. ഭരണ നേതൃത്വത്തിലുള്ളവരും രാഷ്ട്രീയ പ്രവർത്തകരും ജനപ്രതിനിധികളും പൊതുപ്രവർത്തകരുമായ ഈ ആളുകൾ ഒരു ദിവസം കൊണ്ട് അവസാനിപ്പിക്കുന്ന ഒന്നല്ല ഇത്. തുടർച്ചയായി അത് ചർച്ച ചെയ്ത് അതിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കണമെന്നാണ് ഞങ്ങളുടെ അഭ്യർഥന. ഞങ്ങൾ ഇക്കാര്യത്തിൽ വളരെ പോസിറ്റീവായൊരു ഇടപെടലാണ് ആഗ്രഹിക്കുന്നത്. ടി പ്രശ്നത്തിന് ശാശ്വതമായൊരു പരിഹാരമുണ്ടാകണമെന്ന സദുദ്ദേശത്തോടുകൂടിയാണ് ഈ സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നത്. ഞങ്ങൾ നിയമസഭയിൽ ഇക്കാര്യത്തിനുവേണ്ടി ശക്തമായി ഇടപെടുമ്പോൾ പാർലമെന്റിലെ യു.ഡി.എഫ്. എം.പി.-മാർ പാർലമെന്റിന് അകത്തും പുറത്തും കേന്ദ്ര സർക്കാർ, ഇൻസെന്റീവ് വർധിപ്പിക്കണമെന്നാവശ്യപ്പെട്ട് തുടർച്ചയായ സമരം നടത്തുന്നുണ്ട്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഡൽഹിയിലേക്ക് പോയപ്പോൾ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയുമായികൂടി ചർച്ച ചെയ്യുമെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ ഇന്നലെ ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ കാണാൻ കഴിഞ്ഞില്ലെന്നുള്ള വാർത്ത കണ്ടു. എന്താണ് കാര്യമെന്ന് അറിയില്ല. Appointment എടുക്കാത്തതുകൊണ്ടാണ് കാണാൻ കഴിയാത്തതെന്നും

അതല്ല, appointment ചോദിച്ചിട്ടും കിട്ടിയില്ലെന്നുമുള്ള വാർത്തകൾ കേൾക്കുന്നു. ഞങ്ങൾക്ക് അതേക്കുറിച്ച് കൂടുതലായൊന്നും അറിയില്ല. എന്തായാലും കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി appointment നൽകിയില്ലെങ്കിൽ അത് ശരിയായ സമീപനമല്ലെന്ന് ഞങ്ങൾ പ്രതികരിക്കുകയുമുണ്ടായി. എന്നാൽ appointment എടുക്കാതെയാണ് പോയതെങ്കിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയാണ് അക്കാര്യത്തിൽ വിശദീകരണം നൽകേണ്ടത്. ഞാൻ അത്തരം വിവാദങ്ങളിലേക്കൊന്നും കടക്കുന്നില്ല. സർക്കാർ മുൻകൈയെടുത്ത് അടിയന്തരമായി ഈ പ്രശ്നം പരിഹരിക്കണം. കേന്ദ്ര സർക്കാരിൽ നിന്ന് ഇൻസെന്റീവ് വർധിപ്പിക്കാനുള്ള നടപടികൾക്കായി എം.പി.-മാർ ശ്രമിക്കുന്നുണ്ട്. ഗവൺമെന്റും അതിനുവേണ്ടി ശ്രമിക്കണം. ഒറ്റയടിക്ക് അവരുടെ എല്ലാ ഡിമാന്റുകളും അംഗീകരിക്കാൻ കഴിയില്ല. എങ്കിൽപ്പോലും ഇക്കാര്യത്തിൽ നമ്മളെക്കൊണ്ട് ചെയ്യാൻ കഴിയുന്ന തരത്തിലുള്ള നല്ല ഇടപെടൽ ഉണ്ടാകണമെന്നാണ് സർക്കാരിനോട് ആവശ്യപ്പെടുന്നത്.

(ശ്രീ. എം. ബി. രാജേഷ്)**12-ലാണ് സർക്കാർ ഈ സ്ഥാപനത്തിന് എയിഡഡ് പദവി നൽകിയത്. ആദ്യം ഇവിടെ പ്രീപ്രൈമറി മുതൽ 10-ാം ക്ലാസ് വരെ പഠന സൗകര്യമുണ്ടായിരുന്നു. പ്രൈവറ്റ് രജി**

പി-20-03-2025-ആർ.ആർ.-പി.ആർ.-1-10.20- 10.30

## ആശാ പ്രവർത്തകരുടെ സമരം

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സഭയിൽ സൂചിപ്പിച്ചതുപോലെ അദ്ദേഹം തന്നെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഇക്കാര്യം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടത്. മുഖ്യമന്ത്രി വളരെ പോസിറ്റീവായാണ് അതിനോട് പ്രതികരിച്ചതെന്നും അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സമരം ചെയ്യുന്നവരെ ചർച്ചയ്ക്ക് വിളിക്കുകയും ചെയ്തു. എന്നാൽ, ചർച്ചയിൽ ടി പ്രശ്നത്തിന് പരിഹാരമുണ്ടാകാതിരിക്കാനുള്ള കാരണം, സമര രംഗത്തുള്ളവരുടെ നിർബന്ധബുദ്ധിയും ശാഠ്യവുമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആഗ്രഹിച്ചതുപോലെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയാത്തതും അതുകൊണ്ടാണ്. അല്ലാതെ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള പിടിവാശിയല്ല. ഈ വിഷയവുമായി ചില വസ്തുതകൾ ഒരിക്കൽക്കൂടി ഇവിടെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സർക്കാരിന് ആശാവർക്കർമാരുടെ പ്രശ്നങ്ങളോട്

എല്ലാ കാലത്തും അനുഭാവമാണുള്ളതെന്ന് മാത്രമല്ല, അതേ നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും തെളിയിക്കുന്ന വസ്തുതകൾ നമുക്ക് മുന്നിലുണ്ട്. ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ ആശാവർക്കർമാർക്ക് നൽകിയിരുന്ന ഓണറേറിയം, 2015-16 കാലഘട്ടത്തിൽ 1000 രൂപയായിരുന്നു. എല്ലാ അംഗങ്ങളും ഇക്കാര്യങ്ങൾ ക്ഷമയോടെ കേൾക്കണം. ഞാൻ തർക്കിക്കുന്നതല്ല. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വിഷയം ഉന്നയിച്ച അതേ സ്പിരിറ്റിലാണ്, ഗവൺമെന്റിനുവേണ്ടി ഞാൻ മറുപടി പറയുന്നത്. വസ്തുത വ്യക്തമാക്കണമല്ലോ; 2016-17-ലെ ഓണറേറിയം 1,500 രൂപ, 2017-18-ൽ 2,000 രൂപ, 2018-19-ൽ 4,000 രൂപ, 2019-20-ൽ 4,500 രൂപ, 2020-21-ൽ 5,000 രൂപ, 2021-22-ൽ 6,000 രൂപയും 2023 ഡിസംബറിൽ 7,000 രൂപയായും ഇത് വർധിപ്പിച്ചു. നിലവിൽ 7,000 രൂപയാണ് സംസ്ഥാന സർക്കാർ ഓണറേറിയം നൽകുന്നത്. പ്രസ്തുത ചോദ്യത്തിന് കഴിഞ്ഞ ദിവസം പാർലമെന്റിൽ നൽകിയൊരു മറുപടി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എങ്ങനെയെല്ലാമാണ് വസ്തുതകളെ തമസ്കരിക്കുന്നതെന്ന് ഇതിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. 11-03-2025-ലെ ഒരു ചോദ്യത്തിന് രാജ്യസഭയിൽ നൽകിയ

മറുപടിയാണിത്. സംസ്ഥാനങ്ങൾ നൽകുന്ന ഇൻസെന്റീവിനെക്കുറിച്ചാണ് ചൂണ്ടിക്കാണിക്കുന്നത്. 'Kerala, Rs. 6,000 per month as ASHA honorarium from state government fund'. ആശാ വർക്കർമാർക്ക് 7,000 രൂപ ഓണറേറിയം അനുവദിക്കുന്നുവെന്നതിൽ സമരം ചെയ്യുന്നവർക്കും നമുക്കെല്ലാവർക്കും അറിയുന്നതും യാതൊരു തർക്കവുമില്ലാത്ത കാര്യമാണ്. കേന്ദ്രസർക്കാർ പാർലമെന്റിൽ നൽകിയിട്ടുള്ള മറുപടി 6,000 രൂപ എന്നാണ്. ഇവിടെ ഈ സമരം നടക്കുമ്പോൾ കൊടുത്തിട്ടുള്ള മറുപടിയാണിത്. ഇതെന്താണ് ചൂണ്ടിക്കാണിക്കുന്നത്? പാർലമെന്റിൽ ഒരു ചോദ്യം വന്നാൽ സാധാരണഗതിയിൽ സംസ്ഥാനത്തോട് വിവരം ശേഖരിച്ചതിനുശേഷമാണ് മറുപടി നൽകുന്നത്. ഇക്കാര്യത്തിന്മേൽ ഇവിടെ നിന്ന് യാതൊരു വിവരവും ശേഖരിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഇതെല്ലാം രാഷ്ട്രീയ ലക്ഷ്യത്തോടുകൂടിയാണെന്നല്ലേ സംശയിക്കേണ്ടത്. ഓണറേറിയമായി 7,000 രൂപ കൊടുക്കുന്നുവെന്ന കാര്യത്തിൽ ആർക്കും യാതൊരു തർക്കമില്ല. എന്നാൽ പാർലമെന്റിൽ നിന്ന് നൽകുന്ന മറുപടിയിൽ 6,000 രൂപയെന്ന് എഴുതി നൽകിയിരിക്കുകയാണ്. മറ്റൊരു പ്രചരണത്തിന്റെ വസ്തുതകൂടി ഇതിൽ നിന്ന് വ്യക്തമാകുന്നുണ്ട്. നമ്മുടെ മാധ്യമങ്ങൾ നടത്തിയ പ്രചരണമാണത്.

(ശ്രീ. എം. ബി. രാജേഷ് തുടരും)

P 21-03-2025
NR/FM (1)
10.30-10.40 (SV)

(ശ്രീ. എം. ബി. രാജേഷ് തുടർച്ച...)

Sikkim: monthly fixed honorarium of Rs.6,000 disburse from State Fund. ഒരു ഭാഗത്ത് സിക്കിമിൽ 10,000 രൂപയെന്ന് മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നു. അത് 6,000 രൂപയെന്ന് മറുപടിയിൽ പറയുന്നു. കേരളത്തിൽ 7,000 രൂപ നൽകുന്നത് 6,000 രൂപ എന്ന് ഈ മറുപടിയിൽ തെറ്റായി കാണിച്ചിരിക്കുന്നു. നമ്മുടെ എം.പി.-മാർക്ക്, പ്രത്യേകിച്ച് രാജ്യസഭയിലുള്ള എം.പി.-മാർക്ക് ഇക്കാര്യത്തിൽ അവകാശ ലംഘനത്തിന് നോട്ടീസ് കൊടുക്കാവുന്നതാണെന്നാണ് ഞാൻ വിചാരിക്കുന്നത്. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ദീർഘകാല എം.പി.-യായിരുന്ന വ്യക്തിയാണ്. അദ്ദേഹത്തിന് അക്കാര്യത്തിൽ കൂടുതൽ പറയാൻ കഴിയുമായിരിക്കുമെന്ന് തോന്നുന്നു. കാരണം സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ചോദ്യം ആരുടേതാണ്?

ശ്രീ. എം. ബി. രാജേഷ്: സർ, ചോദ്യം അഡ്വ. ഹാരിസ് ബീരാൻ എം. പി.-യുടെതാണ്. അദ്ദേഹത്തിനുതന്നെ അവകാശലംഘനത്തിന് നോട്ടീസ് നൽകാവുന്നതാണ്. കാരണം അദ്ദേഹത്തിന്റെ അവകാശത്തെയും സഭയുടെ അവകാശത്തെയുമെല്ലാം തെറ്റിദ്ധരിപ്പിച്ച് ജനങ്ങളെ മുഴുവൻ വഞ്ചിച്ചിരിക്കുകയല്ലേ? രണ്ടാമത്തെ കാര്യം 10,000 രൂപയാണ്; assured income ആയി, വേതനമെന്ന് പറയാൻ കഴിയില്ല ഓണറേറിയമാണ്. അത് 7,000 രൂപ കേരളം കൊടുക്കുകയാണ്. ബാക്കി 3,000 രൂപ fixed incentive ആണ്. ആ മൂവായിരം രൂപയിൽ 60:40 എന്ന അനുപാതത്തിലാണ് നൽകുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. 1800 രൂപ കേന്ദ്രസർക്കാരും 1200 രൂപ സംസ്ഥാന സർക്കാരുമാണ് നൽകുന്നത്. ഫലത്തിൽ ഉറപ്പായിക്കിട്ടുന്ന 10,000 രൂപയിൽ 8200 രൂപയും സ്റ്റേറ്റാണ് നൽകുന്നത്, 1800 രൂപ മാത്രമാണ് കേന്ദ്രം നൽകുന്നത്. ന്യായമായിട്ടും സമരത്തിൽ ഉന്നയിക്കേണ്ട ഒന്നാമത്തെ ആവശ്യമെന്താണ്? 10000 രൂപ ഇപ്പോൾ ഉറപ്പ് കിട്ടുന്നു, പിന്നെ 3,200 രൂപ performance based incentive ഉണ്ട്. അതുകൂടി ചേർക്കുമ്പോൾ 13,200 രൂപ വരും. 10000 രൂപ സുനിശ്ചിതമായിട്ടും കിട്ടുന്ന തുകയാണ്. അതിൽ 8200 രൂപയും കൊടുക്കുന്നത് സംസ്ഥാനമാണ്. എന്നിട്ടും സമരം നടത്തുന്നത്

സംസ്ഥാനത്തിനെതിരെയാണ്. കേന്ദ്ര ഗവൺമെന്റ് നൽകുന്ന 1800 രൂപ പോലും മാസങ്ങളായി കുടിശ്ശികയാണ്. ഈ തുച്ഛമായ കുടിശ്ശിക പോലും ഇതുവരെ കിട്ടിയിട്ടില്ല. എന്നിട്ടും സംസ്ഥാനം കൊടുക്കുകയാണ്. അപ്പോൾ ന്യായമായും ഈ സമരം ആർക്കെതിരെയാണ് നടത്തേണ്ടത്; പക്ഷേ വന്നിട്ടുള്ളത് എങ്ങനെയാണ്? ഈ സമരത്തിന് ഒരു പ്രശ്നം കൂടിയുണ്ട്. അങ്ങയുടെ ട്രേഡ് യൂണിയൻ INTUC, മുസ്ലീംലീഗുമായി ബന്ധപ്പെട്ട ട്രേഡ് യൂണിയൻ SDU, CITU, AITUC ഉൾപ്പെടെ ഒരൊറ്റ കേന്ദ്ര ട്രേഡ് യൂണിയൻപോലും ഈ സമരത്തിൽ ഒപ്പമില്ല. എന്തുകൊണ്ടാണ്; അവരെല്ലാം തൊഴിലാളി വിരുദ്ധരായതുകൊണ്ടാണോ; എന്തുകൊണ്ടാണ് ഒരു കേന്ദ്ര ട്രേഡ് യൂണിയനും ഈ സമരത്തെ അംഗീകരിക്കാത്തത്? കാരണം വളരെ വ്യക്തമാണ്. ട്രേഡ് യൂണിയനുകളുടെ നിലപാട് ന്യായമാണ്. എല്ലാ ട്രേഡ് യൂണിയനുകളുടെയും നിലപാടാണത്. INTUC State President and President of All Kerala Pradesh ASHA Workers Congress, R. Chandrasekharan, has said that the top Congress leaders should have contacted the INTUC before declaring solidarity with the agitators. അത് വേറെ വിഷയം, അത് എന്തുകൊണ്ടാണെന്ന് അദ്ദേഹം പറയുന്നുണ്ട്, " INTUC and ASHA workers' organisation have been

demanding that these workers should be accepted as labourers/employees and not as health volunteers." അതാണ് ഇതിന്റെ അടിസ്ഥാന പ്രശ്നം. ഇവരെ ഹെൽത്ത് വർക്കേഴ്സ് ആയിട്ട്, ജീവനക്കാരായിട്ട് അംഗീകരിക്കണമെന്നതാണ് എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും ഉന്നയിക്കുന്ന ആവശ്യം, വോളണ്ടിയേഴ്സ് ആയിട്ട് അംഗീകരിക്കണമെന്നുള്ളതല്ല. കേന്ദ്ര സർക്കാരിന്റെ guideline-ൽ പറയുന്നതെന്താണെന്ന് അറിയാമോ? കേന്ദ്ര സർക്കാരിന്റെ guideline-ൽ പറയുന്നത് State Governments may modify these guidelines except that no change may be made done in the basic criteria of ASHA being a woman volunteer .......... എന്നാണ്. ഒരു സ്ത്രീ വോളണ്ടിയറെന്ന കാര്യത്തിൽ മാത്രം സ്റ്റേറ്റ് ഗവൺമെന്റിന് മാറ്റം വരുത്താൻ കഴിയില്ല. ബാക്കിയെല്ലാം സ്റ്റേറ്റിന് മാറ്റാം, എന്താണ് കാരണം? പണം കൊടുക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കാൻ കഴിയില്ലെന്നതാണ്. ഇവരെ വോളണ്ടിയറല്ലാതെ ജീവനക്കാരായി മാറ്റിയാലോ? ഇവർക്ക് ശമ്പളം കൊടുക്കേണ്ടിവരും, മിനിമം വേജ് ഉറപ്പാക്കേണ്ടി വരും, പെൻഷൻ നൽകേണ്ടിവരും, ESI, PF ഉൾപ്പെടെയുള്ളവ അനുവദിക്കേണ്ടിവരും, Gratuity അനുവദിക്കേണ്ടിവരും. സാധാരണ ഒരു

ജീവനക്കാരന്/തൊഴിലാളിക്കുള്ള എല്ലാ അവകാശവും കിട്ടും. അത് കിട്ടില്ലെന്ന് ഉറപ്പാക്കാൻവേണ്ടി guideline-ൽ മാറ്റം വരുത്തരുതെന്ന് കേന്ദ്രം എഴുതിവച്ചിരിക്കുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അപ്പോയ്ൻമെന്റിന്റെ കാര്യം പറഞ്ഞു. ഞാൻ മനസ്സിലാക്കിയത് 18-ാം തീയതി തന്നെ അപ്പോയ്ൻമെന്റ് ചോദിച്ചിരുന്നുവെന്നാണ്. പക്ഷേ കിട്ടിയില്ല. ഇന്നലെ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി ഒരു കത്ത് കൊടുത്തു, ആ കത്തിലും reiterate ചെയ്തിട്ടുള്ള കാര്യം "However the guidelines for Accredited Social Health Activist (ASHA) issued by Ministry of Health and Family Welfare recognises ASHA as women volunteer only even when over the years their responsibilities have increased manifold considering their significant contributions to health of our population and the time they are expected to put into the work. I request you to reconsider this provision and re-categorise ASHA as health workers." ഇതാണ് സംസ്ഥാനത്തിന്റെ ആവശ്യം. കേന്ദ്ര ട്രേഡ് യൂണിയനുകളായ INTUC, SDU, CITU, AITUC ഉൾപ്പെടെയുള്ള എല്ലാ യൂണിയനുകളും ഉന്നയിക്കുന്ന ആവശ്യത്തിനൊപ്പമാണ് കേരള സർക്കാർ നിൽക്കുന്നത്. ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി ഇന്നലെയും ആവശ്യപ്പെട്ട

കാര്യം അതാണ്. ഇവരെ ഹെൽത്ത് വർക്കേഴ്സായിട്ട് അംഗീകരിക്കണം. വളരെ പ്രധാനപ്പെട്ട ഒരു കാര്യം കൂടി, എന്തൊരു വഞ്ചനയാണ് കേന്ദ്ര സർക്കാർ ഇവരോട് കാണിച്ചിട്ടുള്ളത്? 2013-ലെ Indian Labour Conference-ൽ unanimous-ആയി ശിപാർശ ചെയ്തത് ഇവരെ ഹെൽത്ത് വർക്കേഴ്സായി അംഗീകരിക്കണമെന്നാണ്, എന്നുപറഞ്ഞാൽ ഈ ആനുകൂല്യങ്ങളൊക്കെ കിട്ടും; വോളണ്ടിയേഴ്സായിട്ടല്ല. മോദി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അങ്ങേയ്ക്ക് അറിയാവുന്നതുപോലെ 2015-ൽ ഒറ്റത്തവണയാണ് Indian Labour Conference നടന്നിട്ടുള്ളത്. അതോടുകൂടി അതിന്റെ കഥ കഴിഞ്ഞു, പിന്നെ നടന്നിട്ടില്ല. 2015-ൽ വീണ്ടും ഏകകണ്ഠമായ ശിപാർശയാണ്. എന്താണ് ഹെൽത്ത് വർക്കേഴ്സായിട്ട് അംഗീകരിക്കണം. ബഹുമാനപ്പെട്ട ഗുജറാത്ത് ഹൈക്കോടതിയുടെ വിധിയുണ്ട്; സ്കീം വർക്കേഴ്സായ അങ്കണവാടി ജീവനക്കാരെ ജീവനക്കാരായിട്ട് അംഗീകരിക്കണം. 2022-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുണ്ട്. ഏപ്രിലിൽ ഇവർക്ക് ഗ്രാറ്റുവിറ്റി കൊടുക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയാണ് പറഞ്ഞിട്ടുള്ളത്. ആർക്കാണ് ഗ്രാറ്റുവിറ്റിയുള്ളത്, ജീവനക്കാരായിട്ട് അംഗീകരിക്കപ്പെട്ടവർക്കാണ്. ബി.ജെ.പി.-യും കോൺഗ്രസ്സും ഭരിക്കുന്ന സംസ്ഥാനങ്ങളുൾപ്പെടെ എല്ലാ

സംസ്ഥാനങ്ങളും നിരന്തരമായി കേന്ദ്രത്തോട് ഇൻസെന്റീവ് കൂട്ടണമെന്ന് ആവശ്യപ്പെടുന്നുണ്ട്. പക്ഷേ ഇന്നേവരെ കേന്ദ്ര സർക്കാർ കൂട്ടിയിട്ടില്ലെന്ന് മാത്രമല്ല, ശ്രീ. ജഗത് പ്രകാശ് നദ്ദ കഴിഞ്ഞ ദിവസവും ഇൻസെന്റീവ് കൂട്ടുന്നതിനെക്കുറിച്ച് ഒരുറപ്പും നൽകാൻ തയ്യാറായിട്ടില്ലെന്ന കാര്യവും അങ്ങേയ്ക്ക് അറിയാവുന്നതാണ്. പത്രങ്ങളിലെല്ലാം വന്ന വാർത്തയാണിത്. ആദ്യം കൂട്ടുമെന്ന് പറഞ്ഞു. പിന്നെ പറഞ്ഞു ഇപ്പോൾ കൂട്ടേണ്ട കാര്യമില്ല, പിന്നീട് ഭാവിയിൽ ആലോചിക്കാം എന്ന് പറഞ്ഞു. ഒരു കമ്മിറ്റ്മെന്റും നൽകാൻ കേന്ദ്രം തയാറല്ല. കൊടുക്കുന്നത് 1800 രൂപയാണ്. ആ തുകയിൽനിന്നും ഒരു രൂപ പോലും വർധിപ്പിക്കാൻ തയാറാകാത്ത കേന്ദ്രത്തിനെതിരെ ഒരു പ്രതിഷേധവും ഈ സമരത്തിലില്ല എന്നതുതന്നെ നിങ്ങൾകൂടി ആലോചിക്കേണ്ട വിഷയമാണ്. അതുകൊണ്ടുകൂടിയല്ലേ നിങ്ങളുടേതും നമ്മുടേതുമുൾപ്പെടെയുള്ള എല്ലാ യൂണിയനുകളും കേന്ദ്ര യൂണിയനുകൾ ഉൾപ്പെടെ ഇതിനൊപ്പം നിൽക്കാത്തത്. ഇന്നൊരു പത്രവാർത്ത കണ്ടു, 'പാർട്ട് ടൈമെന്ന് സംസ്ഥാനം പറയുന്നു പക്ഷേ ഫുൾ ടൈം എന്നുമായിട്ട് സമരക്കാർ' . ടി വിഷയം ചർച്ച ചെയ്ത് പരിഹരിച്ച കാര്യമാണ്. 12-03-2025-ൽ സർക്കാർ ഉത്തരവ് ഇറക്കി. എന്താണ്? നേരത്തെ ഈ ഓണറേറിയം കിട്ടണമെങ്കിൽ ആശാവർക്കർമാർ

പത്തുമാനദണ്ഡങ്ങളിൽ അഞ്ചെണ്ണം പൂർത്തീകരിക്കണമായിരുന്നു. പത്തെണ്ണത്തിൽ അഞ്ചെണ്ണം പാലിച്ചാലേ ഓണറേറിയം ലഭിക്കുകയുള്ളൂ. 12-03-2025 മുതൽ ഉപാധിരഹിത ഓണറേറിയമാക്കി മാറ്റി. ഈ സമരക്കാരുടെ ആവശ്യങ്ങളിൽ ഒന്ന് അതായിരുന്നു. സംസ്ഥാന സർക്കാരിന് പരിഗണിക്കാൻ പറ്റുന്ന ഒരു ആവശ്യമായിരുന്നു. അത് അംഗീകരിച്ചു. ഇപ്പോൾ ഇവർ ഈ പറയുന്ന പത്തുമാനദണ്ഡങ്ങളിൽ ഒന്നും പാലിക്കണമെന്ന വ്യവസ്ഥയില്ല. ഉപാധിരഹിതമായിട്ടുള്ള ഓണറേറിയമാക്കി. അത് പരിഹരിച്ചശേഷവും ആവർത്തിക്കുകയാണ്. സമരം എങ്ങനെയെങ്കിലും നീട്ടിക്കൊണ്ടുപോകുകയെന്നതാണ് സമരത്തിന് പിന്നിലുള്ളവരുടെ ഉദ്ദേശ്യമെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ 12-03-2025-ൽ പരിഹരിച്ച പ്രശ്നം എങ്ങനെയാണ് ഇപ്പോൾ വീണ്ടും ഉന്നയിക്കുന്നത്? .....(ബഹളം) ... അല്ല, എന്റെ കൈയിൽ രേഖയുണ്ട്. ഞാൻ വസ്തുതയല്ലാത്തൊരു കാര്യവും ഇവിടെ പറഞ്ഞിട്ടില്ല.

<u>മി. സ്പീക്കർ</u>: അദ്ദേഹം സമരക്കാരെ അപമാനിക്കുന്നുവെന്ന് പറഞ്ഞോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, എന്റെ കൈയ്യിൽ 12-03-2025-ന്റെ സർക്കാർ ഉത്തരവുണ്ട്. ഞാൻ വായിക്കാം. അവരെ അപമാനിക്കാൻ കള്ളം പറയുകയാണോ?

മി. സ്പീക്കർ: അതല്ല അദ്ദേഹം പറഞ്ഞത്, മിനിസ്റ്ററെക്കുറിച്ചല്ലല്ലോ പറഞ്ഞത്?

ശ്രീ. എം. ബി. രാജേഷ്: സർ, ശരി, ഞാൻ തെറ്റിദ്ധരിച്ചതാണ്. ഇത് 12-03-2025-ലെ സർക്കാർ ഉത്തരവാണ്. 10 മാനദണ്ഡങ്ങളിൽ 5 എണ്ണം പൂർത്തീകരിച്ചാൽ ഓണറേറിയമായ 7000 രൂപ ലഭിച്ചിരുന്നു. എന്നാൽ ഇനി മുതൽ ഈ തുക ആശാവർക്കർമാർക്ക് ഓണറേറിയമായി അനുവദിക്കുന്നതിന് മേൽപ്പറഞ്ഞപ്രകാരം നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുന്നു. എന്തിനാണ് ഈ സമരം ഇനിയും തുടരുന്നത്? സംസ്ഥാന സർക്കാർ ഇവരോട് എല്ലാ കാലത്തും അനുഭാവപൂർണ്ണമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ പ്രശ്നം ഉന്നയിച്ചപ്പോൾ ആ അനുഭാവപൂർണ്ണമായ നിലപാടുള്ളതുകൊണ്ടാണ് അടിയന്തരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടത്, ചർച്ചചെയ്ത് പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചത്. പക്ഷെ നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ സമരരംഗത്തുള്ളവരെ നയിക്കുന്ന ചിലർക്ക് ഈ സമരത്തിൽ ഇവരുടെ ആവശ്യം നിറവേറ്റുക എന്നതല്ല ലക്ഷ്യം. അങ്ങനെയാണെങ്കിൽ യഥാർഥ ആവശ്യമായിട്ടുള്ള, ഹെൽത്ത് വർക്കേഴ്സ് ആയി അംഗീകരിക്കണമെന്ന

ആവശ്യത്തിനെതിരായി കേന്ദ്ര സർക്കാരിനെ സഹായിക്കുന്ന സമരമാണിത്. കേന്ദ്ര സർക്കാരിനെ സഹായിക്കുകയാണ്. സംസ്ഥാനം ഓണറേറിയം കൂട്ടിത്തരണമെന്ന് മാത്രമേ പറയുന്നുള്ളൂ. ഞങ്ങളെ ഹെൽത്ത് വർക്കേഴ്സായി അംഗീകരിക്കണം, ജീവനക്കാരായി അംഗീകരിക്കണം, ഞങ്ങൾക്ക് മറ്റെല്ലാ ആനുകൂല്യങ്ങളും ലഭിക്കണമെന്ന ആവശ്യത്തിന്റെ കടയ്ക്കൽ കത്തി വച്ചതുകൊണ്ടാണ് കേന്ദ്രത്തെ സഹായിക്കുന്ന ഈ സമരത്തിനൊപ്പം ഒരു ട്രേഡ് യൂണിയനുകളും നിൽക്കാത്തത്. അതുകൊണ്ടാണ് ഇന്നലെ സമരത്തിൽ പങ്കെടുത്തവരുടെ എണ്ണം 26000 പേരിൽ വെറും 354 പേർ മാത്രമായി ചുരുങ്ങിയത്. 1.3 ശതമാനം പേർ മാത്രമാണ് പങ്കെടുത്തത്. രാഷ്ട്രീയ ലക്ഷ്യത്തോടുകൂടിയുള്ള ഒരു സമരത്തിൽ നമ്മൾ ആര് ശ്രമിച്ചാലും  പരിഹാരം കണ്ടെത്താൻ കഴിയില്ല. ലക്ഷ്യം രാഷ്ട്രീയമല്ല, ന്യായമായ ആവശ്യങ്ങളാണെങ്കിൽ, ചർച്ച ചെയ്യാവുന്നത്. സർക്കാരിന്റെ പിടിവാശിയല്ല. സമരക്കാരുടെ പിടിവാശിയാണ്. സമരക്കാർ രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള പിടിവാശി ഉപേക്ഷിച്ചാൽ ഈ സമരം പരിഹരിക്കാവുന്നതേയുള്ളൂ.

(ശ്രീ. വി. ഡി. സതീശൻ)

P 21-03-2025
HS/FM
10.40-10.50 (SV)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, തർക്കിക്കുന്നതിന് വേണ്ടിയല്ല, അക്കാര്യം മെൻഷൻ ചെയ്യാനാണ്. ബഹുമാനപ്പെട്ട മന്ത്രി, ഞാൻ വളരെ പോസിറ്റീവായിട്ടുള്ള റിക്വസ്റ്റാണ് വച്ചത്.

മി. സ്പീക്കർ: അദ്ദേഹം പോസിറ്റീവായിട്ടാണ് മറുപടി പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, അദ്ദേഹം പോസിറ്റീവായിട്ടല്ല മറുപടി പറഞ്ഞത്. അദ്ദേഹം ഈ സമരത്തെ പൂർണ്ണമായി തള്ളിപ്പറയുകയാണ് ചെയ്തത്. നേരത്തെ മന്ത്രിമാർ സ്വീകരിച്ച നിലപാട് അദ്ദേഹം കുറച്ചുകൂടി ഭാഷ മാറ്റി പറയുകയാണ് ചെയ്തത്. അദ്ദേഹം പറഞ്ഞ ഒറ്റക്കാര്യം പറയാം. അത്, മറ്റ് സംസ്ഥാനങ്ങളുമായി ഇത് താരതമ്യപ്പെടുത്തരുതെന്നതാണ്. കാരണം, ഇന്ത്യയിലെ ഒരു സംസ്ഥാനത്തെയും ആശാപ്രവർത്തകർക്ക് കേരളത്തിലെ ആശാപ്രവർത്തകർ ചെയ്യുന്ന ജോലിയുടെ അത്രയും ജോലി ഭാരമില്ല. ....(ബഹളം)....

മി. സ്പീക്കർ: അത് പറഞ്ഞതാണ്. അങ്ങേയ്ക്ക് അറിയാം, സബ്മിഷനിൽ സാധാരണ .....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ വാക്കൗട്ട് പ്രസംഗം

നടത്തുകയാണ്.

മി. സ്പീക്കർ: അങ്ങ് പറഞ്ഞോളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, രണ്ടാമതായി അദ്ദേഹം പറഞ്ഞത് ട്രേഡ് യൂണിയനുകൾ ഈ സമരത്തിന് എതിരാണെന്നും ട്രേഡ് യൂണിയനുകൾ സമരത്തോടൊപ്പം ഇല്ലെന്നുമാണ്. വേറെ യൂണിയനാണ് ഈ സമരം നടത്തുന്നതെന്നാണ്. ഞങ്ങളുടെ ഐ.എൻ.ടി.യു.സി. യൂണിയൻ എല്ലാ ജില്ലകളിലും ഇതേ ആവശ്യം ഉന്നയിച്ച് സമരം നടത്തിയിട്ടുണ്ട്. (.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ് ....പ്ലീസ്

ശ്രീ. വി. ഡി. സതീശൻ: സർ, ഇതേ ട്രേഡ് യൂണിയൻ നേതാവുതന്നെ 11 വർഷം മുമ്പ് ഇതേ സഭയിൽ വന്ന് സംസ്ഥാനത്തിന്റെ ഓണറേറിയം 10000/- രൂപയാക്കി വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. 11 വർഷം മുമ്പ് .... അതുകൊണ്ട് ഈ സമരം ന്യായമല്ല എന്ന നിലപാട് ശരിയല്ല, ന്യായമായ സമരമാണ്. കേന്ദ്രഗവൺമെന്റ് ഇൻസെന്റീവ് വർധിപ്പിക്കണമെന്ന് ഞങ്ങളുടെ എം.പി.-മാർ പാർലമെന്റിലും ആവശ്യപ്പെടുന്നുണ്ട്. ഈ സമരത്തെ തള്ളിപ്പറഞ്ഞ്, സമരത്തിൽ ആളുകൾ പങ്കെടുത്തില്ലെന്ന് പറഞ്ഞുകൊണ്ട്.... ഈ സമരം..... ന്യായമായ ആവശ്യത്തിനുവേണ്ടി ആശാപ്രവർത്തകർ നടത്തുന്ന

സമരത്തിനോടൊപ്പമാണ് ഞങ്ങൾ. (.....ബഹളം.....) അതുകൊണ്ട് ഈ നിഷേധാത്മകമായ....

മി. സ്പീക്കർ: ശ്രീ. കെ. ബാബു .....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ കൺക്ലൂഡ് ചെയ്യട്ടെ. (....ബഹളം...)

മി. സ്പീക്കർ: പ്രതിപക്ഷാംഗങ്ങളോട് ഇരിക്കാൻ പറയൂ. അങ്ങേയ്ക്ക് മൈക്ക് അനുവദിക്കുന്നതാണ്. (...ബഹളം....) ഡോ. മാത്യു കുഴൽനാടൻ .... പ്ലീസ്...

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ രണ്ട് മിനിറ്റാണ് ആവശ്യപ്പെട്ടത്. ഞങ്ങൾ പ്രതിപക്ഷത്തിന് ഇക്കാര്യം മെൻഷൻ ചെയ്യുന്നതിന് രണ്ട് മിനിറ്റ് അനുവദിക്കുന്നില്ലെങ്കിൽ ഈ സഭ സമ്മേളിക്കുന്നതെന്തിനാണ്? പ്രതിപക്ഷത്തെ നിശബ്ദരാക്കുന്നതിനാണോ 99 പേർ ബഹളമുണ്ടാക്കുന്നത്. ഇവിടെ കാര്യമല്ലേ പറയുന്നത്? 15 മിനിറ്റ് മന്ത്രി സംസാരിച്ചപ്പോൾ ഞങ്ങൾ കേട്ടുകൊണ്ടിരുന്നില്ലേ? (....ബഹളം.....) മാത്രമല്ല I was concluding. ആശാപ്രവർത്തകരുടെ സമരം തുടങ്ങിയപ്പോൾ മുതൽ അവരെ പരിഹസിക്കുകയും പുച്ഛത്തോടെ നോക്കിക്കാണുകയും ചെയ്യുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഇന്ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും

വകുപ്പുമന്ത്രി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി മറുപടി പറഞ്ഞപ്പോൾ സ്വീകരിച്ചതും ഭാഷ മാറ്റിയിട്ടുണ്ടെങ്കിലും അതേ സമീപനമാണ്. ഈ സമരത്തിൽ ഉന്നയിക്കുന്നത് ന്യായമായ ആവശ്യമാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ന്യായമായ പരിഹാരമുണ്ടാക്കണം. അതിൽ പോസിറ്റീവായിട്ടുള്ള സമീപനമല്ല സ്വീകരിക്കുന്നത്. വീണ്ടും ഈ സമരത്തെ പരിഹസിക്കാനും പുച്ഛിക്കാനും സമരത്തിൽ പങ്കെടുക്കുന്ന ആളുകളുടെ എണ്ണം നോക്കാനും സർക്കാർ ഇറങ്ങി പുറപ്പെട്ടതിൽ അതിശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ആശാ വർക്കർമാരുടെ സമരവുമായി ബന്ധപ്പെട്ട് മന്ത്രി നൽകിയ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷമൊന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനകം തിരിച്ചുവരികയും ചെയ്തു.)

(ശ്രീ. കെ. ബാബു (നെന്മാറ))

P 21-03-2025
HS/FM
10.40-10.50 (SV)

<u>നെന്മാറ മുതലമട മാംഗോ ഹബിന്റെ പ്രവർത്തനം</u>

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, പഴങ്ങളുടെ രാജാവാണ് മാമ്പഴം. കേരളത്തിലെ മാംഗോ സിറ്റി എന്നറിയപ്പെടുന്ന മാംഗോ ഹബ് സ്ഥിതിചെയ്യുന്നത് എന്റെ നിയോജകമണ്ഡലത്തിലെ മുതലമടയിലാണ്.

10000 ഏക്കറിലധികം ഭൂമിയിലാണ് മാവ് കൃഷി ചെയ്യുന്നത്. 4000-ലധികം കൃഷിക്കാരും 10000-ലധികം തൊഴിലാളികളും ഈ മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നുണ്ട്. ബംഗനപ്പള്ളി മുതൽ മൂവാണ്ടൻ, സിന്ദൂർ, അൽഫോൻസ ഉൾപ്പെടെ 52 തരത്തിലുള്ള മാമ്പഴം അവിടെ കൃഷി ചെയ്യുന്നുണ്ട്. ഏഷ്യയിൽത്തന്നെ ഏറ്റവും ആദ്യം മാവ് പൂക്കുകയും അന്യസംസ്ഥാനങ്ങളിലേയ്ക്കും മറ്റ് രാജ്യങ്ങളിലേയ്ക്കുമുൾപ്പെടെ മാമ്പഴം കയറ്റുമതി ചെയ്യുന്നതും മാംഗോ സിറ്റി എന്നറിയപ്പെടുന്ന മുതലമടയിൽ നിന്നാണ്. നെല്ല് മുതൽ പരുത്തിക്കുവരെ വന്യമൃഗ ശല്യം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നുണ്ട്. നഷ്ടപരിഹാരം ലഭിക്കില്ലെന്ന് മനസ്സിലാക്കിയാണ് കഴിഞ്ഞ സർക്കാർ മാമ്പഴത്തെ കാർഷിക വിളയായി ഉൾപ്പെടുത്തിയത്. പക്ഷേ നിലവിലും വന്യമൃഗശല്യം മൂലമുണ്ടാകുന്ന കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം മാമ്പഴ കർഷകർക്ക് ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു. മാവ് കൃഷിക്കാരെ സംരക്ഷിക്കാൻ നിരവധി പദ്ധതികൾ കഴിഞ്ഞ സർക്കാരിന്റെ തുടർച്ചയായി ഈ സർക്കാരും തുടർന്നുവരികയാണ്. അതിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് മാംഗോ ഹബ് ആണ്. മാംഗോ ഹബ് എന്നത് മാങ്ങ സംഭരിക്കുക, സംഭരിക്കുന്ന മാമ്പഴം ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള കോൾഡ് സ്റ്റോറേജ്, പായ്ക്കിങ്, ripening chamber, മൂല്യവർധിത ഉൽപന്നങ്ങൾ

നിർമ്മിക്കുന്നതിനുള്ള സൗകര്യം എന്നിവ ഉൾപ്പെടുന്നതാണ്. മുതലമടയിലെ കുറ്റിപ്പാടത്തുനിന്നും കാർഷിക മേഖലയിൽനിന്നുള്ള 5 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടും നാളിതുവരെ അവിടെ ഒരു മാംഗോ ഹബ് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിഞ്ഞിട്ടില്ല. വന്യമൃഗശല്യംമൂലം മാവ് കൃഷികാർക്കുണ്ടാകുന്ന നഷ്ടപരിഹാരം ലഭിക്കുന്നതിനും മാംഗോ ഹബ് സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടിയുണ്ടാകണമെന്നാണ് ഞാൻ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

(ശ്രീ. പി. പ്രസാദ്)

P 21-03-2025
HS/FM
10.40-10.50 (SV)

<u>നെന്മാറ, മുതലമട മാംഗോ ഹബിന്റെ പ്രവർത്തനം</u>

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, ശ്രീ. കെ. ബാബു (നെന്മാറ) വളരെ പ്രസക്തമായ വിഷയമാണ് ഇവിടെ സബ്മിഷനായി ഉന്നയിച്ചിരിക്കുന്നത്. നെന്മാറ നിയോജകമണ്ഡലത്തിൽ മാവ് കൃഷി പ്രധാനമായും ചെയ്തുവരുന്നത് മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി എന്നീ പഞ്ചായത്തുകളിലാണ്. സംസ്ഥാനത്തെ കാർഷിക മേഖലയിലെ മൂല്യവർധനവ് ലക്ഷ്യമാക്കി അഗ്രോ പാർക്കുകൾ രൂപീകരിക്കുന്നതിനുവേണ്ടി സർക്കാർ തീരുമാനിക്കുകയും നെന്മാറ നിയോജകമണ്ഡലത്തിൽ മുതലമട അഗ്രോ പാർക്ക് ഉൾപ്പെടെ 5 അഗ്രോ പാർക്കുകൾ രൂപീകരിക്കുന്നതിന്

കിഫ്ബിയിൽ അപേക്ഷ നൽകുകയും പ്രോജക്ട് നടപ്പാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ തുടർന്നുനടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ മാംഗോ അഗ്രോ പാർക്കിന്റെ രൂപീകരണ ചുമതല ഇൻകെൽ-ന് നൽകുകയും മൂതലമട മാംഗോ അഗ്രോ പാർക്കിന്റെ പ്രോജക്ട് റിപ്പോർട്ട് 20 കോടി രൂപയുടെ അടങ്കൽ തുക ഉൾപ്പെടെ ഇൻകെൽ തയ്യാറാക്കി അനുമതിക്കായി സമർപ്പിക്കുകയും ചെയ്തു. 5 പാർക്കുകളിൽ ഉൾപ്പെട്ടിരുന്ന തൃശ്ശൂർ കണ്ണാറ ബനാന ഹണി പാർക്ക് 25.13 കോടി രൂപ മുതൽമുടക്കി തൃശ്ശൂരിൽ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. അതിന്റെ നടത്തിപ്പിൽ പൂർണ്ണമായ പുരോഗതിയുണ്ടാകാത്തതിനാൽ സർക്കാർ ഉത്തരവുപ്രകാരം രൂപീകരിച്ച കേരള അഗ്രോ ബിസിനസ് കമ്പനിക്ക് മുതലമട അഗ്രോ പാർക്ക് ഉൾപ്പെടെ 5 പാർക്കുകളുടെ നടത്തിപ്പ് ചുമതല നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കാപ്കോ-യുടെ ബിസിനസ് പ്ലാനിൽ പാർക്കുകളുടെ വികസനം ഉൾപ്പെടുത്തുകയും നബാർഡ് നടപ്പാക്കുന്ന റിയാസ് പദ്ധതിയിലുൾപ്പെടുത്തി മുതലമട സീഡ് ഫാമിൽ ഒരു പാക്ക് ഹൗസ് സ്ഥാപിക്കുന്നതിനായി 5.04 കോടി രൂപയുടെ പദ്ധതി കാപ്കോ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. നെന്മാറ നിയോജകമണ്ഡലത്തിൽ

നേരത്തെ പറഞ്ഞതുപോലെ മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി പഞ്ചായത്തുകളിലാണ് മാവ് കൃഷിയുള്ളത്. മുതലമട പഞ്ചായത്തിലാണ് ഏറ്റവും കൂടുതൽ മാവ് കൃഷിയുള്ളത്. വാണിജ്യാടിസ്ഥാനത്തിലാണ് അവിടെ മാവ് കൃഷി ചെയ്തുവരുന്നത്. കേരളത്തിലെ മാംഗോ സിറ്റിയെന്നാണ് മുതലമട അറിയപ്പെടുന്നത്. മുതലമടയിൽനിന്നുള്ള മാങ്ങയാണ് എല്ലാ വർഷവും ഡൽഹി, മുംബൈ എന്നീ ഉത്തരേന്ത്യൻ വിപണികളിൽ ആദ്യമായെത്തുന്നത്. 250 ടണ്ണോളം മാങ്ങ ദിവസവും മുതലമടയിൽനിന്ന് രാജ്യത്തെ വിപണികളിലേയ്ക്ക് കയറ്റിവിടുന്നുണ്ട്. നല്ല വിലയും ലഭിക്കുന്നുണ്ട്. അവിടെ കാട്ടാന ശല്യം വ്യാപകമായുണ്ടാകുന്നുണ്ട്. വന്യമൃഗ ശല്യംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് വനം വകുപ്പ് നൽകുന്ന നഷ്ടപരിഹാരത്തിന് 05-04-2018-ലെ സർക്കാർ ഉത്തരവുപ്രകാരം വനം വകുപ്പ് ഉത്തരവിന്റെ ഭേദഗതി വരുത്തിയ ചട്ടം 3(എ)(3) പ്രകാരം മാവ് കർഷകനും അർഹരാണ്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മാവ് കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷയ്ക്കും അർഹതയുണ്ട്. എന്നാൽ മാവ് കർഷകർ കൃഷി ഇൻഷ്വർ ചെയ്യുന്നതിന് സന്നദ്ധത കാണിക്കുന്നില്ല. മുതലമട പഞ്ചായത്തിൽ ആകെ രണ്ട് കർഷകർ 0.41 ഹെക്ടർ മാവ് കൃഷി മാത്രമാണ് ഇൻഷ്വർ ചെയ്തിട്ടുള്ളത്. കൂടുതൽ കർഷകരെ വിള ഇൻഷ്വറൻസ് പദ്ധതിയിലേയ്ക്ക് ആകർഷിക്കുന്നതിന്

ആവശ്യമായ ബോധവൽക്കരണം നടത്തുന്നതാണ്. കൂടാതെ വന്യമൃഗ ശല്യം തടയുന്നതിന് കൃഷി വകുപ്പും വനം വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്നുനടത്തുന്ന പ്രവർത്തനങ്ങൾ മാവ് കർഷകർക്കുകൂടി സഹായകമാകുന്ന രീതിയിൽ ഈ പ്രദേശത്ത് വ്യാപിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് നടപ്പാക്കുന്നതാണ്.

(ശ്രീ. സണ്ണി ജോസഫ്)

P-21-03-2025
AK-FM (1)
10.50-11.00 (SV)

<u>പേരാവൂർ ജിമ്മി ജോർജ് സ്റ്റേഡിയം നിർമ്മാണം</u>

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ലോക കായിക ഭൂപടത്തിൽ നമ്മുടെ രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും പേരുയർത്തിയ 'കളിക്കളത്തിലെ സൂര്യതേജസ്' എന്നറിയപ്പെടുന്ന ജിമ്മി ജോർജ് ജനിച്ചുവളർന്നതും കളിച്ചുവളർന്നതും അന്ത്യവിശ്രമംകൊള്ളുന്നതുമായ പേരാവൂരിൽ അദ്ദേഹത്തിന് ഒരു സ്മാരകമില്ല. അമേരിക്കയിലും ഇറ്റലിയിലും ഡൽഹിയിലും തിരുവനന്തപുരത്തും അദ്ദേഹത്തിന് സ്മാരകമുണ്ട്. ഇക്കാര്യം മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടി സാറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഞാൻ നൽകിയ കത്തിനുപുറത്ത് ഒരു നോട്ടായി “ This is a very good proposal to be included in the Budget speech” എന്നെഴുതി അന്നത്തെ ധനകാര്യ

വകുപ്പുമന്ത്രിയായിരുന്ന കെ. എം. മാണിസാറിന് നൽകുകയും അദ്ദേഹം ഈ വിഷയം ബജറ്റിൽ പ്രഖ്യാപിച്ച് തുക അനുവദിക്കുകയും ചെയ്തു. ഇതിനായി ഭരണാനുമതി ലഭിച്ച് പ്രവൃത്തികൾ അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ഉദ്ഘാടനം ചെയ്തുവെങ്കിലും നിർമ്മാണപ്രവൃത്തികൾ പകുതിവഴിയിൽ ഉപേക്ഷിച്ച നിലയിലാണ്. പേരാവൂരിലെ ജിമ്മി ജോർജ് സ്മാരക സ്റ്റേഡിയത്തിനായി 2 കോടി 58 ലക്ഷം രൂപ അനുവദിച്ച് നിർമ്മാണപ്രവൃത്തികളാരംഭിച്ചെങ്കിലും ഇപ്പോഴും പകുതിവഴിയിൽ നിൽക്കുകയാണ്. ഇനിയും അതിന്റെ നിർമ്മാണപ്രവർത്തനങ്ങളായ ഗാലറി, ട്രാക്ക്, സിന്തറ്റിക് ട്രാക്ക് തുടങ്ങിയവ പൂർത്തീകരിക്കാനുണ്ട്. പേരാവൂരിൽ ജിമ്മി ജോർജ് മാത്രമല്ല ടിന്റു ലൂക്ക, അഞ്ജു ബോബി ജോർജ്, ഗ്രീഷ്മ, മിനിമോൾ എബ്രഹാം തുടങ്ങി നിരവധി കായികപ്രതിഭകൾ ജനിച്ചുവളർന്നതും കളിച്ചുവളർന്നതുമായ ഈ നാടിന്റെ കായികക്കുതിപ്പ് ഇന്ന് കായികക്കിതപ്പായി മാറുകയാണ്. ഈ സ്റ്റേഡിയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ തുക അനുവദിക്കണം.

ജിമ്മി ജോർജ് എന്നുകേട്ടാൽ
അഭിമാനപൂരിതമാകണം കായിക കേരളം...
പേരാവൂർ എന്നുകേട്ടാൽ
തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ....

പേരാവൂരിന്റെ കായികപ്രതിഭയാണ് അദ്ദേഹം. അത്തരത്തിലുള്ള കായികപ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഗവൺമെന്റ് ആരംഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കാനാവശ്യമായ തുക അനുവദിക്കണം, ഇതൊരു അഭ്യർഥനയല്ല, അപേക്ഷയല്ല, പ്രാർഥനയാണ്.

(ശ്രീ. ഒ. ആർ. കേളു)

P-21-03-2025
AK-FM (1)
10.50-11.00 (SV)

പേരാവൂർ ജിമ്മി ജോർജ് സ്റ്റേഡിയം നിർമ്മാണം

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, നമ്മുടെ രാജ്യം എന്നും സ്മരിക്കപ്പെടുന്ന ഒരു വലിയ കായികതാരമാണ് ജിമ്മി ജോർജ്. 2012 നവംബർ 23-ലെ സർക്കാർ ഉത്തരവുപ്രകാരം കണ്ണൂർ ജില്ലയിലെ പേരാവൂരിൽ അദ്ദേഹത്തിന്റെ നാമധേയത്തിലുള്ള സ്റ്റേഡിയമായ ജിമ്മി ജോർജ് സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 2 കോടി 58 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതുപ്രകാരം ഒന്നാംഘട്ടമായി 1 കോടി 75 ലക്ഷം രൂപയ്ക്ക് 8 വരി mud track-ന്റെ നിർമ്മാണവും പവലിയൻ കെട്ടിടം, Change Room, Foot Ball Court, Toilet Block എന്നിവയുടെ

നിർമ്മാണവും ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട പദ്ധതിയിലുൾപ്പെട്ട 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, ബാസ്കറ്റ് ബോൾ കോർട്ട്, വോളിബോൾ കോർട്ട്, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയ്ക്കായി മുമ്പ് അനുവദിച്ച ഫണ്ട് മതിയാകാത്ത സ്ഥിതിയുണ്ടായതിന്റെ അടിസ്ഥാനത്തിൽ ഒരു സെക്കൻഡ് ഡി.പി.ആർ.-നായുള്ള നടപടികൾ ആരംഭിക്കുകയും ഇക്കാര്യങ്ങൾ പരിശോധിച്ച് ഡി.പി.ആർ. സമർപ്പിക്കുന്നതിനായി സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(ശ്രീ. അൻവർ സാദത്ത്)

P-21-03-2025
AK-FM (1)
10.50-11.00 (SV)

<u>എറണാകുളം സീപോർട്ട് - എയർപോർട്ട് റോഡ് പ്രവൃത്തി</u>

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, എറണാകുളം ജില്ലയിലെ ഒരു സുപ്രധാന പദ്ധതിയാണ് സീപോർട്ട്-എയർപോർട്ട് റോഡ്. ഈ റോഡിന്റെ രണ്ടാംഘട്ടത്തിൽ 6.7 കി. മീ. ദൂരത്തിൽ 45 മീറ്റർ വീതിയുള്ള റോഡിനായി ഏകദേശം 569 കോടി രൂപ സർക്കാർ അനുവദിക്കുകയും ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടർന്നുകൊണ്ടിരിക്കുകയുമാണ്. ഇതിന്റെ മൂന്നാംഘട്ടം ചൊവ്വര മുതൽ എയർപോർട്ടുവരെയുള്ള 4.5 കി.മീ. ദൂരമാണ്. യഥാർഥത്തിൽ

സീപോർട്ട് എയർപോർട്ട് റോഡിനായുള്ള പദ്ധതി പ്രഖ്യാപിക്കുകയും നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ട് 22 വർഷങ്ങളായി. അന്നുമുതൽ ഈ പ്രദേശത്തുള്ള ആളുകൾക്ക് ഭൂമി വിൽക്കാൻ സാധിക്കുന്നില്ല. കൂടാതെ പ്രസ്തുത റോഡിനായി ഈ ഭൂമി സർക്കാർ ഏറ്റെടുക്കുകയും ചെയ്യുന്നില്ല. അതിനാൽ ഈ പ്രദേശത്തുള്ള ജനങ്ങൾ വലിയൊരു പ്രതിസന്ധിയിലാണ്. ഇന്നലെ ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ഭൂമി ഏറ്റെടുക്കുന്നതിലെ പ്രയാസങ്ങളെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യുകയുണ്ടായി. മൂന്നാംഘട്ട പ്രവൃത്തിയിലെ 4.5 കി.മീ. ദൂരത്തിലെ ഭൂമി ഏറ്റെടുക്കലും നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് RBDCK (Roads and Bridges Development Corporation of Kerala)-യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനായി സർക്കാർ 06-01-2018-ൽ 210 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ നൽകിയിട്ടുമുണ്ട്. ടി പ്രൊപ്പോസൽ പുനഃപരിശോധിക്കുകയോ ഒരു പുതിയ പ്രൊപ്പോസൽ കിഫ്ബിക്ക് നൽകുകയോ ചെയ്ത് 210 കോടി രൂപ സർക്കാർ അനുവദിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്. ഈ പ്രദേശത്തെ ജനങ്ങളുടെ പ്രയാസം പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ഈ വിഷയത്തിൽ നേരിട്ട് ഇടപെട്ട് മുമ്പുനൽകിയ പ്രൊപ്പോസൽ പുനഃപരിശോധിക്കുകയോ പുതിയ

പ്രൊപ്പോസൽ നൽകുകയോ ചെയ്ത് കിഫ്ബി മുഖേന ഈ പദ്ധതി നടപ്പാക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്.

(ശ്രീ. പി. എ. മുഹമ്മദ് റിയാസ്)

P-21-03-2025
AK-FM (1)
10.50-11.00 (SV)

എറണാകുളം സീപോർട്ട് - എയർപോർട്ട് റോഡ് പ്രവൃത്തി

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, സീപോർട്ട്-എയർപോർട്ട് റോഡിന്റെ നവീകരണം സാധ്യമാക്കണമെന്ന ആവശ്യമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്ത് സബ്മിഷനിലൂടെ ഉന്നയിച്ചത്. എറണാകുളം ജില്ലയിലെ മാത്രമല്ല നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് ഗുണകരമാകുന്ന പദ്ധതിയാണ് സീപോർട്ട്-എയർപോർട്ട് റോഡ് എന്ന നിലയിലാണ് പ്രസ്തുത പദ്ധതിയെ സർക്കാർ കാണുന്നത്. ഇതിലൊരു പ്രധാന തടസ്സമുണ്ടായിരുന്നത് HMT (Hindustan Machine Tools)-യുടെയും NAD (Naval Armament Depot)-ന്റെയും ഭൂമി ലഭ്യമാകാനുള്ള കാലതാമസമായിരുന്നു. എറണാകുളം ജില്ലയിലെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. രാജീവും ജനപ്രതിനിധികളും ചേർന്ന് മുൻകൈയെടുത്ത് ഭൂമി ഏറ്റെടുക്കൽ ഏറെക്കുറെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. NAD മുതൽ

മഹിളാലയം വരെയുള്ള ഭാഗത്തെ ഭൂമി ഏറ്റെടുക്കലിനായി 563.34 കോടി രൂപ കിഫ്ബിയിൽനിന്നും ലഭ്യമാക്കി തഹസീൽദാർക്ക് കൈമാറുകയും 19(1) വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി അന്തിമഘട്ടത്തിലാണ്. ചൊവ്വര മുതൽ എയർപോർട്ടുവരെയുള്ള 4.15 കി.മീ. ഭാഗത്തെ പ്രവൃത്തിയിലേക്കാണ് അടുത്തതായി നീങ്ങേണ്ടത്. അവിടെയും പദ്ധതി യാഥാർത്ഥ്യമാക്കണമെന്നാണ് സർക്കാർ നിലപാട്. ടി പദ്ധതിക്കുവേണ്ടി പുതുക്കിയ പദ്ധതി നിർദേശിക്കുന്നതിനായി RBDCK-യോട് നിർദേശിക്കുകയും കിഫ്ബിയിലുൾപ്പെടുത്തി ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള ഒരു പ്രാഥമിക ചർച്ച കിഫ്ബിയുമായി നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കിഫ്ബിയുമായി കൂടിയാലോചിച്ച് ഈ പദ്ധതി യാഥാർത്ഥ്യമാക്കാനുള്ള എല്ലാ ഇടപെടലുകളും പൊതുമരാമത്ത് വകുപ്പ് നടത്തുമെന്നുള്ളത് സഭയെ അറിയിക്കുകയാണ്.

(ശ്രീ. പി. എസ്. സുപാൽ )

P-21-03-2025
AK-FM (1)
10.50-11.00 (SV)

## തൊഴിലുറപ്പ് തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ

ശ്രീ. പി. എസ്. സുപാൽ: സർ, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട തൊഴിൽ പദ്ധതികളിലൊന്നാണ്.

കോടിക്കണക്കിന് തൊഴിലാളികളാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. കേന്ദ്രഗവൺമെന്റ് നിരന്തരമായി ഈ പദ്ധതിയെ അവഗണിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിലാളികളുടെ വേതനം കഴിഞ്ഞ മൂന്നുമാസക്കാലമായി നൽകുന്നില്ല. കേരളത്തിൽ ഏകദേശം 400 കോടിയിലധികം രൂപയാണ് ഇതുവരെ വേതന കുടിശ്ശികയുള്ളത്. കഴിഞ്ഞ കേന്ദ്രബജറ്റിലും 2025-26 സാമ്പത്തികവർഷത്തെ കേന്ദ്രബജറ്റിലും 86000 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ വർഷം 8.5 കോടിയിലധികം തൊഴിൽദിനങ്ങൾ നടപ്പാക്കിയപ്പോൾ 6 കോടി തൊഴിൽ ദിനങ്ങൾക്കുമാത്രമാണ് കേന്ദ്രഗവൺമെന്റ് ഇതുവരെ അംഗീകാരം നൽകിയത്. തൊഴിലുറപ്പ് വേതനംകൊണ്ട് ഉപജീവനം നടത്തുന്ന തൊഴിലാളികളെ സംരക്ഷിക്കേണ്ടതും ഈ വർഷത്തെ കുടിശ്ശിക തീർക്കുന്നതിനുമാവശ്യമായ തുക അടിയന്തരമായി ലഭ്യമാക്കേണ്ടതുമുണ്ട്. ഈ നിലപാടുകൾക്കെതിരെ രാജ്യവ്യാപകമായി തൊഴിലാളികൾ സമരത്തിലാണ്, കേന്ദ്രഗവൺമെന്റിന്റെ തെറ്റായ ഈ നയത്തിനെതിരെ കേരളത്തിലെ ഗവൺമെന്റ് വിയോജിപ്പ് രേഖപ്പെടുത്തുകയും തൊഴിലുറപ്പ് തൊഴിലാളികൾക്കും ട്രൈബൽ പ്ലസ് തൊഴിലാളികൾക്കും തൊഴിൽദിനങ്ങൾ ഉറപ്പാക്കുന്നതിനുവേണ്ട ഇടപെടൽ നടത്തണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

P-21-03-2025
AK-FM (1)
10.50-11.00 (SV)

തൊഴിലുറപ്പ് തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, മറുപടി വളരെ വിശദമായതിനാൽ ചുരുക്കിപ്പറഞ്ഞതിനുശേഷം ബാക്കി മേശപ്പുറത്ത് വയ്ക്കാം. നിലവിൽ കേന്ദ്ര സർക്കാർ ഫണ്ട് നൽകാത്തതുമൂലം അവിദഗ്ധ തൊഴിലാളികളുടെ വേതനം 546.67 കോടി രൂപ കുടിശ്ശികയായിട്ടുണ്ട്. ഇന്ത്യയിൽ തൊഴിലുറപ്പ് പദ്ധതി ഏറ്റവും കാര്യക്ഷമമായി നടപ്പാക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഒന്ന് എന്നല്ല, ഒന്നാംസ്ഥാനത്തുതന്നെ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. 2024-25 വർഷം 10.5 കോടി തൊഴിൽദിനങ്ങൾക്കുള്ള ലേബർ ബജറ്റ് സംസ്ഥാനം സമർപ്പിച്ചെങ്കിലും 6 കോടി തൊഴിൽദിനങ്ങൾ മാത്രമാണ് കേന്ദ്രം അനുവദിച്ചത്. നിലവിൽ 8.57 കോടി തൊഴിൽദിനങ്ങൾ സംസ്ഥാനത്ത് സൃഷ്ടിച്ചുകഴിഞ്ഞു. കേന്ദ്രം അനുവദിച്ചതിനേക്കാൾ കൂടുതൽ തൊഴിൽദിനങ്ങൾ നമ്മൾ സൃഷ്ടിച്ചു. നമ്മൾ ആവശ്യപ്പെട്ടതിനേക്കാൾ കുറഞ്ഞ തൊഴിൽദിനങ്ങൾ മാത്രമാണ് കേന്ദ്രം നൽകിയത്. 2025-26-ൽ നമ്മുടെ തൊഴിൽദിനങ്ങൾ 5 കോടിയായി വെട്ടിക്കുറച്ചിരിക്കുകയാണ്. അത്

പകുതിയിലധികമായി വെട്ടിക്കുറച്ചിരിക്കുകയാണ്, ഒരു കട്ടുംവെട്ടാണ് കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ നടത്തിയിട്ടുള്ളത്. ഉദ്യോഗസ്ഥതലത്തിൽ നിരന്തരം... ലേബർ ബജറ്റ് വർധിപ്പിക്കാനുള്ള ഇടപെടൽ നടത്തുകയും അതിനുപുറമെ മന്ത്രിയെന്ന നിലയിൽ ഞാനും ബന്ധപ്പെട്ട കേന്ദ്രമന്ത്രിക്ക് ഇതുസംബന്ധിച്ച് കത്തയച്ചിട്ടുള്ളതാണ്. അടുത്ത സാമ്പത്തിക വർഷത്തേക്ക് 11 കോടി തൊഴിൽദിനങ്ങൾ ആവശ്യപ്പെട്ടപ്പോൾ കേന്ദ്രം നൽകിയത് 5 കോടിയാണ്, അത് പത്തിൽ താഴെയാണ്. ഇതാണ് നിലവിലെ സ്ഥിതി. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+ കേന്ദ്രം കേരളത്തോടുകാണിക്കുന്ന ഈ സമീപനത്തിനെതിരെ ശക്തമായ നിലപാടാണ് സംസ്ഥാന സർക്കാരിനുള്ളത്. പൊതുവിൽ ആവർത്തിച്ചുവരുന്ന കേന്ദ്രബജറ്റുകളിൽ തൊഴിലുറപ്പിന്റെ വിഹിതം വെട്ടിക്കുറയ്ക്കുന്നതിലൂടെ ഈ പദ്ധതിയെ തകർക്കാനാണ് കേന്ദ്രം ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

(റിപ്പോർട്ടുകളുടെ സമർപ്പണം)

P-21-03-2025
AL-SG (11.00-11.10)
SM

## III റിപ്പോർട്ടുകളുടെ സമർപ്പണം

### 1. <u>പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ നാൽപ്പത്തിയാറ് മുതൽ അൻപത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ</u>

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ നാൽപ്പത്തിയാറ് മുതൽ അൻപത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

2. സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടുകൾ

ശ്രീമതി യു. പ്രതിഭ: സർ, സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അധ്യക്ഷയായ ഞാൻ സമിതിയുടെ പത്ത് മുതൽ പതിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(അനൗദ്യോഗികാംഗങ്ങളുടെ കാര്യം)

P-21-03-2025
AL-SG (11.00-11.10)

## IV അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാറാമത് റിപ്പോർട്ട്

ശ്രീ. പ്രമോദ് നാരായണൻ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ പതിനാറാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന ഉപക്ഷേപം

അവതരിപ്പിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ചെയർപേഴ്സൺ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(ശ്രീ. ജി. സ്റ്റീഫൻ)

P-21-03-2025
AL-SG (11.00-11.10)

## (2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ

### (i) 2024-ലെ കേരള പൊതുനിരത്തുകളുടെ പരിപാലനവും സംരക്ഷണവും ബിൽ

ശ്രീ. ജി. സ്റ്റീഫൻ: സർ, 2024-ലെ കേരള പൊതുനിരത്തുകളുടെ പരിപാലനവും സംരക്ഷണവും ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. ജി. സ്റ്റീഫൻ: സർ, സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ മുഖമുദ്രയാണ് മെച്ചപ്പെട്ട റോഡുകൾ. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI)-യുടെ കീഴിലുള്ള ദേശീയപാതകളൊഴിച്ചാൽ സംസ്ഥാനത്തെ പ്രധാന റോഡുകൾ പൊതുമരാമത്ത് വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പുമാണ്

പരിപാലിച്ചുപോകുന്നത്. അതത് കാലങ്ങളിൽ നവീകരിക്കപ്പെടുകയും പുനരുദ്ധരിക്കപ്പെടുകയും നിർമ്മിക്കപ്പെടുകയും ചെയ്യുന്ന റോഡുകൾ ശരിയായി പരിപാലിക്കപ്പെടാത്തതുകാരണം പൊതുജനങ്ങളുടെ ദൈനംദിന യാത്രയ്ക്കും ഗതാഗത ബുദ്ധിമുട്ടിനും കാരണമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ റോഡുകൾ കൂടുതൽ കാലം നിലനിൽക്കേണ്ടതിന്റെയും അതിലൂടെ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ഗതാഗതസൗകര്യം നൽകുന്നതിന്റെയും ആവശ്യകത ഉദ്ദേശിച്ചാണ് ഈ പ്രൈവറ്റ് ബിൽ ഞാൻ അവതരിപ്പിക്കുന്നത്. 2023-24 വർഷത്തെ കണക്കനുസരിച്ച് പൊതുമരാമത്ത് വകുപ്പ് പരിപാലിക്കുന്ന റോഡുകളുടെ ആകെ ദൈർഘ്യം 29573 കിലോമീറ്ററാണ്. കണക്കുകൾ പരിശോധിച്ചാൽ സംസ്ഥാനത്തെ ആകെ റോഡ് ശൃംഖലയുടെ 80 ശതമാനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണുള്ളത്. നിലവിലുള്ള പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി റണ്ണിങ് കോൺട്രാക്റ്റ് വ്യവസ്ഥ നടത്തുന്ന ക്രമീകരണം സംസ്ഥാനത്തുണ്ട്. എന്നിരുന്നാലും ഗ്രാമീണ റോഡുകളുൾപ്പെടെയുള്ളവയുടെ പുനരുദ്ധാരണം ഫലവത്തായ രീതിയിലും സമയബന്ധിതമായും നടത്തുന്നതിന് നിലവിൽ നമ്മുടെ സംസ്ഥാനത്ത് വ്യവസ്ഥയില്ല. പൊതുമരാമത്ത് റോഡുകൾ റണ്ണിങ് കോൺട്രാക്ട് വ്യവസ്ഥയിൽ ചെയ്യുന്നതുപോലെ ഗ്രാമപഞ്ചായത്ത് റോഡുകളുടെയും

പരിപാലനത്തിനുവേണ്ടിയുള്ള വ്യവസ്ഥ വേണം. 2023-24 വർഷത്തിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരിപാലിച്ച റോഡുകളുടെ ആകെ ദൈർഘ്യം 152422 കിലോമീറ്ററാണ്. ഇതിൽതന്നെ 127908 കിലോമീറ്റർ റോഡുകളും പരിപാലിക്കപ്പെടുന്നത് ഗ്രാമപഞ്ചായത്തുകൾ മുഖേനയാണ്. കാഴ്ചയിൽതന്നെ വനമേഖല കഴിഞ്ഞാൽ വളരെകുറച്ച് ഭൂപ്രദേശമാണ് കേരളത്തിനുള്ളത്. റോഡുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ നാം വളരെ മുന്നിലാണ്. എവിടെ കണ്ണുതുറന്നുനോക്കിയാലും റോഡുകൾ കാണാൻ കഴിയും. അതുകൊണ്ടുതന്നെ മലയാളികൾക്ക് യാത്രകൾ ഒരു പ്രശ്നമേയല്ല. ചെറിയൊരു ഭൂപ്രദേശമായതിനാൽ കേരളത്തിന്റെ നഗര-ഗ്രാമ വ്യത്യാസം വളരെ നേർത്തതാണ്. ചുരുക്കത്തിൽ ഗ്രാമീണപാതകളുടെ തകർച്ചയുണ്ടാക്കുന്ന പ്രത്യാഘാതം എത്രമാത്രം വലുതാണെന്ന് ഇതിൽനിന്നും വ്യക്തമാണ്. സാധാരണക്കാരായ ജനങ്ങൾ നിരന്തരം ഉപയോഗിക്കുന്ന പാതകളാണ് ഗ്രാമീണ റോഡുകൾ. മാത്രമല്ല, സംസ്ഥാനത്തെ ജനസംഖ്യയുടെ മൂന്നിലൊന്നുവരുന്ന ജനങ്ങൾ തീർത്ഥാടകരായി വൃശ്ചികം, ധനു മാസങ്ങളിലായി കേരളത്തിലെ ഗ്രാമീണ റോഡുകളിലൂടെ കാൽനടയായും വാഹനങ്ങളിലും സഞ്ചരിക്കാറുണ്ട്. ഗ്രാമീണപാതകൾ നവീകരിക്കാൻ സാവകാശം പാടില്ലെന്ന് കേരളത്തിന്റെ ഘടന പരിശോധിച്ചാൽ മാത്രം മതിയാകും. സഞ്ചാരയോഗ്യമായ റോഡുകൾ

ജനങ്ങളുടെ അവകാശമാണ്. സുരക്ഷിതത്വത്തോടെയും സുഗമവുമായി സഞ്ചരിക്കുകയെന്ന പൗരന്റെ മൗലികാവകാശമാണ് നാം സംരക്ഷിക്കേണ്ടത്. വർഷത്തിൽ നാലുമാസത്തോളം മഴ പെയ്യുന്ന കേരള സംസ്ഥാനത്ത് മഴവെള്ളത്തിൽ തകരാത്ത ഗ്രാമീണ റോഡുകൾ നിർമ്മിക്കാൻ വ്യക്തമായ കാഴ്ചപ്പാടും ചെലവുകുറഞ്ഞ നൂതന സാങ്കേതികവിദ്യകളും ഉണ്ടാകേണ്ടതുണ്ട്. ബ്ലാക്ക്സ്പോട്ടുകൾ കണ്ടെത്തി വിശകലനം ചെയ്ത് അവിടെ സത്വരമായ റോഡ് അറ്റകുറ്റപ്പണി നടത്തുന്നതിന് പരിഹാരനടപടികൾ സ്വീകരിക്കുകയെന്നത് റോഡപകടങ്ങൾ തടയുന്നതിനുള്ള ഏറ്റവും ഫലപ്രദമായ പ്രതിരോധമാർഗമായി അവലംബിക്കാവുന്നതാണ്. ഇത്തരം സ്ഥലങ്ങളിൽ റോഡ് പരിപാലനം കൂടുതൽ ശക്തിപ്പെടുത്തണം. ഗ്രാമങ്ങളിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള ജൽജീവൻ മിഷന്റെ പൈപ്പ് സ്ഥാപിക്കാൻ കുഴിയെടുത്തതിനുശേഷം നിരവധി റോഡുകൾ പൂർവസ്ഥിതിയിലേക്ക് കൊണ്ടുവരാൻ ഇനിയും കഴിഞ്ഞിട്ടില്ല. ഇതിനും രണ്ട് വകുപ്പുകൾ തമ്മിലുള്ള കൂടിയാലോചനകൾ അത്യന്താപേക്ഷിതമാണ്. എണ്ണമറ്റ വാഹനങ്ങൾ നിരത്തിലൂടെ ഓടുന്നതാണ് റോഡുകളുടെ പെട്ടെന്നുള്ള തകർച്ചയ്ക്ക് മറ്റൊരു കാരണം. 2024-ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് നിയമാനുസൃത

രജിസ്റ്റേഷനുള്ള വാഹനങ്ങളുടെ എണ്ണം 1 കോടി 74 ലക്ഷമാണ്. മുൻവർഷത്തെ അപേക്ഷിച്ച് 4.5 ശതമാനം വാർഷിക വളർച്ചയുണ്ടായിരിക്കുകയാണ്. അമേരിക്ക പോലുള്ള വികസിത മുതലാളിത്ത രാജ്യങ്ങളിൽ 1000 പോപ്പുലേഷന് 540 വാഹനങ്ങളാണുള്ളത് എന്നാണ് കണക്ക്. എന്നാൽ കേരളത്തെ സംബന്ധിച്ചിടത്തോളം രണ്ട് മലയാളിക്ക് ഒരു വാഹനം എന്നുള്ള കണക്കിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിലുള്ള വളർച്ചയും റോഡുകളുടെ ശേഷിവർധനവും തമ്മിലുള്ള പൊരുത്തക്കേട് കേരളത്തിലുടനീളമുള്ള ഗതാഗതക്കുരുക്കിനും റോഡപകടങ്ങൾ വർധിക്കുന്നതിനും കാരണമാകുന്നുണ്ടെന്നാണ് കണ്ടെത്തൽ. സ്റ്റേറ്റ് ക്രൈം റെക്കോർഡ് ബ്യൂറോ (S.C.R.B.) ഓഫ് കേരളയുടെ കണക്കനുസരിച്ച് 2023-ൽ കേരളത്തിൽ 48091 റോഡപകടങ്ങളിലായി 4080 മരണങ്ങളും 54320 പേർക്ക് മാരകമായിട്ടുള്ള പരിക്കുകളും ഉണ്ടായിട്ടുണ്ട്. അലക്ഷ്യമായ ഡ്രൈവിങ്, ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ, പ്രതികൂലമായ കാലാവസ്ഥ എന്നിവയ്ക്കൊപ്പം ഒരു പരിധിവരെ റോഡുകളിൽ പെട്ടെന്നുണ്ടാകുന്ന കുഴികളും കാരണമാകുന്നുണ്ട്. ചുരുക്കത്തിൽ റോഡ് സുരക്ഷ ഒരു സാമൂഹിക പ്രശ്നമായി ഏറ്റെടുക്കേണ്ട ഒരു കാലഘട്ടത്തിലൂടെയാണ് നാം മുന്നോട്ടുപോകുന്നത്. ഇത്തരത്തിൽ കേരളത്തിലെ പൊതുനിരത്തുകൾ

പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനുംവേണ്ടി നിയമസഭാ മണ്ഡലത്തിലും ഗ്രാമപഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, വാർഡ്തലം എന്നീ നിലകളിലും പൊതുനിരത്ത് പരിപാലന സമിതികൾ രൂപീകരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ബിൽ. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും രാഷ്ട്രീയപാർട്ടി പ്രതിനിധികളും പൊതുപ്രവർത്തകരും റോഡ് പരിപാലനത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള വ്യക്തികളും പൊതുസംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, സാമൂഹിക-സാംസ്കാരിക സംഘടനകൾ എന്നിവയിലെ പ്രതിനിധികളും ഉൾപ്പെടുന്നതാണ് ഈ സമിതി. പൊതുനിരത്തുകളുടെ പരിപാലനത്തിനും സ്ഥിരമായ സംരക്ഷണത്തിനും സഹായകരമായ വിവരങ്ങൾ സർക്കാരിന്റെയും തദ്ദേശഭരണാധികാര സ്ഥാപനങ്ങളുടെയും ശ്രദ്ധയിൽപ്പെടുത്തുക എന്നുള്ളത് സമിതിയുടെ ഉത്തരവാദിത്വമാണ്. കൂടാതെ പൊതുനിരത്തുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതികളും പ്രോജക്ടുകളും പരിപാടികളും ആവിഷ്കരിച്ച് തദ്ദേശഭരണാധികാര സ്ഥാപനങ്ങൾക്കും സർക്കാരിനും കൈമാറുക എന്നുള്ളതും ഈ സമിതിയുടെ ഉത്തരവാദിത്വമാണ്.

<u>ശ്രീ. പ്രമോദ് നാരായണൻ</u>: സർ, റോഡുകളുടെ പരിപാലനം സംബന്ധിച്ച് വളരെ സമഗ്രമായ ഒരു ബില്ലാണ് അവതരിപ്പിക്കുന്നത്.

കേരളത്തിൽ കാലാവസ്ഥാ മാറ്റത്തെത്തുടർന്ന് അതിതീവ്രമഴ എന്ന് നമ്മൾ വിശേഷിപ്പിക്കുന്ന, ചെറിയ സമയംകൊണ്ട് പെയ്യുന്ന മഴയുടെ അളവും മണ്ണിടിച്ചിലും റോഡുകളുടെ സുരക്ഷയെ സാരമായി ബാധിക്കുന്നു. അതുകൊണ്ടുതന്നെ റോഡുകളുടെ നിർമ്മാണത്തിന് ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കാൻ പ്രത്യേകമായിട്ടുള്ള ശ്രദ്ധ അനിവാര്യമല്ലേ; മറ്റൊന്ന്, റോഡുകൾ ഡിസൈൻ ചെയ്യുമ്പോൾതന്നെ സുരക്ഷയ്ക്കാവശ്യമായിട്ടുള്ള മതിയായ ക്രമീകരണങ്ങൾക്കുള്ള പണം നീക്കിവയ്ക്കലാണ്. റോഡുകളിൽ ഏറ്റവും അപകടസാധ്യതയുള്ള ഹോട്ട്സ്പോട്ടുകൾ മുൻകൂട്ടി കണ്ടെത്തി ട്രാഫിക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ സുരക്ഷാക്രമീകരണങ്ങൾകൂടി ഡിസൈനിന്റെ ഭാഗമാക്കുക എന്നീ രണ്ട് കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതിൽ നിലവിലുള്ള കാര്യങ്ങൾ ഈ ബില്ലിന്റെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരളത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ ഇപ്പോൾ വ്യാപകമായ രീതിയിൽ ബി.എം.&ബി.സി. നിലവാരത്തിലാണ് ചെയ്യുന്നത്. മാത്രമല്ല, പുതിയ ടെക്നോളജിയായ എഫ്.ഡി.ആർ. (Full Depth Reclamation) പതിനഞ്ച് വർഷത്തെ ആയുസ്സുള്ള റോഡുകൾ നിർമ്മിക്കുന്നതിനുള്ള സംവിധാനവും കേരളത്തിൽ ഇന്ന്

നടപ്പിലാക്കിവരുന്നുണ്ട്. ഇതുകൂടി ബില്ലിന്റെ ഭാഗമായി ഉൾപ്പെടുത്താൻ താൽപ്പര്യപ്പെടുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, കേരളത്തിലെ ആകെ റോഡുകളിൽ പത്ത് ശതമാനം റോഡുകൾ മാത്രമാണ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുള്ളത്. ശേഷിക്കുന്ന ആയിരക്കണക്കിന് കിലോമീറ്ററോളമുള്ള റോഡുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണ്. അവർക്കാവശ്യമായ പണമില്ല. നേരത്തെ പൊതുമരാമത്ത് വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ ഏറ്റെടുക്കുന്ന ഒരു ശൈലിയുണ്ടായിരുന്നു. എന്റെ ഓർമ്മയിൽ പത്തുപന്ത്രണ്ട് വർഷത്തോളമായി ഏറ്റെടുക്കുന്നില്ല. 2012-ലാണ് അവസാനമായി പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ ഏറ്റെടുക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നവീകരിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ഞാൻ ഈ സഭയിൽ ഒരു ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നിരുന്നു. അന്ന് ബഹുമാനപ്പെട്ട മന്ത്രി അത് അനുഭാവപൂർവം പരിഗണിക്കുമെന്ന് മറുപടി പറഞ്ഞെങ്കിലും ആ നടപടി ഇനിയും മുന്നോട്ടുപോയിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ നവീകരിക്കാനാവശ്യമായ ഫണ്ടില്ലാത്ത സാഹചര്യമാണ്.

സർക്കാർ ഇപ്പോൾതന്നെ ആയിരം കോടി രൂപ അതിലേക്ക് മാറ്റിവച്ചു. എങ്കിൽപ്പോലും ആവശ്യമായിട്ടുള്ള റോഡുകൾ ഉൾക്കൊള്ളിക്കാൻ കഴിയുന്നില്ല, എം.എൽ.എ.-മാർ കൊടുത്ത ലിസ്റ്റനുസരിച്ച് പല റോഡുകളും ഏറ്റെടുക്കാനും കഴിയുന്നില്ല. കൂടുതൽ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ശാശ്വതമായിട്ട് ഏറ്റെടുക്കണമെന്ന നിർദേശംകൂടി അങ്ങ് മുന്നോട്ടുവയ്ക്കുമോ?

(ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ)

P-21-03-2025
HA/SG (I)
11.10-11.20

(ശ്രീ. ജി. സ്റ്റീഫൻ.....തുടർച്ച )

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, പ്രോപ്പറായിട്ടുള്ള മെയിന്റനൻസ് ഏറ്റവും പ്രധാനപ്പെട്ടതാണ്. ചെറിയ രീതിയിലുള്ള റിപ്പയർ വേണ്ട സ്ഥലങ്ങളിൽ വീണ്ടും എസ്റ്റിമേറ്റ്, എ.എസ്., ടി.എസ്. തുടങ്ങിയവ എടുത്തുവരുമ്പോഴേക്കും അത് വലിയ രീതിയിൽ റിപ്പയർ ആവശ്യമായി വരികയാണ്. അതുകൊണ്ട് ബ്ലോക്ക് അടിസ്ഥാനത്തിലോ മറ്റ് അടിസ്ഥാനത്തിലോ ചെറിയ കുഴിയോ റിപ്പയറോ വേണ്ടുന്ന സമയത്ത് അടിയന്തരമായി നന്നാക്കാൻ കഴിയുന്ന രീതി അവലംബിക്കാൻ കഴിയുമോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, നമ്മുടെ റോഡിന്റെ ഏറ്റവും നല്ല രീതിയിലുള്ള പരിപാലനത്തെക്കുറിച്ചാണല്ലോ ചർച്ച നടക്കുന്നത്. ചെറിയ

തീരുമാനങ്ങൾകൊണ്ട് റോഡുകൾ കേടുവരാത്തവിധം ശരിയാക്കാൻ സാധിക്കുന്നതാണ്. ഉദാഹരണമായി, ശ്രീ. പി. കെ. കെ. ബാവ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിൽ...., നമ്മുടെ റോഡുകളിലൊക്കെ രാഷ്ട്രീയ പാർട്ടികളുടെ കൊടികളും ബോർഡുകളും, വ്യത്യസ്ത മതവിഭാഗങ്ങളുടെ ചിഹ്നങ്ങളുംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. ആരാധനാലയങ്ങൾപോലും റോഡിലേക്ക് ഇറക്കി നിർമ്മിക്കുകയും അതിന്റെ ചിഹ്നങ്ങളൊക്കെ സ്ഥാപിക്കുകയും ചെയ്യുകയാണ്.

<u>ചെയർപേഴ്സൺ</u>: യെസ്, ചുരുക്കി ചോദിക്കു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ ഒരു വലിയ സാമൂഹിക പ്രശ്നമാണ് പറയുന്നത്. അതോടൊപ്പംതന്നെ മഴക്കാലമായാൽ മണ്ണ് ഒലിച്ചുവന്ന് റോഡുകളിൽ തടിച്ചുകൂടി നിൽക്കുകയാണ്. ഇതൊക്കെ ഗവൺമെന്റ് ഒരു തീരുമാനമെടുത്താൽ നടപ്പാക്കാൻ കഴിയുന്നവയാണ്. ഈ മണ്ണ് അതത് സമയം നീക്കം ചെയ്തില്ലെങ്കിൽ അത് അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. ഇത്തരം സ്ഥലങ്ങളിൽ ബൈക്കുകളൊക്കെ മറിഞ്ഞുവീഴുന്ന സാഹചര്യമാണുള്ളത്. റോഡുകളിൽ അടിഞ്ഞുകൂടുന്ന ഇത്തരം മണ്ണ് നീക്കം ചെയ്യാനും റോഡുകളിൽനിന്നും encroachment-കൾ നീക്കം ചെയ്യാനുമുള്ള തീരുമാനം ഗവൺമെന്റ് എടുത്താൽ ഉചിതമായിരിക്കും. പണ്ടൊരു ഇംപാക്റ്റ് ഉണ്ടായിരുന്നു, അത് നാം ശരിക്കും

മനസ്സിലാക്കിയതാണ്. ഏത് രാഷ്ട്രീയ പാർട്ടിയുടേതാണെങ്കിലും അവരുടെ കൊടിയും ബോർഡുകളുമെല്ലാം നീക്കം ചെയ്യുകയും മതപരമായ എല്ലാവിധ ബോർഡുകളും നീക്കം ചെയ്യാനുള്ള തീരുമാനമെടുത്താൽ സംസ്ഥാനത്ത് വലിയ മാറ്റങ്ങളുണ്ടാക്കാൻ കഴിയും.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്ന കാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇതിന് ചില പരിമിതികളുണ്ട്. ജനകീയാസൂത്രണത്തെ വിട്ടുകൊടുത്ത് അസറ്റുകൾ തിരികെ പിടിക്കുകയെന്ന പ്രോസസ്സിനെ പുറകോട്ട് വലിക്കുകയാണ് ചെയ്യുന്നത്. ഇതിലൊരു ചെറിയ കാര്യമുള്ളത്, യഥാർത്ഥത്തിൽ കേരളത്തിൽ റോഡ് കണക്ടിവിറ്റിയില്ല. ഞാൻ ഒന്നുരണ്ട് തവണ ഇവിടെ പറഞ്ഞ കാര്യമാണ്. നിസ്സാരമായ ഒന്നരയോ രണ്ടോ കിലോമീറ്റർ ഗ്രാമീണ റോഡുകൾ മാത്രമേറ്റെടുത്ത് പി.ഡബ്ല്യു.ഡി. റോഡുകളുമായി ലിങ്ക് ചെയ്യുന്നത് ഉചിതമാണ്. എം.സി. റോഡുവഴി വരുമ്പോഴുണ്ടാകുന്ന ബ്ലോക്ക് ഒഴിവാക്കാൻ കോട്ടയത്തുനിന്ന് പുറപ്പെട്ടാൽ നാല് പ്രധാനപ്പെട്ട സ്ഥലങ്ങൾ കട്ട് ചെയ്ത് കഴിഞ്ഞാൽ വളരെ എളുപ്പത്തിൽ പന്തളത്ത് എത്തിച്ചേരാൻ സാധിക്കും. പക്ഷേ, ഇതിനിടയിൽ ചെറിയ ഗ്രാമീണ റോഡുകൾ രണ്ടുമൂന്ന് കിലോമീറ്ററുകൾ മാത്രമാണുള്ളത്. കേരളത്തിലെ ഇത്തരം ഗ്രാമീണ റോഡുകളെക്കുറിച്ച് പഠിച്ചതിനുശേഷം പി.ഡബ്ല്യു.ഡി. റോഡുകളുമായി ലിങ്ക്

ചെയ്യാൻ കഴിഞ്ഞാൽ എം.സി. റോഡുകളിലെയും പ്രധാനപ്പെട്ട റോഡുകളിലെയും ട്രാഫിക് വളരെയേറെ കുറയ്ക്കാൻ കഴിയുന്നതാണ്. കേരളത്തിലെ റോഡുകൾ തമ്മിൽ അങ്ങനെയൊരു കണക്ടിവിറ്റി കൊണ്ടുവരാൻ സാധിക്കുമോയെന്നത് പരിശോധിക്കാൻ കഴിയുന്ന ഒരു വിഷയമാണെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ബഹുമാനപ്പെട്ട എന്റെ സഹപ്രവർത്തകരായിട്ടുള്ള എം.എൽ.എ.-മാർ സൂചിപ്പിച്ച കാര്യങ്ങളെല്ലാം ഈ ബില്ലിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഗ്രാമീണ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുകയെന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി പറയുമ്പോൾ സൂചിപ്പിക്കുന്നതാണ്. ഞാൻ റോഡിന്റെ പരിപാലനവുമായി ബന്ധപ്പെട്ട കാര്യം...

<u>ചെയർപേഴ്സൺ</u>: ശ്രീ. ജി. സ്റ്റീഫൻ ഇത് തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നുണ്ടോ?

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ഇത് അവതരിപ്പിക്കാനായി രണ്ടുമൂന്ന് മിനിറ്റുകൾകൂടി മതിയാകും. നിലവിലുള്ള റോഡുകളുടെ പരിപാലനത്തെ കുറിച്ചാണ് ഞാൻ ഇതിൽ പറഞ്ഞത്. റോഡിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് ബോധവത്കരണ പ്രവർത്തനങ്ങൾ നമ്മുടെ സമൂഹത്തിൽ

നടത്തേണ്ടതായിട്ടുണ്ട്. പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതികളും നിവേദനങ്ങളും യഥാസമയം പരിശോധിച്ച് തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുമരാമത്ത് വകുപ്പിനും സമർപ്പിക്കുകയെന്നത് ഈ ബില്ലിന്റെ ഭാഗമായിട്ടുള്ളൊരു വ്യവസ്ഥയാണ്. സ്വകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ, അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ പൊതുനിരത്ത് പരിപാലന സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഒരു ഏകോപനമുണ്ടാക്കുകയെന്നതാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. റോഡുകൾ മനഃപൂർവമോ ബോധപൂർവമോ നശിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടി ആരെങ്കിലും ശ്രമം നടത്തുന്നുവെന്ന് ബോധ്യപ്പെടുന്നപക്ഷം ആയത് തെളിവുകൾ സഹിതം അതത് സമിതികളുടെ മുമ്പാകെ കൊണ്ടുവരികയും സർക്കാരിന്റെയും തദ്ദേശാധികാര സ്ഥാപനങ്ങളുടെയും ശ്രദ്ധയിൽപ്പെടുത്തുകയെന്നുള്ളതും....

<u>ചെയർപേഴ്സൺ</u>: ശ്രീ. ജി. സ്റ്റീഫൻ, ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കേണ്ടതാണ്. ഇപ്പോൾതന്നെ 15 മിനിറ്റായി. ഇനിയും ധാരാളം ബില്ലുകളുടെ ചർച്ചയുണ്ട്.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ഞാൻ ഈ ബിൽ തുടർചർച്ചയ്ക്കുവേണ്ടി മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ചെയർപേഴ്സൺ</u>: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(ശ്രീ. മുഹമ്മദ് മുഹസിൻ)

P-21-03-2025
HA/SG (I)
11.10-11.20

ii) മെഡിക്കൽ പഠനാവശ്യത്തിനായി മൃതശരീരങ്ങൾ വിട്ടുനൽകലും പ്രോത്സാഹിപ്പിക്കലും ബിൽ

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, മെഡിക്കൽ പഠനാവശ്യത്തിനായി മൃതശരീരങ്ങൾ വിട്ടുനൽകലും പ്രോത്സാഹിപ്പിക്കലും ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ശ്രീ. ഒ. ആർ. കേളു)

P-21-03-2025
HA/SG (I)
11.10-11.20

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, കേരളത്തിൽ 1957-ലെ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യങ്ങൾ നടക്കുന്നത്. മൃതശരീരം

പഠനാവശ്യത്തിനായി വിട്ടുനൽകുന്നതിനുള്ള വ്യവസ്ഥ 1957-ലെ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. അതിനുശേഷം 1964-ൽ വീണ്ടും ചെറിയൊരു ഭേദഗതി ഈ നിയമത്തിൽ കൊണ്ടുവന്നിരുന്നു. അതിലെ ക്ലോസ് 4 പ്രകാരം ഒരു വ്യക്തിക്ക് മരണാനന്തരം മൃതശരീരം ദാനം ചെയ്യുന്നതിനുള്ള നിയമസാധുതയും പരിരക്ഷയും നിലവിലുണ്ട്. എന്നാൽ പ്രസ്തുത നിയമത്തിലെ ക്ലോസ് 4(ബി) പ്രകാരം അടുത്ത ബന്ധുവിന്റെയോ പങ്കാളിയുടെയോ വിസമ്മതമുണ്ടെങ്കിൽ ടി മൃതശരീരം മെഡിക്കൽ വിദ്യാഭ്യാസത്തിനായി സ്വീകരിക്കുന്നതിന് നിയമതടസ്സമുണ്ട്. അക്കാര്യങ്ങൾ നിലവിൽ സർക്കാർ പരിശോധിച്ചുവരികയാണ്. നിർദിഷ്ട അനൗദ്യോഗിക ബില്ലിലെ ക്ലോസ് 4-ൽ ഉൾപ്പെട്ടിട്ടുള്ള മൃതശരീരം ദാനം ചെയ്യുമ്പോൾ അടുത്ത ബന്ധുക്കളുടെയും ജനപ്രതിനിധികളുടെയും ഗസറ്റഡ് ഉദ്യോഗസ്ഥരുടെയും സാക്ഷ്യപത്രംകൂടി ആവശ്യപ്പെടണമെന്നൊരു വ്യവസ്ഥകൂടി ഇതിൽ പറയുന്നുണ്ട്. അക്കാര്യത്തിൽ ചില ബുദ്ധിമുട്ടുകൾ ഈ ബില്ലിൽ സൂചിപ്പിക്കുന്നുണ്ട്. ഇത്തരം കാര്യങ്ങൾക്ക് ചില പ്രയാസങ്ങൾ നേരിടുന്നതായി സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രസ്തുത ബില്ലിലെ ക്ലോസ് 5-ലെ, പഠനാവശ്യത്തിനായി മൃതശരീരം വിട്ടുനൽകാൻ സമ്മതപത്രം നൽകിയവർക്ക് ആശുപത്രി സേവനങ്ങൾക്ക് മുൻഗണന നൽകുന്നത് അടിയന്തര ആശുപത്രി സേവനങ്ങളെ പ്രതികൂലമായാണ് പലപ്പോഴും

ബാധിക്കുന്നത്. അതുകൊണ്ടുതന്നെ പ്രസ്തുത സ്വകാര്യ ബില്ലിലെ ക്ലോസ് 2, ഏറ്റെടുത്ത മൃതദേഹങ്ങൾ പഠനാവശ്യത്തിനുശേഷം മറവുചെയ്യണമെന്ന വ്യവസ്ഥ അശാസ്ത്രീയവും അപ്രായോഗ്യവുമാണ്. മാത്രമല്ല, ശരീരത്തിന്റെ ഉദ്ദേശ്യശുദ്ധിയെ അത് ചോദ്യം ചെയ്യുന്നതുമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇത് പരിഗണനനാർഹമല്ലെന്നാണ് ഇവിടെ സൂചിപ്പിക്കാനുള്ളത്. സംസ്ഥാനത്ത് മൃതശരീരങ്ങൾ പഠനാവശ്യത്തിനായി നൽകുന്നത് സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയാണ് 1957-ലെ അനാട്ടമി ആക്ട് നിലവിലുള്ളത്. പ്രസ്തുത ആക്ടിലെ വ്യവസ്ഥകളിൽ കാലാനുസൃതമായ മാറ്റം ആവശ്യമായി വരുന്നപക്ഷം ടി ആക്ട് ഭേദഗതി ചെയ്യാവുന്നതാണ്. ആയതിനാൽ കേരള അനാട്ടമി ആക്ട് നിലവിലുള്ള സാഹചര്യത്തിൽ ഇതേ ആവശ്യത്തിന്മേൽ മറ്റൊരു നിയമനിർമ്മാണം ആവശ്യമായി കാണുന്നില്ല. അതുകൊണ്ട് ഇത് നിരാകരിക്കുകയാണ്.

(ശ്രീ. മുഹമ്മദ് മുഹസിൻ)

P-21-03-2025
HA/SG (I)
11.10-11.20

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, നിലവിലുള്ള നിയമത്തിന് എതിരായിട്ടല്ല, നിലവിലുള്ള നിയമമുണ്ടാകുമ്പോഴും ദാതാവിനെക്കുറിച്ചും ദാതാവിന്റെ അവകാശങ്ങളെക്കുറിച്ചുമുള്ള കാര്യങ്ങൾക്കുവേണ്ടിയാണ് ഈ

സ്വകാര്യ ബിൽ അവതരിപ്പിക്കുന്നത്. നിലവിലുള്ള നിയമം ഏറ്റവും കൂടുതൽ അനാഥമാക്കപ്പെട്ട അവകാശികളില്ലാത്ത മൃതശരീരങ്ങൾക്കാണ് പ്രാധാന്യം കൊടുക്കുന്നത്. നാളിതുവരെ അതുമായി ബന്ധപ്പെട്ടുള്ള തർക്കങ്ങളും വിഷയങ്ങളുമുണ്ട്. സഖാവ് എം. എം. ലോറൻസിന്റെ വിഷയംതന്നെ നമുക്കറിയാം. നിരവധി മെഡിക്കൽ കോളേജുകളും മെഡിക്കൽ വിദ്യാർത്ഥികളുമുണ്ടാകുന്ന ഈ സാഹചര്യത്തിൽ ആവശ്യമായ രീതിയിൽ അവർക്ക് പഠിക്കാനുള്ള കഡാവറുകൾ ഇല്ലാത്ത സാഹചര്യമുണ്ട്. കേരളം ഒരു മെഡിക്കൽ ഹബ്ബായി മാറണമെങ്കിൽ ആധുനിക രീതിയിലുള്ള വൈദ്യശാസ്ത്രം പഠിക്കാൻ കഴിയുന്ന അന്തരീക്ഷം ഉണ്ടാകേണ്ടതുണ്ട്. അങ്ങനെയുള്ള സാഹചര്യം ഉണ്ടാകുന്നതിനുവേണ്ടിയുള്ള ഒരു നിയമനിർമ്മാണമെന്ന നിലയിൽ, നിലവിലുള്ള നിയമവുമായി ബന്ധപ്പെട്ട് യാതൊരുതരത്തിലും കോൺഫ്ലിക്റ്റുണ്ടാകാത്ത രീതിയിലാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

ഡോ. കെ. ടി. ജലീൽ: സർ, നിലവിൽ നമ്മുടെ മെഡിക്കൽ പഠനത്തിന് മൃതദേഹങ്ങൾ പഠനാവശ്യത്തിനായി ലഭിക്കാത്തൊരു സാഹചര്യം ഇപ്പോൾ കേരളത്തിലുണ്ടോ; ആ ദൗർലഭ്യമുണ്ടെന്നുള്ള ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണോ ഇത്തരമൊരു ബിൽ അവതരിപ്പിക്കാൻ അങ്ങ് മുന്നോട്ടുവന്നത്?

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഇവിടെ ആരാധ്യനായ അംഗം ഈ ബിൽ കൊണ്ടുവന്നതിൽ അഭിനന്ദിക്കുകയാണ്. പല തരത്തിലുള്ള പ്രശ്നങ്ങളും ഇപ്പോൾ നിലവിലുണ്ടെന്നത് ഈ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ സഹായകരമാണ്. അതോടൊപ്പം എനിക്ക് ഒരു കാര്യം പറയാനുള്ളത്, എന്റെ അച്ഛൻ മെഡിക്കൽ പഠനത്തിനുവേണ്ടി മൃതശരീരം നൽകിയ ആളാണ്; കൂടാതെ ഞാനും എന്റെ അമ്മയും ഭാര്യയും മെഡിക്കൽ പഠനത്തിന് മൃതശരീരം നൽകാൻ സന്നദ്ധരായി എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച ഒരു കുടുംബത്തിലെ അംഗം കൂടിയാണ്. പക്ഷേ ഈ സന്ദർഭത്തിൽ ഇത്തരമൊരു ബിൽ കൊണ്ടുവരുമ്പോൾ മറ്റൊരു ലക്ഷ്യം കൂടി സാധൂകരിക്കപ്പെടുമെന്നാണ് ഞാൻ കരുതുന്നത്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വർധിച്ചുവരുന്ന കേരളീയ സമൂഹത്തിൽ ഇത്തരം ആചാരങ്ങളെയും മരണാനന്തര ചടങ്ങുകളെയും ഉപയോഗപ്പെടുത്താൻ പരിശ്രമിക്കുന്നൊരു ബിസിനസ്സ് താൽപര്യം ഇപ്പോൾ കടന്നുവന്നിട്ടുണ്ട്. ആ ഘട്ടത്തിൽ ഇത്തരം ബില്ലുകൾ ബോധവത്കരണത്തിന് സഹായകരമാകുമെന്ന് ഞാൻ കരുതുകയാണ്. അത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ശ്രീ. ചാണ്ടി ഉമ്മൻ)

P.21-03-2025
11.20-11.30
GS/SG(1)

(ശ്രീ. മുഹമ്മദ് മുഹസിൻ.....തുടർച്ച)

ശ്രീ. ചാണ്ടി ഉമ്മൻ: സർ, നിലവിലെ നിയമത്തിൽ ചില പഴുതുകളുണ്ടോയെന്ന് സംശയമുണ്ട്. കാരണം, മരിച്ചുപോയ വ്യക്തിയുടെ അവയവങ്ങൾ ദാനം ചെയ്യുന്നത് കൃത്യമായി എഴുതിവയ്ക്കാതെ ബന്ധുകളുടെ മൊഴിയുടെയടിസ്ഥാനത്തിൽ മാത്രം മൃതദേഹം വിട്ടുകൊടുക്കുന്നൊരു സാഹചര്യം പ്രശ്നമുണ്ടാക്കുന്നില്ലേ; അദ്ദേഹത്തിന്റെ ഓറൽ ഒപീനിയനിലാണെങ്കിൽ പ്രസ്തുത ബില്ലിൽ അതിന് എന്തെങ്കിലും പരിഹാരമുണ്ടോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വളരെ പ്രധാനപ്പെട്ട ബില്ലാണിത്. ഈ കാലഘട്ടത്തിൽ ആശുപത്രികളിൽ മൃതശരീരങ്ങൾ പഠിക്കാൻവേണ്ടി വിട്ടുകൊടുക്കുന്നത് ധാരാളം ആളുകൾ ജീവിച്ചിരിക്കുമ്പോൾതന്നെ ആവശ്യപ്പെടുന്ന കാര്യമാണ്. മുൻകാലഘട്ടങ്ങളിൽ മൃതശരീരങ്ങൾ മോഷ്ടിച്ച് കൊണ്ടുപോയി വിൽക്കുന്ന ലോബിയുണ്ടെന്നുള്ള കാര്യം പലപ്പോഴും ഞാൻ കേട്ടിട്ടുണ്ട്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, നിലവിൽ നിയമങ്ങളുണ്ടായിട്ടും നമ്മുടെ മെഡിക്കൽ കോളേജുകളിൽ പഠിക്കാൻ ആവശ്യമായ രീതിയിലുള്ള

കഡാവർ ഇല്ലെന്നതാണ് പ്രസ്തുത ബിൽ സഭയിൽ കൊണ്ടുവരാനുള്ള പ്രധാനപ്പെട്ട സാഹചര്യം. മാത്രമല്ല, പല ആശുപത്രികളിലെയും വിദഗ്ധരായ ഡോക്ടർമാരോട് സംസാരിച്ച സമയത്ത് അവർ പറഞ്ഞത്, ഏറ്റവും ആധുനിക ട്രീറ്റ്മെന്റ് പ്രത്യേകിച്ച് ഹൃദ്രോഗം, തലച്ചോറുമായി ബന്ധപ്പെട്ട ചില സർജറികളൊക്കെ ചെയ്യാനുള്ള സംവിധാനങ്ങളുണ്ട്. പക്ഷെ, അത് പരീക്ഷിക്കാനുള്ള കഡാവർ ഇല്ലാത്തതുകൊണ്ട് അത്തരം ആധുനിക ചികിത്സയ്ക്ക് ഇവിടെ സൗകര്യങ്ങൾ ചെയ്യാൻ സാധിക്കുന്നില്ല. അതുകൊണ്ട് ആളുകൾ യു.എസ്. അടക്കമുള്ള സ്ഥലങ്ങളിൽപ്പോയി ട്രീറ്റ്മെന്റ് എടുക്കേണ്ട സ്ഥിതിയാണുള്ളത്. ഇവിടെ വിദഗ്ധ ഡോക്ടർമാരുണ്ടെങ്കിലും അവർക്ക് ഇവിടെ ചെയ്യാൻ കഴിയാത്ത പ്രശ്നമുണ്ടെന്നാണ് പറയുന്നത്. ഐഡിയലായി ഒരു കഡാവർ പത്ത് മുതൽ പതിനഞ്ച് വിദ്യാർഥികൾക്ക് പഠിക്കാൻ കഴിയുന്ന രീതിയിലാണ് വേണ്ടത്. പക്ഷേ, 100 കുട്ടികൾക്കുപോലും ഒരു കഡാവർ ലഭിക്കാത്ത സാഹചര്യമാണ് നമ്മുടെ നാട്ടിലുള്ളത്. അതൊരു പ്രധാനപ്പെട്ട വിഷയമാണ്. നിലവിൽ നിയമമുണ്ടായിട്ടുപോലും നമുക്കതിന് സാഹചര്യമുണ്ടാകുന്നില്ലെന്ന് പറഞ്ഞാൽ, ആ നിയമത്തിൽ പൊളിച്ചെഴുത്തുകൾ ആവശ്യമാണെന്നാണ് കാണിക്കുന്നത്. ഞാൻ ശ്രീ. കെ. ഡി. പ്രസേനനെ അഭിനന്ദിക്കുകയാണ്. അങ്ങ് എല്ലാവർക്കും ഒരു മാതൃകയാണ്. ഇപ്പോൾ കൊണ്ടുവരുന്ന സ്വകാര്യ

ബില്ലിൽ പ്രധാനമായും ബോധവൽക്കരിക്കാനും പ്രചാരണം കൊടുക്കാനുമുള്ള കാര്യങ്ങൾക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള നിയമത്തിൽ ആ വ്യവസ്ഥയില്ല. നിലവിലുള്ള നിയമം ശ്രീ. ചാണ്ടി ഉമ്മൻ പറഞ്ഞതുപോലെ, സാക്ഷ്യപ്പെടുത്തുന്നത് എന്നുപറഞ്ഞാൽ ആരെങ്കിലും ഓറലായി ഇന്നയാൾ പറഞ്ഞിട്ടുണ്ടെന്ന് പറഞ്ഞാൽ മതി, അതാണ് ഏറ്റെടുക്കുന്നത്. എന്നാൽ എഴുതിവയ്ക്കുന്നതിനും എഴുതിവച്ചുകഴിഞ്ഞാൽ അത് എങ്ങനെയാണെന്നുള്ളതിനും കൃത്യമായൊരു പ്രൊസീജ്യർ ഇല്ല. ഒരു പഞ്ചായത്ത് മെമ്പറും കുടുംബാംഗങ്ങളിൽ പ്രായപൂർത്തിയായ വളരെ വേണ്ടപ്പെട്ട ഒരാൾക്കൂടി സാക്ഷ്യപത്രം കൊടുക്കുക എന്നത് അതിനുള്ള പരിഹാരംകൂടിയാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ ഒരു ലോബി പ്രവർത്തിക്കുന്നുണ്ടെന്ന് പറഞ്ഞാൽ, പതിനേഴ്, പതിനെട്ട് നൂറ്റാണ്ടുകളിലൊക്കെ വലിയ സാധ്യതയുള്ള അനാട്ടമി പഠനത്തിന്റെ തുടക്കത്തിൽ, ശരിക്കുപറഞ്ഞാൽ ഡാർക്ക് ഏജ് എന്നുപറയുന്ന, ബോഡി ശ്മശാനത്തിൽനിന്ന് എടുത്തുകൊണ്ടുപോകുന്നതും സ്കോട്ട്ലാൻഡിൽ പതിനാറ് പേരെ കൊലപ്പെടുത്തി ബോഡി വിൽക്കുന്നതുമായ സാഹചര്യമുണ്ടായി. മൃതശരീരങ്ങൾ കൊണ്ടുപോകുന്ന റാക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് സബ്മിഷനടക്കമുള്ള കാര്യങ്ങൾ അവതരിപ്പിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പല തവണ ഈ സഭയിൽ

സൂചിപ്പിച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്നൊക്കെ ആവശ്യമുള്ള ബോഡികൾ പണം കൊടുത്ത് വാങ്ങിയാണ് പല സ്വകാര്യ മെഡിക്കൽ കോളേജുകളും ഉപയോഗിക്കുന്നത്. മരണപ്പെട്ടവർ ജീവിച്ചിരിക്കുന്നവരെ പഠിപ്പിക്കുന്നു എന്നുള്ളതാണ്. ചില വ്യക്തികളുടെ മരണശേഷവും ജീവിച്ചിരിക്കുന്നവർക്കുവേണ്ടി സേവനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ തന്റെ ശരീരം ദാനം ചെയ്യാൻ തയ്യാറായിവന്ന സീതാറാം യെച്ചൂരി, എം. എം. ലോറൻസ് അടക്കമുള്ളവർ, അങ്ങനെ കൊടുക്കുന്ന സമയത്തുപോലും പിന്നീട് വിവാദങ്ങളാക്കുകയും അതിന് സംവിധാനങ്ങളില്ലാതിരിക്കുകയും ചെയ്യുന്ന ഒരു സാഹചര്യമുണ്ട്. അത്തരം സാഹചര്യങ്ങൾ പരിഹരിക്കാനും അതോടൊപ്പം ഇതിനെ പ്രോത്സാഹിപ്പിക്കുന്നതിനായി, ഭാവി തലമുറയ്ക്ക് പഠിക്കാൻവേണ്ടി ഒരാൾ ശരീരം ദാനം ചെയ്യാൻ തയ്യാറായാൽ അവർക്ക് ഏതെങ്കിലും തരത്തിൽ ഗുണം ലഭിക്കണം. അതിന് അവർക്ക് സൗജന്യമായി ചികിത്സ നൽകാനുള്ള സംവിധാനമുണ്ടാകണം. സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് ബോഡി നൽകുമ്പോൾ ഒരു ഫീസ് ഈടാക്കുന്നുണ്ട്. അതിൽനിന്നും ഇതിനുവേണ്ടിയുള്ള ഫണ്ട് കണ്ടെത്താവുന്നതാണ്. അതുപോലെ വാഹനങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കും.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, നമ്മൾ വളരെ പ്രധാനപ്പെട്ട ഒരു

ബില്ലിന്റെ ചർച്ചയിലാണ്.

ഡോ. കെ. ടി. ജലീൽ: സർ, ......(മൈക്ക് ഓഫ്)......

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ആ ചോദ്യം ഞാൻ തിരിച്ചങ്ങോട്ട് ചോദിക്കട്ടെ. ഹ്യൂമൻ ബോഡിയും ഓർഗൻസും വളരെ വിലപ്പെട്ടതായതുകൊണ്ടാണ് ആളുകളെ വകവരുത്തിയിട്ട് കൊണ്ടുകൊടുക്കുന്ന രീതിയിലേക്ക് മാറിയിട്ടുള്ളത്. സത്യത്തിൽ ആളുകൾക്കിടയിൽ വലിയ രീതിയിലുള്ള അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ ഈ ബിൽ വളരെ പ്രധാനപ്പെട്ടതാണെന്ന് തോന്നുന്നു. മതപരമായ വിശ്വാസത്തിന്റെ പേരിൽ പഠനത്തിനുവേണ്ടി മൃതദേഹവും അവയവങ്ങളുമൊക്കെ വിട്ടുകൊടുക്കാതിരിക്കുന്ന സാഹചര്യമുണ്ട്. യഥാർത്ഥത്തിൽ മരിച്ചുപോയ ആൾ മറ്റൊരാളിലൂടെ ജീവിക്കുന്നതിന് തുല്യമായ രീതിയിലുള്ള കാര്യങ്ങളൊക്കെ ഇതിൽ ചെയ്യാൻ സാധിക്കും. മതപരമായ വിശ്വാസത്തിന്റെ പേരിൽ ഇത് കൊടുക്കാതിരിക്കുന്ന ആളുകൾക്കിടയിൽ മതപരമായ ഗവേഷണം നടത്തി മതപണ്ഡിതരോട് സംസാരിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ഇ. കെ. വിജയൻ: സർ, മതസങ്കൽപങ്ങളിൽനിന്നൊക്കെ മാറി മനുഷ്യൻ മാറുന്ന സാഹചര്യം വരുന്നത് ആശുപത്രി കിടക്കയിൽ

കിടക്കുമ്പോഴാണ്. രക്തം വേണമെന്ന് പറയുമ്പോൾ ഇന്ന മതത്തിലെ രക്തം, ഇന്ന ജാതിയിലെ രക്തം എന്നൊന്നും പറയാൻ സാധിക്കില്ല. ഉടനടി അദ്ദേഹത്തിന്റെ ഗ്രൂപ്പുനോക്കി ആ രക്തം ശേഖരിക്കുകയാണ് ചെയ്യുന്നത്. മരണാനന്തരം എല്ലാം തീർന്നു. ശ്രീ. മുഹമ്മദ് മുഹസിൻ ഇവിടെ സൂചിപ്പിച്ചതുപോലെ, ശാസ്ത്രലോകം വിജയിച്ച ഈ സാഹചര്യത്തിൽ മൃതശരീരത്തിന്റെ ആവശ്യം മെഡിക്കൽ കോളേജുകളിൽ വർധിക്കുകയാണ്. അതിന് സഹായകരമായി ജനപ്രതിനിധികൾ എന്ന നിലയ്ക്ക് ഈ സഭയിൽ അങ്ങനെ കൊടുക്കാൻ തീരുമാനിച്ചവരുണ്ട്. ഇനി അങ്ങനെ നൽകാൻ താല്പര്യമുള്ളവരുടെ ക്യാമ്പ് സംഘടിപ്പിച്ച് ഒരു പരിശോധന നടത്താൻ സാധിക്കില്ലേ; അതുകൂടി ഇതിന്റെ ഭാഗമായി ചേർക്കാൻ കഴിയില്ലേ?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഇതിൽ മതപരമായ രണ്ട് കാര്യങ്ങളാണ് പറഞ്ഞത്. മതപരമായിട്ടുള്ള ആളുകളുടെ വിശ്വാസങ്ങളെ പൂർണ്ണമായും അംഗീകരിക്കുകയും അവരെ ബഹുമാനിക്കുകയും ചെയ്യുന്നതോടൊപ്പം മതപരമായ മറ്റുകാര്യങ്ങളിലേക്കോ വിവാദങ്ങളിലേക്കോ പോകേണ്ട കാര്യമില്ല. ഇതുമായി ബന്ധപ്പെട്ട് പല ആളുകളുടെയും ശരീരങ്ങൾ കള്ളക്കടത്ത് നടത്തുന്നുണ്ട്, ചില ആളുകളെ കൊലപ്പെടുത്തി എടുക്കുന്നുണ്ട് എന്ന തരത്തിലുള്ള വാർത്തകൾ വരുന്നൊരു കാലത്ത് ഇത് ശാസ്ത്രീയമായ പഠനത്തിന് കൊടുക്കാനുള്ള

സാഹചര്യമൊരുക്കുക എന്നുള്ളതാണ്. മതപരമായ സെന്റിമെന്റുകൾ പരിഗണിക്കേണ്ടതുണ്ട്. രക്തവും ബോഡി ഓർഗൻസുമൊക്കെ നൽകുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളൊക്കെ പണ്ഡിതന്മാർ നേരത്തെ ചർച്ച ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഈ കാര്യംകൂടി പരിഗണിക്കാവുന്നതാണ്. അങ്ങയുടെ നേതാവ് സി. എച്ച്. മുഹമ്മദ്കോയ 1957-ൽ ഈ നിയമം പാസ്സാക്കുമ്പോൾ അക്കാര്യങ്ങൾ പറയുകയും അതിലെ ഏറ്റവും വലിയ രസമെന്ന് പറയുന്നത്, ഡോ. എ. ആർ. മേനോൻ അനാട്ടമി ആക്റ്റ് ഇവിടെ അവതരിപ്പിച്ചപ്പോൾ അന്ന് ഭരണകക്ഷിയിലും പ്രതിപക്ഷത്തുമുള്ള അംഗങ്ങൾ പലതരത്തിലുള്ള കാര്യങ്ങൾ പറഞ്ഞപ്പോൾ ഭരണകക്ഷിയിൽത്തന്നെയുള്ള കെ. പി. ആർ. ഗോപാലൻ അടക്കമുള്ള പല ആളുകളും ഈ മതപരമായ വികാരം പരിഗണിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. സി. എച്ച്. മുഹമ്മദ്കോയ മതാചാരങ്ങളെയും സെന്റിമെന്റ്സുകളെയും മാനിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഇന്ത്യയിൽ 1949-ലാണ് ബോംബെ അനാട്ടമി ആക്റ്റ് വന്നത്. അതിനുശേഷമുണ്ടായ എല്ലാ ആക്റ്റുകളും പരിശോധിച്ചാൽ കേരളത്തിൽ മാത്രമാണ് മതപരമായ കാര്യങ്ങൾ പരിഗണിക്കണമെന്ന് പറയുന്നത്.

<u>ചെയർപേഴ്സൺ</u>: ശ്രീ. മുഹമ്മദ് മുഹസിൻ ഈ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നുണ്ടോ?

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്നാണ് എന്റെ അഭിപ്രായം. ഈ ബിൽ ഡിസ്പോസ് ചെയ്യുന്ന സാഹചര്യം വരികയാണെങ്കിൽ നിലവിലുള്ള നിയമത്തിൽ അടിമുടി മാറ്റംവരുത്താതെ മുന്നോട്ടുപോകാൻ സാധിക്കില്ല. ശരിക്കുപറഞ്ഞാൽ ഇത് ഇവിടെ നടപ്പാക്കേണ്ട വളരെ പ്രധാനപ്പെട്ട കാര്യമാണ്. കാരണം, ഓരോ ദിവസവും ഇതുമായി ബന്ധപ്പെട്ട വിവാദങ്ങളും പ്രശ്നങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിനൊരു പരിഹാരം വേണം. അതുപോലെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തും ആധുനിക ഗവേഷണ രംഗത്തും കേരളം ലോകത്തിന് മാതൃകയാകാൻ കഴിയുന്ന സാഹചര്യമുണ്ടാകണമെങ്കിൽ, ആഗോളതലത്തിലുള്ള മെഡിക്കൽ ഹബ്ബായി കേരളം മാറേണ്ടതുണ്ടെങ്കിൽ, കഡാവറുകൾ പഠിക്കാൻ കിട്ടണം. അങ്ങനെയൊരു സാഹചര്യമുണ്ടാകുമ്പോഴാണ് ആളുകൾക്ക് ശാസ്ത്രീയമായി പഠിക്കാനും അതുവഴി അനേകായിരം മനുഷ്യരുടെ ജീവിതം രക്ഷിക്കാനും സാധിക്കുന്നത്. " A single donated body can teach thousands of students, who in turn will heal millions" എന്നാണ് പറയുന്നത്. ഒരു മൃതശരീരം അനേകം സ്റ്റുഡന്റ്സിനെ പഠിപ്പിച്ചുകൊണ്ട് ദശലക്ഷക്കണക്കിന് മനുഷ്യരുടെ രോഗമകറ്റാനും ശരീരത്തെ മെച്ചപ്പെടുത്താനും ജീവൻ രക്ഷിക്കാനുമൊക്കെ കഴിയുന്നതാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ ഈ

ബിൽ പരിഗണിക്കണം, തുടർചർച്ചയ്ക്കുവേണ്ടി മാറ്റിവയ്ക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ചെയർപേഴ്സൺ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(ഡോ. എൻ. ജയരാജ്)

P-21-03-2025
MR/AU(1)
11.30-11.40 (RC)

(iii) 2024-ലെ കേരള വിദേശ പഠന കൺസൾട്ടൻസികളുടേയും ട്രാവൽ ഏജൻസികളുടേയും രജിസ്ട്രേഷനും നിയന്ത്രണവും ബിൽ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2024-ലെ കേരള വിദേശ പഠന കൺസൾട്ടൻസികളുടേയും ട്രാവൽ ഏജൻസികളുടെയും രജിസ്ട്രേഷനും നിയന്ത്രണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ഡോ. ആർ. ബിന്ദു)

P-21-03-2025
MR/AU (1)
11.30-11.40

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഉന്നത വിദ്യാഭ്യാസ-

സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കേരളത്തിൽ നിന്നുള്ള അന്താരാഷ്ട്ര റിക്രൂട്ട്മെന്റ് മേഖലയിലെ സുതാര്യത ഉറപ്പുവരുത്തണമെന്ന ആവശ്യം ഈ സഭയ്ക്കകത്തും പൊതുസമൂഹത്തിലും പ്രത്യേകിച്ച് നാലാം ലോക കേരളസഭയിലും ഉയർന്നുവന്ന സുപ്രധാനമായ ആവശ്യങ്ങളിലൊന്നായിരുന്നു. അതുകൊണ്ടുതന്നെ നിയമനിർമ്മാണ സാധ്യത പഠിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഡോ. സജി ഗോപിനാഥ് അധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ആ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിനെ ആധാരമാക്കി നിയമനിർമ്മാണ പ്രക്രിയയ്ക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. നിയമനിർമ്മാണം അതിന്റെ അന്തിമഘട്ടത്തിലാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കി നൽകിയ കരട് ബിൽ നിയമ വകുപ്പ് പരിശോധിച്ച് ചില ക്വറീസുമായി (Query) തിരിച്ച് തരികയും അതിന് മറുപടി നൽകി പുന:സമർപ്പിക്കുകയും ചെയ്തിരിക്കുകയാണ്. ഈ സഭയിൽ അത് അവതരിപ്പിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. അടുത്ത സഭാസമ്മേളനത്തിൽ നിശ്ചയമായും അത് അവതരിപ്പിക്കാൻ സാധിക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം നോട്ടീസ് നൽകിയ ഈ അനൗദ്യോഗിക ബില്ലിന് പ്രസക്തിയില്ല. എങ്കിൽപോലും പരിണതപ്രജ്ഞനായിട്ടുള്ള അദ്ദേഹം സൂക്ഷ്മാംശങ്ങളിൽ ശ്രദ്ധിക്കുന്ന

ഒരാളായതുകൊണ്ട് അത് അവതരിപ്പിക്കാൻ അനുമതി നൽകാം എന്നുള്ള അഭിപ്രായമുണ്ട്.

(ഡോ. എൻ. ജയരാജ്)

P-21-03-2025
MR/AU(1)
11.30-11.40

ഡോ. എൻ. ജയരാജ്: സർ, നിയമസഭയിൽ വരുന്ന എല്ലാ സ്വകാര്യ ബില്ലുകളും അവസാനം പിൻവലിക്കപ്പെടുകയും അതിന് അന്ത്യം സംഭവിക്കപ്പെടുകയും ചെയ്യുന്ന പാരമ്പര്യമാണുള്ളത്. ഇത്തരത്തിലുള്ള പരാതികൾ പലപ്പോഴും അംഗങ്ങൾക്കിടയിൽ ഉള്ളതാണ്. എന്നെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായി സന്തോഷമുണ്ട്. കാരണം ഞാൻ ആദ്യം കൊണ്ടുവന്ന സ്വകാര്യ ബിൽ 'കേരള ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി ബിൽ' ആയിരുന്നു. സംസ്ഥാന ഗവൺമെന്റ് അതുമായി ബന്ധപ്പെട്ട നിയമനിർമ്മാണ രൂപീകരണ ഘട്ടത്തിലാണ്. രണ്ടാമത്തെ ബില്ലാണ് ഇപ്പോൾ ഞാൻ ഇവിടെ അവതരിപ്പിച്ചത്. ഇത് അങ്ങേയ്ക്ക് അറിയാവുന്ന പ്രസക്തമായൊരു വിഷയമാണ്, ഇന്ന് രാവിലെ ചർച്ച ചെയ്യപ്പെട്ടതുമാണ്. വിദേശപഠന കൺസൾട്ടൻസികളും ട്രാവൽ ഏജൻസികളും ഒരിക്കലും ആശാസ്യമല്ലാത്ത ഒരുപാട് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. അതിന് യാതൊരു നിയന്ത്രണവും ഇല്ല. അതുകൊണ്ട്

അതിനൊരു നിയന്ത്രണം വേണമെന്നുള്ള ആവശ്യം മുമ്പോട്ട് കൊണ്ടുവന്നു. ബഹുമാന്യയായ ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഈ വിഷയം ഗവൺമെന്റിന്റെ പരിഗണനയിലാണെന്നുള്ള വിവരം ചോദ്യോത്തരവേളയിൽ സൂചിപ്പിക്കുകയുണ്ടായി. അതുകൊണ്ട് ഞാൻ ഈ ബില്ലിന്റെ ചർച്ചയുമായി മുന്നോട്ടുപോകുന്നില്ല. വളരെ പ്രധാനപ്പെട്ട കാലിക പ്രസക്തമായിട്ടുള്ള വിഷയമാണിത്. ഇതിൽ രണ്ട് കാര്യങ്ങളെക്കുറിച്ചാണ് പരാമർശിക്കുന്നത്. നേരത്തെ തന്നെ രണ്ട് ഹൈക്കോടതികളിൽ ഇതുമായി ബന്ധപ്പെട്ട പരാമർശം നടത്തിയതാണ്. ഇതുസംബന്ധിച്ച് നിയമനിർമ്മാണത്തിന് തയ്യാറാകണമെന്ന നിർദേശം നേരത്തെ ഡൽഹി ഹൈക്കോടതി കൊടുത്തിരുന്നതാണ്. രണ്ടാമത്തേത്, കേരള ഹൈക്കോടതിയുടെ നിർദേശമാണ്. ഇതിനകത്തെ പ്രധാനപ്പെട്ട വിഷയം മലയാളിയുടെ ജീവിത സാഹചര്യങ്ങളിലും വിദ്യാഭ്യാസ രംഗത്തുമുണ്ടായ മാറ്റങ്ങളുടെ ഭാഗമായി, സാമൂഹ്യ മാറ്റത്തിന്റെ ഭാഗമായി ഇന്ന് വിദേശരാജ്യങ്ങളിൽ വിദ്യാഭ്യാസത്തിന് മാത്രമല്ല തൊഴിൽ അന്വേഷിച്ചുപോകുന്ന ആളുകളുടെ എണ്ണം വളരെ വർധിച്ചിരിക്കുകയാണ്. നമ്മുടെ നാട്ടിൽ നിന്നുണ്ടാകുന്ന കുടിയേറ്റത്തിന് രണ്ട് സ്വഭാവങ്ങളുണ്ട്. നേരത്തെ ഗൾഫ് രാജ്യങ്ങളിലെ കുടിയേറ്റം ഒരു താൽകാലിക സ്വഭാവമായിരുന്നെങ്കിൽ ഇന്ന് യൂറോപ്യൻ രാജ്യങ്ങളിലേക്കുൾപ്പെടെയുള്ള

കുടിയേറ്റത്തിന്റെ ഭാഗമായി യൗവന പ്രായത്തിലുള്ളവരെയാണ് നമുക്ക് നഷ്ടപ്പെടുന്നതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സമയക്കുറവ് കാരണം ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ഇതുസംബന്ധിച്ച് നടത്തിയ രണ്ട് മൂന്ന് പഠനങ്ങളിൽ എന്തുകൊണ്ടാണിത് സംഭവിക്കുന്നതെന്നതിന്റെ പ്രധാനപ്പെട്ട കാരണങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഒന്ന്, വിദേശ ഡിഗ്രിയോടുള്ള താൽപര്യം; രണ്ട്, മൈഗ്രേഷന്റെ നേച്ചർ; മൂന്ന്, പെർമനന്റ് റസിഡൻസിക്ക് വേണ്ടിയുള്ള ഈ കാലഘട്ടത്തിന്റെ ആഗ്രഹം; നാല്, ഫിനാൻഷ്യൽ ആൻഡ് പ്രൊഫഷണൽ ഗ്രോത്ത് ഓഫ് എ ഫോറിൻ ഡിഗ്രി പ്രത്യേകിച്ച് മറ്റ് യൂണിവേഴ്സിറ്റികളെക്കാൾ അൺമാച്ചബിളായിട്ടുള്ള രീതിയിൽ വിദേശ ഡിഗ്രിക്കുള്ള പ്രാധാന്യം; അഞ്ച്, അവിടെ പഠനത്തോടൊപ്പം തൊഴിൽ ലഭിക്കാനുള്ള സാധ്യത. ആളുകൾ ഇത്തരം മൈഗ്രേഷനിലേക്ക് പോകുന്നതിന്റെ പ്രധാനപ്പെട്ട കാരണം ഇതൊക്കെയാണ്. ഇത്തരം സാധ്യതകൾ എവിടെയുണ്ടായാലും അതിനെ മുതലാക്കാൻ തയ്യാറാകുകയാണ്.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, അങ്ങിവിടെ സംസാരിക്കാൻ തുടങ്ങിയതുതന്നെ അന്യരാജ്യത്തുള്ള കാര്യങ്ങളെക്കുറിച്ചാണ്. അവിടെയെല്ലാം ജോബ് ഓറിയന്റഡ് എഡ്യൂക്കേഷനാണുള്ളത്. എന്റെ മക്കൾക്ക് എന്തെങ്കിലും ജോലി കിട്ടണം എന്നതാണ് വിദ്യാഭ്യാസം കൊണ്ട്

അവിടെയുള്ളവർ ചിന്തിക്കുന്നത്. എന്നാൽ ഇവിടെ പലതും ജോബ് ഓറിയന്റഡല്ല. അതുകൊണ്ട് ജോബ് ഓറിയന്റഡ് വിദ്യാഭ്യാസമല്ലേ അത്യാവശ്യമായി വരേണ്ടത്; അത് അങ്ങയുടെ ബില്ലിൽ ഉണ്ടോ?

ഡോ. എൻ. ജയരാജ്: സർ, അങ്ങ് പറഞ്ഞ കാര്യം ഇതുമായി ബന്ധപ്പെട്ടതല്ലെങ്കിലും പ്രധാനപ്പെട്ടതാണ്. നിലവിൽ സ്വകാര്യ സർവകലാശാലകൾ ഇവിടെ വരികയാണ്. സ്വഭാവികമായും കരിക്കുലം തീരുമാനിക്കുന്നതിൽ അവർക്കൊരു ഓട്ടോണമിയുണ്ട്. നമ്മുടെ പരമ്പരാഗതമായ കോഴ്സുകളിൽനിന്നും കുട്ടികൾ മാറി പോകുന്നുവെന്നുള്ളതും യാഥാർഥ്യമായി നിൽക്കുകയാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, വിദേശ രാജ്യങ്ങളിലേയ്ക്ക് നമ്മുടെ വിദ്യാർഥികളെ ആകർഷിക്കുന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകം പാർട്ട് ടൈം ജോബ് ചെയ്യാനുള്ള സൗകര്യമുണ്ടെന്നതാണ്. നമ്മുടെ സംസ്ഥാനത്തും ഇത്തരം സംവിധാനങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കുന്നു എന്നാണ് മനസ്സിലാക്കുന്നത്. ഇവിടെയും പാർട്ട് ടൈം ജോബ് ചെയ്യാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ഡോ. എൻ. ജയരാജ്: സർ, ഇതിന് മറുപടി പറയേണ്ടതും ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടതും ഉന്നതവിദ്യാഭ്യാസ വകുപ്പാണ്.

നിങ്ങൾ രണ്ടുപേരും സൂചിപ്പിച്ച പ്രധാനപ്പെട്ട വിഷയമാണ്. എന്നാൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകളിൽ നിൽക്കാനും അതിനോട് അറ്റാച്ച്ഡാകാനും കുട്ടികൾ തയ്യാറാകുന്നില്ല.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, ഇന്ന് രാവിലെ മിനിസ്റ്റർ ഇതിനെക്കുറിച്ച് സംസാരിച്ചപ്പോൾ വിദേശത്തേക്ക് പോകുന്ന വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്യുന്നില്ല എന്നാണ് സൂചിപ്പിച്ചത്. ഒരു റെഗുലേറ്ററി അതോറിറ്റി ഉണ്ടാകുകയും വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്യാനുള്ള ചുമതല ട്രാവൽ ഏജൻസിക്കോ അല്ലെങ്കിൽ എഡ്യൂക്കേഷനൽ കൺസൾട്ടൻസിക്കോ ഏൽപ്പിക്കുന്നതും ഉചിതമാണെന്ന് കരുതുന്നുണ്ടോ?

ശ്രീമതി കെ. കെ. രമ: സർ, അങ്ങ് കൊണ്ടുവന്നത് പ്രധാനപ്പെട്ട ബില്ലാണ്. വിദേശ കൺസൾട്ടൻസികൾ മാത്രമല്ല നമ്മുടെ നാട്ടിലെ നിരവധി പ്രൈവറ്റ് സ്ഥാപനങ്ങളും ടെക്നിക്കൽ വിദ്യാഭ്യാസം നൽകി ജോലി വാഗ്ദാനം ചെയ്തുകൊണ്ട് കുട്ടികളുടെ കയ്യിൽനിന്നും വലിയ ഫീസ് വാങ്ങി കോഴ്സ് നടത്തുന്നുണ്ട്. ഒരു രജിസ്ട്രേഷനും പിൻബലവുമില്ലാതെയാണിത്. വലിയ പ്രയാസമാണ് നമ്മുടെ കുട്ടികൾക്ക് ഉണ്ടാക്കുന്നത്. അത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ അങ്ങയുടെ ബില്ലിൽ ഇതുമായി ബന്ധപ്പെട്ടിട്ടുണ്ടോ?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, വിദേശ കൺസൾട്ടൻസികൾ പല

തരത്തിലുണ്ട്. കൺസൾട്ടൻസികൾ ഇല്ലാതെ തന്നെ ഓൺലൈൻ വഴിയും നിലവിലുള്ള യൂണിവേഴ്സിറ്റികൾ വഴിയും അപേക്ഷ സമർപ്പിച്ച് സ്കോളർഷിപ്പ് നേടി വിദേശത്ത് കുറച്ചുകാലം വലിയ ചെലവില്ലാതെ പഠിക്കാനുള്ള സൗകര്യങ്ങൾ പലപ്പോഴും ഉണ്ടാകാറുണ്ട്. എനിക്ക് ജർമനിയിൽ DAAD സ്കോളർഷിപ്പ് കിട്ടി അവിടെ കുറച്ചുകാലം പഠിക്കാൻ സാധിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള സാഹചര്യങ്ങളുണ്ട്. എന്നാൽ ബഹുഭൂരിപക്ഷം വരുന്നതും ഇത്തരം സ്കോളർഷിപ്പുകളൊന്നും ഇല്ലാതെ വാഗ്ദാനങ്ങൾ മാത്രമായി ലൈസൻസോ അല്ലെങ്കിൽ അംഗീകാരംപോലുമില്ലാത്ത പ്രൈവറ്റ് യൂണിവേഴ്സിറ്റികളിലേയ്ക്കാണ് ലക്ഷക്കണക്കിന് രൂപ വാങ്ങിക്കൊണ്ട് കുട്ടികളെ കൊണ്ടുപോകുന്നത്. ഭൂരിപക്ഷം വരുന്ന കൺസൾട്ടൻസികളും ഇത്തരത്തിലുള്ള സംവിധാനങ്ങളാണ് ചെയ്യുന്നത്. അതുകൊണ്ട് ഇത്തരത്തിൽ കുറച്ച് പണം ചെലവാക്കികൊണ്ടുതന്നെ സ്കോളർഷിപ്പുകളടക്കം ലഭ്യമാക്കികൊണ്ട് നല്ല കോഴ്സുകൾ പഠിച്ച് തിരിച്ചുവരാൻ കഴിയുന്ന സാഹചര്യങ്ങളെ പ്രൊമോട്ട് ചെയ്യാൻകഴിയുന്ന എന്തെങ്കിലും സംവിധാനങ്ങൾ കൂടി ഇതിന്റെ ഭാഗമായി ഉണ്ടാകണം.

(തുടരും....... ശ്രീ. പ്രമോദ് നാരായൺ)

P 21-03-2025
RJ-AU(1)
11.40-11.50

(ഡോ. എൻ. ജയരാജ് തുടർച്ച)

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, ബഹുമാനപ്പെട്ട ഡോ. എൻ. ജയരാജ് അവതരിപ്പിച്ച അനൗദ്യോഗിക ബിൽ സർക്കാരിലേയ്ക്കുതന്നെ നിയമനിർമ്മാണത്തിന് വഴിതെളിച്ചു എന്നത് അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ചെയർമാൻ എന്നനിലയിൽ പ്രത്യേകമായ സന്തോഷം അറിയിക്കുകയും അങ്ങയെ ഇക്കാര്യത്തിൽ അഭിനന്ദിക്കുകയും ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട മൂന്നുകാര്യങ്ങളാണ് സൂചിപ്പിക്കുന്നത്. അതിലൊന്ന്, പ്രവാസി എന്ന നിർവചനത്തിൽ കേന്ദ്ര നിയമംകൂടി വരുന്നതുകൊണ്ട് പഠനത്തോടൊപ്പം തൊഴിലിനുമായി പോകുന്ന വിദ്യാർത്ഥികളെ പ്രവാസി എന്ന നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന നിയമപരമായ സങ്കീർണ്ണത പരിഹരിക്കുന്നതിനെക്കുറിച്ചുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രണ്ടാമതായി, ‘ World is Flat’ എന്ന് സാധാരണ നാം പറയാറുണ്ട്. ലോകത്തിലെ എല്ലാ സർവകലാശാലകളുടെയും റിക്രൂട്ട്മെന്റ് ഏജൻസികളുടെയും പ്രചാരണങ്ങളും അതിനുവേണ്ടിയുള്ള അറിയിപ്പുകളും വരുന്നത് നവമാധ്യമങ്ങൾ വഴിയാണ്. നവമാധ്യങ്ങളിലൂടെയുള്ള ഇത്തരം പ്രചാരണങ്ങളെ കൃത്യമായി നിയന്ത്രിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മൂന്നാമതായി, ഇതുമായി ബന്ധപ്പെട്ട പരാതികൾ വന്നാൽ പരിഹരിക്കുന്നതിന് കേരളത്തിലും വിദേശത്തുപോയി തട്ടിപ്പിനിരയാകുന്നവർക്ക് അവിടെയും നിയമപരമായ

സഹായം നൽകുന്നതിന് നോർക്ക വഴി എന്ത് ചെയ്യാൻ കഴിയുമെന്നകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നാലാമതായി, നിലവിലുള്ള സർക്കാരിന്റെ റിക്രൂട്ടിങ് ഏജൻസികൾ, 'റാന്നി നോളജ് വില്ലേജ്' എന്റെ നിയോജകമണ്ഡലത്തിലെ പദ്ധതിയാണ്. അവിടെ 'ഒഡെപെക്' (ODEPC) ആരംഭിച്ച ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട് മാതൃകാപരമായി പ്രവർത്തിക്കുകയാണ്. ഒഡെപെക്കും നോർക്കയുംപോലുള്ള സ്ഥാപനങ്ങൾവഴി ഇത്തരത്തിലുള്ള റിക്രൂട്ട്മെന്റ് വളരെ ആരോഗ്യപരമായും കൃത്യമായും നടത്തുന്നതിനായി സർക്കാർ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചെയർപേഴ്സൺ: ഡോ. എൻ. ജയരാജ്, അങ്ങ് ചർച്ച തുടരുന്നുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, ഞാൻ ഒരുവാക്ക് പറഞ്ഞ് അവസാനിപ്പിക്കാം.

ശ്രീമതി യു. പ്രതിഭ: സർ, പ്രസ്തുത ബില്ലിന് ഒരു പ്രത്യേകതയുണ്ട്. പ്രൊഫസർ എം.എൽ.എ.-യും പ്രൊഫസർ മിനിസ്റ്ററുമാണ് ബില്ലിന്റെ പ്രധാന വ്യക്തികൾ. രണ്ടുപേരും പ്രൊഫസർമാരാണ്. ഇന്ന് രാവിലെ ചോദ്യോത്തര വേളയിൽ പ്രസ്തുത വിഷയം അവതരിപ്പിച്ചതാണ്. നമ്മുടെ നാട് കൊള്ളില്ലെന്നും അതുകൊണ്ടാണ് വ്യാപകമായി എല്ലാവരും നാട്ടിൽനിന്നും പോകുന്നതെന്നുമുള്ള പ്രചാരണമുണ്ട്. യഥാർത്ഥത്തിൽ, നാട്

കൊള്ളാത്തതുകൊണ്ടല്ല; കൂടുതൽ സ്വാതന്ത്ര്യവും വരുമാനവുമൊക്കെ ലക്ഷ്യംവച്ചാണ് ധാരാളം ആളുകൾ വിദേശത്തേയ്ക്ക് പോകുന്നത്. അങ്ങയുടെ ബില്ലിന്റെ അവതരണത്തിൽ, നമ്മുടെ നാട്ടിൽ കാലങ്ങളായുള്ള കോളേജ് ടൈമിങ് മാറ്റി രാവിലെ 9.00 മണിമുതൽ ഉച്ചയ്ക്കുശേഷം 2.00 മണിവരെ എന്നാക്കിയാൽ നല്ലതായിരിക്കും. ഉച്ചയ്ക്കുശേഷം തൊഴിൽ ചെയ്യാനുള്ള ധാരാളം അവസരങ്ങളുണ്ട്. അത് ഔട്ട്സോഴ്സ് ചെയ്യാൻ തയ്യാറായിട്ടുള്ളവരുമുണ്ട്. പഠനസമയത്തിൽ മാറ്റം വരുത്തിക്കൊണ്ട് കൂടുതൽ ചെറുപ്പക്കാർക്ക് നമ്മുടെ നാട്ടിൽതന്നെ തൊഴിൽ ചെയ്യാനും അതോടൊപ്പം പഠിക്കാനുമുള്ള അവസരങ്ങൾക്ക് സാധ്യതയുണ്ടെങ്കിൽ, തീർച്ചയായും ചെറുപ്പക്കാരെ നമ്മുടെ നാട്ടിൽ പിടിച്ചുനിർത്താൻ കഴിയില്ലേ; അതിനല്ലേ നമ്മൾ കൂടുതൽ ശ്രമിക്കേണ്ടത്; അപ്പോൾ സ്വാഭാവികമായും ഇത്തരം തട്ടിപ്പുകൾ വരാതിരിക്കുകയും ചെയ്യും. ഇതിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, രണ്ടുതരത്തിൽ വിദേശങ്ങളിലേക്ക് പഠിക്കാൻ പോകുന്നവരുണ്ട്. ഒന്ന്, മെറിറ്റിൽ പഠിക്കാൻ പോകുന്നവരാണ്. പ്രശസ്തമായ സ്ഥാപനങ്ങളിൽ/സർവകലാശാലകളിൽ അവരുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് മെറിറ്റിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർഥികൾ. രണ്ട്, നമ്മുടെ സംസ്ഥാനത്ത് ഗവൺമെന്റ് കോളേജുകളിലോ, എയ്ഡഡ്

കോളേജുകളിലോ എന്തിനധികം, സെൽഫ് ഫിനാൻസിങ് കോളേജുകളിൽ പോലും മെറിറ്റിൽ അഡ്മിഷൻ കിട്ടാത്ത വിദ്യാർഥികൾ. രണ്ടാമത്തെ ഗണത്തിൽ വരുന്ന വിദ്യാർഥികളാണ് ട്രാവൽ ഏജൻസികളുടെയും വിദ്യാഭ്യാസ ഏജന്റുമാർ മുഖേനയുമൊക്കെ വിദേശരാജ്യങ്ങളിലേയ്ക്ക് പഠിക്കാൻ പോകുന്നത്. മുൻകാലങ്ങളിൽ മറ്റു സംസ്ഥാനങ്ങളിലെ വളരെ സ്റ്റാൻഡേർഡ് കുറഞ്ഞ കോളേജുകളിലേക്ക് നമ്മുടെ നാട്ടിൽനിന്നും വിദ്യാർഥികളെ കൊണ്ടുപോയിരുന്ന അതേ ഏജന്റുമാരാണ് ഇപ്പോൾ വിദേശ രാജ്യങ്ങളിലെ ഏറ്റവും സ്റ്റാൻഡേർഡ് കുറഞ്ഞ സ്ഥാപനങ്ങളിലേയ്ക്ക് വിദ്യാർഥികളെ കൊണ്ടുപോകുന്നത്. ഇത് ഈ മേഖലയിൽ വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. നൂറു വിദ്യാർഥികൾ വിദേശത്തേയ്ക്കു പോകുന്നുണ്ടെങ്കിൽ, അതിൽ പത്തുശതമാനം വിദ്യാർഥികളാണ് മെറിറ്റിൽ പോകുന്നത്. ഇവിടെപ്പറഞ്ഞ ഒരുകാര്യം, നമ്മുടെ സംസ്ഥാനത്തെ കോളേജുകളുടെ സമയം സംബന്ധിച്ചാണ്. നമ്മുടെ നാട്ടിലെ കേളേജുകളുടെ സമയം എട്ട് മണിമുതൽ ഒരുമണിവരെയാക്കുകയും ഉച്ചയ്ക്കുശേഷം വിദ്യാർഥികൾക്ക് പാർട്ടൈം ജോലികൾ ചെയ്യാനുള്ള സാഹചര്യമുണ്ടാവുകയും ചെയ്താൽ അത് വളരെ പ്രയോജനപ്പെടുമെന്നാണ് എനിക്ക് തോന്നുന്നത്. കൊറോണ സമയത്ത് രാവിലെ എട്ടുമണി മുതലാണ് ക്ലാസ്സുകൾ എടുക്കേണ്ടതെന്നാണ് എല്ലാ കോളേജുകളോടും

നിർദേശിച്ചിരുന്നത്.

<u>ചെയർപേഴ്സൺ</u>: ഇനിയും ഒരുപാട് ബില്ലുകളുള്ളതാണ്. പ്ലീസ്..... ചുരുക്കണം....

<u>ഡോ. കെ. ടി. ജലീൽ</u>: സർ, അതിനുശേഷം താൽപര്യമുള്ള സ്ഥാപനങ്ങൾക്ക് അവരുടെ സമയം ഏതുവിധേന വേണമെങ്കിലും മാറ്റാവുന്നതാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഒരുനിർദേശം നൽകിയിരുന്നതാണ്.

<u>ചെയർപേഴ്സൺ</u>: ഡോ. എൻ. ജയരാജ്, ബിൽ തുടർചർച്ചയ്ക്ക് മാറ്റിവയ്ക്കുന്നുണ്ടോ? ഇനിയും സമയം അനുവദിക്കാൻ കഴിയില്ല. ധാരാളം ബില്ലുകൾ പരിഗണിക്കാനുണ്ട്.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ പറഞ്ഞ് അവസാനിപ്പിക്കുകയാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): സർ, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട നിയമനിർമ്മാണം അന്തിമഘട്ടത്തിലാണ്. അതിനാൽ പ്രസ്തുത ബിൽ തുടർചർച്ച ചെയ്യേണ്ട ആവശ്യമില്ല. ഇവിടെപ്പറഞ്ഞ കാര്യങ്ങളെല്ലാം നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നതാണ്. ‘ Earn While You Learn’ സമീപനം മൂന്നുവർഷംമുമ്പുതന്നെ ആരംഭിക്കുകയും അതിനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുമുണ്ട്. ടൈമിന്റെ ഫ്ലെക്സിബിലിറ്റി അനുവദനീയമാണ്. അതത്

കോളേജുകൾ അവരവരുടെ താൽപര്യപ്രകാരമാണ് സമയം സ്വീകരിച്ചിട്ടുള്ളത്. Four Year Under Graduate Programme (FYUGP)-ന്റെ ഭാഗമായി ഫ്ലെക്സിബിലിറ്റിയും കൊണ്ടുവന്നിട്ടുണ്ട്.

ഡോ. എൻ. ജയരാജ്: സർ, ഗവൺമെന്റ് ഇങ്ങനെയൊരു തീരുമാനമെടുത്തിട്ടുള്ള സാഹചര്യത്തിൽ, ഞാൻ പ്രസ്തുത ബില്ലുമായി മുന്നോട്ടുപോകുന്നില്ല. എന്നാൽ ചർച്ചയിൽ പങ്കെടുത്ത ബഹുമാനപ്പെട്ട അംഗങ്ങളിൽ പലർക്കും സംസാരിക്കാനുണ്ടാകും. കാരണം ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്. പ്രസ്തുത ബില്ലുമായി ബന്ധപ്പെട്ട് ചർച്ചയുണ്ടാകുകയും നല്ല ആശയങ്ങൾ ഈ മേഖലയുമായി ബന്ധപ്പെട്ടുണ്ടാകുയും ചെയ്തതിൽ ഞാൻ വളരെ സംതൃപ്തനാണ്. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യവുമായി മുന്നോട്ടുപോകുന്ന എന്നുപറയുന്നതിൽ വളരെ സന്തോഷമുണ്ട്. ഇവിടെ ചർച്ച ചെയ്ത പല വിഷയങ്ങളും ഞാൻ അവതരിപ്പിച്ച സ്വകാര്യ ബില്ലിലുണ്ടായിരുന്നു. അതുകൂടി പരിഗണിച്ചുകൊണ്ട് ഒരു കുറ്റമറ്റ ബിൽ തയ്യാറാക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എല്ലാ നടപടിയുമുണ്ടാകട്ടെയെന്ന് ആഗ്രഹിച്ചുകൊണ്ട് ഞാൻ എന്റെ ബിൽ പിൻവലിക്കുകയാണ്.

ചെയർപേഴ്സൺ: ഡോ. എൻ. ജയരാജ്, അങ്ങയുടെ ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: സഭയുടെ അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിച്ചിരിക്കുന്നു.

(ശ്രീ. അനൂപ് ജേക്കബ്)

P 21-03-2025
RJ-AU(1)
11.40-11.50

(iv) 2022-ലെ കേരള കാവുകൾ സംരക്ഷണ- വികസന അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. അനൂപ് ജേക്കബ്: സർ, 2022- ലെ കേരള കാവുകൾ സംരക്ഷണ- വികസന അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ശ്രീ. എ. കെ. ശശീന്ദ്രൻ)

P 21-03-2025
RJ-AU(1)
11.40-11.50

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കേരളത്തിലെ കാവുകൾ സംരക്ഷണ-വികസന അതോറിറ്റി രൂപീകരണ ബില്ലാണ് സ്വകാര്യ ബില്ലായി ബഹുമാനപ്പെട്ട അംഗം അവതരിപ്പിക്കാൻ

ഉദ്ദേശിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് നിലവിൽ സംരക്ഷിത മേഖലയ്ക്ക് പുറത്തുകാണപ്പെടുന്ന ജൈവവൈവിധ്യ പ്രാധാന്യമുള്ള കാവുകളെ സംരക്ഷിക്കുന്നതിന് വിവിധ വകുപ്പുകൾ വിവിധങ്ങളായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാവുകളെ സംരക്ഷിത മേഖലയായി കണ്ടുകൊണ്ട് ഇക്കാര്യത്തിൽ നിയമനിർമ്മാണമുൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. അതിനാൽ ബഹുമാനപ്പെട്ട ശ്രീ. അനൂപ് ജേക്കബ് അവതരണാനുമതി ആവശ്യപ്പെട്ട പ്രസ്തുത ബിൽ ഈ ഘട്ടത്തിൽ പരിഗണിക്കേണ്ടതില്ല. ടി ബിൽ നിരാകരിക്കേണ്ടതാണ്.

(ശ്രീ. അനൂപ് ജേക്കബ്)

P 21-03-2025
RJ-AU(1)
11.40-11.50

ശ്രീ. അനൂപ് ജേക്കബ്: സർ, കാവുകൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ അനിവാര്യത ഗവൺമെന്റിനും ബോധ്യമുള്ള കാര്യമാണ്. അതുകൊണ്ടാണ് വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ഇക്കാര്യം നടക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. റവന്യൂ, വനം തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളാണ് അദ്ദേഹം സൂചിപ്പിച്ചത്. നിയമനിർമ്മാണത്തിന്റെ അനിവാര്യത ഇവിടെ നിലനിൽക്കുന്നുവെന്നത് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിയമത്തിന്റെ അഭാവം

കാവുകളുടെ ശോഷണത്തിന് ഇടയാക്കുന്നുണ്ട്. അതാണ് പ്രസ്തുത ബിൽ അവതരിപ്പിക്കുവാൻ എന്നെ പ്രേരിപ്പിച്ചത്. ഇതുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക നിയമം നിലവിലില്ലെന്ന് അങ്ങേയ്ക്കുതന്നെ അറിയാം. കേന്ദ്ര നിയമം അല്ലെങ്കിൽ സ്റ്റേറ്റ് ആക്ട് അനുസരിച്ചാണെങ്കിലും കാവുകൾ അതിന്റെ പരിധിക്ക് പുറത്തുനിൽക്കുന്നുയെന്നുള്ളതാണ്. ഇതിനെ സംരക്ഷിച്ച് മുന്നോട്ടുകൊണ്ടുപോകേണ്ടതിന്റെ ആവശ്യകതകൾ വളരെ വലുതാണ്. വിശ്വാസങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും പുണ്യ കേന്ദ്രവും ജൈവവൈവിധ്യത്തിന്റെ നിറഞ്ഞ കലവറയുമാണ് കാവുകൾ. എന്നാൽ ഇന്ന്, പല കാരണത്താൽ അതിന്റെ വിസ്തീർണ്ണം കുറഞ്ഞുവരുന്നുയെന്നത് ചൂണ്ടിക്കാണിക്കപ്പെടേണ്ട വസ്തുതയാണ്. കാവുകൾ വിശുദ്ധ വനങ്ങൾ എന്നാണറിയപ്പെടുന്നത്. രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ വിവിധ പേരുകളിൽ കാവുകൾ അറിയപ്പെടുന്നു. കാവുകൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത എന്തെന്നാൽ, ഞാൻ ആദ്യമേ സൂചിപ്പിച്ചതുപോലെ, സസ്യജാലങ്ങൾക്കും ജന്തുജാലങ്ങൾക്കും സൂക്ഷ്മജീവികൾക്കും സ്വാഭാവിക ആവാസസ്ഥാനം നൽകിക്കൊണ്ട് പാരിസ്ഥിതിക സന്തുലനം നിലനിർത്തുന്നു എന്നതാണ്. ഔഷധ സസ്യങ്ങളുടെ കലവറയാണ് കാവുകൾ. നമ്മുടെ പൂർവ്വികർ ശ്രദ്ധാലുക്കളായതുകൊണ്ടാണ് ഈ നിലയിൽ കാവുകൾ വന്നത്. എന്നാൽ

ഇതിന്റെ സംരക്ഷണത്തിന് നിയമത്തിന്റെ അപാകത നിലനിൽക്കുകയാണ്. ആകൃതിയിലും ആചാരത്തിലും അനുഷ്ഠാനത്തിലും വൈവിധ്യം പുലർത്തുന്ന നിരവധി കാവുകൾ കേരളത്തിലുണ്ട്. അത് ഓരോ പ്രദേശത്തും ഓരോ രീതിയിലാണ് നിലനിൽക്കുന്നത്. ജൈവവൈവിധ്യങ്ങളെ സംബന്ധിച്ചുള്ള ഒരു സമഗ്ര പഠനം ഇതിനോടനുബന്ധിച്ച് നടത്തേണ്ടതുണ്ട്. നാളിതുവരെ ഇതുസംബന്ധിച്ച് ആധികാരികമായൊരു പഠനം നടന്നിട്ടില്ല; ചില പഠനങ്ങളുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല.

(തുടരും.......ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ)

P- 21.03.2025 - KA/AU(1)
11.50-12.00

(ശ്രീ. അനൂപ് ജേക്കബ് തുടർച്ച)

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, കാവുകൾ സംരക്ഷിക്കുകയെന്നത് പ്രകൃതിയെ സംരക്ഷിക്കുന്നതിന് തുല്യമാണ്. എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂരിലെ ഇരിങ്ങോൾ കാവ് ഏഷ്യയിലെ ഏറ്റവും വലിയ കാവാണ്. കാവ് സംരക്ഷണവുമായി ബന്ധപ്പെട്ട് ഞങ്ങൾ മീറ്റിങ് കൂടാറുമുണ്ട്. കാവിന്റെയുള്ളിൽ ദുർഗ്ഗാദേവിയുടെ പ്രതിഷ്ഠയാണുള്ളത്. അതുകൊണ്ട് അവിടെയുള്ള ആളുകളുടെ വിശ്വാസത്തിന്റെ ഭാഗമായി ഒരു വിറകുപോലും ആ കാവിൽ നിന്ന് ആരും എടുത്തു കളയില്ല. കാവുകൾ സംരക്ഷിക്കുകയെന്നാൽ പുതിയ നിർമ്മാണങ്ങൾ കൊണ്ടുവരാതിരിക്കുക;

അതുപോലെതന്നെ നിലനിർത്തുകയെന്ന ലക്ഷ്യം വച്ചിട്ടാണോ അങ്ങ് ഇക്കാര്യങ്ങൾ സൂചിപ്പിക്കുന്നത്?

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഇന്ത്യയിൽ എറ്റവും കൂടുതൽ മഴ ലഭിക്കുന്ന സംസ്ഥാനം ആസ്സാമും അതുകഴിഞ്ഞാൽ കേരളവുമാണ്. പക്ഷെ, മഴ മാറിക്കഴിഞ്ഞാൽ കഠിനമായ വരൾച്ചയും കുടിവെള്ള ക്ഷാമവും അനുഭവപ്പെടുന്ന ഒരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തുണ്ട്. യഥാർത്ഥത്തിൽ, കാവുകളുടെ നശീകരണം ഈ കുടിവെള്ള ക്ഷാമം രൂക്ഷമാക്കുന്നതിന് ഇടയാക്കിയിട്ടില്ലേ; അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അനൂപ് ജേക്കബ്: സർ, തീർച്ചയായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞാൻ പ്രസംഗത്തിൽ പറയാനിരുന്ന കാര്യമാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട അംഗം ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ സൂചിപ്പിച്ചതുപോലെ ഓരോ പ്രദേശത്തും കാവുകളുമായി ബന്ധപ്പെട്ട് വൈവിധ്യമാർന്ന തരത്തിലുള്ള ആചാരാനുഷ്ഠാനങ്ങൾ നിലനിൽക്കുകയാണ്. അതിന്റെ പിൻബലത്തിലാണ് കാവുകൾ സംരക്ഷിക്കപ്പെട്ട് മുന്നോട്ടുപോകുന്നത്. അങ്ങനെയുള്ള കേന്ദ്രങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ട്, ഇല്ലെന്നല്ല. എന്നാൽ മറ്റുള്ളസ്ഥലങ്ങളിൽ അതുണ്ടാകാത്ത സാഹചര്യം വരുന്നുവെന്നത് സർക്കാർ ഗൗരവമായി കാണേണ്ട വിഷയമാണ്.

ചെറുതുംവലുതുമായി പതിനായിരക്കണക്കിന് കാവുകളുണ്ട്. ഇതുസംബന്ധിച്ച് ഒരു കണക്കില്ല. കാവുകളുടെ കണക്ക് പലരീതിയിലാണ്. സർക്കാർ കണക്കനുസരിച്ച് 1062 കാവുകൾ കേരളത്തിലുണ്ടെന്നാണ് പരിശോധനയിൽ ലഭ്യമായത്. എന്നാൽ അതിന്റെ പത്തിരട്ടി കാവുകൾ കേരളത്തിലുണ്ട്. സമഗ്രമായ ഒരു കണക്കെടുപ്പും ഇതിന്റെ ജൈവവൈവിധ്യത്തെക്കുറിച്ച് ആധികാരികമായ പഠനവും ആവശ്യമായിട്ടുണ്ട്. വന-കാവുകളെ സംബന്ധിച്ചുള്ള റവന്യൂ രേഖകൾ അപര്യാപ്തമാണ്. അതിരുകൾ നിർണ്ണയിക്കപ്പെടാതെയുള്ള കാവുകളുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിലാണ് പലപ്പോഴും കൈയേറ്റങ്ങളുണ്ടാകുന്നത്. റവന്യൂ രേഖകളുടെ അഭാവം നിലനിൽക്കുന്നതിനാൽ അത് ഒഴിവാക്കാൻ പലപ്പോഴും വിവിധ വകുപ്പുകളുടെ ഏകോപനം വേണ്ടിവരുന്നു. പുരാവസ്തു വകുപ്പും റവന്യൂ വകുപ്പും ഫോറസ്റ്റ് വകുപ്പും ഉൾപ്പെടെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മാത്രമെ ഇതിന്റെ രേഖകൾ കൃത്യമായി ശേഖരിക്കാൻ കഴിയുകയുള്ളൂ. ഇതിന്റെ ഹെഡ്ഡ് ഓഫ് അക്കൗണ്ട് വരുന്നത് റവന്യൂ (ദേവസ്വം) വകുപ്പിലാണ്. അതിൽ വയ്ക്കുമ്പോൾ പലപ്പോഴും കുളങ്ങളുടെ സംരക്ഷണത്തിനാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. ഫണ്ട് കൂടുതലും അതിലേക്കാണ് മാറിപ്പോകുന്നത്. കാവുകളുടെ സംരക്ഷണത്തിനാവശ്യമായ തുക മാറ്റിവയ്ക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. ഈ സാഹചര്യത്തിലാണ്

ഇതിന് പ്രത്യേകമായ നിയമം കൊണ്ടുവന്ന് ഒരു അതോറിറ്റി രൂപീകരിച്ച് സംരക്ഷണം നൽകേണ്ടത്. ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി നിയമം വേണ്ടായെന്ന് പറയുമ്പോഴും, ഒരു നിയമം ഇതിന് അനിവാര്യമാണെന്നും ഇതിന് പ്രത്യേകം വകുപ്പുതന്നെ നിയോഗിക്കണമെന്നനിലയിൽ നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി ആവശ്യപ്പെട്ടകാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കാമെന്നാണ് ഞാൻ പറഞ്ഞത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, പരിഗണിക്കാമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. കാവ് തീണ്ടരുത് എന്ന് പണ്ടുകാലങ്ങളിൽ പറയുമായിരുന്നു. യഥാർത്ഥത്തിൽ, അത് അന്ധവിശ്വാസത്തിന്റെ ഭാഗമല്ലായിരുന്നു. വളരെ പ്രസക്തമായ ഒരു വിഷയമാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കാവു തീണ്ടിയാൽ കുളം വറ്റും. (മൈക്ക് ഓഫ്)

ഡോ. എൻ. ജയരാജ്: സർ, അതിന്റെ കാരണം ഇതാണ്. ആ പ്രദേശത്തെ വെള്ളം ഇല്ലാതാകുന്നു. സത്യത്തിൽ അതിൽ വേറെ അന്ധവിശ്വാസമില്ല, പലതും ദുർവ്യാഖ്യാനം ചെയ്യുകയാണ്. ഒരു നാടിന്റെ

ജൈവവൈവിധ്യത്തെ സംരക്ഷിക്കാൻവേണ്ടി പഴയ തലമുറയുടെ വലിയ കാഴ്ചപ്പാടിന്റെ ഭാഗമായിരുന്ന ആ പ്രദേശത്തുള്ള എല്ലാ സ്പീഷീസിനെയും അവിടെ എത്തിച്ചുകൊണ്ട് കാവുപോലെ സംരക്ഷിക്കുകയെന്നുള്ളത്. അത് വിശ്വാസത്തിന്റെ ഭാഗം മാത്രമല്ല, അവരുടെ വലിയ പരിസ്ഥിതി ബോധത്തിൽ നിന്നുണ്ടായതാണ്. ഞാനൊരു അനുഭവസ്ഥനായതുകൊണ്ട് പറയുകയാണ്, ഞങ്ങളുടെ നാട്ടിൽ കാവുകളുണ്ട്; പക്ഷെ അതിനൊന്നും രേഖകളില്ല. കാരണം പണ്ട് ഓരോ തറവാട്ടുകാരും അവരുടെ സ്ഥലത്തിന്റെ ഒരു ഭാഗം കാവിനായി മാറ്റിവയ്ക്കുകയും പിന്നീട് രേഖകളൊന്നുമില്ലാതെ വസ്തുക്കളൊക്കെ വീതംവച്ചുപോകുകയും ചെയ്തു. അതുകൊണ്ട് ഈ വിഷയം വളരെ ഗൗരവമുള്ളതാണ്. സർക്കാരിന്റെ ഒരു ആനുകൂല്യവും കാവ് സംരക്ഷണത്തിന് കിട്ടുകയില്ല. കാരണം, രേഖകൾ ആവശ്യപ്പെട്ടാൽ അവരുടെ കൈവശം കാണുകയില്ല. എത്രയോ തലമുറകൾക്ക് മുമ്പ് കൈമാറി വന്നതായിരിക്കും. പല കാവുകളും ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അതിനാൽ കാവുകൾ സംരക്ഷിക്കേണ്ടത് വളരെ പ്രാധാന്യമുള്ള വിഷയമാണ്. ഒരുപാട് സ്പീഷ്യസ് നഷ്ടപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട ഡോ. എൻ. ജയരാജും അംഗവും വളരെ പ്രധാനപ്പെട്ട കാര്യമാണ് സഭയുടെ മുമ്പിൽ ഉന്നയിച്ചത്. കാവുകൾ സംരക്ഷിക്കുന്ന കാര്യത്തിൽ പ്രതിബദ്ധതയോടുകൂടിയ ചില

നടപടിക്രമങ്ങൾ സർക്കാർ ഇതിനകം ആവിഷ്കരിച്ചിട്ടുണ്ട്. കാവുകളെ സംരക്ഷിക്കാനുള്ള ധനസഹായം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്തുതീർക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ തുടർന്നുകൊണ്ടിരിക്കുന്നത്. ഇതിന് സമഗ്രമായ നിയമനിർമ്മാണം ആവശ്യമാണോയെന്നുള്ളത് വേറൊരു ഘട്ടത്തിൽ ആലോചിക്കാം. ഈ ഘട്ടത്തിൽ അത് പരിഗണിക്കേണ്ടതില്ലായെന്നും അതുകൊണ്ട് നിരാകരിക്കണമെന്നുമാണ് സഭയോട് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ടൂറിസവുമായി ബന്ധപ്പെട്ട് അശാസ്ത്രീയമായി റിസോർട്ടുകൾ നിർമ്മിക്കുന്നത് കാവുകൾ നശിപ്പിക്കുന്നതിനും മരങ്ങൾ വെട്ടിനശിപ്പിക്കുന്നതിനും കാരണമാകുന്നുണ്ടോ; ആനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ കാടിറങ്ങി വരുന്നതിന് കാരണമാകുന്നത് ഇത്തരത്തിലുള്ള സംവിധാനങ്ങൾ നശിപ്പിക്കപ്പെടുന്നതാണെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ബഹുമാനപ്പെട്ട ഡോ. എൻ. ജയരാജ് സൂചിപ്പിച്ചതുപോലെ പൂർവികരായിട്ട് ചില കാര്യങ്ങൾ വളരെ കൃത്യമായി നിലനിർത്തിപോകുന്നുണ്ട്. അവരുടെ ദീർഘവീക്ഷണവും അത്തരത്തിലുള്ള ഇടപെടലുകളും കാരണമാണ് കാവുകൾ സംരക്ഷിക്കപ്പെട്ട് ഇന്നും നിലനിൽക്കുവാനുള്ള സാഹചര്യം ഉണ്ടായിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി

ഇവിടെ സൂചിപ്പിച്ചത് കാവുകളുടെ സംരക്ഷണത്തിനുവേണ്ടി നടപടി സ്വീകരിക്കുന്നുണ്ടെന്നാണ്. എന്നാൽ അതിനായി അനുവദിക്കുന്ന തുക അപര്യാപ്തമാണെന്നുകൂടി ഞാൻ സൂചിപ്പിച്ചു. അതിന്റെ ഹെഡ്ഡ് ഓഫ് അക്കൗണ്ട് ഞാൻ പറഞ്ഞു. ആ പരിമിതമായ ഹെഡ്ഡിൽ നിന്നുകൊണ്ട് ഒന്നുംചെയ്യാൻ കഴിയില്ല. ഇത് പ്രത്യേകമായ നിലയിൽ കൂടുതൽ ഗൗരവത്തോടെ കാണേണ്ടതായിട്ടുണ്ടെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ബി.എം.സി.-കൾ മുഖേനയാണ് കാവുകളുടെ സംരക്ഷണം ഏതെങ്കിലും വിധത്തിൽ നടത്താൻ കഴിയുന്നത്. അവരുടെ പ്രവർത്തനമേഖല വളരെ പരിമിതമാണ്. ആ പരിമിതിയിൽ നിന്നുകൊണ്ട് കാവുകളുടെ സംരക്ഷണത്തിന് പൂർണ്ണതോതിൽ എത്തിച്ചേരുവാൻ നമുക്ക് കഴിയാതെ പോകുന്നുവെന്നുള്ളതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ കാവുകളും മറ്റും സ്വകാര്യ വ്യക്തികളുടേയും ട്രസ്റ്റുകളുടേയും പേരിലാണ് നിലനിൽക്കുന്നത്. ഇതിൽ ആധികാരികമായ രേഖ പലപ്പോഴും മാറി നിൽക്കുന്നുവെന്നതാണ്. ഇത് വളരെ നേരത്തെ ഏറ്റെടുക്കേണ്ടിയിരുന്ന ഒരു വിഷയമാണ്. വനസംരക്ഷണത്തിന് വലിയ പ്രാധാന്യം കൊടുക്കുന്നു. എന്നാൽ കാവ് സംരക്ഷണത്തിന് ആവശ്യമായ പ്രാധാന്യമോ പ്രാമുഖ്യമോ കൊടുക്കാതിരിക്കുന്നുവെന്നതാണ് കാണുന്നത്. വളരെ വർഷങ്ങൾക്ക് മുമ്പെങ്കിലും നിയമമായി കൊണ്ടുവന്ന്

മുന്നോട്ടുപോകേണ്ടതായിരുന്നു. അതിലേക്ക് കടക്കാതെ പോയെന്നുള്ളത് തികച്ചും ദുഃഖകരമായ കാര്യമാണ്. നമുക്ക് കൂടുതൽ പ്രാധാന്യത്തോടെ ഈ വിഷയം ഏറ്റെടുത്ത് മുന്നോട്ട് പോകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഡോക്യുമെന്റുകളുടെ അഭാവംമൂലം കാവുകളിലേക്കുള്ള കൈയേറ്റത്തിൽ പലപ്പോഴും റവന്യൂ ഡിപ്പാർട്ട്മെന്റിന് നടപടി എടുക്കാൻ സാധിക്കുന്നില്ല. ഇതുസംബന്ധിച്ച പരാതികളിലും മറ്റും പോലീസിന് ഇടപെടേണ്ടിവരുമ്പോൾ ലാ ആൻഡ് ഓർഡർ സിറ്റുവേഷനായി മാറിപോകുന്ന സാഹചര്യവും വരുന്നു. സർക്കാർ ഇങ്ങനെയൊരു നിയമത്തെക്കുറിച്ച് ആലോചിക്കുന്നുവെന്നത് വളരെ സ്വാഗതാർഹമാണ്. ആ നിയമത്തിലൂടെ കാവുകളുടെ പൂർണ്ണസംരക്ഷണത്തിലേക്ക് എത്തിക്കാൻ കഴിയണം. സർക്കാർ കാവ് സംരക്ഷണ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുവെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ ചർച്ച അവസാനിപ്പിക്കുകയും ബിൽ പിൻവലിക്കുകയും ചെയ്യുന്നു.

<u>ചെയർപേഴ്സൺ</u>: ബഹുമാനപ്പെട്ട അംഗം ചർച്ച തുടരുന്നില്ല. ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിക്ക് ഒരു ഹ്രസ്വപ്രസ്താവന നടത്താവുന്നതാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ചർച്ച അവസാനിപ്പിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം ചർച്ച അവസാനിപ്പിച്ചു. അതുസംബന്ധിച്ച് മന്ത്രിക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഞാൻ പറഞ്ഞു കഴിഞ്ഞതാണ്. നടപടികളിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ നല്ല പ്രവർത്തനം നടക്കുന്നുണ്ട്. കാവുകൾ സംരക്ഷിക്കുന്ന കാര്യത്തിൽ സർക്കാർ പ്രതിജ്ഞാബദ്ധരാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്ന പശ്ചാത്തലത്തിൽ ഇത്തരം ഒരു ബിൽ നിയമസഭ പരിഗണിച്ച് പാസ്സാക്കേണ്ടതില്ല.

ചെയർപേഴ്സൺ: ശ്രീ. അനൂപ് ജേക്കബ്, അങ്ങ് അവതരിപ്പിച്ച ഉപക്ഷേപം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

(2021- ലെ കേരള കാർഷിക ഉൽപ്പന്നങ്ങൾക്ക്
അർഹമായ തറവില ഉറപ്പാക്കൽ ബിൽ)

P 21-03-2025 SS-UL (1) 12.00-12.10 bc

**(3) താഴെ പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങളുടെ തുടർചർച്ച**

## (i) 2021-ലെ കേരള കാർഷിക ഉൽപ്പന്നങ്ങൾക്ക് അർഹമായ തറവില ഉറപ്പാക്കൽ ബിൽ

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേരളത്തിലെ കാർഷിക ഉൽപന്നങ്ങൾക്ക് മതിയായ തറവില ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഈ അനൗദ്യോഗിക ബിൽ ഞാൻ സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. അതിന്റെ തുടർ ചർച്ചയുമായി ബന്ധപ്പെട്ട് മുന്നോട്ട് നീങ്ങാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതേ ആവശ്യമുന്നയിച്ചുകൊണ്ട് രാജ്യത്തിന്റെ തലസ്ഥാനത്തും പഞ്ചാബിലും കർഷകർ മാസങ്ങളായി സമരം ചെയ്യുകയാണെന്ന വസ്തുത നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. 13 മാസത്തിലധികം നീണ്ടുനിന്ന കർഷകസമരം മുമ്പ് ഡൽഹിയിൽ അരങ്ങേറുകയുണ്ടായി. കർഷകസമരം അവസാനിപ്പിക്കുന്നതിനുവേണ്ടി കർഷകർക്ക് നൽകിയ വാഗ്ദാനങ്ങൾ ഇതുവരെയും നിറവേറ്റാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായില്ല. അതുകൊണ്ടാണ് കർഷകർ വീണ്ടും സമരരംഗത്തേക്ക് വന്നിട്ടുള്ളത്. ഈ ആവശ്യമുന്നയിച്ചുകൊണ്ടാണ് സഭയിൽ ഈ ബിൽ ഞാൻ നേരത്തെ അവതരിപ്പിച്ചത്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ കാർഷികമേഖല പരിശോധിക്കുമ്പോൾ, ഇന്ത്യയിലെ കർഷകരെ മൊത്തത്തിലെടുത്ത് പരിശോധിച്ചാൽ ഏറ്റവും ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്നൊരു സാഹചര്യം

കേരളത്തിലാണെന്ന് തിരിച്ചറിയാൻ കഴിയും. ദേശീയതലത്തിൽ കർഷകർ അഭിമുഖീകരിക്കുന്ന ഉൽപാദനചെലവ് കേരളത്തെ അപേക്ഷിച്ച് കുറവാണ്. മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വർധിച്ച (മൂന്ന്/നാല് ഇരട്ടിയോ) കൂലിചെലവുണ്ട്. ഇതുപോലെ കൃഷിയുമായി ബന്ധപ്പെട്ട മറ്റെല്ലാ സാമഗ്രികൾക്കും ചെലവാകുന്ന തുകയും കേരളത്തിൽ കൂടുതലാണ്. അതുകൊണ്ട് ഇന്ത്യയിലെ മൊത്തം സാഹചര്യത്തെ മാറ്റിനിർത്തിക്കൊണ്ട് കേരളത്തിലെ സാഹചര്യങ്ങളെ ചർച്ചക്കെടുക്കേണ്ടതുണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളത്തിൽ തിരുവനന്തപുരത്ത് നടക്കുന്ന ആശാവർക്കർമാരുടെ സമരപ്പന്തൽ ഇന്നലെ പൊലീസിനെക്കൊണ്ട് പൊളിപ്പിച്ച മാതൃകയിൽ പഞ്ചാബിൽ ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് നടത്തുന്ന കർഷകസമരത്തിന്റെ പന്തൽ പൊളിപ്പിച്ച ഒരു സാഹചര്യമുണ്ടായി എന്നുള്ളതുകൂടി ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ നെല്ല്, നാളികേരം, റബ്ബർ എന്നിവയുടെ സംഭരണത്തിന് വ്യവസ്ഥയുള്ളതെങ്കിലും റബ്ബറിന്റെയും നെല്ലിന്റെയും സംഭരണം ഇപ്പോൾ ഇവിടെ നടക്കുന്നില്ല. നെല്ലിന് 28 രൂപ 20 പൈസയും നാളികേരത്തിന് 34 രൂപയും റബ്ബറിന് 170 രൂപയും ആണ് കേരളത്തിൽ സംഭരണവില നിശ്ചയിച്ചിട്ടുള്ളത്. കർഷകർക്കുണ്ടാകുന്ന ചെലവിനെ പരിഗണിച്ചുകൊണ്ട് വില നിർണയിക്കാനോ കാലോചിതമായി

പരിഷ്കരിക്കാനോ നമ്മുടെ സർക്കാർ തയ്യാറാകാത്ത ഒരു സാഹചര്യം നിലനിൽക്കുകയാണ്. ഉൽപാദനച്ചെലവിന്റെ കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമുക്കറിയാം, നമ്മുടെ നിത്യജീവിതചെലവ് വർധിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്തെ വിലക്കയറ്റത്തോത് കേരളത്തിലാണ് ഒന്നാമതായി ഉയർന്നുനിൽക്കുന്നതെന്ന് 4 ദിവസം മുമ്പ് ഒരു റിപ്പോർട്ട് വരികയുണ്ടായി. ചണ്ഡീഗഢ് ആണ് തൊട്ടുതാഴെയുള്ളത്. ഇന്ത്യയിൽ നിത്യോപയോഗസാധനങ്ങൾക്ക് വിലവർധനവ് ഏറ്റവും കൂടുതലനുഭവപ്പെടുന്നത് കേരളത്തിലാണ്. മാത്രമല്ല യാത്രാച്ചെലവ്, വൈദ്യുതിചെലവ് ഉൾപ്പെടെയുള്ള വർധിച്ചുവരികയാണ്.

ചെയർപേഴ്സൺ: ശ്രീ. കുറുക്കോളി മൊയ്തീൻ.......അങ്ങ് വഴങ്ങുന്നുണ്ടോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയം തന്നെയാണ് അദ്ദേഹം ഈ ബില്ലിലൂടെ ഉന്നയിച്ചിട്ടുള്ളത്. അതിൽ ഒരു തർക്കവുമില്ല. അദ്ദേഹത്തിന്റെ കാർഷിക താൽപര്യത്തെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ ബിൽ അവതരിപ്പിക്കുന്ന അദ്ദേഹത്തിന് ബോധ്യമുണ്ടാകുമെന്നാണ് കരുതുന്നത്. ഇന്ത്യാ രാജ്യത്തിലെ ഭക്ഷ്യധാന്യ ഉൽപന്നങ്ങൾ ശേഖരിക്കാനും സംഭരിക്കാനും ഏതെങ്കിലും സംസ്ഥാനങ്ങൾക്ക് കേന്ദ്രഗവൺമെന്റ് അധികാരം കൊടുത്തിട്ടുണ്ടെന്ന് തോന്നുന്നില്ല. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് രാജ്യത്ത് നിലവിലുള്ള

നിയമമനുസരിച്ച് ഭക്ഷ്യധാന്യ സംഭരണത്തിന്റെ ഉത്തരവാദിത്വം കേന്ദ്രഗവൺമെന്റിനാണ്. അതുകൊണ്ടുതന്നെ ഭക്ഷ്യധാന്യങ്ങളുടെ വില നിശ്ചയിക്കാനും കേന്ദ്രത്തിനുമാത്രമേ അവകാശമുള്ളൂ. എന്നാൽ രാജ്യത്ത് മറ്റെവിടെയും നൽകാത്ത വില കേരളം പ്രത്യേക താൽപര്യം പുലർത്തികൊണ്ടും സബ്സിഡി അനുവദിച്ചുകൊണ്ടും നെല്ലിനുൾപ്പെടെ നൽകുന്നൊരു നാടാണെന്ന് കാണാൻ കഴിയും. അതുപോലെ അദ്ദേഹം ഉൽപാദനചെലവിന്റെ കാര്യം സൂചിപ്പിച്ചു. ആ ഉൽപാദനചെലവിൽ കർഷകൻ ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടിവരുന്നത് രാസവളം, കീടനാശിനി എന്നിവയുടെ വിലവർദ്ധനവും ട്രാൻസ്പോർട്ടിംഗ് സംബന്ധിച്ച ചെലവുകളുമാണ്. അതെല്ലാം സൃഷ്ടിച്ചത് കേന്ദ്രസർക്കാരിന്റെ സാമ്പത്തികനയത്തിന്റെ ഭാഗമായാണ്. അത്തരം സാമ്പത്തിക നയം ഇന്ത്യാരാജ്യത്തിലേക്ക് ക്ഷണിച്ചുകൊണ്ടുവന്ന ഗവൺമെന്റിന് നേതൃത്വംകൊടുത്ത രാഷ്ട്രീയ പ്രസ്ഥാനത്തെക്കുറിച്ചും അദ്ദേഹത്തിന് ധാരണയുണ്ടാകുമെന്നാണ് കരുതുന്നത്. ആ ഘട്ടത്തിൽ ഈ ബിൽ എങ്ങനെയാണ് നമ്മുടെ രാജ്യത്ത് അവതരിപ്പിക്കാൻ കഴിയുകയെന്ന് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. യു. എ. ലത്തീഫ്</u>: കർഷകരുടെ നിരന്തരമായ ആവശ്യം പരിഗണിച്ചാണ് സർക്കാർ നാളികേരം സംഭരിക്കാൻ തീരുമാനിച്ചത്.

എന്നാൽ കഴിഞ്ഞ രണ്ടുവർഷമായി സംഭരിച്ച നാളികേരത്തിന് വില ഗവൺമെന്റ് കൊടുത്തിട്ടില്ല. അത് അങ്ങയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, അങ്ങ് നേരത്തെ ഇവിടെ പറയുകയുണ്ടായി, ഡൽഹിയിൽ കർഷകരുടെ സമരം ഉണ്ടായപ്പോൾ അതിനെ അടിച്ചമർത്താൻ കേന്ദ്രസർക്കാർ സ്വീകരിച്ച നടപടികൾക്കെതിരെ ഒരുമിച്ച് പ്രതിഷേധിച്ചവരാണ് നമ്മളെല്ലാവരുംമെന്ന്. അധ്വാനത്തിന്റെ ഫലം ചോദിച്ചുകൊണ്ടാണ് അവിടെ കർഷകർ സമരംചെയ്തതെങ്കിൽ അതേ ആവശ്യം ഉന്നയിച്ചുകൊണ്ടാണ് ഇവിടെ ആശാ വർക്കർമാർ സമരം ചെയ്യുന്നത്. മഴ വന്നപ്പോൾ നനയാതിരിക്കാൻ സമരപ്പന്തൽ ടാർപാളിൻകൊണ്ട് സംരക്ഷിക്കാൻ അവർ ശ്രമിച്ചപ്പോൾ അത് പിടിച്ചുവാങ്ങിക്കൊണ്ടുള്ള പോലീസിന്റെ ഇടപെടൽ കാണുമ്പോൾ അവിടെ സമരത്തോട് കാണിക്കുന്ന അതേ സമീപനം തന്നെയല്ലേ ഇവിടെയും സമരത്തോട് സർക്കാർ കാണിക്കുന്നത് എന്നതിനോട് അങ്ങ് യോജിക്കുന്നുണ്ടോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അങ്ങയുടെ കർഷകസ്നേഹത്തോടും കാർഷിക പ്രശ്നങ്ങളോടുമൊക്കെ യോജിക്കുന്നു. പക്ഷേ അങ്ങേയ്ക്ക് തന്നെ അറിയാവുന്നതാണ് നമ്മുടെ സംസ്ഥാനത്ത് ഇന്ന് പൊതുയിടങ്ങളിലോ

സെക്രട്ടേറിയറ്റിന്റെ പരിസരത്തോ ഓഫീസുകളുടെ മുന്നിലോ സമരപ്പന്തൽ കെട്ടാൻ ബഹു. കോടതി അനുവദിക്കുന്നില്ലെന്ന കാര്യം. ഇപ്പോൾ സി.പി.ഐ.(എം.)-ന്റെ സംസ്ഥാനസമ്മേളനം കൊല്ലത്ത് നടന്നപ്പോൾ അതിന്റെ ഭാഗമായി അവിടെ ചില ബോർഡുകളും തോരണങ്ങളും കെട്ടിയിട്ടുണ്ടായിരുന്നു. കോടതിയുടെ നിർദേശപ്രകാരം കൊല്ലം നഗരസഭ ഇതുസംബന്ധിച്ച് 4 ലക്ഷം രൂപ പെനാൽറ്റി ഇടാക്കുന്ന ഒരു അവസ്ഥാവിശേഷമുണ്ടായി. ബഹുമാനപ്പെട്ട കോടതിയുടെ നിർദേശമനുസരിച്ച് തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മുമ്പിൽ നടക്കുന്ന സി.ഐ.റ്റി.യു.-വിന്റെയും ഐ.എൻ.റ്റി.യു.സി.-യുടെയും എസ്.റ്റി.യു. -വിന്റെയും ഒരു സമരത്തിനും പന്തലിടാൻ പറ്റുന്നില്ല. അത് ആശാ വർക്കേഴ്സിനും ബാധകമാണ്. ഗവൺമെന്റിന് ഇക്കാര്യത്തിൽ പന്തലിടരുതെന്ന് പറയുന്ന ഒരു സമീപനമില്ലെന്നുള്ളത് അങ്ങേക്ക് നന്നായി അറിയാവുന്നതാണല്ലോ.

<u>ഡോ. എൻ. ജയരാജ്</u>: അങ്ങയുടെ ബില്ലിലെ ഒരു പ്രശ്നം റബ്ബറിനെക്കുറിച്ചാണ്. സത്യത്തിൽ റബ്ബർ ഒരു കാർഷിക ഉൽപന്നം അല്ല. നിരന്തരമായി കേരളം ആവശ്യപ്പെടുന്നകാര്യമാണെങ്കിലും കേന്ദ്രഗവൺമെന്റ് റബ്ബറിനെ ഒരു കാർഷികവിളയായി അംഗീകരിച്ചിട്ടില്ല. കെ. എം. മാണിയുടെ കാലത്താണ് വില സ്ഥിരത ഫണ്ട് റബ്ബറിന് കൊണ്ടുവരുന്നത്. അന്ന്

റബ്ബറിന് വളരെ കുറഞ്ഞ വിലയേ ഉണ്ടായിരുന്നുള്ളൂ. ഈ ഗവൺമെന്റ് തന്നെ 2079.41 കോടി രൂപ റബ്ബർ കർഷകർക്ക് വിലസ്ഥിരത ഫണ്ടിന്റെ ഭാഗമായി സബ്സിഡി നൽകിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് അങ്ങയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ചെയർപേഴ്സൺ: ശ്രീ. കുറുക്കോളി മൊയ്തീൻ...... അങ്ങേയ്ക്ക് 10 മിനിട്ട് സമയമാണുള്ളത്. 8 മിനിട്ടായി. ഇനി രണ്ടു മിനിട്ട് മാത്രമേ ബാക്കിയുള്ളൂ. അങ്ങ് ഇനിയും വഴങ്ങുന്നുണ്ടോ?

ശ്രീ. ചാണ്ടി ഉമ്മൻ: കർഷക സമരം ഇന്നും പഞ്ചാബിൽ തുടരുകയാണ്. ശ്രീ. പി. ടി. ജോൺ അടക്കമുള്ള മലയാളികൾ അവിടെ അറസ്റ്റിലാണ്. ഇക്കാര്യത്തിൽ കേരള സർക്കാർ ഇടപെടൽ നടത്തണമെന്ന് അങ്ങേക്ക് തോന്നുന്നുണ്ടോ?

ചെയർപേഴ്സൺ: സമയമില്ല....ശ്രീ. കുറുക്കോളി മൊയ്തീൻ. ഇനി രണ്ടു മിനിട്ട് മാത്രമേ ബാക്കിയുള്ളൂ. അങ്ങ് ഇനിയും വഴങ്ങുന്നുണ്ടോ?

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഇന്ത്യാരാജ്യത്തെ കൃഷിക്കാരുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം വില സ്ഥിരതയില്ല എന്നതുന്നെയാണ്. ആ വിലസ്ഥിരതയുടെ പ്രശ്നം ഉൾപ്പെടെ കാർഷിക രംഗത്തെ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനുവേണ്ടിയാണ് സ്വാമിനാഥൻ കമ്മിഷനെ നിയമിച്ചിരുന്നത്. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ട്

കോൺഗ്രസ് ഭരണകാലത്ത് സമർപ്പിച്ചെങ്കിലും യാതൊരു നടപടിയും സ്വീകരിക്കാൻ തയ്യാറായില്ല. പ്രസ്തുത റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള ഉൽപാദനചെലവും അതിന്റെ അമ്പതുശതമാനവും നടപ്പിലാക്കി കഴിഞ്ഞാൽ കൃഷിക്കാരുടെ വിലസ്ഥിരതാ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന ശിപാർശ അങ്ങയുടെ ശ്രദ്ധയിലുണ്ടോ; സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കേണ്ട ആവശ്യകത അങ്ങ് പ്രത്യേകം എടുത്തുപറയുന്നുണ്ടോ?

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഇവിടെ അംഗങ്ങൾ ഉന്നയിച്ച കാര്യങ്ങളൊക്കെ വളരെ പ്രധാനപ്പെട്ടതാണ്. എല്ലാവരോടും മറുപടി പറയാൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. കുറുക്കോളി മൊയ്തീൻ.....ഇതൊരു തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നുണ്ടോ.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, മാറ്റിവയ്ക്കുകയാണ്. ഇവിടെ കാര്യങ്ങൾ ഉന്നയിച്ച എല്ലാവരോടും ഞാൻ പൊതുവായി മറുപടി പറയുകയാണ്. ഉൽപാദനചെലവിന്റെ ഒന്നര ഇരട്ടി തറവില നിശ്ചയിച്ചുകൊണ്ട് സംഭരിക്കാൻ സന്നദ്ധമാകുമെന്ന് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങളിൽ ജനങ്ങളോട് പറഞ്ഞതാണ്. ഇത് പാലിച്ചാൽതന്നെ കർഷകർക്ക് സ്വല്പം രക്ഷയുണ്ടാകും. എന്നാൽ അതുപോലും മാന്യമായി അംഗീകരിക്കാനോ നടപ്പിലാക്കാനോ

കേരള സർക്കാരും കേന്ദ്രസർക്കാരും തയ്യാറായിട്ടില്ല. ഇങ്ങനെയുള്ള ഒരു സാഹചര്യം ഇവിടെ നിലനിൽക്കുമ്പോഴാണ് ഡൽഹിയിലും പഞ്ചാബിലുമൊക്കെ കർഷകർ സമരവുമായി മുന്നോട്ട് വന്നിട്ടുള്ളത്. കേരളത്തിന്റെ പ്രത്യേകമായ സാഹചര്യം ഇവിടെ എല്ലാവരും സൂചിപ്പിച്ചുകഴിഞ്ഞു. കേരളത്തിൽ ഇങ്ങനെ വർധിച്ച വില നെല്ലിനും മറ്റും നൽകി സംഭരിക്കുന്നത് ആദ്യമായിട്ടല്ല.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം.......അങ്ങ് തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നുണ്ടോ.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് പൂർത്തിയാക്കാം. പച്ചത്തേങ്ങ മറ്റൊരിടത്തും സംഭരിക്കാത്തൊരു സന്ദർഭത്തിലാണ് കേരളത്തിൽ സംഭരണമുണ്ടായത്. 1994-ൽ കരുണാകരൻ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്ര സർക്കാർ നൽകുന്ന വിഹിതം കാത്തുനിന്നിട്ടല്ല നെല്ലിന്റെ സംഭരണം കേരളത്തിലാരംഭിച്ചത്. കേന്ദ്ര സർക്കാർ പണം നൽകിയിട്ടല്ല റബ്ബറിന്റെ സംഭരണം 2015-ൽ ഉമ്മൻചാണ്ടി ഗവൺമെന്റ് ആരംഭിച്ചത്. അതുകൊണ്ട് കേന്ദ്രമാണോ ഭക്ഷ്യം കൈകാര്യം ചെയ്യുന്നത് എന്ന തർക്കത്തിന്റെ ആവശ്യമില്ല. കേരളത്തിലെ കർഷകരെ സഹായിക്കാൻ കേരളത്തിലെ സർക്കാർ എല്ലാ കാലത്തും മുന്നോട്ടുവന്നിട്ടുണ്ട്. അത്തരത്തിലൊരു നയവും സമീപനവും ഇപ്പോൾ

കാണുന്നില്ലായെന്നത് ഈ ബില്ലിന്റെ ചർച്ചയുമായി ബന്ധപ്പെട്ട് ഈ സാഹചര്യത്തിൽ ഞാൻ സൂചിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. അതുകൊണ്ട് കർഷകരെ സഹായിക്കാൻ നാം മുന്നോട്ട് വരേണ്ടതുണ്ട്; കാർഷിക ഉൽപന്നങ്ങൾക്ക് മാന്യമായ തറവില നൽകി സംഭരിക്കാൻ സന്നദ്ധമാകേണ്ടതുണ്ട്. ഞാൻ ഈ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

<u>ചെയർപേഴ്സൺ</u>: ടി പ്രമേയം തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(ശ്രീ. സി. എച്ച്. കുഞ്ഞമ്പു)

p-21-03-2025 ks-ul-1 12.10-12.20 ബി.സി.

## <u>(ii) 2021-ലെ കേരള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണപാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബിൽ</u>

<u>ചെയർപേഴ്സൺ</u>: ശ്രീ. സി. എച്ച്. കുഞ്ഞമ്പു 2024 ഫെബ്രുവരി മാസം 2-ാം തീയതി ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുകയും ചർച്ച പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തിരുന്നു. ചർച്ച പൂർത്തിയാക്കാത്തതിനാൽ ശ്രീ.സി. എച്ച്. കുഞ്ഞമ്പുവിന് ചർച്ച തുടരാവുന്നതാണ്.

(ശ്രീ.സി. എച്ച്. കുഞ്ഞമ്പു)

p-21-03-2025 ks-ul-1 12.10-12.20 ബി.സി.

ശ്രീ.സി. എച്ച്. കുഞ്ഞമ്പു: സർ, നമ്മുടെ ഹോട്ടലുകളിലെയും റെസ്റ്റോറന്റുകളിലെയും ഭക്ഷണത്തിന്റെ ഗുണനിലവാരവും വിലയും സംബന്ധിച്ച് ഒരു നിയന്ത്രണം വേണമെന്നതിനെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ ബിൽ.

ഇത് വളരെ സുപ്രധാനമായ ബിൽ ആണ്. കാരണം നമ്മൾ എല്ലാവരും നിത്യേന ഹോട്ടലിനെ ആശ്രയിക്കുന്നവരാണ്. നല്ല ഭക്ഷണം നാടിന്റെ അവകാശമാണ്. ലോക ഭക്ഷ്യ സുരക്ഷാദിനം ജൂൺ 7-ാം തീയതിയാണ്. കഴിഞ്ഞ വർഷത്തെ ലോക ഭക്ഷ്യ സുരക്ഷാദിനത്തിൽ UN ഒരു ടാഗ്‌ലൈൻ പറയുകയുണ്ടായി, " Safer food, better health" എന്നായിരുന്നു UN പ്രഖ്യാപിച്ചത്. എന്നാൽ ഇപ്പോൾ നമ്മൾ കഴിക്കുന്ന ഭക്ഷണം സേഫ് ഫുഡ് ആണോ; പ്രത്യേകിച്ച് ഹോട്ടലുകളിൽനിന്നും കിട്ടുന്ന ഭക്ഷണം സുരക്ഷിതമാണോ? ഇത് വളരെ ഗൗരവത്തിൽ എടുക്കേണ്ട വിഷയമാണ്. ഭക്ഷ്യസുരക്ഷാ വകുപ്പ് സുരക്ഷിത ഭക്ഷണം നമുക്ക് ഉറപ്പുവരുത്തണം. അതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്യണം? പ്രധാനമായും ഈ വിഷയത്തിൽ ഒരു നിയമനിർമ്മാണം നടത്തേണ്ടതുണ്ട്, അതുകൊണ്ടാണ് ഞാൻ ഇത്തരത്തിൽ ഒരു അനൗദ്യോഗിക ബിൽ സഭയിൽ കൊണ്ടുവന്നത്. ഈ ബിൽ കൊണ്ടുവരുന്നതിന് തൊട്ടുമുമ്പ് എന്റെ നാട്ടിൽ ഒരു സംഭവം

നടക്കുകയുണ്ടായി - ദേവനന്ദ എന്നൊരു പെൺകുട്ടി പരീക്ഷ കഴിഞ്ഞശേഷം സുഹൃത്തുക്കളുമായി ഒരു ഹോട്ടലിൽച്ചെന്ന് ഭക്ഷണം കഴിച്ചു, അന്നുതന്നെ ആ കുട്ടി മരണപ്പെട്ടു. ഈ സംഭവം എല്ലാവരെയും വേദനിപ്പിച്ചു. ഹോട്ടലിൽനിന്നും ഭക്ഷണം കഴിച്ചതിന്റെപേരിൽ ജീവൻ നഷ്ടപ്പെടുക എന്നത് വലിയൊരു പ്രശ്നമാണ്, നമ്മുടെ നാടിനെ ദുഃഖിപ്പിക്കുന്ന സംഭവമാണ്. രണ്ടുവർഷം മുമ്പ് തിരുവനന്തപുരത്തെ ഒരു ഹോട്ടലിൽനിന്നും ഷവർമ കഴിച്ച് ഒരു വിദ്യാർഥി ബാംഗ്ലൂരിൽ എത്തിയപ്പോഴേക്കും മരണപ്പെട്ടു. ഹോട്ടലുകളിൽനിന്ന് ധൈര്യത്തോടെ ഭക്ഷണം കഴിക്കാൻ സാധിക്കുന്നത് എങ്ങനെയാണ്? ഇതാണ് പ്രശ്നം. അതുകൊണ്ട് ഭക്ഷണം എന്നത് ഭയന്നുകഴിക്കേണ്ട, പേടിച്ചുകഴിക്കേണ്ട അവസ്ഥയിലേക്ക് നമ്മുടെ നാട് എത്തിച്ചേർന്നാൽ നമുക്ക് എങ്ങനെ ജീവിച്ച് മുമ്പോട്ടുപോകാൻ കഴിയും എന്നതാണ് ഇവിടെ ഉയരുന്ന പ്രശ്നം. തട്ടുകട മുതൽ ഫൈവ് സ്റ്റാർ ഹോട്ടലുകൾ വരെയുള്ള ഭക്ഷ്യ ഉൽപാദന കേന്ദ്രങ്ങൾ നമ്മുടെ നാട്ടിലുണ്ട്. ഇവിടങ്ങളിൽ ഉണ്ടാക്കുന്ന ഭക്ഷണം, അതിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ എന്നിവ പരിശോധനകൾക്ക് വിധേയമാക്കുന്നുണ്ടോ? ഭക്ഷണം പാചകം ചെയ്യാൻ വെള്ളം ആവശ്യമാണ്. ഹോട്ടലുകളിൽ ഭക്ഷണം പാകംചെയ്യാനായി ഉപയോഗിക്കുന്നത് ഫിൽട്ടർ ചെയ്ത വെള്ളമാണോ? ആ പ്രശ്നവും പരിശോധിക്കേണ്ടതാണ്. പല സ്ഥലങ്ങളിലും, പല

ഹോട്ടലുകളിലും ഉപയോഗിക്കുന്ന വെള്ളം മനുഷ്യശരീരത്തിനും ജീവനുതന്നെയും ഹാനികരമാകുന്ന തരത്തിലുള്ളതാണ് എന്നകാര്യം എത്രയോ പഠനങ്ങളിലൂടെ വ്യക്തമായിട്ടുണ്ട്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഹോട്ടലുകളെ മാത്രമല്ല, ബില്ലിന്റെ പരിധിയിൽ ബേക്കറികളെക്കൂടി ഉൾപ്പെടുത്തേണ്ടതല്ലേ? കാരണം ബേക്കറികളിൽ ഉണ്ടാക്കുന്ന പല സാധനങ്ങളിലും ഉപയോഗിക്കുന്ന രാസപദാർത്ഥങ്ങൾ വളരെ അപകടകരമാണ്. നിറത്തിനും മണത്തിനും രുചിക്കുംവേണ്ടി പലതും ഉപയോഗിക്കുന്നുവെന്ന പ്രശ്നം നമ്മുടെ മുമ്പിലുണ്ട്. ഷവർമ പോലുള്ള ഭക്ഷ്യസാധനങ്ങൾ ഹോട്ടലുകളിൽ മാത്രമല്ല, ഇതുപോലുള്ള ബേക്കറികളിലും വിൽക്കുന്നുണ്ടെന്ന് കാണാം. അതോടൊപ്പംതന്നെ സൂചിപ്പിക്കാനുള്ളത് ഗുണനിലവാരത്തോടൊപ്പം വിലനിലവാരത്തിന്റെ കാര്യത്തിലും നിയന്ത്രണം ആവശ്യമല്ലേ; അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. ലിന്റോ ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് ഏറ്റവും പ്രധാനപ്പെട്ട ബിൽ ആണ്, അതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഗുണനിലവാരവും മറ്റൊന്ന് വിലനിയന്ത്രണവുമാണ്. പക്ഷേ ഈ മേഖലയിൽ നമുക്കുണ്ടാകുന്ന പ്രതിസന്ധി എങ്ങനെയാണ് ബില്ലിനകത്ത് വിലയിരുത്തിയത് എന്നറിയില്ല. വിവിധങ്ങളായ തട്ടുകളായാണ് വിവിധങ്ങളായ ഹോട്ടലുകളെയും

റെസ്റ്റോറന്റുകളെയും ഐഡന്റിഫൈ ചെയ്യുന്നത്. നമുക്ക് സ്റ്റാർ ഹോട്ടലുകളുണ്ട്, സ്റ്റാർ റേറ്റിംഗ് ഉള്ള ഹോട്ടലുകളുണ്ട്, അവിടെയുള്ള സൗകര്യങ്ങളുണ്ട്, ഇതെല്ലാം ബന്ധപ്പെട്ടുകിടക്കുന്ന കാര്യങ്ങളാണ്. കാറ്റഗറി ചെയ്ത് വിവിധ തട്ടുകളായി തിരിച്ചിരിക്കുന്ന ഇത്തരം മേഖലകളിൽ വിലനിയന്ത്രണം ഏത് രൂപത്തിൽ നടപ്പിലാക്കണമെന്നാണ് അങ്ങ് ഉദ്ദേശിക്കുന്നത്? അതോടൊപ്പം ഇവിടെ നേരത്തെ സൂചിപ്പിച്ചപോലെ, എല്ലാ കാര്യങ്ങളും പരിശോധിക്കാനുള്ള അവസരം ഇന്നുണ്ട്, നേരത്തെ ഹോട്ടലുകളുടെ അടുക്കളയുടെ ഭാഗത്തേയ്ക്കുള്ള പ്രവേശന സ്ഥലത്ത് NO ENTRY എന്ന ബോർഡ് കാണുമായിരുന്നു. എന്നാൽ ഇപ്പോൾ ഓപ്പൺ കിച്ചണുകളുടെ കാലഘട്ടമാണ്, കിച്ചണുകൾ ഓപ്പൺ ആയാൽ അവിടെയുള്ള കാര്യങ്ങൾ കുറച്ചുകൂടി നോക്കിക്കാണാനുള്ള സൗകര്യം പൊതുജനങ്ങൾക്ക് ലഭ്യമാകില്ലേ; ഈ വിഷയത്തെ ബഹുമാനപ്പെട്ട അംഗം ബില്ലിൽ പരാമർശിച്ചിരിക്കുന്നത് എങ്ങനെയാണ്?

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, എന്റെ ബില്ലിൽ പ്രസ്തുത പ്രശ്നങ്ങളെല്ലാം ഉൾക്കൊള്ളുന്നുണ്ട്. അതിൽ ഹോട്ടൽ, തട്ടുകട, വലിയ റെസ്റ്റോറന്റുകൾ, കാറ്ററിംഗ്, ബേക്കറി തുടങ്ങി ഈ മേഖലയിലെ എല്ലാ സംരഭങ്ങളെയും പരാമർശിക്കുന്നുണ്ട്. ബഹുമാനപ്പെട്ട കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ സൂചിപ്പിച്ചതും ശ്രീ. ലിന്റോ ജോസഫ്

സൂചിപ്പിച്ചതും നമ്മൾ അനുഭവിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളാണ്. വെള്ളംമുതൽ ഈ പ്രശ്നം ആരംഭിക്കുകയാണ്. ഹോട്ടലുകളിൽ ഭക്ഷണം പാകംചെയ്യുന്നതിനായി ഉപയോഗിക്കുന്ന വെള്ളം മുതൽ വിഷയങ്ങൾ ആരംഭിക്കുകയാണ്. നമ്മൾ ഏതൊരു ഹോട്ടലിൽച്ചെന്നാലും നമ്മൾ കഴിക്കുന്ന ഭക്ഷണം പാചകംചെയ്യുന്നതിനായി ധാന്യങ്ങൾ ഉൾപ്പെടെയുള്ളവ വാങ്ങുന്നത് മറ്റേതെങ്കിലും കടകളിൽനിന്നായിരിക്കും. ഉപയോഗിക്കുന്ന ധാന്യങ്ങളിൽത്തന്നെ പലപ്പോഴും മായം കലർന്നിരിക്കും. തുടക്കംമുതൽതന്നെ മായംചേർത്തതും കെമിക്കൽ ചേർത്തതുമായ സാധനങ്ങൾ ഉപയോഗിക്കുന്നത് മനുഷ്യന്റെ ജീവന് ഹാനികരമാകുന്ന നിലയിലേക്കാണ് എത്തുന്നത്. ഉദാഹരണത്തിന് എണ്ണ പാചകത്തിന് ആവശ്യമാണ്, എന്നാൽ ഇവിടങ്ങളിൽ ഉപയോഗിക്കുന്ന എണ്ണ ഏറ്റവും വിലകുറഞ്ഞതായിരിക്കും. നാളികേര എണ്ണ ഒറിജിനലാണെങ്കിൽ വില കൂടും, സൺഫ്ലവർ ഓയിൽ ഒറിജിനലിന് വിലകൂടും. അപ്പോൾ ഏറ്റവും വില കുറഞ്ഞതോ മായം ചേർത്തതോ, കൃത്രിമമായി നിർമ്മിച്ചതോ ആയ ഏതെങ്കിലും എണ്ണയാണ് ഹോട്ടലുകളിൽ ഉപയോഗിക്കുന്നത് എന്നകാര്യത്തിൽ ആർക്കും സംശയം ഉണ്ടാകാനിടയില്ല. അതും മനുഷ്യശരീരത്തിന് ഹാനികരമാണ്. ഇതുപോലെ ഹാനികരമായ മറ്റൊരു ചേരുവയാണ് സ്പൈസസ്. ചില്ലി ഉൾപ്പെടെ ഏത് സ്പൈസസ് എടുത്താലും

ഈ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നത് ശരിയായ രൂപത്തിലാണോയെന്ന സംശയം നിലനിൽക്കുന്നുണ്ട്. ഇങ്ങനെ നോക്കിയാൽ ഇവിടങ്ങളിൽ ഉപയോഗിക്കുന്ന ഏത് അസംസ്കൃതവസ്തുവും മായമില്ലാത്തതാണോ എന്ന സംശയമുള്ളതിനാൽ ധൈര്യസമേതം ചെന്ന് ഭക്ഷണം കഴിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്നതാണ് വാസ്തവം. മാത്രമല്ല, ഭക്ഷണം കഴിച്ചിട്ടുണ്ടെങ്കിലോ തീർച്ചയായും രോഗിയാകും എന്നനിലയിലാണ് കാര്യങ്ങൾ എന്നതും കാണേണ്ടതുണ്ട്. കാൻസർ രോഗം ഏറ്റവും കൂടുതലായി കണ്ടുപിടിക്കുന്ന ഒരു കാലമാണ്, അതിന് കാരണമാകുന്നത് പലപ്പോഴും ഭക്ഷണമാണെന്നത് നമുക്കും ഡോക്ടർമാർക്കും ഉൾപ്പെടെ പൊതുസമൂഹത്തിന് അറിയുന്നതുമാണ്. അങ്ങനെ നോക്കുമ്പോൾ ഹോട്ടലുകളിലെ ഭക്ഷണത്തിന്റെ ക്വാളിറ്റിയെ നിയന്ത്രിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സംവിധാനം ആവശ്യമല്ലേ?

ഭക്ഷണത്തിന് ഇത്തരം സ്ഥാപനങ്ങൾ ഈടാക്കുന്ന വിലയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചല്ലോ? ഒരേ നിലവാരമുള്ള ഭക്ഷണത്തിന് വിവിധ സ്ഥാപനങ്ങളിൽ വ്യത്യസ്ത വിലയാണ് ഈടാക്കുന്നത്. ഭക്ഷണം ഉണ്ടാക്കുന്നവർ/ഉൽപാദിപ്പിക്കുന്നവർ തന്നെയാണ് വില നിശ്ചയിക്കുന്നത്. ഭക്ഷണം തയ്യാറാക്കപ്പെടുന്ന ഹോട്ടലുകാരൻതന്നെ വില നിശ്ചയിക്കുകയാണ്. ഇവിടെ വിലനിയന്ത്രണത്തിന് യാതൊരു

സംവിധാനവുമില്ല. അതുകൊണ്ട് ഭക്ഷണത്തിന്റെ വിലയും ക്വാളിറ്റിയും നിയന്ത്രിക്കപ്പെടണം, അതിൽച്ചേർക്കുന്ന ഘടകങ്ങളിൽ മാലിന്യങ്ങളും മായവുമുണ്ടോയെന്ന് പരിശോധിക്കപ്പെടണം. ഭക്ഷണം മനുഷ്യന് കഴിക്കുന്നതിനുവേണ്ടിയുള്ളതാണ്, മനുഷ്യന്റെ ആരോഗ്യമാണ് പ്രശ്നത്തിലാകുന്നത്, അതുകൊണ്ടുതന്നെ ഇതിനാവശ്യമായ നിയമം ഉണ്ടായേ മതിയാകൂ എന്നതാണ് എന്റെ പക്ഷം.

നമ്മൾ പച്ചക്കറികളും, മാംസവും മത്സ്യവുമെല്ലാം ഉപയോഗിക്കുന്നുണ്ട്. പ്രത്യേകിച്ച് മത്സ്യത്തിന്റെ കാര്യമെടുത്താൽ കടലിൽനിന്നും മത്സ്യം പിടിച്ചുകഴിഞ്ഞ് ദിവസങ്ങൾ കഴിഞ്ഞാണ് തീൻ മേശയിലേക്ക് എത്തുന്നത് എന്നതുകൊണ്ടുതന്നെ അവ കേടാകാതിരിക്കാൻ/ പ്രിസർവ് ചെയ്യുന്നതിന് കെമിക്കലുകൾ ചേർക്കുകയാണ്. മാസങ്ങൾക്കുമുമ്പ് പിടിച്ച മത്സ്യമാണ് പലപ്പോഴും ഇവിടെ എത്തുന്നത്. അതിൽച്ചേർക്കുന്ന കെമിക്കലുകൾ മനുഷ്യന്റെ ശരീരത്തെ സാരമായി ബാധിക്കുന്നുണ്ട്. മാംസം കേടാകാതിരിക്കാനും കെമിക്കലുകൾ ചേർക്കുന്നുണ്ട്. ഇതൊക്കെത്തന്നെ ഫ്രീസറുകളിൽ മാസങ്ങളോളം വയ്ക്കുന്നു. ഇതാണ് മനുഷ്യന് കഴിക്കാൻ തരുന്നത്.

<u>ചെയർപേഴ്സൺ</u>: ബഹുമാനപ്പെട്ട അംഗം പ്രസംഗത്തിന് തുടർചർച്ച ആവശ്യമുണ്ടോ?

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, തുടർചർച്ച ആവശ്യമാണ്, ഒരു മിനുട്ട് കൊണ്ട് അവസാനിപ്പിക്കാം. പച്ചക്കറി സംബന്ധിച്ചാണെങ്കിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾ കേരളത്തിൽ എത്തുന്നത് എങ്ങനെയാണെന്ന് എത്രയോവട്ടം ഈ സഭ ചർച്ചചെയ്തതാണ്. അവയിലെല്ലാം കീടനാശിനികൾ വലിയ അളവിൽ തളിച്ചും രാസപദാർത്ഥങ്ങൾ ഉപയോഗിച്ചും ഉണ്ടാക്കിയ പച്ചക്കറികളാണ് ഇവിടെ കൊണ്ടുവരുന്നത്, അതുതന്നെയാണ് ഇവിടെയുള്ള ഹോട്ടലുകളും ഉപയോഗിക്കുന്നത്. ഇങ്ങനെ വരുമ്പോൾ ജൈവപച്ചക്കറിയെക്കുറിച്ചും വിഷംകലരാത്ത മത്സ്യത്തെക്കുറിച്ചും നല്ല മാംസത്തെക്കുറിച്ചും അവർക്ക് ചിന്തിക്കാൻ കഴിയില്ല.

ചെയർപേഴ്സൺ: തുടർചർച്ചയുള്ളതല്ലേ, ഇപ്പോഴത്തെ പത്ത് മിനുട്ട് അവസാനിച്ചിരിക്കുന്നു...

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഒരു മിനുട്ട്കൊണ്ട് അവസാനിപ്പിക്കാം.

ശ്രീ. ഇ. കെ. വിജയൻ: സർ, പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്നവയാണ്, അതിൽ ഒരു പ്രശ്നംകൂടിയുണ്ട്, ഹോട്ടലുകളിലും കല്യാണമണ്ഡപങ്ങളിലും പച്ചക്കറികൾ ഒരുമിച്ച് മുറിച്ചിട്ടശേഷമാണ് കഴുകുന്നത്. അങ്ങനെ വരുമ്പോൾ നേരത്തെസൂചിപ്പിച്ച

വിഷാംശങ്ങളെല്ലാം പച്ചക്കറിയുടെ ഉള്ളിലേക്ക് എത്തുകയാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഹോട്ടലുകളിൽ മാത്രമല്ല, കഴിഞ്ഞ ഒരു മാസം മുമ്പ് എന്റെ നാട്ടിൽ പെരുംകളിയാട്ടം നടന്നപ്പോൾ പതിനായിരക്കണക്കിന് ആളുകൾ പങ്കെടുത്തു, അവിടെ എല്ലാവർക്കും ഭക്ഷണം നൽകിയിരുന്നു. അവിടെനിന്നും ഭക്ഷണം കഴിച്ച നൂറ്കണക്കിന് ആളുകൾക്ക് ഭക്ഷ്യ വിഷബാധയേറ്റു. അതായത് ഇതുപോലെ ഭക്ഷ്യ ഉൽപാദന കേന്ദ്രങ്ങളിലെല്ലാം വലിയ പ്രശ്നങ്ങളുണ്ട്, അതുകൊണ്ടുതന്നെ ഈ ബിൽ പ്രാബല്യത്തിൽ വരേണ്ടത് അത്യാവശ്യമാണ്, തുടർചർച്ചയ്ക്കായി ഞാൻ ഈ ബിൽ മാറ്റിവയ്ക്കുന്നു.

ചെയർപേഴ്സൺ: ടി പ്രമേയം തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

( ശ്രീ. സജീവ് ജോസഫ്)

P.21-03-2025 AV-UL(1) 12.20-12.30 ബി.സി

## (iii) 2021-ലെ വിനോദസഞ്ചാര മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി ബിൽ

ചെയർപേഴ്സൺ: 2021-ലെ വിനോദസഞ്ചാര മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി ബിൽ, ശ്രീ. സജീവ് ജോസഫ് 2024 ഒക്ടോബർ 10-ാം തീയതി ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുകയും ബഹു. പൊതുമരാമത്ത് വിനോദസഞ്ചാര

വകുപ്പുമന്ത്രിക്കുവേണ്ടി ബഹു. ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പുമന്ത്രി ഉപക്ഷേപത്തെ എതിർക്കുകയും ചെയ്യുന്നു. ചർച്ച പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ ശ്രീ. സജീവ് ജോസഫ് എം.എൽ.എ.-ക്ക് ചർച്ച തുടരാവുന്നതാണ്.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, വിനോദസഞ്ചാര മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർചർച്ചയ്ക്ക് അവസരം നൽകിയതിൽ സന്തോഷമുണ്ട്. 'ദൈവത്തിന്റെ സ്വന്തം നാടായി' അറിയപ്പെടുന്ന കേരളത്തിന്റെ വിഭവശേഷിയുടെ അവിഭാജ്യഘടകമാണ് ടൂറിസം രംഗത്തെ തൊഴിലാളികൾ. പ്രത്യക്ഷമായും പരോക്ഷമായും ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്ന മേഖല എന്നതുകൊണ്ട് multiplier effect in tourism എന്ന തത്വംതന്നെ രൂപപ്പെട്ടിരിക്കുകയാണ്. തൊഴിൽ മേഖലയിലേക്കെത്തുന്ന ആയിരകണക്കിനാളുകൾക്ക് വേണ്ടത്ര പ്രോത്സാഹനവും സംരക്ഷണവും ലഭിക്കാത്ത സാഹചര്യം വളരെ ഗൗരവമായി കാണേണ്ടതുണ്ട്. ടൂറിസ്റ്റ് ഗൈഡുകൾ, ടൂർ ഓപ്പറേറ്റർമാർ, ടൂറിസ്റ്റ് ടാക്സി ഡ്രൈവർമാർ, ലൈഫ് ഗാർഡുമാർ, റിസോർട്ട്, ഹോം സ്റ്റേ, ഹോട്ടൽ റെസ്റ്റോറന്റ്, ചെറുകിട ടൂറിസം സംരംഭങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്കും ചെറുകിട ടൂറിസം സംരംഭങ്ങളെ തൊഴിൽ

മേഖലയായി സ്വീകരിച്ചവർക്കും ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന പതിനഞ്ച് ലക്ഷത്തിലധികം വരുന്ന തൊഴിലാളികൾക്കും ന്യായമായ വേതനമോ തൊഴിൽ സുരക്ഷയോ, അവരുടെ ആശ്രിതർക്ക് ആരോഗ്യപരിരക്ഷയോ ഇല്ലാത്തതുമൂലം അനുഭവിക്കുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന്, അവർക്കാശ്വാസം നൽകുന്നതിന് ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കണമെന്നതിനുവേണ്ടിയാണ് ഈ ബിൽ ഇവിടെ അനൗദ്യോഗിക ബില്ലായി കൊണ്ടുവന്നിരിക്കുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ അഞ്ചാം ബജറ്റ് പ്രസംഗത്തിൽ വിനോദസഞ്ചാരമേഖലയിൽ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും അത് യാഥാർത്ഥ്യമായിട്ടില്ല. ആ പ്രഖ്യാപനത്തിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൂടിയാണ് പ്രസ്തുത ബിൽ ഈ മഹനീയമായ സഭയിൽ ഞാൻ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബില്ലിലെ വ്യവസ്ഥപ്രകാരം ടൂറിസം മേഖലയിൽ പ്രവർത്തിച്ച് 60 വയസ് പൂർത്തിയായവർക്കും ശാരീരിക അവശതമൂലം തൊഴിൽ ചെയ്യാൻ സാധിക്കാത്തവർക്കും പെൻഷൻ ലഭ്യമാക്കുന്ന പ്രൊവിഷനുണ്ട്. ഈ ക്ഷേമനിധിയിൽ അംഗമായ സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യം ഉറപ്പാക്കാൻ സാധിക്കും. അംഗത്തിനും കുടുംബാംഗങ്ങൾക്കും ചികിത്സാനുകൂല്യങ്ങളും മരണാനന്തര ചടങ്ങുകൾക്കുള്ള സഹായവും ഉറപ്പാക്കാൻ ഈ ബില്ലിലൂടെ സാധിക്കും.

ക്ഷേമനിധിയിൽനിന്നുള്ള പെൻഷന് കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നു. ഇൻഷ്വറൻസ് പരിരക്ഷ കൂടാതെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് പോലെയുള്ളവ ക്ഷേമനിധിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ വിവിധങ്ങളായ ആനുകൂല്യങ്ങൾ തൊഴിലാളികൾക്കും കുടുംബത്തിനും ഉറപ്പുവരുത്താൻ കഴിയുന്ന വിധത്തിലാണ് ഈ ബില്ലിലെ വ്യവസ്ഥകൾ നിർദേശിച്ചിരിക്കുന്നത്. കേരളത്തിലെ ഏറ്റവും സാധ്യതയുള്ള മേഖലയെന്ന നിലയിൽ ടൂറിസം മേഖലയെ വർത്തമാനകാലഘട്ടത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് സമീപനം സ്വീകരിക്കുകയും അതിനാവശ്യമായ കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും വേണം. ഇക്കാര്യത്തിൽ പരമ്പരാഗത ശൈലിക്കപ്പുറം പ്രായോഗികമായ നടപടിയാണ് സ്വീകരിക്കേണ്ടത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഡൊമസ്റ്റിക് ടൂറിസം വല്ലാതെ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കുണ്ടറ, കൊല്ലം, മൺറോ തുരുത്ത് തുടങ്ങിയ സ്ഥലങ്ങളൊക്കെ ഇന്ന് സിനിമാ ചിത്രീകരണങ്ങളുടെ ഇഷ്ട ലൊക്കേഷനായി മാറിക്കൊണ്ടിരിക്കുകയാണ്. ഡെസ്റ്റിനേഷൻ ചലഞ്ചിൽ എം.എൽ.എ.ഫണ്ടും പഞ്ചായത്ത് ഫണ്ടും സർക്കാർ ഫണ്ടുമുപയോഗിച്ചുകൊണ്ട് ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കാൻ സാധിക്കും. പലപ്പോഴും അതിന്റെ നടപടിക്രമങ്ങൾക്ക് താമസമുണ്ടാകുന്നത് അങ്ങയുടെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, നിലവിലുള്ള ടൂറിസം കൂടാതെ പുതുതായൊരു ടൂറിസം സാധ്യത എങ്ങനെ കണ്ടെത്താമെന്ന് ആലോചിക്കണം. പെരുമ്പാവൂരിൽ ഏക്കറുകണക്കിന് സ്ഥലത്ത് വെള്ളക്കെട്ടുമൂലം ഉപയോഗശൂന്യമായ പാറമടകളുണ്ട്. വേസ്റ്റായി പോകുന്ന ഭൂമിയും പാറമടകളുമെല്ലാം ടൂറിസത്തിന് സാധ്യതയുള്ള സ്ഥലങ്ങളാണ്. ടൂറിസവുമായി ബന്ധപ്പെട്ട് അത്തരം കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രീ. എ. രാജ: സർ, ടൂറിസം മേഖലയിൽ നിരവധി ആളുകൾ ജോലി ചെയ്യുന്നുണ്ട്. അവരെ സംബന്ധിച്ചിടത്തോളം ഒരു രജിസ്ട്രേഷൻ ആവശ്യമുള്ളതല്ലേ? ഇവിടെ ഡ്രൈവർമാരെക്കുറിച്ചും മറ്റ് മേഖലകളിൽ പണിയെടുക്കുന്നവരെക്കുറിച്ചും സംസാരിക്കുകയുണ്ടായി. ഒരു സ്ഥാപനത്തിൽ പത്തുപേരിൽ കൂടുതൽ ജോലി ചെയ്യുകയാണെങ്കിൽ അവർക്കെല്ലാം ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നുണ്ട്. അതിൽ നിങ്ങൾ പറഞ്ഞ കാര്യങ്ങളെല്ലാം ഉൾപ്പെടുന്നുണ്ട്. അക്കാര്യം അങ്ങയുടെ ബില്ലിലുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, കേരളം ടൂറിസ്റ്റ് മേഖലയാണ്. അതുകൊണ്ടുതന്നെ ഒരു പുതിയ പദ്ധതിക്ക് ഗവൺമെന്റ് പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. നെടുമ്പാശ്ശേരി എയർപോർട്ടിൽ വന്നിറങ്ങുന്ന ടൂറിസ്റ്റുകൾക്ക്

ആലുവയിലെ ദേശംകടവിൽനിന്ന് ഇൗക്കുപാലത്തിലൂടെ ശിവരാത്രി മണപ്പുറത്തുവന്നശേഷം അവിടെനിന്നും ബോട്ട് മാർഗ്ഗം ജില്ലാ പഞ്ചായത്തിന്റെ സ്റ്റേറ്റ് സീഡ് ഫാമും അവിടെനിന്ന് വീണ്ടും ബോട്ടിൽ പരുന്ത് റാഞ്ചി മണപ്പുറം എന്ന ദ്വീപുപോലെയുള്ള സ്ഥലവും സന്ദർശിക്കാം. അതിനുശേഷം അവിടെനിന്നും ആലുവ-പെരുമ്പാവൂർ റൂട്ടിൽ റോപ്പ്‌വേയിൽ ചെന്നിറങ്ങുന്നതൊരു നല്ല പദ്ധതിയാണ്. അത്തരം ടൂറിസം പദ്ധതികൾ നമുക്കാവശ്യമല്ലേ?

ചെയർപേഴ്സൺ: ശ്രീ. സജീവ് ജോസഫ്, ഇനി നാല് മിനിട്ട് സമയം മാത്രമാണ് അവശേഷിക്കുന്നത്.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, കേരളത്തിൽ വികസന സാധ്യതയുള്ള നിരവധി സ്ഥലങ്ങളുണ്ട്. വിദേശരാജ്യങ്ങളിൽ ഇതുപോലുള്ള സ്ഥലങ്ങളാണ് വികസിപ്പിച്ചെടുത്തിട്ടുള്ളത്. പക്ഷേ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുന്നില്ല. എന്റെ മണ്ഡലത്തിൽ അയർക്കുന്നത്ത് 'തണലോരം' എന്ന മനോഹരമായ സ്പോട്ടിൽ ആയിരകണക്കിന് ആൾക്കാരാണ് വന്നുകൊണ്ടിരിക്കുന്നത്. അതിനെ സ്പോർട്സ് ടൂറിസം സെന്ററായും ടൂറിസം ഡെസ്റ്റിനേഷനുമായി വികസിപ്പിക്കാൻ സാധിക്കുന്ന മേഖലയാണ്. അങ്ങനെയുള്ള സ്ഥലങ്ങളെ വികസിപ്പിക്കുന്നതിനെക്കുറിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. സജീവ് ജോസഫ്: സർ, തീർച്ചയായും, ബഹുമാനപ്പെട്ട

അംഗങ്ങൾ സൂചിപ്പിച്ചിരിക്കുന്ന നിർദേശങ്ങൾ പരിഗണിക്കപ്പെടേണ്ടതാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് ഡെസ്റ്റിനേഷൻ ചലഞ്ചിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അക്കാര്യത്തിൽ ഗ്രാമപഞ്ചായത്തുകൾ മുൻകൈയെടുക്കുന്നുണ്ട്. എന്നാൽ ഫണ്ടിന്റെ കുറവും വരുമാനത്തിന്റെ കുറവുമൂലം പ്രസ്തുത പദ്ധതി മുന്നോട്ടുപോകുന്നതിനേറെ പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ട്. ഡെസ്റ്റിനേഷൻ ചലഞ്ച് പ്രഖ്യാപിക്കുമ്പോൾതന്നെ അതാത് പ്രദേശങ്ങളിലെ......

<u>ചെയർപേഴ്സൺ</u>: ശ്രീ സജീവ് ജോസഫ്, താങ്കൾ ചർച്ച തുടരുന്നുണ്ടോ?

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഇതുസംബന്ധിച്ച മറുപടി കൃത്യമായി മനസ്സിലാക്കാൻ സാധിക്കാത്തതിനാൽ തുടർചർച്ചയ്ക്ക് വയ്ക്കുന്നത് നന്നായിരിക്കും. ഡെസ്റ്റിനേഷൻ ചലഞ്ചിന്റെ ഭാഗമായി നിലവിൽ എസ്റ്റാബ്ലിഷ് ചെയ്തിരിക്കുന്ന ടൂറിസം കേന്ദ്രങ്ങളെ അതിന്റെ പൂർണ്ണതയിലെത്തിക്കാൻ സാധിക്കണം. ചില പഞ്ചായത്തുകളിൽ പുതിയതായി ചില സ്പോട്ടുകൾ കണ്ടെത്തി അതിന്റെ അടിസ്ഥാനസൗകര്യത്തിനുവേണ്ടി തുച്ഛമായ തുക മാറ്റി വയ്ക്കുമ്പോൾ എസ്റ്റാബ്ലിഷ് ചെയ്ത പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. അതുസംബന്ധിച്ച് കൃത്യമായ പ്രായോഗിക സമീപനമാണ് ഡെസ്റ്റിനേഷൻ ചലഞ്ചിൽ ആവശ്യമായിട്ടുള്ളത്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

സൂചിപ്പിച്ചതുപോലെ വെള്ളക്കെട്ടുമൂലം ഉപയോഗശൂന്യമായി കിടക്കുന്ന പാറമടകളിൽ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കാൻ സാധിക്കും. മറ്റ് പല സംസ്ഥാനങ്ങളിലും ഇത്തരം പദ്ധതികൾ നല്ലരീതിയിൽ നടക്കുന്നുണ്ട്. അത് കേരളത്തിലും നടപ്പാക്കാൻ സാധിക്കുന്നതാണ്. രജിസ്ട്രേഷൻ നടപടികൾ സംബന്ധിച്ചും ടി മേഖലയിൽ എത്രപേർ ജോലി ചെയ്യുന്നുവെന്നും ടൂറിസം സംരംഭങ്ങളെ സംബന്ധിച്ചും കൃത്യമായ വ്യക്തത കൈവരിക്കേണ്ടതുണ്ട്. ഇതിനുവേണ്ടിയൊരു നിർദേശം മുന്നോട്ടുവയ്ക്കാനുള്ളത്, കേരളം ടൂറിസം സർവീസ് പ്രൊവൈഡേഴ്സ് പോർട്ടൽ ആരംഭിക്കാൻ സാധിച്ചാൽ വളരെ ഗുണകരമാകും. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി സജീവമായി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ചെയർപേഴ്സൺ: ടി പ്രമേയം തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 മാർച്ച് മാസം 24-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്ക് 12.30-ന് പിരിഞ്ഞു.)

* * * * * * * *

1.

## അനുബന്ധം

## ഗതാഗത മേഖലയിലെ പ്രതിസന്ധി സംബന്ധിച്ച ശ്രീ. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ.-യുടെ ശ്രദ്ധക്ഷണിക്കലിന് ഗതാഗത വകുപ്പുമന്ത്രി നൽകിയ മറുപടി

ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ശ്രദ്ധക്ഷണിക്കൽ നോട്ടീസിലെ ക്രമനമ്പർ 1, 2, 3, 6, 10, 11 എന്നീ പിരിവുകൾ ഗതാഗത വകുപ്പിനെ സംബന്ധിക്കുന്നവയും ബാക്കിയുള്ള ക്രമനമ്പർ 4, 5, 7, 8, 9, 12, 13, 14 എന്നീ പിരുവുകൾ ആഭ്യന്തരം, തദ്ദേശസ്വയംഭരണം, ഭക്ഷ്യം, റവന്യൂ, വ്യവസായം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടവയാണ്. പ്രസ്തുത വകുപ്പുകൾ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ 1 - (മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ടത്)

W. P. (C) 30041/2011-ാം നമ്പർ കേസിലെ വിധിന്യായത്തിനെതിരെ ഫയൽ ചെയ്ത 105/2012-ാം നമ്പർ റിട്ട് അപ്പീലിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നടത്തിയ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ടിപ്പർ ലോറികളേയും ടിപ്പർ മെക്കാനിസം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളെയും രാവിലെ 8 മണി മുതൽ 10 മണി വരെയും വൈകുന്നേരം 3

മണി മുതൽ 5 മണി വരെയും കേരളത്തിലെ റോഡുകളിലൂടെ ഗതാഗതം നടത്തുന്നതിൽനിന്നും നിരോധിച്ചുകൊണ്ട് 15-12-2012-ലെ സ. ഉ. (പി) നം. 90/2012/ട്രാൻസ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് നിർമ്മാണമേഖലയെ സാരമായി ബാധിക്കുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 1988-ലെ കേരള മോട്ടോർ വെഹിക്കിൾസ് ആക്ടിലെ 115-ാം വകുപ്പ് പ്രകാരം കേരള സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ വിനിയോഗിച്ച് മേൽ ഉത്തരവിൽ നിയന്ത്രണം ഏർപ്പെടുത്തിയിരുന്ന സമയക്രമം രാവിലെ 9 മണി മുതൽ 10 മണി വരെയും വൈകുന്നേരം 4 മണി മുതൽ 5 മണി വരെയും ആയി നിജപ്പെടുത്തി 17-02-2014-ലെ സ. ഉ. (പി) നം. 13/2014/ട്രാൻസ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ പത്തനംതിട്ട ജില്ലയിൽ തിരുവല്ല നഗരസഭയിലെ സ്കൂൾ/ കോളേജുകളുടെ പ്രവർത്തനസമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 3.30 വരെ ആയതിനാൽ സ്കൂൾ/കോളേജ് കുട്ടികളുടെ സുരക്ഷ കണക്കിലെടുത്ത് രാവിലെ 8.30 മണി മുതൽ 10 മണി വരെയും വൈകുന്നേരം 5 മണി മുതൽ 4.30 മണി വരെയും ടിപ്പർ ലോറികൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് പത്തനംതിട്ട ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് കത്ത് നൽകിയിരുന്നു. ആയതുപ്രകാരം കേരളത്തിലെ

വിവിധ സ്കൂൾ/കോളേജുകളിലെ സമയക്രമം വ്യത്യസ്തമായതിനാൽ ഓരോ സ്ഥലത്തെയും പ്രാദേശിക സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് ടിപ്പർ ലോറികളുടെയും ടിപ്പിങ് മെക്കാനിസം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളുടെയും ഗതാഗതസമയം നിശ്ചയിക്കുന്നതിനുള്ള ചുമതല അതത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി 05-06-2018-ലെ സ. ഉ. (സാധാ) നം. 256/2018 ഗതാഗതം പ്രകാരം ഉത്തരവായിരുന്നു. ഒരോ പ്രദേശത്തിന്റെയും പ്രദേശിക സാഹചര്യങ്ങൾ പരിഗണിച്ചാണ് നിലവിൽ ഗതാഗത നിയന്ത്രണമേർപ്പെടുത്തിയിട്ടുള്ളത്.

**<u>ക്രമ നമ്പർ 2 - (മോട്ടോർ വാഹന വകുപ്പ്, പോലീസ്, ലീഗൽ മെട്രോളജി, റവന്യൂ, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പുകളുമായി ബന്ധപ്പെട്ടവ)</u>**

നികുതിയടയ്ക്കാതെ സർവീസ് നടത്തുക, ഓവർലോഡ് എന്നീ നിയമലംഘനങ്ങൾക്കുമാത്രമാണ് മോട്ടോർ വാഹന വകുപ്പ് വാഹനം കസ്റ്റഡിയിലെടുക്കുന്നത്. നിയമലംഘനങ്ങൾക്ക് കാരണമായ വാഹനങ്ങളിൽനിന്ന് പിഴ ഈടാക്കിയതിനുശേഷം പ്രസ്തുത വാഹനങ്ങളെ മോട്ടോർ വാഹന വകുപ്പ് കസ്റ്റഡിയിൽ വയ്ക്കാറില്ല. (മോട്ടോർ വാഹന വകുപ്പ്)

പോലീസ് നടത്തുന്ന പരിശോധനയിൽ നിയമലംഘനം നടത്തിവരുന്ന വാഹനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പോലീസ് നിയമാനുസരണം

കസ്റ്റഡിയിലെടുക്കുകയും നിയമത്തിൽ അനുശാസിക്കുന്ന പിഴ ഈടാക്കി യഥാസമയം വിട്ടയയ്ക്കുകയും ചെയ്തുവരുന്നുണ്ട്. (പോലീസ്)

ലീഗൽ മെട്രോളജി നിയമലംഘനത്തിന്റെ പേരിൽ ടിപ്പർ ലോറികൾ പിടിച്ചെടുക്കുകയാണെങ്കിൽ ഉടൻതന്നെ രാജി ഫീസടച്ചാൽ വാഹനം വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. (ലീഗൽ മെട്രോളജി)

നിയമവിരുദ്ധമായി ഏതെങ്കിലും ധാതുക്കൾ വാഹനമുപയോഗിച്ച് കടത്തിക്കൊണ്ടുപോകുന്നപക്ഷം അപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച വാഹനങ്ങൾ, മറ്റ് ഉപകരണങ്ങൾ എന്നിവ കൈവശപ്പെടുത്തുന്നതിന് റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസർ മുതൽ ജില്ലാ കളക്ടർ വരെയുള്ള ഉദ്യോഗസ്ഥരെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പിടിച്ചെടുത്ത വസ്തുക്കളുടെ പട്ടികയും മഹസറും ജില്ലാ ജിയോളജിസ്റ്റിന് കൈമാറുന്ന നടപടിയാണ് റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നത്. (റവന്യൂ)

അപ്രകാരം മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ ലഭിക്കുന്ന വാഹനങ്ങൾക്ക് പിഴയടയ്ക്കുന്നപക്ഷം താമസംവിനാ വാഹനങ്ങൾ വിട്ടുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. (മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്).

**<u>ക്രമ നമ്പർ 3</u> - (മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ടത്)**

1989-ലെ കേരള മോട്ടോർ വാഹന ചട്ടത്തിലെ റൂൾ നമ്പർ 368 പ്രകാരം ഓരോ ഹെവി മോട്ടോർ വാഹനത്തിലും ഇരുപത് വയസ്സിനുമുകളിൽ പ്രായമുള്ള, പ്രാപ്തിയുള്ള, വാഹനത്തിന്റെ കാര്യങ്ങളിൽ ഡ്രൈവറെ സഹായിക്കാനും വാഹനം ഓട്ടുമ്പോൾ പിന്നിൽനിന്ന് വരുന്ന വാഹനങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകാനും കഴിയുന്ന തരത്തിൽ കുറഞ്ഞത് ഒരു സഹായിയെങ്കിലും ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. പ്രസ്തുത ചട്ടപ്രകാരം ക്ലീനറില്ലാത്ത വാഹനങ്ങൾക്ക് പിഴ ഈടാക്കുന്നതാണ്.

**ക്രമ നമ്പർ 4**

കേരളത്തിന് പുറത്തുവച്ച് അപകടമോ മറ്റു പ്രശ്നങ്ങളോ ഉണ്ടാകുന്ന അവസരത്തിൽ അപകടം നടന്ന പ്രദേശത്തെ ജില്ലാ ഭരണകൂടം, ജില്ലാ പോലീസ് എന്നിവയുമായി സംയോജിപ്പിച്ച് അടിയന്തര ഇടപെടൽ നടത്തിവരുന്നു.

**ക്രമ നമ്പർ 5 - (വ്യവസായ വകുപ്പുമായി ബന്ധപ്പെട്ടത്)**

Kerala Minerals (Prevention of illegal Mining, Storage and Transportation) Amendment Rules, 2023-ലെ ചട്ടം 25(3) പ്രകാരം ക്വാറികളിൽ വേ-ബ്രിഡ്ജ് സ്ഥാപിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. (വ്യവസായ വകുപ്പ്)

**ക്രമ നമ്പർ 6** - (മൈനിംഗ് ആൻഡ് ജിയോളജിയുമായി ബന്ധപ്പെട്ടത്)

ക്വാറികളിൽ അനുവദിച്ചതിൽ അധികം ലോഡുകൾ കയറ്റിപ്പോകുന്നത് തടയുന്നതിനായി വകുപ്പിൽ ജില്ലാതല സ്ക്വാഡുകൾ രൂപികരിച്ച് കർശന പരിശോധനകൾ നടത്തിവരുന്നു. കൂടാതെ ഈ വിഷയം സംബന്ധിച്ച് 09-10-2024-ലെ ജി. ഒ. (ആർ.റ്റി) നം. 1880/2024 എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ത്രിതല വിജിലൻസ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. (മൈനിംഗ് ആൻഡ് ജിയോളജി)

വാഹനങ്ങളിൽ അനുവദനീയമായ പരിധിയിലധികം ലോഡുമായി സർവീസ് നടത്തുന്ന പ്രവണത തടയുന്നതിനായി പോലീസ്, RTO, ലീഗൽ മെട്രോളജി, റവന്യൂ ഉദ്യോഗസ്ഥർ എന്നിവർ ചേർന്നുകൊണ്ടുള്ള സംയുക്ത പരിശോധനകൾ നടത്തിവരുന്നുണ്ട്.

**<u>ക്രമ നമ്പർ 7</u>** - (വ്യവസായ വകുപ്പുമായി ബന്ധപ്പെട്ടത്)

ഇ-പാസ്സ് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നതിനാൽ ക്വാറികളിൽനിന്നും പുറത്തേക്ക് പോകുന്ന എല്ലാ ലോഡിനും പാസ്സ് നിർബന്ധമാക്കിയിട്ടുള്ളതാണ്. (വ്യവസായ വകുപ്പ്)

**<u>ക്രമ നമ്പർ 8</u>** - (വ്യവസായ വകുപ്പുമായി ബന്ധപ്പെട്ടത്)

ക്വാറി ഉൽപന്നങ്ങൾ ഖനനം ചെയ്യുന്നതിന് സർക്കാരിൽ അടയ്ക്കേണ്ട റോയൽറ്റി തുക മൈനിംഗ് ആൻഡ് ജിയോളജി വകുപ്പും സീനിയോറേജ് ഫീ റവന്യൂ വകുപ്പുമാണ് നിശ്ചയിച്ചിട്ടുള്ളത്. ക്വാറി ഉൽപന്നങ്ങൾക്ക് പ്രൈവറ്റ്

ക്വാറി ഉടമകൾ അമിതവില ഈടാക്കുന്നത് സംബന്ധിച്ച് കോൺട്രാക്ടേഴ്സ് അസോസിയേഷൻ, ക്രഷർ അസോസിയേഷൻ മുതലായ സംഘടനകൾ പരാതി സമർപ്പിക്കുന്ന അവസരത്തിൽ ജില്ലാ കളക്ടർ ബന്ധപ്പെട്ട കക്ഷികളെ വിളിച്ച് യോഗം ചേരാറുണ്ട്. പ്രസ്തുത യോഗത്തിൽ ട്രേഡ് യൂണിയൻ പ്രതിനിധികളെ ക്ഷണിക്കാറില്ല.

**ക്രമ നമ്പർ 9** - (മൈനിംഗ് ആൻഡ് ജിയോളജി, വ്യവസായ വകുപ്പുമായി ബന്ധപ്പെട്ടത്)

നിലവിൽ ചെങ്കൽ ഖനനത്തിന് പെർമിറ്റ് നൽകുന്നത് മൈനിംഗ് ആൻഡ് ജിയോളജി ജില്ലാ ഓഫീസിൽ നിന്നുതന്നെയാണ്. ചെങ്കൽ ഖനന മേഖലയിലെ വ്യവസ്ഥകൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി റോയൽറ്റി തുക മെട്രിക് ടണ്ണിന് 48 രൂപയിൽനിന്നും 32 രൂപയാക്കി കുറയ്ക്കുകയും ഫിനാൻഷ്യൽ ഗ്യാരണ്ടി 2,00,000/- (രണ്ട് ലക്ഷം) രൂപയിൽനിന്നും 50,000/- രൂപയാക്കി കുറയ്ക്കുകയും റോയൽറ്റി തുക 2 ഗഡുക്കളായി അടയ്ക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, അനുമതി നൽകുന്നതിനുമുമ്പായി ധാതുവിന്റെ ലഭ്യത അറിയുന്നതിലേക്കായി നടത്തുന്ന ഡ്രോൺ സർവെയിൽനിന്നും ചെങ്കൽ മേഖലയിലെ 50 ആർ വരെയുള്ള അപേക്ഷകരെ ഒഴിവാക്കിയിട്ടുണ്ട്. (മൈനിംഗ് ആൻഡ് ജിയോളജി, വ്യവസായ വകുപ്പ്)

**ക്രമ നമ്പർ 10** - (മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ടത്)

കേരളത്തിലെ ചരക്ക് വാഹന നികുതി, അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണാടക ഈടാക്കുന്ന ചരക്ക് വാഹന നികുതിയേക്കാൾ താരതമ്യേന ഉയർന്നതാണ്. നികുതിയിൽ കുറവുവരുത്തുന്നത്, സംസ്ഥാനത്തിന്റെ ധനസ്ഥിതിയിൽ വരുത്തുന്ന സ്വാധീനം സംബന്ധിച്ച പഠനങ്ങൾക്കുശേഷം മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ. നിലവിൽ ചരക്ക് വാഹനങ്ങളുടെ നികുതി നിരക്ക് കുറവുവരുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. (മോട്ടോർ വാഹന വകുപ്പ്).

**ക്രമ നമ്പർ 11** - (മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ടത്)

ബസ്, ടാക്സി ഓട്ടോ എന്നിവയുടെ പ്രവർത്തന കാലാവധി 22 വർഷമാക്കിയതുപോലെ ചരക്ക് വാഹനങ്ങളുടെ കാലാവധി 22 വർഷമാക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. (മോട്ടോർ വാഹന വകുപ്പ്).

**ക്രമ നമ്പർ 12** - (തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടത്)

'കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ 12 ഇന കർമ്മ പരിപാടിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'ടേക്ക് എ ബ്രേക്ക്', പൊതു ശുചിമുറി സമുച്ചയവും വിശ്രമകേന്ദ്രങ്ങളും പദ്ധതി. ദേശീയ-സംസ്ഥാന പാതയോരങ്ങൾ,

ട്രാൻസ്പോർട്ട് ബസ്സ് സ്റ്റേഷനുകൾ, ഷോപ്പിങ് കോംപ്ലക്സുകൾ തുടങ്ങി ജനങ്ങൾ ഒരുമിച്ചെത്തുന്ന പ്രദേശങ്ങളിൽ ഏതുസമയത്തും സുരക്ഷിതമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ നിലവിലുള്ള ശുചിമുറികൾ പ്രവർത്തന സജ്ജമാക്കുകയും ഉന്നതനിലവാരമുള്ള ശുചിമുറി സമുച്ചയങ്ങളും വിശ്രമ കേന്ദ്രങ്ങളും നിർമ്മിക്കുകയും ചെയ്യുന്നതാണ് ഈ പദ്ധതി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് ശുചിത്വ മിഷന്റെ സാമ്പത്തികസഹായവും ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും കുറഞ്ഞത് ഒന്നും നഗരസഭകളിൽ അഞ്ചും കോർപ്പറേഷനുകളിൽ എട്ടെണ്ണം വീതവുമായി സംസ്ഥാനത്ത് ആകെ 1516 ശുചിമുറി സമുച്ചയങ്ങൾ ഘട്ടംഘട്ടമായി നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. 1516 ടോയ്‌ലറ്റ് യൂണിറ്റുകൾ ലക്ഷ്യമാക്കിയതിൽ 1428 യൂണിറ്റുകൾക്കുള്ള പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. 1285 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തിട്ടുള്ളതുമാണ്. ഇതിൽ അടിസ്ഥാന വിഭാഗത്തിൽപ്പെടുന്ന 723 എണ്ണവും സ്റ്റാൻഡേർഡ് വിഭാഗത്തിലുൾപ്പെടുന്ന 415 എണ്ണവും പ്രീമിയം വിഭാഗത്തിലുൾപ്പെടുന്ന 147 എണ്ണവും ഉൾപ്പെടുന്നു. ഗുഡ്സ് ട്രാൻസ്പോർട് ജീവനക്കാർക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. (തദ്ദേശസ്വയംഭരണ വകുപ്പ്)

**ക്രമ നമ്പർ 13** - (ഭക്ഷ്യ പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ടത്)

റേഷൻ വിതരണത്തിന്റെ നോഡൽ ഏജൻസി എന്ന നിലയിൽ ഭക്ഷ്യ ധാന്യങ്ങളുടെ വിത്തെടുപ്പ്, വിതരണം എന്നിവ കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കേണ്ടത് സപ്ലൈകോയുടെ ഉത്തരവാദിത്തമാണ്. ആയതിനാലാണ് ഭക്ഷ്യ ഭദ്രതാ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ ടെൻഡറിൽ പങ്കെടുക്കുന്നവർക്ക് സ്വന്തമായി വാഹനങ്ങളുൾപ്പെടെ ആകെ 10 വാഹനങ്ങൾ വേണമെന്ന നിബന്ധന ഉൾപ്പെടുത്തിയിരിക്കുന്നത്. റേഷൻ വിതരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങൾ GPS ഘടിപ്പിച്ചതും vehicle Tracking software-മായി ബന്ധപ്പെടുത്തി വിതരണം നിരീക്ഷിക്കുന്നതുമാണ്. അതിനാൽ പുറമേനിന്നുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നതിന് പരിമിതികളുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് ആരംഭിച്ച 2017-18 മുതൽ നാളിതുവരെ ലോറി ഉടമകളുടെയോ തൊഴിലാളികളുടെയോ തൊഴിൽ നഷ്ടപ്പെടുത്തുന്ന യാതൊരുവിധ വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടില്ല. ലോറി ഉടമകളുമായോ തൊഴിലാളികളുമായോ അവരുടെ തൊഴിൽ നഷ്ടപ്പെടുന്നവിധം സപ്ലൈകോ യാതൊരുവിധ കരാറുകളിലുമേർപ്പെട്ടിട്ടില്ല. (ഭക്ഷ്യ പൊതുവിതരണ വകുപ്പ്)

**ക്രമ നമ്പർ 14** - (ഭക്ഷ്യ പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ടത്)

സപ്ലൈകോ NFSA ഗതാഗത കരാർ ക്ഷണിക്കുന്നത് കേരള

സർക്കാരിന്റെ ഇ-ടെൻഡർ വെബ്സൈറ്റ് മുഖേനയാണ്. ടെൻഡർ വ്യവസ്ഥ 3(1) പ്രകാരം Sole proprietary concern, or a registered partnership firm, or a private limited company, or a public limited company incorporated in India എന്നിവർക്ക് മറ്റ് ടെൻഡർ യോഗ്യതകളുണ്ടെങ്കിൽ ടെൻഡറിൽ പങ്കെടുക്കാവുന്നതാണ്. വിതരണം കുത്തകവൽക്കരിക്കുന്നതിനുള്ള ഒരു നടപടികളും സപ്ലൈകോ സ്വീകരിച്ചിട്ടില്ല. (ഭക്ഷ്യ പൊതുവിതരണ വകുപ്പ്)

P-21-03-2025
AK-FM (1)
10.50-11.00 (SV)

**അനുബന്ധം**

തൊഴിലുറപ്പ് തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. പി. എസ്. സുപാൽ എം.എൽ.എ.-യുടെ സബ്മിഷന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ വിശദമായ മറുപടി

സംസ്ഥാനത്ത് തൊഴിലുറപ്പ് തൊഴിലാളികൾക്കുള്ള വേതന വിതരണത്തിൽ കേന്ദ്ര സർക്കാർ ഫണ്ട് ലഭ്യമാക്കാത്തതുമൂലം അവിദഗ്ധ വേതനം 19-12-2024 മുതൽ കുടിശ്ശികയായിട്ടുണ്ട്. നിലവിലെ വേതന കുടിശ്ശിക 546.67 കോടി രൂപയാണ്. പ്രതിസന്ധികൾക്കിടയിലും പരമാവധി കുടുംബങ്ങൾക്ക് 100 തൊഴിൽദിനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സംസ്ഥാനം സ്വീകരിച്ചിട്ടുണ്ട്. 19-03-2025 വരെ 3.7 ലക്ഷം

കുടുംബങ്ങൾ 100 ദിവസം തൊഴിൽ പൂർത്തീകരിച്ചു. തൊഴിലിനുവന്ന കുടുംബങ്ങൾക്ക് 100 ദിനം നൽകുന്നതിൽ സംസ്ഥാനം ദേശീയതലത്തിൽ ഒന്നാം സ്ഥാനത്താണ്. 2024-25 സാമ്പത്തിക വർഷം തൊഴിൽ നൽകിയതിന്റെ ദേശീയ ശരാശരി 48.9 കുടുംബങ്ങൾ എന്നതാണ്. എന്നാൽ സംസ്ഥാനത്ത് ഇത് 64.1 ആണ്. ശരാശരി തൊഴിൽദിനങ്ങളുടെ എണ്ണത്തിൽ മിസോറാം, ലഡാക്ക്, അരുണാചൽപ്രദേശ് പോലുള്ള ചെറിയ സംസ്ഥാനങ്ങൾ കഴിഞ്ഞാൽ കേരളമാണ് മുന്നിൽ നിൽക്കുന്ന സംസ്ഥാനം. എസ്.സി.-എസ്.ടി. വിഭാഗങ്ങൾക്ക് ശരാശരി തൊഴിൽദിനങ്ങൾ നൽകുന്നതിൽ സംസ്ഥാനം ഒന്നാം സ്ഥാനത്താണ്. ഈ സാമ്പത്തിക വർഷം 19-03-2025 വരെ 13.58 ലക്ഷം കുടുംബങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തി ചെയ്തിട്ടുണ്ട്.

2024-25 വർഷത്തേക്ക് 10.5 കോടി തൊഴിൽദിനങ്ങൾക്കുള്ള ലേബർ ബജറ്റ് സംസ്ഥാനം സമർപ്പിച്ചിരുന്നെങ്കിലും 6 കോടി തൊഴിൽദിനങ്ങൾ മാത്രമാണ് കേന്ദ്രം അനുവദിച്ചിരുന്നത്. നിലവിൽ 8.57 കോടി (19-03-2025 വരെ) തൊഴിൽദിനങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. സൃഷ്ടിച്ച തൊഴിൽദിനങ്ങൾക്ക് ആനുപാതികമായി സംസ്ഥാനത്തിന്റെ ലേബർ ബജറ്റ് കേന്ദ്രസർക്കാർ പുതുക്കി നൽകാത്തതിനാലാണ് തൊഴിലാളികൾക്കുള്ള വേതന വിതരണത്തിൽ കാലതാമസം നേരിടുന്നത്.

പലതവണ ലേബർ ബജറ്റ് പുതുക്കുന്നതിനും കുടിശ്ശിക ലഭ്യമാക്കുന്നതിനുമായി സംസ്ഥാനം ഉദ്യോഗസ്ഥതലത്തിൽ അപേക്ഷകൾ നൽകിയതുകൂടാതെ ഇന്നലെയടക്കം മന്ത്രിതലത്തിലും അപേക്ഷ നൽകുകയുണ്ടായി. നടപ്പുവർഷം അംഗീകരിച്ചുനൽകിയ തൊഴിൽ ദിനങ്ങളുടെ 85.64% സംസ്ഥാനം സൃഷ്ടിച്ചപ്പോൾത്തന്നെ ലേബർ ബജറ്റ് പുതുക്കുന്നതിന് 26-11-2024-ൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് കത്ത് നൽകിയിരുന്നു. തുടർന്ന് ലേബർ ബജറ്റ് 93.5% അധികരിച്ചപ്പോൾ 09-12-2024-ന് മറ്റൊരു പ്രൊപ്പോസൽകൂടി മന്ത്രാലയത്തിന് നൽകി. പ്രൊപ്പോസലുകളിന്മേൽ ഗ്രാമവികസന മന്ത്രാലയം നടപടി സ്വീകരിക്കാതിരുന്ന സാഹചര്യത്തിൽ 23-12-2024, 21-01-2025 തുടങ്ങിയ തീയതികളിലും ലേബർ ബജറ്റ് പുതുക്കുന്ന വിഷയം ഉന്നയിച്ചു. 23-02-2025-ൽ അർധ ഔദ്യോഗിക കത്തുമുഖേന തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി ഗ്രാമവികസന മന്ത്രാലയത്തിന് അപേക്ഷ സമർപ്പിക്കുകയുണ്ടായി. കൂടാതെ, വേതന വിതരണത്തിലെ കുടിശ്ശികത്തുക ആവശ്യപ്പെട്ട് 11-11-2024, 04-02-2025, 10-03-2025 എന്നീ തീയതികളിൽ കേന്ദ്രസർക്കാരിലേക്ക് ധനാഭ്യർഥന സമർപ്പിച്ചിരുന്നു. ആയതിന്മേലും നാളിതുവരെ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. 07-03-2025-ൽ നടന്ന എംപവേർഡ് കമ്മിറ്റി മീറ്റിംഗിലും ഈ വിഷയം

ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്.

2018-19 മുതൽ സംസ്ഥാനം കേരള ട്രൈബൽ പ്ലസ് പദ്ധതി നടപ്പാക്കിവരുന്നുണ്ട്. പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ നടപ്പാക്കുന്നതാണ് ഈ പദ്ധതി. കേരള ട്രൈബൽ പ്ലസ് പദ്ധതിപ്രകാരം പട്ടികവർഗ കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള 100 തൊഴിൽദിനങ്ങൾക്ക് ഉപരിയായി 100 തൊഴിൽദിനങ്ങൾ നൽകുന്നതിനൊപ്പംതന്നെ വിവിധതരത്തിലുള്ള ആസ്തികളുടെ നിർമ്മാണമേറ്റെടുത്ത് നടപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. രാജ്യത്ത് ആദ്യമായി പട്ടികവർഗ കുടുംബങ്ങൾക്ക് 200 തൊഴിൽദിനം ഉറപ്പുനൽകുന്ന പദ്ധതി നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. ഇതുവഴി പട്ടികവർഗ ക്ഷേമത്തിൽ രാജ്യത്തിനുതന്നെ മാതൃകയാകുന്നതിന് കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. നിലവിൽ ട്രൈബൽ പദ്ധതിപ്രകാരം ഈ വർഷം 10.61 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും 18.05 കോടി രൂപ വേതനയിനത്തിൽ നൽകുകയും ചെയ്തിട്ടുണ്ട്.

അടുത്ത സാമ്പത്തിക വർഷത്തേക്ക് 11 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാർ മുമ്പാകെ സമർപ്പിച്ചതിലും 5 കോടി തൊഴിൽദിനങ്ങൾ മാത്രമാണ് അനുവദിച്ചുനൽകിയിട്ടുള്ളത്. ഇത് വർധിപ്പിക്കണമെന്നാവശ്യപ്പെട്ട്

മന്ത്രിതലത്തിലും കത്ത് നൽകിയിട്ടുണ്ട്.